പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിനാലാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18- ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4 ലെ 4.1, 4.2, 4.4, എന്നീ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

FCB-5f/KK/LFAC/Facing sheet/29.01.2024

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-26)

എഴുപത്തിനാലാമത് റിപ്പോർട്ട്

(2025 സെപ്റ്റംബർ മാസം 18- ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

FCB-5f/KK/LFAC/Facing sheet/29.01.2024

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	
മുഖവുര	:	
റിപ്പോർട്ട്	:	
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2023-26)

ഘടന

അധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ.കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി. രജി.ഡി.ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. വി.എ.ബിന്ദു, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2023-26)യുടെ ......74-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4 ലെ 4.1, 4.2, 4.4, എന്നീ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയുള്ളതാണ് ഈ റിപ്പോർട്ട്.

2025.സെപ്റ്റംബർ മാസം ......17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025.സെപ്റ്റംബർ 18

FCB-5f/KK/LFAC/Facing sheet/29.01.2024

റിപ്പോർട്ട്

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4-ലെ 4.1, 4.2, 4.4 എന്നി ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നടപ്പാക്കൽ

ആമുഖം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെ.എം നിയമം) അനുസരിച്ച് മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും നിർബന്ധിത ചുമതലകളിലൊന്നാണ് കെട്ടിട നിർമ്മാണത്തിന്റെ ക്രമീകരിക്കൽ. മുനിസിപ്പാലിറ്റികളുടെയും/മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ആസൂത്രിത വികസനത്തിനും, താമസക്കാരുടെയും പൊതുജനത്തിന്റെയും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി സർക്കാർ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് (കെഎംബിആർ) 1999 ഒക്ടോബർ 01 മുതൽ പ്രാബല്യത്തോടെ രൂപം നൽകി. കെഎംബിആർ അനുസരിച്ച്, ഒരു വ്യക്തിയും മുനിസിപ്പാലിറ്റിയിൽ നിന്നോ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നോ അനുമതി പത്രം ലഭിക്കാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ/ പുനർനിർമ്മിക്കുകയോ അല്ലെങ്കിൽ ഭൂമിയുടെ ഏതെങ്കിലും ഭാഗം വികസിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

കൊച്ചി നഗരമേഖലയ്ക്കുവേണ്ടി നഗരാസൂത്രണ ആക്ടിനു വിധേയമായി, കെഎംബിആറിന്റെ വ്യവസ്ഥകളെ മറികടന്ന് ഒരു പൊതു നഗരാസൂത്രണ പദ്ധതി (സ്ട്രക്ച്ചർ പ്ലാൻ), കെഎംബിആർ-ന്റെ ചട്ടം 3 എ പ്രകാരം

രൂപീകരിക്കപ്പെട്ടു. സ്ട്രക്ച്ചർ പ്ലാനിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ അനുസരിച്ച്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനെ (കെഎംസി) ഗാർഹിക, വാണിജ്യ, വ്യാവസായിക പരിപാലന മേഖലകൾ എന്നിങ്ങനെ എട്ട് പ്രധാന മേഖലകളായി വിഭജിച്ച് ഓരോ മേഖലയ്ക്കും നിർദ്ദിഷ്ട അനുവദനീയ ഉപയോഗങ്ങളും, നിയന്ത്രിത ഉപയോഗങ്ങളും, നിരോധിത ഉപയോഗങ്ങളും ഉണ്ട്.

കെഎംബിആർ/സ്ട്രക്ചർ പ്ലാൻ അനുസരിച്ചാണ് കോർപ്പറേഷൻ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പാക്കാൻ പ്രബലമായ ഒരു സംവിധാനം ഉണ്ടോ എന്ന് പരിശോധിക്കുകയായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യം. 2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെ നടത്തിയ ഓഡിറ്റിൽ 2007-08 മുതൽ 2012-13 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിയിരുന്നു. കെ.എം.സി.യിലെ 74 ഡിവിഷനുകളിൽ 21 ഡിവിഷനുകൾ സിംമ്പിൾ റാൻഡം സാമ്പ്ലിംഗ് ഉപയോഗിച്ച് വിശദമായ പരിശോധനയ്ക്ക് തെരഞ്ഞെടുത്തു. അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിക്കുക, ഓഡിറ്റ് അന്വേഷണ കുറിപ്പുകൾ നൽകുക, സ്ഥല സന്ദർശനം മുതലായവ ഉൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ രീതി.

സംഘടനാ സംവിധാനം

ഭരണത്തലവൻ എന്ന നിലയിൽ കെ.എം.സി.യുടെ സെക്രട്ടറിയാണ് (സെക്രട്ടറി) കെട്ടിട അനുമതി പത്രവും അധിവാസ പ്രമാണ സർട്ടിഫിക്കറ്റും (ഒസി) നൽകാനുള്ള അധികാരി. തറ വിസ്തീർണ്ണത്തിന്റെയും കെട്ടിട ഇനത്തിന്റെയും അടിസ്ഥാനത്തിൽ കെട്ടിട അനുമതി പത്രവും അധിവാസ പ്രമാണ സർട്ടിഫിക്കറ്റും നൽകാനുള്ള അധികാരം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, നഗരാസൂത്രണ അധികാരി, കോർപ്പറേഷൻ എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരിൽ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു. കെഎംബിആർ നടപ്പാക്കുന്നതിലെ വിവിധ ഘട്ടങ്ങൾ ചാർട്ട് 4.1-ൽ കാണിച്ചിരിക്കുന്നു.

ചാർട്ട് 4.1 കെഎംബിആർ നടപ്പിലാക്കുന്നതിലെ വിവിധ ഘട്ടങ്ങൾ

അനുമതിക്കു വേണ്ടിയുള്ള അപേക്ഷ	• അപേക്ഷാഫീസ് + രേഖകൾ + പ്ലാൻ
കോർപ്പറേഷന്റെ പരിശോധന	• നിർദ്ദിഷ്ട സ്ഥല സന്ദർശനം (കെഎംബിആറിലെ വ്യവസ്ഥകൾ പ്രകാരമാണോ പ്ലാനിലെ രൂപരേഖകളെന്ന് ഉറപ്പുവരുത്തുന്നു)
അനുമതി പത്രത്തിനുള്ള ഫീസ്/അധിക ഫീസ് ഒടുക്കൽ	• തറവിസ്തീർണ്ണ അനുപാതവും അധിവാസ ഇനവും അടിസ്ഥാനമാക്കി
അനുമതി പത്രങ്ങൾ നൽകൽ	• അനുമതി പത്രം നൽകുന്നത് മേഖലാ നിയന്ത്രണങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷ കാലാവധിയോടെയാണ്
നിർമ്മാണം	• അംഗീകരിച്ച പ്ലാനും രൂപരേഖകളും അനുസരിച്ച്
പൂർത്തീകരണ റിപ്പോർട്ട്	• അംഗീകൃത എഞ്ചിനീയർ ഒപ്പിട്ടശേഷം കോർപ്പറേഷന് നൽകുന്നു
കോർപ്പറേഷന്റെ പരിശോധന	• കെട്ടിട നിർമ്മാണം, അംഗീകരിച്ച പ്ലാൻ അനുസരിച്ചാണെന്ന് സ്ഥിരീകരിക്കുന്നു
ഒസി നൽകൽ	• കെട്ടിടം ഒരു പ്രത്യേക വിഭാഗമായി (വാസയോഗ്യം, വിദ്യാഭ്യാസം, മെഡിക്കൽ മുതലായവ) ഉപയോഗിക്കുന്നതിന് ഒസി നൽകുന്നു

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 – ഖണ്ഡികകൾ 4.1, 4.1.1, 4.1.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1) പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

2) **പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച് പ്രത്യേക പരാമർശം ഇല്ല.കെട്ടിട അനുമതി പത്രത്തിനുള്ള അപേക്ഷകളുടെ പ്രവർത്തന നടപടിയും രേഖകളുടെ സൂക്ഷിക്കലും.**

ഓഡിറ്റ് ഖണ്ഡിക

കെട്ടിട അനുമതി പത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരത്തിന്റെ അഭാവം

കെഎംബിആർ അനുസരിച്ച് സ്ഥലം വികസിപ്പിക്കാനോ കെട്ടിടം നിർമ്മിക്കാനോ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും (കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വകുപ്പ് ഒഴിച്ച്) ആവശ്യമുള്ള രേഖകളും അപേക്ഷാ ഫീസും സഹിതം സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെഎം നിയമം, കെഎംബിആർ, സ്ട്രക്ച്ചർ പ്ലാൻ എന്നിവയുടെ പാലനം പരിശോധിച്ചിട്ട്, അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം നിർമ്മാണം നടത്തുന്നതിനുള്ള അനുമതിപത്രം സെക്രട്ടറി നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാവുന്നതാണ്. തങ്ങളുടെ അധികാര പരിധിയിൽ വരുന്ന കെട്ടിട അനുമതിപത്ര അപേക്ഷകൾ സ്വീകരിക്കാനും നടപടിയെടുക്കാനുമായി കെഎംസിയ്ക്ക് അഞ്ച് മേഖലാ കാര്യാലയങ്ങൾ[1] ഉണ്ട്.

(i) ഒരു നിശ്ചിത വർഷത്തിൽ അനുമതിപത്രങ്ങൾ/ഒസികൾ എന്നിവയുമായി ബന്ധപ്പെട്ട് കിട്ടിയ അപേക്ഷകളും, നൽകിയതുമായവയുടെ ഏകീകൃത വിവരശേഖരം കെഎംസിയ്ക്ക് ഇല്ല എന്നത് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. നൽകിയ അനുമതിപത്രങ്ങൾ/ ഒസികൾ എന്നിവയുടെ ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങൾ പോലും സൂക്ഷിച്ചിരുന്നില്ല. കെട്ടിട അനുമതി പത്രങ്ങൾ/ഒസികൾ എന്നിവയുടെ ഏകീകൃത വിവരശേഖരത്തിന്റെ അഭാവത്തിൽ കെഎംസിക്ക് കോർപ്പറേഷൻ പരിധിയിൽ

1 സെൻട്രൽ, വൈറ്റില, ഇടപ്പള്ളി, പള്ളുരുത്തി, ഫോർട്ട്കൊച്ചി

നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിരീക്ഷണം സാദ്ധ്യമായിരുന്നില്ല.

(ii) കെ.എം.സി. സൂക്ഷിച്ചിരുന്ന അനുമതി പത്ര രജിസ്റ്ററിലെ നിരവധി കേസുകളിൽ, ഡിറിഷൻ നമ്പർ, പൂർത്തീകരണ പ്രമാണപത്രം സ്വീകരിച്ച തീയതി, ഒസി നൽകിയ തീയതി, അനുമതിപത്രങ്ങളുടെ പുതുക്കൽ മുതലായവ രേഖപ്പെടുത്താതിരുന്നതു കാരണം നൽകിയ അനുമതി നിരീക്ഷണം സാദ്ധ്യമായിരുന്നില്ല.

(iii) ജൻറം[2] പദ്ധതിയുടെ ഭാഗമായി കെ.എം.സി. നടപ്പാക്കുന്ന ഇ-ഗവേർണൻസ് പദ്ധതിയിൽ കെട്ടിട അനുമതി പത്രം നൽകുന്ന സംവിധാനം ഓൺലൈൻ വഴിയാക്കാൻ വിഭാവനം ചെയ്തിരുന്നു. ₹8.70 കോടി മുടക്കുള്ള ഇ-ഗവേർണൻസിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഡിസംബർ 2008-ൽ അംഗീകരിക്കപ്പെട്ടതാണെങ്കിലും, ടാറ്റാ കൺസൾട്ടൻസി സർവ്വീസുമായുള്ള (റ്റിസിഎസ്) കരാർ പ്രകാരം 2012 മാർച്ചിൽ പൂർത്തിയാക്കേണ്ടിയിരുന്ന നടപ്പാക്കൽ സംബന്ധിച്ച പ്രവർത്തനങ്ങൾ റ്റിസിഎസിനെ ഏൽപ്പിച്ചത് 2011 ഫെബ്രുവരിയിൽ മാത്രമാണ്. പ്രോജക്റ്റ് 2013 ഡിസംബർ ആയിട്ടും പൂർത്തീകരിക്കപ്പെട്ടില്ല.

ഇ-ഗവേർണൻസ് നടപ്പാക്കുന്നതിലെ കാലതാമസം കാരണം, പത്രങ്ങൾക്കായുള്ള അപേക്ഷകളുടെ സൂക്ഷ്മപരിശോധനയും അനുമതിപത്രങ്ങളും ഒസികളും നൽകുന്നതും മൂന്ന്[3] മേഖലകളൊഴിച്ചുള്ളവയിൽ മാനുവൽ ആയിട്ടാണ് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മേഖലകളിൽ 2011 മുതൽ 60 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്കു വേണ്ടിയുള്ള അനുമതിപത്ര അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിച്ചു വന്നിരുന്നത്. ഈ മൂന്നു മേഖലകളിലും

2 ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

3 സെൻട്രൽ, വൈറ്റില, ഇടപ്പള്ളി

അപേക്ഷകളുടെ ക്രമനടപടികളും അനുമതി പത്രങ്ങളും ഒസികളും നൽകുന്നതും മാനുവൽ രീതിയിലായിരുന്നു. നടപ്പാക്കലിലെ മെല്ലെപ്പോക്കിനു കാരണമായിട്ടുള്ളത് തീരുമാനമെടുക്കുന്നതിലെ വീഴ്ചകളും ആവശ്യമുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ കെ.എം.സി.യ്ക്ക് വന്ന വീഴ്ചകളുമാണ്. കെട്ടിട അനുമതിപത്ര അപേക്ഷകൾ ഇ-ഫയലിംഗ് മുഖേനയാക്കിയുള്ള വ്യവസ്ഥ, 2013 ഫെബ്രുവരിയിൽ ഇറക്കിയ ഭേദഗതിയിലൂടെ കെഎംബിആറിൽ ഉൾപ്പെടുത്തിയെന്ന് സർക്കാർ പ്രസ്താവിച്ചു (2013 നവംബർ).

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡിക 4.1.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3) അനുമതി പത്രങ്ങളെ ഒക്യുപെൻസി സർട്ടിഫിക്കറ്റുമായി ബന്ധിപ്പിക്കുന്ന ഏകീകൃത വിവരശേഖരം നിലവിൽ തയ്യാറാക്കുന്നുണ്ടോയെന്നും എല്ലാ കെട്ടിടങ്ങൾക്കുമുള്ള അനുമതിപത്രം ഓൺലൈനായാണോ നൽകുന്നതെന്നും ടാറ്റാ കൺസൾട്ടൻസി സർവ്വീസ് ലിമിറ്റഡ് (TCS)ന് എത്ര തുകയാണ് നൽകിയതെന്നും ഈ പദ്ധതിയുടെ മേൽനോട്ടത്തിന് കോർപ്പറേഷൻ ഉദ്യോഗസ്ഥരെ ആരെയും ചുമതലപ്പെടുത്തിയിരുന്നില്ലേയെന്നും തുക പാഴായതിനുള്ള ഉത്തരവാദിത്തം ആർക്കാണെന്നും സമിതി ആരാഞ്ഞതിന്, കെട്ടിട നിർമ്മാണ അപേക്ഷകളെല്ലാം അതത് സോണൽ ഓഫീസുകളിലാണ് സ്വീകരിച്ചുവരുന്നതെന്നും അതിന്റെ മോണിറ്ററിംഗും മാനേജ്മെന്റ് പരിശോധനയും കൃത്യമായി ചെയ്യുകയും രജിസ്റ്ററുകളെല്ലാം കൃത്യമായി സൂക്ഷിക്കുകയും ചെയ്യുന്നുമുണ്ടെന്നും കേന്ദ്രീകൃതമായ രീതിയിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നാണ് ഓഡിറ്റിന്റെ

പരാമർശമുണ്ടായിരുന്നതെന്നും ഏഴ് സോണൽ ഓഫീസുകളിലുമായി അനുമതിപത്രം നൽകിവരുന്നതു കൊണ്ടാണ് അങ്ങനെയൊരു രജിസ്റ്റർ സൂക്ഷിക്കാത്തതെന്നും ഓരോ സോണൽ ഓഫീസിലും കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുന്ന വിവരങ്ങളും അനുമതിപത്രം നൽകുന്നവയുടെ വിവരങ്ങളും സൂക്ഷിക്കാറുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

4) എങ്ങനെയാണ് അപേക്ഷ നൽകുന്നതെന്നും ഏകീകൃത വിവരശേഖരം തയ്യാറാക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഐ. ബി. പി. എം. എസ്. (ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം) എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ് അപേക്ഷകൾ നൽകുന്നതെന്നും സോഫ്റ്റ്‌വെയർ നിലവിൽ വന്നമുതൽ ഏകീകൃത വിവരശേഖരം തയ്യാറാക്കുന്നുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വ്യക്തമാക്കി.

5) 8.7 കോടി രൂപ മുടക്കുള്ള ഇ - ഗവേണൻസ് പദ്ധതി എന്തുകൊണ്ടാണ് പരാജയപ്പെട്ടതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് 2008-ലെ ജെൻറം പദ്ധതി പ്രകാരം 35 നഗരങ്ങളെ ഉൾപ്പെടുത്തിയാണ് പദ്ധതി ആവിഷ്കരിച്ചതെന്നും കേരളത്തിൽ നിന്നും കൊച്ചി മാത്രമാണ് ഉൾപ്പെട്ടതെന്നും ടി.സി.എസ്. നെയാണ് അതിൽ ചുമതലപ്പെടുത്തിയതെന്നും 28.02.2021-ലെ കരാർ പ്രകാരം 13 മാസത്തിനുള്ളിൽ ഇ-ഗവേണൻസ് പദ്ധതി പൂർണ്ണമായി നടപ്പാക്കണമെന്നതായിരുന്നുവെന്നും അതിനുവേണ്ടി 22 മൊഡ്യൂളുകളാണ് ചെയ്യേണ്ടിയിരുന്നതെന്നും 13 മാസം കൊണ്ട് അവ തയ്യാറാക്കുകയും തുടർന്നുള്ള മൂന്ന് വർഷം ഓൺസൈറ്റായും 2017 മാർച്ച് വരെ ഓഫ്സൈറ്റായുമാണ് കരാർ പ്രകാരം ടി.സി.എസ്. സർവ്വീസ് നൽകേണ്ടിയിരുന്നതെന്നും പക്ഷേ 2012 മാർച്ചിനുള്ളിൽ പൂർത്തിയാക്കേണ്ട മൊഡ്യൂൾ തയ്യാറാക്കൽ സമയത്തിനുള്ളിൽ തീർന്നില്ലെന്നും മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള ഡാറ്റാ നൽകുന്നതിൽ വന്ന കാലതാമസവും ആദ്യം തയ്യാറാക്കിയ ഡി.പി.ആർ-ൽ നിന്നും വ്യത്യസ്തമായ രീതിയിൽ പ്രവർത്തനം തുടങ്ങിയപ്പോൾ കോർപ്പറേഷന്റെ ഡിമാന്റനുസരിച്ച് ചില മൊഡ്യൂളുകൾ റീ-അറേഞ്ച്

ചെയ്യേണ്ടിവന്നപ്പോഴുണ്ടായ കാലതാമസവുമാണ് ഇതിനുകാരണമെന്നും 2008-ന മുമ്പ് ഐ. കെ. എം. (ഇൻഫർമേഷൻ കേരള മിഷൻ)ന്റെ കൈവശമുണ്ടായിരുന്ന ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ഡാറ്റകളും റവന്യൂ ഡീറ്റെയിൽസുമെല്ലാം യഥാസമയം ടി.സി.എസ്.ന് കൈമാറുന്നതിൽ വന്ന കാലതാമസവും ഉദ്ദേശിച്ച രീതിയിൽ ഫലം കിട്ടുന്നതിന് തടസ്സമായി വന്നുവെന്നും കൂടാതെ ജീവനക്കാർക്ക് ഇക്കാര്യത്തിലുള്ള അറിവില്ലായ്മയും ട്രെയിനിംഗിന്റെ അഭാവവും കാലതാമസത്തിന് കാരണമായെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വിശദമാക്കി.

6) ഇക്കാര്യങ്ങളെല്ലാം വിലയിരുത്തുന്നതിന് കോർപ്പറേഷൻ പ്രത്യേക ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നോയെന്നുകൂടി വ്യക്തമാക്കാൻ സമിതി ആവശ്യപ്പെട്ടതിന് 2011-ൽ ഓരോ വിഭാഗത്തിനും ഓരോ ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നുവെന്നും അന്ന് കോർപ്പറേഷന് സ്വന്തമായി ഒരു ഐ .ടി. ഓഫീസറുണ്ടായിരുന്നില്ലെന്നും 2019-ലാണ് ഐ. ടി. ഓഫീസറെ നിയമിച്ചതെന്നും പ്രോജക്ട് നടന്നുകൊണ്ടിരുന്ന സമയത്ത് കെ. എസ്. ഡി. പി. ഐ. ടി. ഓഫീസറാണ് കാര്യങ്ങൾ നോക്കിയിരുന്നതെന്നും സെക്ഷനുമായി ബന്ധപ്പെട്ട് ചെയ്യുന്ന ഡേറ്റാ എൻട്രിയും യൂസർ ഫ്രണ്ട്‌ലിയായ കാര്യങ്ങളുമെല്ലാം പരിശോധിക്കാൻ സെക്ഷൻ തിരിച്ച് ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നുവെന്നും എന്നാൽ സാങ്കേതികവിദ്യയുടെ അറിവില്ലായ്മയും പരിശീലനത്തിന്റെ അഭാവവും തടസ്സമായി നിലനിന്നിരുന്നുവെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) വിശദീകരിച്ചു

7) പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാൻ സമിതി ആവശ്യപ്പെട്ടതിന് ടി. സി. എസ്. വികസിപ്പിച്ച ജനന, മരണ, വിവാഹ രജിസ്റ്റർ ചെയ്യുന്ന സോഫ്റ്റ്‌വെയറാണ് നിലവിൽ ഉപയോഗിച്ചുവരുന്നതെന്നും കൂടാതെ ടാക്സ്, ലൈസൻസ്, ബിൽഡിംഗ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഓൺലൈനിലേക്ക് മാറിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ

സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി. പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി എത്ര രൂപയാണ് സർക്കാരിന് നഷ്ടമുണ്ടായതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ഒരു രൂപയുടെ പോലും നഷ്ടമുണ്ടായിട്ടില്ലെന്നും ഇതിന്റെ ഭാഗമായി സോണൽ ഓഫീസുകളിലും മെയിൻ ഓഫീസുകളിലും 511 പ്ലഗ് പോയിന്റുകളിൽ 400 എണ്ണവും നെറ്റ്‌വർക്കിംഗ് പോയിന്റുകൾ അവർ പറഞ്ഞതിൽ നിന്നും 200 എണ്ണവും കൂടുതലായി സ്ഥാപിച്ചുവെന്നും സോണൽ ഓഫീസുകളിലെല്ലാം നെറ്റ്‌വർക്കിംഗ് കേബിളിംഗും നടത്തിയെന്നും 479 കമ്പ്യൂട്ടർ, ഹാർഡ്‌വെയർ ഐറ്റംസ്, സർവറുകൾ എന്നിവയെല്ലാം ചേർത്ത് ഏകദേശം 4.99 കോടി രൂപയുള്ള സാധനങ്ങൾ നൽകിയിട്ടുണ്ടെന്നും 2011-12 മുതൽ ഏകദേശം 2019 വരെ ഇവയെല്ലാം തന്നെ ഉപയോഗിച്ചിട്ടുണ്ടെന്നും അതിലുൾപ്പെട്ട രണ്ടുമൂന്ന് സർവറുകൾ നിലവിലും ഉപയോഗിക്കുന്നുണ്ടെന്നും അതുകൊണ്ടുതന്നെ നഷ്ടമുണ്ടായെന്ന് പറയാൻ സാധിക്കില്ലെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വ്യക്തമാക്കി.

8) നഷ്ടമുണ്ടെന്നാണ് സർക്കാരിൽ നിന്നുള്ള റിപ്പോർട്ടെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് ഇതുമായി ബന്ധപ്പെട്ട് ദീർഘകാലമായി ചർച്ച നടത്തുകയും സർക്കാർ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി തലത്തിൽ പോലും നിരവധി ചർച്ചകൾ നടന്നിരുന്നുവെന്നും. ടി. സി. എസ്. പോലുള്ള ഒരു അക്രെഡിറ്റഡ് ഏജൻസിയിൽനിന്നും ഇപ്രകാരം സംഭവിക്കാൻ പാടില്ലായിരുന്നുവെന്നും എന്നാൽ നഗരസഭയിൽ ഒരു ഐ. ടി. ഓഫീസറുടെ മേൽനോട്ടമില്ലായ്മ പ്രതിസന്ധി സൃഷ്ടിച്ചുവെന്നും ഇതുമായി ബന്ധപ്പെട്ട ഒരു നോഡൽ ഓഫീസറെയെങ്കിലും നിയോഗിക്കാമായിരുന്നുവെന്നും നഗരസഭയുടെ ഏകോപനമോ മേൽനോട്ടമോ പദ്ധതിക്ക് ഉണ്ടായിരുന്നില്ലെന്നും നഗരസഭയുടെ താൽപ്പര്യക്കുറവും കാരണം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പാളിപ്പോയെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു

9) കോർപ്പറേഷൻ പറയുന്നതനുസരിച്ച് 22 മൊഡ്യൂളുകളുണ്ടായിരുന്നുവെന്നും ഇവിടെ കോർപ്പറേഷൻ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് പ്രകാരം കുറെ കമ്പ്യൂട്ടറുകളും സർവ്വറുകളും വാങ്ങിയെന്നും മറ്റ് നെറ്റ്‌വർക്കിംഗ് ജോലികൾ അവിടെ ചെയ്തുവെന്ന് പറയുന്നുണ്ടെങ്കിലും കമ്പ്യൂട്ടറുകൾ വാങ്ങാനുള്ള പദ്ധതിയായിരുന്നില്ല ഇതെന്നും 22 മൊഡ്യൂളുകളിൽ ആകെ ജനന – മരണ മൊഡ്യൂൾ മാത്രമാണ് നടപ്പാക്കിയതെന്നും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫീസ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് 22 മൊഡ്യൂളുകളും ടി. സി. എസ്. തയ്യാറാക്കിയിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) മറുപടി നൽകി.

10) 22 മൊഡ്യൂളുകളും നിലവിൽ നഗരസഭയ്ക്ക് ഉപയോഗിക്കാൻ സാധിക്കുന്നവയല്ലല്ലോയെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ തുടർന്ന് ആരാഞ്ഞതിന് അന്ന് ബി. പി. എ. എം. എസ്. (BPAMS) എന്ന സിസ്റ്റത്തിലൂടെയായിരുന്നു ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നതെന്നും സി. എം. എ. എസ്. (CMAS) എന്ന സോഫ്റ്റ്‌വെയറാണ് ടി. സി. എസ്. ന്റേതെന്നും ബി. പി. എ. എം. എസ്.ലുള്ള ഡാറ്റ സി. എം. എ. എസ്. ലേക്ക് ഇന്റഗ്രേറ്റ് ചെയ്തുവരാൻ കാലതാമസമുണ്ടായിയെന്നും അതു കൂടാതെ ഐ. കെ. എം. ന്റെ കൈവശമുണ്ടായിരുന്ന റവന്യൂ ഡീറ്റെയിൽസ് ടി. സി. എസ്. ന് കൈമാറാൻ വളരെ സമയമെടുത്തുവെന്നും സർക്കാർതലത്തിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ നിരവധി ചർച്ചകൾക്കുശേഷമാണ് അത് കൈമാറിയതെന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) യിലോ ഡി. പി. ആർ. തയ്യാറാക്കിയപ്പോഴോ ഉണ്ടായിരുന്നതിലും കൂടുതൽ ഡാറ്റ വന്നുവെന്നും ചെയ്തുകൊണ്ടിരുന്നതിൽ നിരവധി മാറ്റങ്ങളും വന്നിട്ടുണ്ടെന്നും അതാണ് കാലതാമസത്തിന് കാരണമായതെന്നും മൊഡ്യൂളുകളെല്ലാം തന്നെ തയ്യാറാക്കിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) വിശദീകരിച്ചു.

11) എല്ലാ മൊഡ്യൂളുകളും ടി.സി.എസ്. തയ്യാറാക്കിയെങ്കിലും അതിൽ ഒരു മൊഡ്യൂൾ മാത്രമല്ലേ ഉപയോഗിക്കുന്നുള്ളൂവെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന് അല്ലെന്നും ബർത്ത് ആൻഡ് ഡെത്ത് മൊഡ്യൂൾ, ടൗൺ ഹാൾ ബുക്കിംഗ് മൊഡ്യൂൾ, കോർപ്പറേഷൻ പോർട്ടൽ മൊഡ്യൂൾ, ബിൽഡിംഗ് പെർമിറ്റിനുള്ള മൊഡ്യൂൾ, ഗ്രീവൻസ് റിഡ്രസ്സലിനുവേണ്ട മൊഡ്യൂൾ എന്നിവ ഉപയോഗിച്ചിരുന്നുവെന്നും നിലവിൽ ബർത്ത് ആൻഡ് ഡെത്ത് മൊഡ്യൂൾ മാത്രമാണ് ഉപയോഗിക്കാൻ സാധിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

12) പദ്ധതിയുടെ ഉദ്ദേശലക്ഷ്യമെന്തായിരുന്നുവെന്നും എന്താണ് നടപ്പാക്കിയതെന്നും തമ്മിൽ താരതമ്യം ചെയ്താൽ എന്ത് നഷ്ടമാണുണ്ടായതെന്ന് തെളിയിക്കാൻ സാധിക്കുമെന്നും ഇക്കാര്യത്തിൽ നഷ്ടമില്ലെന്ന് തെളിയിക്കേണ്ടത് കോർപ്പറേഷന്റെ ചുമതലയാണെന്നും പല രീതിയിലും അത് സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അത് 8.7 കോടി രൂപയിൽ എത്തിക്കാൻ സാധിക്കുന്നില്ലെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് 8.7 കോടി രൂപ കൊടുത്തിട്ടില്ലെന്നും 4.1 കോടി രൂപ മാത്രമേ കൊടുത്തിട്ടുള്ളൂവെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വ്യക്തമാക്കി.

13) 4.1 കോടി രൂപ നൽകിയിട്ടും ഉദ്ദേശലക്ഷ്യം പൂർത്തിയായില്ലെന്നും ഒരു മൊഡ്യൂൾ മാത്രമാണ് പ്രാവർത്തികമാക്കിയതെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയതിന് 8 മൊഡ്യൂളുകളാണ് അന്ന് ഉപയോഗിച്ചിരുന്നതെന്നും നിലവിൽ മൂന്നെണ്ണം മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വ്യക്തത വരുത്തി.

14) കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലെന്നും എന്നാൽ വകുപ്പിന്റെ റിപ്പോർട്ടിൽ ഭീമമായ സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലെന്നുമാണ് പറയുന്നതെന്നും ഭീമമായ നഷ്ടമെന്നത്

നിർണ്ണയിക്കപ്പെടണമെന്നും സമിതി നിരീക്ഷിച്ചതിന് ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയാണെന്നും രണ്ടാമത്തെ അവലോകന യോഗത്തിലാണ് നാല് കോടി രൂപ മാത്രമാണ് ചെലവായതെന്ന് ബോധ്യപ്പെട്ടതെന്നും അതിനാലാണ് ഭീമമായ നഷ്ടമില്ലെന്ന് പറഞ്ഞതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വിശദീകരിച്ചു.

15) വലിയ നഷ്ടമില്ലെങ്കിലും നഷ്ടമുണ്ടെന്ന് തന്നെയാണ് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി പറയുന്നതെന്നും എന്നാൽ കോർപ്പറേഷൻ പറയുന്നത് നഷ്ടമില്ലെന്നാണെന്നും സമിതി ചൂണ്ടിക്കാട്ടിയതിന് ഇക്കാര്യത്തിൽ ഓഡിറ്റിന്റെ നിരീക്ഷണം ശരിയാണെന്നും കോർപ്പറേഷനെ ഇ-ഗവേൺസ് ബോഡിയാക്കി മാറ്റുന്നത് സംബന്ധിച്ച് ശ്രമം നടത്തിയെങ്കിലും ഫലപ്രാപ്തിയിലേക്ക് എത്തിയില്ലെന്നത് സത്യമാണെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

16) ഇക പാഴായതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും ടെക്നോളജിയുടെയും എഫിഷ്യൻസിയുടെയും പ്രശ്നമുണ്ടെന്നും ഇതിന്റെ ആദ്യ ഘട്ടത്തിൽ ഐ. ടി. ഓഫീസർ ഉണ്ടായിരുന്നില്ല എന്നതും ശരിയാണെങ്കിലും നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെന്നും നഷ്ടം എത്രയാണെന്നത് നിർണ്ണയിക്കപ്പെടേണ്ടതുണ്ടെന്നും സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലെന്നാണ് കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണമെന്നുമുള്ള സമിതിയുടെ നിരീക്ഷണത്തിന് ഐ.ടി. അനുബന്ധ ഉപകരണങ്ങൾ ലഭിച്ചതിനാൽ ഫിസിക്കലായി നഗരസഭ മുടക്കിയ തുകയ്ക്ക് തത്തുല്യമായ സേവനം ലഭിച്ചിട്ടുണ്ടെന്നും മൊത്തത്തിൽ പരിശോധിച്ചാൽ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നും പദ്ധതിയിൽ എന്താണോ വിഭാവനം ചെയ്തത് അത് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വെളിപ്പെടുത്തി.

17) 4 കോടി രൂപയിൽ ഏകദേശം ഒന്നരക്കോടി രൂപയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയത് പദ്ധതിയുമായി ബന്ധപ്പെട്ടായിരുന്നില്ലെന്നും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ മറ്റ് പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ടെന്നും വിശദമായ പരിശോധന നടത്തിയതിൽ അതൊന്നും ഈ പ്രോജക്ടിനെന്ന് മാത്രമല്ല, വേറൊരു പ്രോജക്ടിനും നേരിട്ട് ഉപയോഗിക്കാൻ സാധിക്കുന്നതല്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും അവയെല്ലാം ഉപയോഗശൂന്യമായി കിടക്കുകയാണെന്ന് സർക്കാരിന്റെ മറുപടിയിൽ നിന്ന് വ്യക്തമാകുന്നുണ്ടെന്നും ഒരിക്കൽപോലും ഇൻസ്റ്റാൾ ചെയ്യാതെ ധാരാളം ഉപകരണങ്ങൾ അവിടെ കൂട്ടിയിട്ടിരിക്കുകയാണെന്ന് പരിശോധനയിൽ കാണാൻ സാധിച്ചുവെന്നും അതിന്റെ ഫോട്ടോസ് സഹിതം റെക്കോർഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെന്നും സാങ്കേതികമായി കാലഹരണപ്പെട്ടതുകൊണ്ട് അതെല്ലാം ഉപയോഗശൂന്യമായെന്ന് സർക്കാരിന്റെ മറുപടിയിൽ പറയുന്നുണ്ടെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് ഇരുപത് മൊഡ്യൂളാണെങ്കിലും ഒരു മൊഡ്യൂളാണെങ്കിലും അതിനുവേണ്ടി ഉപയോഗിക്കുന്ന ഹാർഡ്‌വെയറും ഇൻഫ്രാസ്ട്രക്ചറും ഒരുപോലെയാണെന്നും ടെക്നോപാർക്കിലുള്ള സർവറിലാണ് ജനന-മരണ-വിവാഹ സോഫ്റ്റ്‌വെയർ റൺ ചെയ്യുന്നതെന്നും അതിന്റെ ബാക്കപ്പ് ഉപയോഗിക്കുന്നത് കൊച്ചി കോർപ്പറേഷനിലെ സർവറിലാണെന്നും ബാക്കപ്പ് ഫെസിലിറ്റി പ്രവർത്തനക്ഷമമാണെന്നും എല്ലാ മൊഡ്യൂളിനും കൂടിയാണ് ഹാർഡ്‌വെയർ വാങ്ങിയതെന്നും മറ്റ് മൊഡ്യൂളുകൾ പൂർത്തിയാകാത്തതുകൊണ്ടും ഇംപ്ലിമെന്റ് ചെയ്യാൻ കഴിയാത്തതുകൊണ്ടും ഉപകരണങ്ങൾ ഉപയോഗിക്കാൻ സാധിച്ചില്ലെന്നും ഹാർഡ്‌വെയർ ഉപയോഗിക്കുന്നുണ്ടെന്നും കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ വ്യക്തമാക്കി.

18) 2019 ആഗസ്റ്റ് 13-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് തീരുമാനമെടുത്തിരുന്നുവെന്നും പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് റിപ്പോർട്ടിനോടൊപ്പമുണ്ടെന്നും കോർപ്പറേഷൻ, ഐ.ടി. ടെക്നിക്കൽ ടീമിനെ അടിയന്തിരമായി സജ്ജമാക്കിയതിനുശേഷം

ആറുമാസത്തിനുള്ളിൽ 22 മൊഡ്യൂളുകളും സജ്ജമാക്കണമെന്നും ആയത് സൗജന്യമായി ചെയ്യുന്നത് ടി.സി.എസ്. സോഫ്റ്റ്‌വെയർ വഴിയാകണമെന്നുമാണ് യോഗത്തിൽ തീരുമാനിച്ചതെന്നും അക്കാര്യങ്ങൾക്ക് നിലവിലും മാറ്റമൊന്നുമില്ലെന്നാണ് കോർപ്പറേഷൻ നൽകിയ വിശദീകരണത്തിൽ നിന്നും മനസ്സിലാകുന്നതെന്നും സമിതി ചൂണ്ടിക്കാട്ടിയതിന് ടി.സി.എസ്. പൂർണ്ണമായും പിന്മാറിയതിനാൽ ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയറിലേക്ക് മാറി എന്നും ടി.സി.എസ്.-ന്റെ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും കൊച്ചി കോർപ്പറേഷൻ ഉപയോഗിക്കുന്നുണ്ടെങ്കിലും ലൈവായി ജോലി ചെയ്യുന്നത് മുഴുവൻ ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയറാണെന്നും കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ ബോധിപ്പിച്ചു.

19) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നതിനുശേഷം ആറുമാസത്തിനുള്ളിൽ 22 മൊഡ്യൂളും പ്രവർത്തനക്ഷമമാക്കണമെന്നൊരു തീരുമാനമെടുത്തിരുന്നുവെന്നും അതിനുവേണ്ടി തുടർന്ന് എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നത് തയ്യാറാക്കണമെന്നും സംബന്ധിച്ച് ഡി.പി.ആർ. തയ്യാറാക്കണമെന്നും അതുവരെയുള്ള കാര്യങ്ങൾക്കുള്ള ചെലവ് നഗരസഭ വഹിക്കണമെന്നും അധികമായി ടി.സി.എസ്. നിയമിക്കുന്ന ആളുകൾക്ക് നഗരസഭയിൽ നിന്നും ശമ്പളം നൽകണമെന്ന കാര്യം കൂടി യോഗത്തിൽ പറഞ്ഞിരുന്നെങ്കിലും അക്കാര്യം മിനിട്ട്സിന്റെ ഭാഗമായി വന്നിട്ടില്ലെന്നാണ് ടി.സി.എസ്.ന്റെ വാദമെന്നും ടി.സി.എസ്. പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തി മിനിട്ട്സിൽ തിരുത്തൽ വരുത്താൻ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും അതുസംബന്ധിച്ച് ചർച്ചയോ തീരുമാനമോ ഉണ്ടായിട്ടില്ലെന്നും പിന്നീട് ടി.സി.എസ്. തന്നെ പദ്ധതിയിൽ നിന്നും പിന്മാറുകയാണ് ചെയ്തതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വിശദീകരിച്ചു.

20) വിപ്രോ പിന്നീട് നിസ്സഹകരിക്കുന്ന നിലപാട് സ്വീകരിച്ചോയെന്ന് സമിതി ആരാഞ്ഞതിന് 2009 മുതൽ 2011 വരെയും അതിനുശേഷം 2013 വരെയുമായിരുന്ന മാനേജ്‌മെന്റ് കൺസൽട്ടന്റായ വിപ്രോയുടെ കാലാവധിയെന്നും

35 ലക്ഷം രൂപയോളം വിപ്രോയ്ക്ക് കൊടുക്കാനുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

21) സർക്കാർ തലത്തിലെടുത്ത തീരുമാനങ്ങളുടെ മിനിട്ട്സ് കൊടുത്തിട്ടുണ്ടെന്നും പക്ഷേ സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് വ്യക്തമാകുന്നതെന്നും അത്തരമൊരു സാഹചര്യത്തിൽ എന്തുനിലപാട് സ്വീകരിക്കാൻ കഴിയുമെന്ന് സമിതി ആരാഞ്ഞതിന് തുടർ നടപടികളും യോഗങ്ങളുമെല്ലാം വകുപ്പിന്റെ മറ്റ് സെക്ഷനുകളിലാണ് ചെയ്യുന്നതെന്നും നിലവിലെ വിവരം സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനുകളിൽ പരിശോധിച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂവെന്നും മിനിട്ട്സിൽ തിരുത്തൽ വരുത്താൻ സർക്കാരിലേക്ക് അയച്ചിട്ടുണ്ടെങ്കിലും കോർപ്പറേഷൻ അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ലെന്നും സാധാരണഗതിയിൽ മന്ത്രിതല മീറ്റിംഗിൽ ഇപ്രകാരം സംഭവിക്കാറില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

22) കോർപ്പറേഷനിലെ മൊഡ്യൂളുകളൊന്നും ഒരു കാലഘട്ടത്തിലും ഉപയോഗിക്കാൻ കഴിയുന്ന രീതിയിലായിരുന്നില്ലെന്നും പൊതുവെ മേൽ നോട്ടത്തിലുള്ള അപാകതയും കോമ്പീറ്റൻസി പ്രശ്നങ്ങളുണ്ടെന്നതും ശരിയാണെന്നും ടി.സി.എസ്. ആവശ്യപ്പെട്ട ഡാറ്റകളൊന്നും കൈമാറാൻ സാധിച്ചിട്ടില്ലെന്നും അതുപോലെ ടി.സി.എസ്.-ന്റെ കൈവശമുള്ള ഡാറ്റ ശേഖരിക്കാനും സാധിച്ചില്ലെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് ടി.സി.എസ്.-ന്റെ ഡാറ്റ ഐ.കെ.എം.-ന്റെ പുതിയ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ വരുമ്പോൾ അതിലേക്ക് ഉൾപ്പെടുത്തുവാൻ വേണ്ടി ബാക്കപ്പ് എടുത്തിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ ഐ.ടി.ഓഫീസർ മറുപടി നൽകി.

23) ടി.സി.എസ്. എന്നത് ചെറിയ ഏജൻസിയല്ലെന്നും അവരുടെ ഡാറ്റ പാസ്‌വേർഡ് കൊടുത്ത് ചെയ്യുന്നതാണെന്നും അവർ ഡാറ്റ കൈമാറുകയുണ്ടായോ

എന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ തുടർന്ന് ആരാഞ്ഞതിന് ഡാറ്റ കൈമാറിയില്ലെങ്കിലും ഡാറ്റാബേസും സർവറും കോർപ്പറേഷന്റെ നിയന്ത്രണത്തിലായതു കൊണ്ട് ബാക്കപ്പ് എടുക്കാൻ സാധിച്ചുവെന്നും അത്തരം കാര്യങ്ങളിൽ ടി.സി.എസ്.-ന്റെ ഭാഗത്തുനിന്നും സഹകരണമുണ്ടായിട്ടുണ്ടെന്നും സർവറും ഡാറ്റാബേസിന്റെ കൺട്രോളും ലഭ്യമാക്കിയിരുന്നുവെന്നും മുൻമാസം വരെയുള്ള ഡാറ്റാബേസിന്റെ ബാക്കപ്പ് ഐ.കെ.എം. എടുത്തിട്ടുണ്ടെന്നും മറുപടി നൽകിയ കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ ഐ.കെ.എം.-ന്റെ കെ-സ്മാർട്ട് എന്ന പുതിയ സോഫ്റ്റ്‌വെയറിലേക്ക് നഗരസഭ മാറുകയാണെന്നും ടി.സി.എസ്.-ന്റെ ഡാറ്റയും ഐ.കെ.എം.-ന്റെ ഡാറ്റയും നഗരസഭയുടെ മുഴുവൻ ഡാറ്റയും ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതാണ് പുതിയ സോഫ്റ്റ്‌വെയറെന്നും ടിസി.എസ്.-ന്റെ സർവറിൽ നിന്നും ഡാറ്റബേസിൽ നിന്നും പൂർണ്ണമായ ഡാറ്റ എടുക്കാൻ സാധിച്ചിട്ടുണ്ടെന്ന് ഐ.കെ.എം. കോർപ്പറേഷനെ അറിയിച്ചിട്ടുണ്ടെന്നും വിശദീകരിച്ചു.

24) നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് സമ്മതിക്കാൻ കോർപ്പറേഷൻ തയ്യാറല്ലെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടി. നെറ്റ്‌വർക്കിംഗ് ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് ഉപയോഗിക്കുന്നുണ്ടെന്നും കോർപ്പറേഷനിൽ അന്ന് ചെയ്ത നെറ്റ്‌വർക്ക് തന്നെയാണ് പുതിയ സോഫ്റ്റ്‌വെയറിൽ ഉപയോഗിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ മറുപടി നൽകി.

25) ഇവിടെ രണ്ട് രീതിയിലുള്ള പ്രതികരണമാണ് വരുന്നതെന്നും നഷ്ടമുണ്ടായിട്ടില്ലെന്ന് കോർപ്പറേഷനും നഷ്ടമുണ്ടായിട്ടുണ്ടെന്ന് സർക്കാരും പറയുന്നുവെന്നും ഇക്കാര്യങ്ങൾക്കെല്ലാം രേഖയുണ്ടാകേണ്ടതല്ലേയെന്നും ഇതിനെല്ലാം വ്യക്തത വരുത്താൻ സാധിക്കണമെന്നും പ്രശ്നത്തിൽ സർക്കാരും കോർപ്പറേഷനും രണ്ട് തരത്തിലുള്ള നിലപാട് സ്വീകരിക്കാൻ പാടില്ലെന്നും വസ്തുതയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുമ്പോൾ സർക്കാരിന്റെ നിലപാട് കോർപ്പറേഷൻ ഏകീകരിക്കണമെന്നും പക്ഷേ പഴയ കാര്യങ്ങൾ വേർതിരിച്ച് മനസ്സിലാക്കി പോകേണ്ടതുണ്ടെന്നും ടെക്നോളജിയില്ലെന്നും ഐ.ടി. ഓഫീസറെ

ച്ചുമതലപ്പെടുത്തിയിട്ടില്ലെന്നുമുള്ള സാഹചര്യങ്ങളെല്ലാം വിശദീകരിച്ച ശേഷവും കോർപ്പറേഷൻ പറയുന്നത് നഷ്ടമൊന്നുമുണ്ടായിട്ടില്ലെന്നാണെന്നും എന്നാൽ സർക്കാർ പറയുന്നത് ഭീമമായ നഷ്ടമല്ലെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടെന്നാണെന്നും എല്ലാ പരിശോധനയും നടത്തിയാൽ മാത്രമേ സർക്കാരിന്റെ നഷ്ടം എത്രയാണെന്ന് നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതെല്ലാം കൈകാര്യം ചെയ്തത് കോർപ്പറേഷനായതുകൊണ്ട് അവർതന്നെ പരിശോധിച്ച് നിലപാടെടുക്കുന്നതാണ് നല്ലതെന്നും ഓഡിറ്റ് പരാമർശം വന്നതുകൊണ്ട് അതിനനുസരിച്ച് മാത്രമേ ക്ലാരിഫൈ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും സമിതി നിർദ്ദേശിച്ചതിന് കോർപ്പറേഷൻ ചെലവാക്കിയ തുകയ്ക്കനുസരിച്ച് ഹാർഡ്‌വെയർ ലഭ്യമായിട്ടുണ്ടെന്നും നിലവിൽ വികസിപ്പിച്ച സോഫ്റ്റ്‌വെയർ ഉപയോഗിക്കാനും ഡാറ്റകളുടെ ബാക്കപ്പ് എടുക്കാനും സാധിക്കുന്നുണ്ടെന്നും കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ ബോധിപ്പിച്ചു.

26) ഇങ്ങനെയൊരു തീരുമാനം സർക്കാർ അംഗീകരിക്കുന്നതിൽ സമിതിക്ക് തർക്കമില്ലെന്നും പക്ഷേ ഇത് സർക്കാരിന് അംഗീകരിച്ചുപോകാൻ കഴിയില്ലെന്നാണ് വകുപ്പ് സെക്രട്ടറി പറയുന്നതെന്നും സമിതി അഭിപ്രായപ്പെട്ടതിന് ടി.സി.എസ്.-ന്റെ ഭാഗത്തുനിന്നും ക്ലെയിമിനുള്ള സാധ്യതയുണ്ടോ എന്ന് ചോദിച്ചിരുന്നുവെങ്കിലും നഗരസഭ ആയത് പൂർണ്ണമായും നിരാകരിച്ചിട്ടുള്ളതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ വിശദീകരിച്ചു.

27) പ്രോജക്ടിൽ പറഞ്ഞതനുസരിച്ച് 8 കോടി രൂപയുടെ വർക്ക് ചെയ്ത് ഇംപ്ലിമെന്റേഷൻ കഴിഞ്ഞപ്പോൾ 4 കോടി രൂപ കൊടുത്തുവെങ്കിലും ബാക്കിത്തുക വേണമെന്ന് പിന്നീട് പറയാൻ സാധ്യതയില്ലേയെന്ന് സമിതി അംഗം ആരാഞ്ഞതിന് വിപ്രോയും എസ്.യു.റ്റി.സി.-യും അപ്രൂവ് ചെയ്തശേഷം അവരുമായുള്ള എഗ്രിമെന്റനുസരിച്ച് പണം കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും നേരത്തേതന്നെ ടി.സി.എസ്. ഇതിൽനിന്നും പിൻമാറിയതുകൊണ്ട് അവരുടെ അപ്രൂവൽ ലഭിച്ചിട്ടില്ലെന്നും അത് കിട്ടിയാൽ മാത്രമേ എഗ്രിമെന്റനുസരിച്ചുള്ള തുക കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും കൊച്ചി കോർപ്പറേഷൻ ഐ. ടി. ഓഫീസർ

മറുപടി നൽകി. ടി.സി.എസ്.-ന്റെ ഭാഗത്ത് നിന്ന് ക്ലെയിം വരാൻ സാധ്യത കുറവാണെന്നാണ് വകുപ്പുമന്ത്രിയുമായുള്ള മീറ്റിംഗിൽ ജോയിന്റ് ഡയറക്ടർ പങ്കെടുത്തപ്പോൾ അറിയാൻ സാധിച്ചതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ കൂട്ടിച്ചേർത്തു.

28) ലഭ്യമാകാനുള്ള തുക കിട്ടിയതിനുശേഷം മാത്രമേ തുടർന്നുള്ള പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് ടി.സി.എസ്.-ഉം ഇതുവരെ ചെയ്തതിന്റെ ഡാറ്റ തരണമെന്ന് പറഞ്ഞ് കോർപ്പറേഷനും തമ്മിൽ മീറ്റിംഗിലുടനീളം തർക്കമുണ്ടായിരുന്നുവെന്നും എന്നാൽ ടി.സി.എസ്. ഒഴിവായതിനുപകരം ഐ.കെ.എം.-നോട് സർക്കാർ സഹായം തേടിയെങ്കിലും ചർച്ചയിൽ അതിന് പരിഹാരമായില്ലയെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ വിശദീകരിച്ചു.

29) ഐ.കെ.എം. അതിൽ ഇടപെട്ടിട്ടുള്ളതിനാൽ അവർ പറയുന്നത് ഈ സോഫ്റ്റ്‌വെയറെല്ലാം ഐ.കെ.എം.-ന് ലഭ്യമായെന്നല്ലേ എന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് നിർദ്ദിഷ്ട സമയത്ത് ലഭ്യമായിട്ടില്ലായിരുന്നുവെന്ന് കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ മറുപടി നൽകി.

30) പ്രസ്തുത സമയത്ത് ആയിട്ടില്ലെങ്കിലും നിലവിൽ ഐ.കെ.എം. സോഫ്റ്റ്‌വെയർ അല്ലേ ഉപയോഗിക്കുന്നതെന്ന് സമിതിയും ഐ.കെ.എം. സ്വയം അല്ലേ ഡാറ്റ എൻട്രി നടത്തിയതെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലും ആരാഞ്ഞതിന് ടി.സി.എസ്.-ൽ നേരത്തെയുണ്ടായിരുന്ന ഡാറ്റകളുടെ ബാക്കപ്പ് എടുത്താണ് ചെയ്തിട്ടുള്ളതെന്ന് കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ വ്യക്തമാക്കി.

31) കൊച്ചി കോർപ്പറേഷനിൽ മാത്രമാണ് പഴയ കെട്ടിടങ്ങൾക്ക് ഓൺലൈനായി ടാക്സ് അടയ്ക്കാൻ സൗകര്യമില്ലാത്തതെന്നും മറ്റ് ഭൂരിഭാഗം നഗരസഭകളിലും ഓൺലൈനായി ടാക്സ് അടയ്ക്കാനുള്ള സംവിധാനമുണ്ടെന്നും ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് നിലവിൽ കൊച്ചി കോർപ്പറേഷനിലും പ്രസ്തുത

സൗകര്യം പൂർത്തിയായിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) ബോധിപ്പിച്ചു.

32) ഡാറ്റ എൻട്രി ചെയ്ത് ആയത് തയ്യാറാക്കിയത് ഐ.കെ.എം. അല്ലേയെന്ന് ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ തുടർന്ന് ആരാഞ്ഞതിന് ഐ.കെ.എം. അല്ലെന്നും കോർപ്പറേഷനാണ് ഡാറ്റ എൻട്രി ചെയ്തതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

33) ടി.സി.എസ്.-ന് ക്ലെയിം വരാൻ സാധ്യതയുണ്ടോ എന്നുള്ളതുകൂടി പരിശോധിക്കണമെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് അന്നത്തെ യോഗത്തിൽ ചർച്ച ചെയ്തപ്പോൾ തുക ലഭിക്കാനുണ്ട് എന്നൊരു നിലപാട് സ്വീകരിച്ചിരുന്നു എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

34) അന്ന് പറഞ്ഞത് ശരിയാണെങ്കിലും ഇപ്പോൾ മാറ്റമുണ്ടായിട്ടുണ്ടെന്നും മാറിയതിന്റെ ഭാഗമാണ് ഐ.കെ.എം.ന്റെ വിശദീകരണമെന്നും അവർ പറയുന്നത് ടി.സി.എസ്. വഴി സർക്കാരിന് ലഭിക്കേണ്ടിയിരുന്ന എല്ലാ സോഫ്റ്റ്‌വെയറുകളും ഐ.കെ.എം. വഴി ലഭിച്ചിട്ടുണ്ടെന്നാണെന്നും പദ്ധതിയിൽ ലയബിലിറ്റി വന്നിട്ടില്ലെന്ന് കോർപ്പറേഷനും ലയബിലിറ്റിയുണ്ടെന്ന് സർക്കാരും പറയുന്നതാണ് പ്രശ്നമെന്നും ഇത് അംഗീകരിക്കാൻ സാധിക്കുമോയെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത ഓഡിറ്റ് പരാമർശം അംഗീകരിക്കുന്ന കാര്യം ഒന്നുകൂടി പരിശോധിക്കണമെന്നും കോർപ്പറേഷന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം പൂർണ്ണമായി അംഗീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽപോലും ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ സമിതിയിൽ വ്യക്തമാക്കി.

35) ഇക്കാര്യത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിലും എത്രയാണ് നഷ്ടമെന്ന് നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

36) നഷ്ടമുണ്ടായിട്ടില്ലെന്ന് കോർപ്പറേഷനും നഷ്ടമുണ്ടാകാൻ സാധ്യതയുണ്ടെന്ന് സർക്കാരും പറയുന്നതിനാൽ അക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണെന്ന് സമിതി നിരീക്ഷിച്ചതിന് ടി.സി.എസ്.ഉം കോർപ്പറേഷൻ സെക്രട്ടറിയും തമ്മിലുള്ള കരാർ പ്രകാരം ടി.സി.എസ്.ന് പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ 60% തുക കൊടുക്കേണ്ടിവന്നുവെന്നും 4.5 കോടി രൂപ കൊടുത്തശേഷം എത്ര രൂപയുടെ സേവനം ടി.സി.എസ്.ൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് പരിശോധിക്കണമെന്നും എന്നാൽ നിലവിൽ ഇതെല്ലാം ശരിയായെന്ന് പറയുന്നത് മറ്റൊരു സംവിധാനമായ ഐ.കെ.എം.ലൂടെയാണെന്നും എന്തായാലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

37) സാമ്പത്തിക നഷ്ടം എങ്ങനെ നിർണ്ണയിക്കാൻ കഴിയുമെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ടി.സി.എസ്. ചെയ്ത ജോലിയുടെ മൂല്യം കണക്കാക്കണം എന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

38) അത്തരം പരിശോധനയ്ക്ക് പോയാൽ ടി.സി.എസ്. വീണ്ടും ഇതിലേക്ക് വരുമ്പോൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു.

39) ഹാർഡ്‌വെയറിന്റെയും മറ്റനുബന്ധ ഉപകരണങ്ങളുടെയും കാര്യങ്ങൾ അവസാനിപ്പിക്കാൻ കഴിയുമോ എന്നാണ് ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നതെന്നും സർക്കാരിനും ഇത് അംഗീകരിക്കാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും വ്യക്തമാക്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ

നിരീക്ഷിച്ചതിന് ഹാർഡ്‌വെയർ മാത്രമല്ല, സോഫ്റ്റ്‌വെയറും ടി.സി.എസ്. വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വ്യക്തത വരുത്തി.

40) സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിലേക്കായി വിശദീകരണം ലഭ്യമാക്കാൻ കഴിയുമെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഈ പരാമർശം ഒഴിവാക്കാൻ കഴിയുമോ എന്ന് നോക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടതിന് മറുപടി ലഭ്യമാക്കാമെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. എന്നാൽ ഭാവിയിൽ നിയമപരമായ പ്രശ്നങ്ങൾ ടി.സി.എസ്.ന്റെ ഭാഗത്തുനിന്നും ക്ലെയിമിന്റെ കാര്യത്തിൽ ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ സർക്കാരിന് ഇതിൽ ഇടപെടാൻ കഴിയൂവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ കൂട്ടിച്ചേർത്തു.

41) അപ്രകാരം ഒരു നിലപാട് സ്വീകരിക്കാമെന്നും സർക്കാരിനെ ഈ പ്രശ്നത്തിൽ പ്രതിസന്ധിയിലാക്കാൻ സാധിക്കില്ലെന്നും പ്രശ്നങ്ങൾ വരാതിരിക്കുന്നതിന് വകുപ്പ് സെക്രട്ടറിയുമായി ചർച്ച നടത്തി വ്യക്തത വരുത്തണമെന്നും സർക്കാരിലേക്ക് വിശദമായ റിപ്പോർട്ട് ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

42) നഗരസഭയുടെ നിലവിലുള്ള ഓട്ടോമേഷന്റെ കാര്യം സമിതിയുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടതിന് മൊബൈൽ ആപ്പും ഓൺലൈൻ വെബ് ആപ്ലിക്കേഷനും സംയോജിപ്പിച്ചുകൊണ്ട് കെ-സ്മാർട്ടിന്റെ പുതിയ സോഫ്റ്റ്‌വെയർ കേരളത്തിലാദ്യമായി

നടപ്പിലാക്കാൻ പോകുന്നത് കൊച്ചി നഗരസഭയിലാണെന്നും ടി.സി.എസ്.ന്റെ പഴയ ഡാറ്റകളും ഐ.കെ.എം. ലഭ്യമാക്കിയിരിക്കുന്ന ഡാറ്റകളും സംയോജിപ്പിച്ചാണ് പുതിയ സോഫ്റ്റ്‌വെയർ വരുന്നതെന്നും അതുവരുമ്പോൾ പഴയതും പുതിയതുമായ എല്ലാ ഡാറ്റകളും ലഭ്യമാകുമെന്നും ഇൻഫർമേഷൻ കേരള മിഷനാണ് ഇതെല്ലാം ചെയ്യുന്നതെന്നും കൊച്ചി കോർപ്പറേഷൻ ഐ.ടി. ഓഫീസർ മറുപടി നൽകി.

43) കുറവുകളെല്ലാം പരിഹരിച്ച് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ വേണം സമിതിയിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതെന്നും ആയത് നഗരസഭ പൂർണ്ണമായും പരിശോധിച്ചുവെന്ന വിശ്വാസത്തിലാണ് സമിതി ഇക്കാര്യങ്ങളെ സമീപിക്കുന്നതെന്നും പഴയ സർക്കാർ തീരുമാനമായതിനാൽ അതിന്റെ എല്ലാവശവും പരിശോധിച്ച ശേഷമായിരിക്കും സമിതി തീരുമാനമെടുക്കുന്നതെന്നും ആയതിനാൽ ഒരിക്കൽക്കൂടി പരിശോധിച്ചശേഷം വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

44) **ജൻറം പദ്ധതിയുടെ ഭാഗമായി കൊച്ചി കോർപ്പറേഷനിൽ നടപ്പിലാക്കിയ ഇ-ഗവേണൻസ് പദ്ധതി പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ടി.സി.എസ്. കമ്പനിയുമായി കോർപ്പറേഷൻ 8.7 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടെങ്കിലും 4.1 കോടി രൂപ മാത്രമേ കമ്പനിക്ക് കൈമാറിയിട്ടുള്ളുവെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി-ഇൻ-ചാർജ് സമിതി മുമ്പാകെ നൽകിയ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. കമ്പ്യൂട്ടറുകളും, മറ്റ് ഹാർഡ്‌വെയറുകളും കോർപ്പറേഷനിൽ ടി.സി.എസ്. കമ്പനി നൽകിയെന്നും സോഫ്റ്റ്‌വെയർ ഭാഗത്ത് 22 മോഡ്യൂളുകൾ കമ്പനി തയ്യാറാക്കിയെങ്കിലും ചിലത് മാത്രമേ ഉപയോഗിക്കാൻ കഴിഞ്ഞുള്ളൂവെന്നും സമിതി വിലയിരുത്തുന്നു.**

കോർപ്പറേഷൻ നൽകിയ തുകയ്ക്ക് തുല്യമായ ഹാർഡ്‌വെയറുകളും മറ്റും ടി.സി.എസ്. കമ്പനി ലഭ്യമാക്കിയതിനാൽ തത്വത്തിൽ നഷ്ടം വന്നിട്ടില്ല എന്ന കൊച്ചി കോർപ്പറേഷന്റെ വാദം പൂർണ്ണമായി അംഗീകരിക്കാൻ കഴിയില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് കേവലം ഹാർഡ്‌വെയറുകൾ കോർപ്പറേഷനിൽ ലഭ്യമാക്കുന്നതിനല്ലെന്നും കെട്ടിട നിർമ്മാണ അനുമതിപത്രം ഉൾപ്പെടെ ഓൺലൈൻ വഴി നടപ്പിലാക്കുന്നതിനായിരുന്നുവെന്നും അത്തരത്തിൽ വിലയിരുത്തുമ്പോൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം നേടിയെടുക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതായുള്ള ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയാണെന്നും സമിതി നിരീക്ഷിക്കുന്നു. നിലവിൽ കോർപ്പറേഷൻ ഐ.കെ.എം.ന്റെ കെ-സ്മാർട്ട് എന്ന പുതിയ സോഫ്റ്റ്‌വെയറിലേക്ക് മാറുകയാണെന്നും ടി.സി.എസ്. കമ്പനി നൽകിയ സേവനങ്ങൾക്ക് മാത്രമുള്ള തുകയെ കൈമാറിയിട്ടുള്ളുവെന്നും അതിനാൽ നഷ്ടം ഉണ്ടായിട്ടില്ലെന്നും കോർപ്പറേഷനും നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന വാദത്തിൽ സർക്കാരും ഉറച്ച് നിൽക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ ടി.സി.എസ്. കമ്പനി ബാക്കി തുകയ്ക്ക് നിയമപരമായി ക്ലെയിം ചെയ്യാൻ സാധ്യത ഉണ്ടോയെന്നും മറ്റുമുള്ള വിഷയങ്ങൾ പരിശോധിച്ച് പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് കോർപ്പറേഷൻ സർക്കാരിന് ലഭ്യമാക്കണമെന്നും സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുത്ത് സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അനുമതിപത്ര അപേക്ഷകളും കാലാവധി കഴിഞ്ഞ അനുമതിപത്രങ്ങളും നിരീക്ഷിക്കുന്നതിന്റെ സംവിധാന തകരാർ

വസ്തുവിന്റെ ഉടമസ്ഥതയുടെ സത്യാവസ്ഥ പരിശോധിച്ചിട്ട് സ്ഥല രൂപരേഖയും മറ്റ് നിബന്ധനകളും വസ്തുവുമായും കെ.എം.ബി.ആർ.ന്റെ വ്യവസ്ഥകളുമായും പൊരുത്തപ്പെട്ട് പോകുന്നതാണെന്ന് സ്വയം ബോദ്ധ്യപ്പെട്ട ശേഷം സെക്രട്ടറി സ്ഥലരൂപരേഖ അംഗീകരിക്കുന്നു. കെട്ടിട രൂപരേഖയും ഉയരവും മറ്റ് നിബന്ധനകളും

സ്ഥലത്തിനൊത്ത വിധമാണെന്നും ചട്ടങ്ങൾക്കും ബന്ധപ്പെട്ട വ്യവസ്ഥകൾക്കും അനുസൃതമാണെന്നും സെക്രട്ടറി ഉറപ്പാക്കുന്നു. പിന്നീട്, സെക്രട്ടറിയോ ഇതിനായി അധികാരപ്പെട്ട ഓഫീസറോ കെട്ടിട അനുമതിപത്രം നൽകുന്നു.

അഞ്ച് മേഖലാ കാര്യാലയങ്ങളിലെ രജിസ്റ്ററുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ അനുസരിച്ച്, 2007 മുതൽ 2012 വരെ കെ.എം.സി.ക്ക് ലഭിച്ച 42602 അപേക്ഷകളിൽ 40603 അനുമതിപത്രങ്ങൾ നൽകുകയും 1999 അപേക്ഷകൾ ബാക്കി നിൽക്കുകയും ചെയ്തു. നൽകിയ അനുമതി പത്രങ്ങളിൽ 531 എണ്ണം വൈകിയാണ് നൽകിയത്. അനുമതിപത്രം നൽകുന്നതിലെ കാലതാമസത്തിനും/ നൽകാതിരുന്നതിനും പ്രധാന കാരണം കെട്ടിടങ്ങളുടെ വശങ്ങളിൽ നിർദ്ദിഷ്ട തുറന്ന സ്ഥലം ലഭ്യമാക്കാതിരുന്നത്, തറ വിസ്തീർണ്ണ അനുപാതം (എഫ്.എ.ആർ.)[4] പാലിക്കാതിരിക്കൽ മുതലായ കാര്യങ്ങൾ ഉൾപ്പെടുന്ന കെ.എം.ബി.ആർ/സ്ട്രക്ച്ചർ പ്ലാനിന്റെ ലംഘനമായിരുന്നു. ന്യൂനതകൾ ചൂണ്ടിക്കാട്ടി കോർപ്പറേഷൻ അപേക്ഷകർക്ക് നോട്ടീസ് നൽകിയെങ്കിലും, അനുമതിപത്രം ലഭിക്കുന്നതിനു മുമ്പ് കക്ഷികൾ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നില്ലെന്ന് ഉറപ്പു വരുത്താൻ ഉള്ള ഒരു സംവിധാനവും കോർപ്പറേഷന് ഇല്ലായിരുന്നു. നടപടി പൂർത്തിയാകാതിരുന്ന അപേക്ഷകളിൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ വെളിവാക്കപ്പെട്ടത് ഒരു കേസിൽ അനുമതിപത്രം ലഭിക്കാതെ കക്ഷി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയതായിട്ടാണ്.

കെ.എം.ബി.ആർ. പ്രകാരം നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതി നിർദ്ദിഷ്ട സമയത്തിനുള്ളിൽ സെക്രട്ടറി നൽകാതിരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന കേസുകളിൽ അപേക്ഷകന്റെ അഭ്യർത്ഥനപ്രകാരം കൗൺസിലിന്

---

4 $\frac{\text{കെട്ടിടത്തിലെ എല്ലാ നിലകളുടെയും ആകെയുള്ള തറ വിസ്തീർണ്ണം}}{\text{വസ്തുവിന്റെ വിസ്തീർണ്ണം}}$

അവയിന്മേൽ തീരുമാനം എടുക്കാവുന്നതാണ്. എന്നാൽ നിയമത്തിന്റെയോ അതിന്റെ താഴെയുള്ള ചട്ടങ്ങളുടെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനുമതി പത്രം നൽകാനുള്ള അധികാരം കൗൺസിലിനോ സെക്രട്ടറിക്കോ ഇല്ല. നിർമ്മാണ പ്രവർത്തനങ്ങൾ കെ.എം.ബി.ആർ.ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ട് ആദ്യമേ വിമുഖത കാട്ടിയിരുന്ന കേസുകളിൽ സെക്രട്ടറി പിന്നീട് നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ[5] ശിപാർശകൾ അനുസരിച്ച് പതിവു രീതിയിൽ നിർദ്ദിഷ്ട വ്യവസ്ഥകളെ മറികടന്ന് അനുമതിപത്രം നൽകിയതായി രേഖകളുടെ പരിശോധനയിൽ വെളിപ്പെട്ടു. നിയമമോ ചട്ടങ്ങളോ നൽകുന്ന അധികാരങ്ങൾക്കപ്പുറം, കെ.എം.ബി.ആർ/സ്ട്രക്ചർ പ്ലാനിന് വിരുദ്ധമായി നഗരാസൂത്രണ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതിപത്രം 49 കേസുകളിൽ കെ.എം.സി. നൽകിയതായിട്ട് ഓഡിറ്റ് നടത്തിയ ലാക്ഷണിക പരിശോധനയിൽ വെളിപ്പെട്ടു.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡിക 4.1.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45) പെർമിറ്റ് നൽകിയതിന്റെ അന്നുമുതൽ തന്നെ പെർമിറ്റ് ലംഘനങ്ങളും അനധികൃത നിർമ്മാണങ്ങളും കണ്ടെത്താൻ സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ടെന്നും അവധി ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പരിശോധന നടത്തുകയും എന്തെങ്കിലും ക്രമക്കേട്

5 ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള മുൻസിപ്പാലിറ്റിയുടെ സ്റ്റാന്റിംഗ് കമ്മിറ്റി

ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുവെന്ന് കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു

46) നിലവിൽ എല്ലാ കാര്യങ്ങളും കൃത്യമായിട്ടാണോ നടക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, അതേയെന്നും അവധി ദിവസമുൾപ്പെടെ എല്ലാ ദിവസവും സ്ക്വാഡ് പരിശോധന നടത്താറുണ്ടെന്നും ഓരോ ഡിവിഷനും ഓരോ എഞ്ചിനിയർമാർക്ക് ചുമതല നൽകിയതുകാരണം പ്രസ്തുത ഡിവിഷന്റെ ടൗൺ പ്ലാനറും എഞ്ചിനീയറും പരിശോധിക്കുമ്പോൾ എന്തെങ്കിലും ക്രമക്കേടുണ്ടെങ്കിൽ അത് കണ്ടുപിടിച്ച് കൃത്യമായി റിപ്പോർട്ട് ചെയ്യാറുണ്ടെന്നും കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ മറുപടി നൽകി.

47) കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

48) കൊച്ചി കോർപ്പറേഷനിൽ നിന്നും ലഭ്യമായ വിശദീകരണത്തിന്റെ അടിസ്ഥാത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

അംഗീകൃത രൂപരേഖ ലഭിക്കാതെയോ അതിൽ നിന്ന് വ്യതിചലിച്ച് ആരംഭിച്ചതോ, പുരോഗമിക്കുന്നതോ, പൂർത്തിയാക്കിയതോ ആയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ അവ കെ.എം. നിയമത്തിലോ

കെ.എം.ബി.ആർ.ലോ ഉള്ള വ്യവസ്ഥകൾ ലംഘിക്കാത്തതാണെങ്കിൽ അവയ്ക്ക് ബാധകമായ ഏകീകൃത ഫീസ് ഈടാക്കിക്കൊണ്ട് കെ.എം.ബി.ആർ ലെ 143-ാം ചട്ടപ്രകാരം ക്രമവൽക്കരിക്കാൻ സെക്രട്ടറിക്ക് സാധിക്കും. നിയമത്തിന്റെയോ ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങളെങ്കിൽ, ബന്ധപ്പെട്ട കക്ഷിക്ക് ഉചിതമായ നോട്ടീസ് നൽകിയ ശേഷം, സെക്രട്ടറിക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നശിപ്പിക്കാവുന്നതാണ്.

കോർപ്പറേഷൻ പരിധിയിൽ താഴെപ്പറയും വിധമുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

എഫ്.എ.ആർ.-ന്റെയും കവറേജിന്റെയും നിശ്ചിതപരിധി അധികരിച്ചത്

കെ.എം.ബി.ആർ അനുസരിച്ച്, എഫ്.എ.ആർ 2.5-ൽ അധികമാകുന്നെങ്കിൽ അധിക അനുമതി പത്ര ഫീസായി ചതുരശ്ര മീറ്ററിന് ₹1000 അടയ്ക്കാമെന്ന വ്യവസ്ഥയോടെ 2008-ൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കനുവദിക്കാവുന്ന പരമാവധി എഫ്എആറും കവറേജും യഥാക്രമം നാലും അറുപത്തഞ്ച് ശതമാനവും ആയിരുന്നു. എന്നാൽ കെഎംബിആറിനെ മറികടക്കുന്ന കെഎംസിയുടെ സ്ട്രക്ച്ചർ പ്ലാൻ അനുസരിച്ച്, എംജി റോഡിന്റെ വശങ്ങളിൽ അനുവദിക്കാവുന്ന പരമാവധി എഫ്എആറും കവറേജും യഥാക്രമം രണ്ടും അമ്പതു ശതമാനവും ആയിരുന്നു.

കെ.എം.ബി.ആറിന്റെ പൊതുവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ്ട്രക്ച്ചർ പ്ലാൻ വ്യവസ്ഥകൾ അവഗണിച്ചുകൊണ്ട്, എംജി റോഡിന്റെ അരികിലുള്ള ഒരു വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (റ്റിസിഎസ് ടെക്സ്റ്റൈൽസ്) നിർമ്മാണത്തിന് കെഎംസി അനുമതി പത്രം നൽകിയതായി (2008 ജനുവരി) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നൽകിയ അനുമതി പത്രം അനുസരിച്ച് സ്ട്രക്ച്ചർ പ്ലാനിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കെട്ടിടത്തിന്റെ എഫ്എആർ 3.88 ഉം കവറേജ് 61.49 ശതമാനവും ആയിരുന്നു.

കെ.എം.ബി.ആർ അനുസരിച്ച്, കെട്ടിടത്തിനകത്ത് പാർക്കിംഗിനായി ഉദ്ദേശിക്കുന്ന സ്ഥലം എഫ്എആർ കണക്കുകൂട്ടുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ രൂപരേഖയിൽ അടിസ്ഥാന നില കൂടാതെ കെട്ടിടത്തിന്റെ 7-ഉം 8-ഉം 9-ഉം നിലകളും പാർക്കിംഗ് സ്ഥലമായിട്ടാണ് ഉടമ കാണിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. അതനുസരിച്ച് ഈ നിലകളുടെ വിസ്തീർണം 1840.30 ചതുരശ്രമീറ്റർ എഫ്.എ.ആറിന്റെ കണക്കുകൂട്ടലിൽ നിന്ന് ഒഴിവാക്കി. കെഎം നിയമത്തിന്റെ സെക്ഷൻ 244(2) അനുസരിച്ച് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി കെഎംസിയുടെ റവന്യൂ വിഭാഗം പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ നിലകൾ ഉടമസ്ഥൻ ജൗളിച്ചരക്കുകൾ ഇറക്കാനും സൂക്ഷിക്കാനുമാണ് യഥാർത്ഥത്തിൽ ഉപയോഗിച്ചിരുന്നതെന്ന് വെളിപ്പെടുകയും ഈ മൂന്ന് നിലകൾക്ക് അർദ്ധവാർഷിക നിരക്കായി ₹3.76 ലക്ഷം വസ്തുക്കരമായി നിർണ്ണയിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ സ്ഥലം പാർക്കിംഗിനല്ലാത്ത കാര്യങ്ങൾക്കായി ഉപയോഗിച്ചതിനാൽ ചട്ടം 143 അനുസരിച്ച്, അധിക അനുമതി പത്ര ഫീസായ ₹18.40 ലക്ഷം ഈടാക്കണമായിരുന്നു. കെഎംബിആറിന്റെ ചട്ടം 146(4) അനുസരിച്ച് ഈ കേസിൽ ഈടാക്കാവുന്ന കൂട്ടു ഫീസ് (അനുമതിപത്ര ഫീസിന്റെ ഇരട്ടി തുക) ₹36.80 ലക്ഷം ആയിരുന്നു. കേസ് പരിശോധിച്ചിട്ട് വിശദമായ മറുപടി നൽകുമെന്ന് സെക്രട്ടറി പ്രസ്താവിച്ചു (സെപ്റ്റംബർ 2013). നാളിതുവരെ (മെയ് 2014) വിശദ മറുപടി കിട്ടിയിട്ടില്ല.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡികകൾ 4.1.4, 4.1.4.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49) ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കുന്ന ജഡ്ജ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് അത് ലഭ്യമാക്കാമെന്ന് കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർ മറുപടി നൽകി.

50) ജഡ്ജ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

51) കൊച്ചി കോർപ്പറേഷനിൽ നിന്നും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന വിധിപകർപ്പ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത വിധിപകർപ്പ് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി തീരുമാനിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

തീരദേശ മേഖലാ നിയന്ത്രണം ലംഘിച്ച് കായലുകളുടെ സമീപത്ത് നടത്തിയ നിർമ്മാണം

1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 3 (1), 3 (2) ഉം 1986-ലെ പരിസ്ഥിതി (സംരക്ഷണം) ചട്ടങ്ങളിലെ ചട്ടം 5 (3) (ഡി) യും അനുസരിച്ച് അധോന്നത തിരമാല രേഖയിൽ നിന്നും 500 മീറ്റർ വരെ തിരമാലയുടെ വ്യവഹാരത്താൽ സ്വാധീനിക്കപ്പെട്ട തീരദേശവും നിമ്നോന്നത തിരമാല രേഖയ്ക്കും അധോന്നത തിരമാല രേഖയ്ക്കും ഇടയിൽ വരുന്ന പ്രദേശവും തീരദേശ നിയന്ത്രണ മേഖല (സിആർഇസെഡ്) ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കായലുകളുടെയും നദികളുടെയും കാര്യത്തിൽ ഓരോ വശത്തും 100 മീറ്ററോ നദികളുടെ/കായലുകളുടെ വീതി, ഏതാണോ കുറവ് എന്ന രീതിയിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. സിആർഇസെഡ്, മേഖലയിൽ നിർമ്മാണം ഏറ്റെടുക്കുന്നതിന് മുമ്പ് തീരദേശ മേഖല മാനേജ്മെന്റ് അതോറിറ്റി (സിഇസെഡ്എംഎ) യുടെ മുൻ അംഗീകാരം വേണമെന്നും ആ മേഖലകളിലെ അഞ്ച് കോടിയിൽ അധികം

മുടക്കുവരുന്ന പ്രോജക്റ്റുകളാണെങ്കിൽ പരിസ്ഥിതി- വനമന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി നിർബന്ധമാക്കിക്കൊണ്ടുമുള്ള ചില നിയന്ത്രണങ്ങൾ കേന്ദ്ര സർക്കാർ നടപ്പിലാക്കിയിരുന്നു. കേസുകൾ സിഇസെഡ്എംഎയുടെ വിടാതെയും പരിസ്ഥിതിവന മന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി ലഭിക്കാതെയും തീരദേശ മേഖലാ നിയന്ത്രണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ചിലവന്നൂർ കായൽ തീരത്ത് (സിആർഇസെഡ് ഏരിയയായി പ്രഖ്യാപിച്ചത്) 19 കെട്ടിടങ്ങളുടെ നിർമ്മാണത്തിന് (ഇവയിൽ ചിലത് 21 നിലകൾ വരെയുള്ള ബഹുനില കെട്ടിടങ്ങൾ ആണ്) കെഎംസി അനുമതി പത്രം നൽകിയതായി ഓഡിറ്റ് കണ്ടെത്തി. 13 കെട്ടിടങ്ങളുടെ കാര്യത്തിൽ ഇത്തരത്തിലുള്ള ലംഘനങ്ങളെപ്പറ്റി സിഇസെഡ്എംഎ, കെഎംസിയെ അറിയിച്ചിരുന്നു. ഒരു കേസിൽ, പാർട്ടിയോട് നിർമ്മാണം തുടരരുതെന്ന് കെഎംസി നിർദ്ദേശിച്ചിട്ടും, നിർമ്മാണം നിർബാധം തുടർന്നുകൊണ്ടിരുന്നു. കെട്ടിടങ്ങളെക്കുറിച്ചുള്ള വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

തീരദേശ മേഖല മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി കൂടാതെ തീരദേശ നിയന്ത്രണ മേഖലയിൽ നൽകിയ അനുമതി പത്രങ്ങൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	കെട്ടിടങ്ങളുടെ എണ്ണം	നദീതീരത്തുനിന്നുള്ള നിർമ്മാണ സ്ഥലത്തിന്റെ ദൂരം (മീറ്ററിൽ)
1.	ഗ്യാലക്സി ഡവലപ്പേഴ്സ് (നാല് ബ്ലോക്കുകളിലുള്ള 13 നില കെട്ടിടം)	4	9.80
2.	ഹീരാ കൺസ്ട്രക്ഷൻസ് (18 നില കെട്ടിടം)	1	17.17
3.	അമ്പാടി റിട്രീറ്റ്സ് (9 നിലയുള്ള കെട്ടിടം)	1	60
4.	അമ്പാടി റിട്രീറ്റ്സ് (അടുക്കള റസ്റ്റോറന്റ്)	1	18.50

5.	ജ്യൂവൽ ഹോംസ് (2 ബ്ലോക്കുകളിലുള്ള 10 നില കെട്ടിടം)	2	32.50
6.	ജ്യൂവൽ ഹോംസ് (കാർ പോർച്ച്)	1	17.50
7.	എം.എ. യൂസഫലി (3 നില കെട്ടിടം)	1	10
8.	റെയ്ൻ ട്രീ റിയാംസ്	1	10
9.	ആബാദ് ലോട്ടസ്	1	16.30
10.	ബ്ലൂ ലഗൂൺ (വാട്ടർ ഫ്രണ്ട് എൻക്ലേവ്)	1	7.20
11.	മെസ്സേഴ്സ് അദേലി ബിൽഡേഴ്സ് & ഡവലപ്പേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് (5 ബ്ലോക്കുകളിലുള്ള 21 നില കെട്ടിടം)	5	27.54
		19 കെട്ടിടങ്ങൾ	

സി.ഇസെഡ്.ആർ പരിധി ലംഘിച്ച കെട്ടിടങ്ങൾ തീരദേശമേഖല മാനേജ്മെന്റ് അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് സർക്കാർ പ്രസ്താവിച്ചു (നവംബർ 2013).

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡിക 4.1.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52) ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 19 കെട്ടിടങ്ങൾക്കും തീരദേശ മേഖലാ മാനേജ്മെന്റ് അതോറിറ്റിയുടെ (കെസിഇസെഡ്എംഎ) അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, സിആർഇസെഡ് ഏരിയയായി പ്രഖ്യാപിച്ചിട്ടുള്ള ചിലവന്നൂർ കായൽ തീരത്തെ 19 കെട്ടിടങ്ങൾ വളരെ മുമ്പുതന്നെ

നിർമ്മിച്ചിട്ടുള്ളവയാണെന്നും 1991-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം സി.ആർ.ഇസെഡ് സോണിൽ ഉൾപ്പെടുന്ന നഗരപ്രദേശങ്ങളിൽ അംഗീകൃത കെട്ടിടത്തിന്റെയോ നിലവിലുള്ള റോഡിന്റെയോ Landward side-ൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാമായിരുന്നുവെന്നും പ്രസ്തുത വിജ്ഞാപന പ്രകാരമാണ് മിക്ക കെട്ടിടങ്ങൾക്കും അനുമതി നൽകിയിരിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

53) തീരദേശ നിയന്ത്രണ മേഖലയിലെ ഏത് നിർമ്മാണവും സിആർഇസെഡ് നിയമത്തിൽ പറയുന്ന നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാകണമെന്ന് 1999-ലെ കെ.എം.ബി.ആർ. 23(4)-ൽ പറയുന്നുണ്ടെന്നും പ്രസ്തുത നിയമം ലംഘിച്ചുകൊണ്ട് എപ്രകാരമാണ് അനുമതി നൽകാൻ സാധിക്കുകയെന്നും സമിതി തുടർന്ന് ആരാഞ്ഞതിന്, സി.ആർ.ഇസെഡ്.-മായി ബന്ധപ്പെട്ട 1991-ലെ നോട്ടിഫിക്കേഷനിൽ 'Buildings shall be permitted neither on the seaward side of the existing road (or roads proposed in the approved Coastal Zone Management Plan of the area) nor on the seaward side of the existing authorised structures. Buildings permitted on the landward side of the existing and proposed roads/existing authorised structures shall be subject to the existing local Town and Country Planning Regulations including the existing norms of FSI/FAR' എന്ന് പറയുന്നുണ്ടെന്നും ലാന്റ്വേർഡ് സൈഡിൽ റോഡോ കെട്ടിടമോ ഉണ്ടെങ്കിൽ അവിടെ കെട്ടിട നിർമ്മാണം അനുവദനീയമാണെന്ന് നിയമത്തിൽ പറയുന്നുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് അനുമതി കൊടുത്തിരിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

54) നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി കൊടുത്തതെന്നാണ് കോർപ്പറേഷന്റെ വിശദീകരണമെങ്കിലും, നിയമം ലംഘിച്ചുകൊണ്ടാണ് അനുമതി കൊടുത്തതെന്നാണ് ഓഡിറ്റ് വകുപ്പ് പറയുന്നതെന്നും ഇപ്രകാരം ഒരു വിശദീകരണം

ഓഡിറ്റിന് കൊടുത്തിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് വിശദീകരണം ഓഡിറ്റിന് ലഭിച്ചിട്ടില്ലെന്നും സമർപ്പിച്ചാൽ മാത്രമേ ഓഡിറ്റിന് അത് പരിശോധിക്കാൻ സാധിക്കുകയുള്ളൂവെന്നും 13 കെട്ടിടങ്ങൾക്ക് നിയമം ലംഘിച്ച് അനുമതി കൊടുത്തത് സംബന്ധിച്ച് കോസ്റ്റൽ സോൺ റഗുലേറ്ററി അതോറിറ്റിയുടെ നോട്ടീസ് ലഭിച്ചെങ്കിലും മറുപടിയൊന്നും നൽകാതെ കോർപ്പറേഷൻ അത് ക്രമപ്പെടുത്തുകയാണ് ചെയ്തതെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വ്യക്തമാക്കി. ' The Committee identified the following constructions that were made in the area, violating the provisions of CRZ notifications. Constructions made by Galaxy Developers, Heera Waters, Abad Hotels, Ambady Resorts. I hereby direct you to issue a stop memo to the above constructions and furnish explanations for granting permission' എന്ന് രേഖകളിൽ പറയുന്നുണ്ടെന്ന് ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ കൂട്ടിച്ചേർത്തു. കോർപ്പറേഷൻ വ്യക്തമായി മറുപടി നൽകിയാൽ ഓഡിറ്റ് പരിശോധിക്കുന്നതാണെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അറിയിച്ചു.

55) ഗാലക്സി ഡെവലപ്പേഴ്സിന് ലഭിച്ച ഹൈക്കോടതി ഉത്തരവിന്റെ പകർപ്പും ദൂസംഹലിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കണമെന്ന് ഓഡിറ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അത് സമർപ്പിച്ചിട്ടുണ്ടോയെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന്, രേഖകളെല്ലാം കൊണ്ടുവന്നിട്ടുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

<u>നിഗമനങ്ങൾ / ശിപാർശകൾ</u>

56) തീരദേശ മേഖലയിലെ നിർമ്മാണം സി.ആർ.ഇസെഡ്. നിയമത്തിൽ പറയുന്ന നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാകണമെന്നിരിക്കെ അതിന് വിരുദ്ധമായി 19 കെട്ടിടങ്ങൾ നിർമ്മിച്ചു എന്നാണ് ഓഡിറ്റ്

പരാമർശമെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ സി.ആർ.ഇസെഡ്. നിയമത്തിൽ ലാന്റ്‌വേർഡ് സൈഡിൽ റോഡോ കെട്ടിടമോ ഉണ്ടെങ്കിൽ അവിടെ കെട്ടിട നിർമ്മാണം അനുവദനീയമാണെന്ന് കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥൻ തെളിവെടുപ്പ് വേളയിൽ സമിതി മുൻപാകെ ബോധിപ്പിക്കുകയുണ്ടായി. നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ അനുമതി നൽകിയതെന്ന് കോർപ്പറേഷനും നിയമം ലംഘിച്ചാണ് അനുമതി നൽകിയതെന്ന് ഓഡിറ്റ് വിഭാഗവും വാദിക്കുന്നതിനാൽ ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് സർക്കാർ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ്, കേരളയ്ക്ക് നൽകുന്നമെന്നും ആയത് അക്കൗണ്ടന്റ് ജനറൽ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ സമ്മതമില്ലാതെ നടത്തിയ നിർമ്മാണങ്ങൾ

സ്ട്രക്ച്ചർ പ്ലാൻ അനുസരിച്ച്, സംരക്ഷിത (പൗരാണിക) മേഖല ആയി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത്, ആ സ്ഥലത്തിന്റെ പൗരാണിക സ്വഭാവം സംരക്ഷിക്കുക എന്ന ലക്ഷ്യത്തിനായി ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ ലിഖിത ശിപാർശ കൂടാതെ, ആ സ്ഥലത്തെ ഏതെങ്കിലും വസ്തുവിനോ കെട്ടിടത്തിനോ, കൂട്ടിച്ചേർക്കൽ, രൂപമാറ്റം, നവീകരണം, നിർമ്മാണ രൂപങ്ങൾ മാറ്റിവയ്ക്കൽ, ഏതെങ്കിലും വസ്തുവിന്റെയോ, കെട്ടിടത്തിന്റെയോ പൊളിച്ചുകളയൽ എന്നിങ്ങനെയുള്ള വികസനം, പുനർവികസനം, നിർമ്മാണം ഇവ അനുവദിക്കാൻ പാടുള്ളതല്ല. ഫോർട്ട് കൊച്ചിയിലെ ഡിവിഷൻ 1-ലെ നിശ്ചിത പ്രദേശത്തെ സ്ട്രക്ച്ചർ പ്ലാനിൽ സംരക്ഷിത മേഖലയായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഫോർട്ട് കൊച്ചിയിലെ സംരക്ഷിത മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉചിതമായ രീതിയിൽ നിരീക്ഷിക്കുകയോ അനുമതിപത്രം നൽകുന്നതിന് മുമ്പ്

കെ.എം.സി. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ സമ്മതം നിർബന്ധമായും ലഭ്യമാക്കുകയോ ചെയ്തില്ല. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ അനുമതി കൂടാതെ കെ.എം.സി. നൽകിയ സമ്മതപത്രങ്ങളുടെയും കമ്മീഷന്റെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് കക്ഷികൾ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശം ചുവടെ നൽകിയിട്ടുണ്ട്.

പൗരാണിക മേഖലയിലെ അനധികൃത നിർമ്മാണങ്ങൾ

ക്രമ നമ്പർ	നിർമ്മാണത്തിന്റെ വിശദാംശങ്ങൾ	നിരീക്ഷണങ്ങൾ
1	ഫയൽ നം. എഫ്സിപി1-183/06 എ. ആർ. അബ്ദുൽ വഹാബ്	ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ അനുമതി കൂടാതെ കെട്ടിട അനുമതി പത്രവും ഒസിയും നൽകി. കേസ് പരിശോധിച്ചശേഷം വിശദമായ ഒരു മറുപടി നൽകാമെന്ന് സെക്രട്ടറി പ്രസ്താവിച്ചു (2013 ജൂലൈ). ഇതുവരെ (2014 മെയ്) സെക്രട്ടറിയിൽ നിന്നും വിശദമായ മറുപടി ലഭിച്ചിട്ടില്ല.
2	ഫയൽ നം. എഫ്സി പി1-281/07 കെ. എ. മുഹമ്മദ് അഷറഫ്	തറവിസ്തീർണ്ണം 256.26 ചതുരശ്ര മീറ്ററിൽ രണ്ടു നില നിർമ്മിക്കാനായി ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ നൽകിയ അനുമതിയുടെ സ്ഥാനത്ത് 350.28 ചതുരശ്ര മീറ്ററുള്ള രണ്ടു നില, കക്ഷി നിർമ്മിച്ചു. അനുമതി പത്രം നൽകിയത് 'ഡി- അസംബ്ലി' അധിവാസ രീതിക്കാണെങ്കിലും, നിർമ്മാണം പൂർത്തിയാക്കിയത് ഒരു ഡോർമിറ്ററി 'എ 2- റസിഡൻഷ്യൽ' അധിവാസ രീതിയിലാണ്.

3	ഫോർട്ട് കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളിക്ക് അടുത്തുള്ള നിർമ്മാണങ്ങൾ	1958-ലെ പുരാതന സ്മാരകങ്ങളും പുരാവസ്തു കേന്ദ്രങ്ങളും, അവശിഷ്ടങ്ങളും നിയമം 1959-ലെ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച്, ദേശീയ പ്രാധാന്യമുള്ള കേന്ദ്ര സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷിത പരിധിയിൽ നിന്ന് 300 മീറ്റർ വരെ, നിർമ്മാണങ്ങൾക്ക് നിരോധിത/നിയന്ത്രിത മേഖലയായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. ഭാരതീയ പുരാവസ്തു സർവ്വേയുടെ (എ.എസ്ഐ.) എതിരില്ലാ പ്രമാണപത്രം (എൻ.ഒ.സി.) കൂടാതെ കേന്ദ്ര സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷിത പരിധിയായ 300 മീറ്ററിനകത്ത് നിർമ്മാണത്തിനായി അനുമതി പത്രം കൊടുക്കാതതെന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. സംരക്ഷിത (പൗരാണിക) മേഖലയിൽ സ്ഥിതി ചെയ്യുന്ന ഫോർട്ട് കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളി (എഡി 1524-ൽ വാസ്കോ-ഡ-ഗാമയെ അടക്കിയ ഇൻഡ്യയിലെ പുരാതന യൂറോപ്യൻ പള്ളി) കേന്ദ്ര സംരക്ഷിത സ്മാരകങ്ങളിൽ ഒന്നാണ്. മേഖലയിലെ നിരവധി അനധികൃത നിർമ്മാണങ്ങൾ[1] എ.എസ്.ഐ.

		കണ്ടുപിടിക്കുകയും ലംഘനങ്ങളെപ്പറ്റി കെ.എം.സി.യെ അറിയിക്കുകയും ചെയ്തു. എന്നാൽ ഇക്കാര്യത്തിലുള്ള ലംഘനത്തിന്റെ വ്യാപ്തി പരിശോധിക്കാനായി ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷനുമായി കെ.എം.സി. ഈ വിഷയം ഏറ്റെടുത്തില്ല.

ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതി ഇല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് സർക്കാർ പ്രസ്താവിച്ചു (നവംബർ 2013). ഇക്കാര്യത്തിലുള്ള തുടർ പ്രക്രിയകൾ കാത്തിരിക്കുന്നു (മെയ് 2014).

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡിക 4.1.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57) 2006-ൽ എൻ.ഒ.സി. ലഭിച്ച കെട്ടിടത്തിന്റെ പ്ലാനിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്നും പുതുക്കിയ പ്ലാനിന് എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ സമ്മതമില്ലാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും ശ്രീ. എ. ആർ. അബ്ദുൽ റഹ്മാനിന്റെ പേരിലുള്ള ഹോട്ടൽ ഫോർട്ട് മാനറിന് ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവ് പ്രകാരം എൻ.ഒ.സി. ലഭിച്ചിട്ടുണ്ടെന്ന് പറയുമ്പോഴും റിവൈസ്ഡ് പ്ലാനിന്

1 1. ഗ്ലോബൽ റിസോർട്സ് (പ്രൈ) ലി., ഫോർട്ട് കൊച്ചി, 2. സെന്റ് മേരീസ് എഐജിഎച്ച്എസ് ഫോർട്ട് കൊച്ചി
3. വികാസ് നാരായൺ, ഫോർട്ട് കൊച്ചി, 4. പ്രൊക്യുറേറ്റർ, ബിഷപ്പ് ഹൗസ്, ഫോർട്ട് കൊച്ചി
5. ലൗലി യൂസ്റ്റേറ്റ്, ഫോർട്ട് കൊച്ചി

എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോയെന്നാണ് സമിതിക്ക് അറിയേണ്ടതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി വിശദമാക്കിയതിന് ശ്രീ. എ. ആർ. അബ്ദുൽ വഹാബിന്റെ പേരിലുള്ള ഹോട്ടൽ ഫോർട്ട് മാനർ എന്ന കെട്ടിടത്തിന് ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ 30.11.2006-ലെ I/119/TSR/200EM ഉത്തരവ് പ്രകാരം ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടെന്നും അതുപ്രകാരമാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്നും ഗസ്റ്റുകളുടെ വാഹനം ഓടിക്കുന്ന ഡ്രൈവേഴ്സിനുവേണ്ടി നിർമ്മിച്ച ഒരു ടോയ്‌ലെറ്റ് പൊളിച്ചുമാറ്റിയിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ ഫോർട്ട് സോണൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

58) അനധികൃത നിർമ്മാണം പൊളിച്ചുമാറ്റിയിട്ടുണ്ട് എന്നാണോ മറുപടികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, പൊളിച്ചുമാറ്റിയിട്ടുണ്ടെന്നും എൻ.ഒ.സി. കോടതിയിൽ ഹാജരാക്കിയിട്ടുമുണ്ടെന്നും ഫോർട്ട് കൊച്ചി സോണൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കി.

59) പ്രസ്തുത വിശദീകരണം രേഖാമൂലം നൽകണമെന്നും കൃത്യമായി വിശദീകരണം കൊടുത്തിരുന്നുവെങ്കിൽ പരാമർശം ഒഴിവാക്കാമായിരുന്നുവെന്നും ബന്ധപ്പെട്ട വകുപ്പ് ശ്രദ്ധിക്കേണ്ട വിഷയമാണിതെന്നും യഥാസമയം വിശദീകരണം കൊടുക്കാത്തതിന്റെ ഭാഗമായാണ് പല പരാമർശങ്ങളും വരുന്നതെന്നും കേസ് പഴയതാണെങ്കിലും അത് ആവർത്തിക്കാതിരിക്കാനുള്ള നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

60) ഓഡിറ്റ് റിപ്പോർട്ടിൽ അപ്പൻഡിക്സ് XIII-ൽ അഞ്ച് അനധികൃത കെട്ടിട നിർമ്മാണങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോയെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന്, 150 വർഷത്തോളം പഴക്കം വരുന്ന ഗ്ലോബൽ റിസോർട്ട്

ബാബു സേട്ട് എന്നയാളാണ് നടത്തുന്നതെന്നും 25.09.2023-ലാണ് അവർക്ക് എൻ.ഒ.സി. കിട്ടിയിട്ടുള്ളതെന്നും അവർ ഇന്റീരിയർ വർക്ക് മാത്രമേ ചെയ്തിട്ടുള്ളൂ എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും അത്തരത്തിലുള്ള പ്രവൃത്തികളൊന്നും ആവർത്തിക്കരുതെന്നും എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ സർക്കാർ റഗുലറൈസേഷന് വിടേണ്ടിവരുമെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നേരിട്ട് സ്ഥലം സന്ദർശിക്കുകയും ഫോട്ടോകളും മറ്റും ശേഖരിക്കുകയും ചെയ്തിട്ടുണ്ടെന്നും അതിന്റെ ഘടനയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ലെന്നും സെന്റ് മേരീസ് ആംഗ്ലോ ഇൻഡ്യൻ ഹൈസ്കൂളിലും നേരിട്ട് പരിശോധന നടത്തിയിട്ടുണ്ടെന്നും 29.03.2016-ൽ അവർക്ക് എൻ.ഒ.സി. കിട്ടിയിട്ടുണ്ടെന്നും അതുപ്രകാരം അവിടെ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ഒരു ടോയ്‌ലെറ്റ് നിർമ്മിച്ചിട്ടുണ്ടെന്നും അതാണ് വിശദീകരണം ആവശ്യപ്പെടാനുണ്ടായ സാഹചര്യമെന്നും എൻ.ഒ.സി. കിട്ടിയതോടെ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും ഫോർട്ട് കൊച്ചി സോണൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു.

61) അനധികൃത നിർമ്മാണത്തിനും എൻ.ഒ.സി. കിട്ടിയിട്ടുണ്ടോയെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി തുടർന്ന് ആരാഞ്ഞതിന്, അനധികൃത നിർമ്മാണമെന്ന് പറയുന്ന ബിൽഡിംഗിന് മുകളിൽ ക്ലാസ് നടത്തുന്നില്ലെന്നും ചോർച്ച കാരണം അവർ ആ ഭാഗത്തെ ക്ലാസ് നടത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ഫോർട്ട് കൊച്ചി സോണൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

നിഗമനങ്ങൾ /ശിപാർശകൾ

62) ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ അനുമതി ഇല്ലാതെ സംരക്ഷിത മേഖലയായി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത്, ഏതെങ്കിലും കെട്ടിടത്തിനോ വസ്തുവിനോ കൂട്ടിച്ചേർക്കൽ, രൂപമാറ്റം, നവീകരണം തുടങ്ങിയവ അനുവദിക്കാൻ

പാടില്ലെന്നിരിക്കെ അത്തരത്തിൽ കൂട്ടിച്ചേർക്കലുകൾ നടന്നതായി സമിതി വിലയിരുത്തുന്നു. എന്നാൽ പ്രസ്തുത കൂട്ടിച്ചേർക്കലുകളും അനധികൃത നിർമ്മാണവും പൊളിച്ച് നീക്കിയതായും എൻ.ഒ.സി. നൽകിയതായും കൊച്ചി കോർപ്പറേഷൻ വ്യക്തമാക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ അനുബന്ധം ആയി ചേർത്തിട്ടുള്ള എല്ലാ കേസുകൾക്കും വ്യക്തവും വിശദവുമായ മറുപടി അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള-ക്ക് ലഭ്യമാക്കണമെന്നും എ.ജി. ആയത് പരിശോധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഉയരത്തിലുള്ള അതിർവരമ്പ് ലംഘിച്ച് നടത്തിയ നിർമ്മാണം

ഒരു 12 നില വാണിജ്യ കെട്ടിടം (റവന്യൂ ടവർ) നിർമ്മിക്കുന്നതിന് കെ.എം.സി. 2000 സെപ്റ്റംബറിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതിപത്രം നൽകുകയും 2009 മാർച്ചിൽ അതിന്റെ നിർമ്മാണം പൂർത്തിയാവുകയും ചെയ്തു. കെട്ടിടം വിമാനത്താവളത്തിൽ നിന്ന് നിശ്ചിത ദൂരത്തിനുള്ളിലായിരുന്നതുകൊണ്ട് വൈമാനിക വിഭാഗത്തിൽ നിന്ന് വൈമാനികയാത്ര പ്രതിബന്ധവുമായി ബന്ധപ്പെട്ട് എതിർപ്പില്ലാ പ്രമാണ പത്രം (എൻ.ഒ.സി.) കെ.എം.സി. ലഭ്യമാക്കേണ്ടത് നിർബന്ധമായിരുന്നു. വൈമാനിക എൻ.ഒ.സി.യിൽ നിഷ്കർഷിച്ചിരുന്ന 46.60 മീറ്ററിന്റെ സ്ഥാനത്ത് കെട്ടിടം നിർമ്മിച്ചത് 50.60 മീറ്റർ ഉയരത്തിലായിരുന്നു. കെട്ടിടത്തിന്റെ ഉയരം 46.60 മീറ്ററിൽ കൂടുതൽ ഉയർത്താനായി കക്ഷി സമർപ്പിച്ച ഒരു അപേക്ഷ വൈമാനിക വിഭാഗം നിരസിച്ചതായി (2001 നവംബർ) ഓഡിറ്റ് ശ്രദ്ധിച്ചു. വൈമാനിക വിഭാഗത്തിൽ നിന്ന് 12-ാം നിലയ്ക്ക് എൻ.ഒ.സി. ലഭിക്കാത്ത പക്ഷം, ആയത് നിർദ്ദിഷ്ട ഉയരത്തെ അധികരിച്ചതിനാൽ പൊളിച്ചു മാറ്റേണ്ടതാണെന്ന വ്യവസ്ഥയോടെ കെട്ടിടത്തിന്റെ

11-ാം നില വരെ മാത്രമേ കെ.എം.സി ഒ.സി. നൽകിയുള്ളൂ. 46.60 മീറ്ററിലധികമുള്ള നിർമ്മാണം അനുവദിച്ചു കൊണ്ടുള്ള പുതുക്കിയ എൻ.ഒ.സി നാളിതുവരെ (2014 മേയ്) ലഭിച്ചിട്ടില്ലെങ്കിലും, അനധികൃത നിർമ്മാണം പൊളിച്ചു കളയാനുള്ള ഒരു നടപടിയും തുടങ്ങിയിട്ടില്ല.

(കംപ്ട്രോളർ ആൻഡ് ഓഡിറ്റ് ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം 4 - ഖണ്ഡിക 4.1, 4.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63) ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ എങ്ങനെയാണ് പോലീസ് കമ്മീഷണറുടെ ഓഫീസ് പ്രവർത്തിക്കുന്നതെന്നും അതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, അംഗീകാരം നൽകിയിട്ടില്ലെന്നും പ്രസ്തുത കെട്ടിടത്തിന്റെ 11-ാം നിലയ്ക്കുവരെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും 12-ാം നിലയ്ക്ക് മാത്രമാണ് അംഗീകാരം ലഭിക്കാനുള്ളതെന്നും കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയപ്പോൾ റവന്യൂ ടവർ എന്ന നിലയ്ക്കാണ് കൺസ്ട്രക്ഷൻ നടത്തിയിട്ടുള്ളതെന്നും സർക്കാർ കെട്ടിടമാണിതെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു.

64) റവന്യൂ ടവർ ആണെങ്കിലും കെ.എം.ബി.ആർ. ചട്ടങ്ങൾ പാലിക്കേണ്ടതുണ്ടെന്നും ഇവിടത്തെ പ്രശ്നം വൈമാനിക വിഭാഗം നൽകിയ എൻ.ഒ.സി.യിൽ നിഷ്കർഷിച്ചിരുന്ന 46.60 മീറ്ററിന്റെ സ്ഥാനത്ത് കെട്ടിടം നിർമ്മിച്ചത് 50.60 മീറ്റർ ഉയരത്തിലാണെന്നതാണെന്നും അതിനാൽ എയർപോർട്ട്

അതോറിറ്റിയുടെ പെർമിഷൻ ലഭിക്കില്ലെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടതിന്, ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തീരുമാനമുണ്ടാകണമെന്നും ഇതിനുപുറമേ നേവൽ എൻ.ഒ.സി.യും ആവശ്യമാണെന്നും അതിനായി നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയപ്പോൾ ഇക്കാര്യം കാണിച്ചുകൊണ്ട് സർക്കാരിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്നും അതിന്റെ കോപ്പി മറുപടിയോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂട്ടിച്ചേർത്തു.

65) കത്ത് വച്ച് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും എയർപോർട്ടിന് സമീപമുള്ള ഏത് ബിൽഡിംഗ് ആയാലും എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. ലഭിക്കാതെ ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും സമിതി നിരീക്ഷിച്ചപ്പോൾ നേവൽ എൻ.ഒ.സി. ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാൽ കെട്ടിടം റഗുലറൈസ് ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലും അഭിപ്രായപ്പെട്ടു. എത്ര മീറ്ററിനാണോ എൻ.ഒ.സി. അനുവദിച്ചിരിക്കുന്നത് ആ പരിധിക്കുള്ളിൽ കൺസ്ട്രക്ഷൻ നിർത്തണമായിരുന്നു എന്ന് സമിതി നിരീക്ഷിച്ചതിന് 46.60 മീറ്ററിനാണ് എൻ.ഒ.സി. ലഭിച്ചിരിക്കുന്നതെന്നും എന്നാൽ ബിൽഡിംഗ് നിർമ്മിച്ചിരിക്കുന്നത് 50.60 മീറ്ററിലാണെന്നും കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

66) ഇത്രയും വലിയ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയപ്പോൾ അക്കാര്യം കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടില്ലേയെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന്, സർക്കാർ കെട്ടിടങ്ങൾക്ക് റൂൾ 5 പ്രകാരം അനുമതിപത്രം ആവശ്യമില്ലെന്നും അവർ ഡ്രോയിംഗ് സബ്മിറ്റ് ചെയ്താൽ മതിയെന്നും അതുകൊണ്ടായിരിക്കാം സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയിൽ നിന്നുള്ള

പെർമിഷനുകളെല്ലാം കിട്ടിയിട്ടുണ്ടോയെന്ന് ആദ്യമേ പരിശോധിക്കാതെ പോയതെന്നും സർക്കാരിന് അത് അംഗീകരിക്കാൻ സാധിക്കില്ലെന്നും അനധികൃതമായിട്ടുള്ള നിർമ്മാണമാണ് പ്രസ്തുത കെട്ടിടമെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ (സെക്രട്ടറി - ഇൻ -ചാർജ്) സെക്രട്ടറി മറുപടി നൽകി.

67) ഇത്തരം കെട്ടിടങ്ങളുടെ നിർമ്മാണഘട്ടങ്ങളിൽ കൂടുതലായി പരിശോധന നടത്തണമെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടതിന് ഫയർ എൻ.ഒ.സി. ഉൾപ്പെടെയുള്ളവ പരിശോധിക്കാമെന്നും നേവൽ എൻ.ഒ.സി. ലഭിക്കാൻ സാധ്യതയില്ലെന്നും സർക്കാർ കെട്ടിടം ആയതുകൊണ്ട് നേവൽ എൻ.ഒ.സി. ലഭിക്കുന്നതിനായി അപേക്ഷ നൽകാമെന്നും ലഭിച്ചില്ലെങ്കിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ഭാഗം നീക്കം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ (സെക്രട്ടറി-ഇൻ-ചാർജ്) സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ /ശിപാർശകൾ

68) റവന്യൂ ടവർ നിർമ്മിച്ചിരിക്കുന്നത്, വൈമാനിക വിഭാഗം നൽകിയ എൻ.ഒ.സി.യിൽ നിഷ്കർഷിച്ചിരിക്കുന്ന 46.60 മീറ്ററിന് പകരം 50.60 മീറ്റർ ഉയരത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. കോർപ്പറേഷൻ ഒ.സി. നൽകിയിരിക്കുന്നത് 11-ാം നിലവരെ മാത്രമേ ഉള്ളൂ എന്നും 12-ാം നിലയ്ക്ക് വൈമാനിക വിഭാഗത്തിൽ നിന്ന് എൻ.ഒ.സി. ലഭിക്കാത്ത പക്ഷം ആയത് പൊളിച്ച് മാറ്റേണ്ടതാണ് എന്ന വ്യവസ്ഥയോടെയാണ് 11-ാം നിലവരെ എൻ.ഒ.സി. നൽകിയതെന്നും സമിതി മനസ്സിലാക്കുന്നു. എൻ.ഒ.സി. അനുവദിച്ചിരിക്കുന്ന പരിധികളുള്ളിൽ തന്നെ കൺസ്ട്രക്ഷൻ നിർത്താൻ

കോർപ്പറേഷൻ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. നേവൽ എൻ.ഒ.സി. ലഭിക്കാൻ സാധ്യത ഉണ്ടോ എന്ന് സർക്കാർ പരിശോധിക്കണമെന്നും ആയത് ലഭിച്ചില്ലെങ്കിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ഭാഗം പൊളിച്ച് നീക്കാനാവശ്യമായ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അനുമതിപത്രമില്ലാതെ നടത്തിയ നിർമ്മാണങ്ങൾ

സെക്രട്ടറിയിൽ നിന്ന് അനുമതിപത്രം ലഭിക്കാതെ, ഒരു വ്യക്തിയും ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ മാറ്റം വരുത്തുവാനോ പാടില്ല എന്ന് കെ.എം.ബി.ആറിന്റെ ചട്ടം 4 നിഷ്കർഷിക്കുന്നു. അനുമതി പത്രം കൂടാതെയുള്ള 19 നിർമ്മാണങ്ങൾ (അംബുജാ സിമന്റ്സ് ലിമിറ്റഡിന്റെ 14 കെട്ടിടങ്ങളും രണ്ട് മൊബൈൽ ടവറുകളും ഉൾപ്പെടെ) കോർപ്പറേഷന്റെ റവന്യൂ വിഭാഗം കണ്ടുപിടിച്ചതായി രേഖകളുടെ ലാക്ഷണിക പരിശോധനയിൽ വെളിപ്പെട്ടു. അനധികൃത നിർമ്മാണങ്ങളുടെ പേരിൽ ഉടമസ്ഥർക്കെതിരെ ഒരു നടപടിയും സെക്രട്ടറി ആരംഭിച്ചില്ല. നിയമം ലംഘിച്ചുള്ള അനധികൃത കെട്ടിടനിർമ്മാണത്തിനെതിരെ നിയമ നടപടി ആരംഭിക്കാനുള്ള നിർദ്ദേശം നൽകുമെന്ന് സർക്കാർ പ്രസ്താവിച്ചു (2013 നവംബർ).

(കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം 4-ഖണ്ഡിക 4.1.4.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69) ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, കൊച്ചി നഗരസഭ-ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി സോണൽ ഓഫീസിന്റെ പരിധിയിലുള്ള കെട്ടിടങ്ങളെല്ലാം റെഗുലറൈസ് ചെയ്ത് നികുതി ചുമത്തിയിട്ടുള്ളതാണെന്ന് കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

70) ഓഡിറ്റ് പരാമർശത്തിലുള്ള 19 കെട്ടിടങ്ങളും ക്രമവത്കരിച്ചിട്ടുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, 18 കെട്ടിടങ്ങൾക്ക് വാർഷിക നികുതി ചുമത്തിയിട്ടുണ്ടെന്നും ഫീൽഡുതല പരിശോധന നടത്തിയതിൽ 18 കെട്ടിടങ്ങളാണ് അനധികൃതമായി നിർമ്മിച്ചതായി കണ്ടെത്തിയതെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) വ്യക്തമാക്കി.

71) ഓഡിറ്റിന്റെ പരിശോധനയിൽ 19 കെട്ടിടങ്ങളാണ് പെർമിറ്റില്ലാതെ നിർമ്മിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി 18 കെട്ടിടങ്ങൾക്ക് വാർഷിക നികുതി അടച്ചിട്ടുണ്ടെന്ന് മാത്രമാണ് പറയുന്നതെന്നും ബാക്കിയുള്ള ഒരു കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും കെട്ടിടം നിലവിലുണ്ടോയെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന്, ചിലപ്പോൾ കെട്ടിടം പൊളിച്ചിട്ടുണ്ടാകുമെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) ബോധിപ്പിച്ചു.

72) ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 19 കെട്ടിടത്തിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

73) പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 19 കെട്ടിടത്തിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>നിർദ്ദിഷ്ട കാലാവധിക്കപ്പുറമുള്ള അനുമതി പത്രങ്ങളുടെ പുതുക്കലുകൾ</u>

അനുമതി പത്രത്തിന്റെ സാധുതാകാലയളവായ ഒമ്പത് വർഷത്തിനകം (പുതുക്കൽ കാലയളവുൾപ്പെടെ) നിർമ്മാണം പൂർത്തിയായില്ലെങ്കിൽ, നിർമ്മാണം തുടരുന്നതിന് പുതിയ അനുമതിപത്രം ആവശ്യമുണ്ട്. എമറാൾഡ് ഹോട്ടലിന്റെ കാര്യത്തിൽ അനുമതിപത്രം പുതുക്കി നൽകാവുന്ന പരമാവധി കാലാവധി 2006 ജൂൺ 3 ആയിരുന്നെങ്കിലും, പുതിയ അനുമതി പത്രത്തിന് അപേക്ഷിക്കാൻ കക്ഷിയോട് ആവശ്യപ്പെടുന്നതിന് പകരം അനുമതി പത്രം രണ്ടു തവണ പുതുക്കി (2006 ആഗസ്റ്റിലും 2009 ജനുവരിയിലും) 2009 ജൂൺ 1 വരെ നൽകി. നിർമ്മാണം പൂർത്തിയാക്കി 2009 ഒക്ടോബർ മുതൽ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പുതിയ അനുമതിപത്രം എടുക്കാതിരുന്നതിന്റെ പേരിൽ വന്ന റവന്യൂ നഷ്ടം ₹39.64 ലക്ഷം ആയിരുന്നു[6]. പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച്, അനുമതി പത്രത്തിന്റെ പുതുക്കലുമായി ബന്ധപ്പെട്ട് കക്ഷി സമർപ്പിക്കുന്ന അപേക്ഷയുടെ സത്യാവസ്ഥ പരിശോധിച്ചശേഷം നിർദ്ദിഷ്ട സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകളോടെയോ അല്ലാതെയോ ഒമ്പതു വർഷത്തിനപ്പുറം അനുമതിപത്രം പുതുക്കാവുന്ന ഒരു വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 2013 ഫെബ്രുവരിയിൽ കെഎംബിആർ പരിഷ്കരിച്ചതായി സർക്കാർ പ്രസ്താവിച്ചു (2013 നവംബർ).

എന്നാൽ, അനുമതിപത്രത്തിന്റെ സാധുതാകാലയളവ് നീട്ടാനുള്ള അപേക്ഷകൾ കക്ഷി നാളിതുവരെ (2014 ജനുവരി) സമർപ്പിച്ചിട്ടില്ല എന്ന വസ്തുത പരിഗണിക്കാതെ, പരിഷ്കാരം നിലവിൽ വരുന്നതിന് വളരെ മുമ്പേ തന്നെ ഈ കേസിൽ അനുമതിപത്രം പുതുക്കി നൽകി (2009).

---
6 കക്ഷി നൽകിയ പുതുക്കൽ ഫീസ് ഒഴിച്ച്

അനുമതിപത്രം ലംഘിച്ച നടത്തിയ നിർമ്മാണങ്ങളും അധിവാസ പ്രമാണ പത്രമില്ലാത്ത കെട്ടിടങ്ങളിൽ വസിക്കുന്നതും

കെഎംബിആറിന്റെ ചട്ടങ്ങൾ 4-ഉം 20-ഉം അനുസരിച്ച്, നഗരാതിർത്തിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം കൊടുക്കുന്ന അനുമതി പത്രത്തിന് അനുസൃതമായി നടത്തേണ്ടതും കെട്ടിടത്തിൽ താമസിക്കുന്നതിന് മുമ്പ് സെക്രട്ടറിയിൽ നിന്നും അധിവാസ പ്രമാണ പത്രം ലഭ്യമാക്കേണ്ടതുമാണ്. 1997 ജൂണിൽ, ഒരു 13 നില അധിവാസ കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണത്തിനായി കെഎംസി അനുമതിപത്രം നൽകി. കെഎംബിആറിലെ നിരവധി വ്യവസ്ഥകൾ ലംഘിച്ചാണ് കെട്ടിടം പണിതതെന്ന് 2009-ൽ കോർപ്പറേഷന്റെ റവന്യൂ വിഭാഗം കണ്ടെത്തി. 6448.82 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അധിവാസ കെട്ടിട സമുച്ചയം നിർമ്മിക്കാനുള്ള അനുമതിപത്രം ഉപയോഗിച്ച്, 126 മുറികളുള്ള 8406.51 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു 14 നില ആധുനിക ഹോട്ടൽ (എമറാൾഡ് ഹോട്ടൽ) ഉടമസ്ഥൻ നിർമ്മിക്കുകയും അധിവാസ അനുമതി പത്രം ലഭ്യമാക്കാതെ ഒക്ടോബർ 2009 മുതൽ അത് പ്രവർത്തിച്ച് വരികയുമായിരുന്നു. അർദ്ധവാർഷിക കെട്ടിട നികുതിയായി ₹32.03 ലക്ഷം ചുമത്തിക്കൊണ്ട്, റവന്യൂ വിഭാഗം ഒക്ടോബർ 2009 മുതൽ കെട്ടിടത്തിനുള്ള നിർണ്ണയിക്കൽ നടത്തി. ഉടമസ്ഥൻ അനുമതി പത്രത്തിന്റെ സാധുവായ കാലാവധികളുള്ളിലാണ് ഒസിയ്ക്കുള്ള അപേക്ഷ നൽകിയതെങ്കിലും, അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളഞ്ഞ് കെട്ടിടത്തിന്റെ സാധൂകരണത്തിനുള്ള നടപടിയെടുക്കാനുള്ള നിർദ്ദേശം സർക്കാർ 2010 മാർച്ചിൽ സെക്രട്ടറിക്ക് നൽകി. അധിവാസ പ്രമാണപത്രത്തിനുള്ള അപേക്ഷ അനുമതി പത്രത്തിന്റെ സാധുവായ കാലാവധിക്കുള്ളിൽ ഉടമസ്ഥൻ നൽകാതിരുന്നിട്ടുകൂടി, കേസ് പരിശോധിക്കുന്നതിനോ ഉചിതമായ നടപടിയെടുക്കുന്നതിനോ ഫലപ്രദമായ പ്രവർത്തനങ്ങൾ സെക്രട്ടറി നടത്തിയില്ല.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡികകൾ 4.1.5, 4.1.4.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74) പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, ആദ്യം പെർമിറ്റ് കൊടുത്തത് റെസിഡൻഷ്യൽ ഒക്യുപെൻസിക്കാണെന്നും അത് അവർ കൺവർട്ട് ചെയ്ത് സ്പെഷ്യൽ ഡിസൈൻ അനുസരിച്ച് മാറ്റം വരുത്തിയതുമായി ബന്ധപ്പെട്ടാണ് പരാമർശമെന്നും കൊച്ചി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയപ്പോൾ പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് 4.1.4.4 എന്ന ഖണ്ഡിക കൂടി ഇതിന്റെ ഭാഗമായുണ്ടെന്നും 1997-ലാണ് കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയിരിക്കുന്നതെന്നും നിശ്ചിത കാലയളവിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കിയില്ലെങ്കിൽ പുതിയ അനുമതിപത്രം ആവശ്യമുണ്ടെന്നും ആയതിൻപ്രകാരം എമറാൾഡ് ഹോട്ടലിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ അനുമതി പത്രം വാങ്ങിക്കുന്നതിന് പകരം 2009 ജൂൺ വരെ കാലാവധി നീട്ടി കൊടുത്തതിനുശേഷമാണ് നിർമ്മാണം പൂർത്തീകരിച്ചതെന്നും പുതിയ അനുമതിപത്രത്തിനായി അപേക്ഷ നൽകാത്തതിനാൽ 39.64 ലക്ഷം രൂപയുടെ റവന്യൂ നഷ്ടമുണ്ടായതായാണ് ഓഡിറ്റ് പരാമർശമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്നും കെട്ടിടനിർമ്മാണ കാലാവധിക്കുശേഷവും നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പൽ റൂൾസ് 1999 ചട്ടം 143 പ്രകാരം ഫീസ് ഈടാക്കി ക്രമവത്കരിക്കാവുന്നതാണെന്നും പ്രസ്തുത റൂൾ ഉപയോഗിച്ച് കെട്ടിടം 2016-ൽ ക്രമവത്കരിച്ചിട്ടുണ്ടെന്നും 2008-09-ലെ ഓഡിറ്റ് പരാമർശം വന്നപ്പോൾ റവന്യൂ വിഭാഗം കെട്ടിടം പൂർത്തീകരിച്ച തീയതി വച്ച് യു.എ. കണക്കാക്കി 2 കോടി രൂപ

പിഴ ചുമത്തിയിട്ടുണ്ടെന്നും ടി തുക അടയ്ക്കാൻ സാധ്യമല്ലെന്നും നിയമാനുസൃതമായാണ് പ്രവൃത്തി ചെയ്തതെന്നും 2016-മുതലുള്ള നികുതിയെ ഈടാക്കാൻ സാധിക്കുകയുള്ളുവെന്ന് കാണിച്ച് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തപ്പോൾ സെക്രട്ടറിയോട് പരാതിക്കാരുമായി ഹിയറിംഗ് നടത്താൻ ആവശ്യപ്പെടുകയാണുണ്ടായതെന്നും അതിനുശേഷം കെട്ടിടത്തിൽ അനധികൃത നിർമ്മാണമുണ്ടെന്ന് പറഞ്ഞ് തർക്കമുണ്ടായിരുന്നുവെന്നും അത് റവന്യൂ എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ 16000 സ്ക്വയർ ഫീറ്റ് അധിക നിർമ്മാണം നടത്തിയതായി കണ്ടെത്തിയെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയിൽ അധികമായി നിർമ്മിച്ച ഏരിയയ്ക്കുകൂടി യു.എ. ചുമത്താനായി റവന്യൂ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കൂടാതെ അനധികൃതമായി നിർമ്മിച്ച ഏരിയയ്ക്ക് കോർപ്പറേഷൻ സമാന്തരമായി പി.ഒ. (പ്രൊവിഷണൽ ഓർഡർ) പുറപ്പെടുവിക്കുകയും പരാതിക്കാർ സമർപ്പിച്ച മറുപടി പരിശോധിച്ച് അവരെ ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുള്ളതാണെന്നും അതിനുശേഷം സി.ഒ. (കൺഫർമേഷൻ ഓർഡർ) പുറപ്പെടുവിച്ചെങ്കിലും അതിന് എതിരായി ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിൽ സ്റ്റേ ലഭിക്കുകയും ചെയ്തുവെന്നും സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു

75) റെഗുലറൈസ് ചെയ്തതിനുശേഷമാണോ 16000 സ്ക്വയർ ഫീറ്റ് ഏരിയയിൽ വീണ്ടും നിർമ്മാണം ആരംഭിച്ചതെന്നും നിലവിൽ അവരിൽനിന്നും തുകയൊന്നും ഈടാക്കാൻ സാധിച്ചില്ലേയെന്നും സമിതി ആരാഞ്ഞതിന്, അതേയെന്നും റെഗുലറൈസ് ചെയ്ത് കൊടുത്തതിനാൽ മുൻ വർഷം വരെയുള്ള ടാക്സ് അടച്ചിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. റെസിഡൻഷ്യൽ ബിൽഡിംഗിനെയാണ് ഹോട്ടലായി കൺവെർട്ട് ചെയ്തതെന്നും ഗ്രൗണ്ട് ഫ്ലോറും ഒക്കുപെൻസിയിലും മാറ്റം വരുത്തിയെന്നും ഗ്രൗണ്ട് ഫ്ലോറും കാർ പാർക്കിംഗ്

ഏരിയയും മാറ്റം വരുത്തി ലോബിയും അടുക്കളയുമാക്കി മാറ്റിയെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു

76) പ്രസ്തുത കെട്ടിടത്തിൽ നിന്ന് എത്ര കോടി രൂപ കോർപ്പറേഷന് ലഭിക്കാനുണ്ടെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന്; 3 കോടി രൂപയും പലിശയുമുൾപ്പെടെയുള്ള തുക ലഭിക്കാനുണ്ടെന്ന് കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

77) ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ് നടന്നിട്ടുള്ളതെന്നും കോർപ്പറേഷൻ ചുമത്തിയ തുക ഒടുക്കേണ്ടെന്ന് ഒരു കോടതിയും വിധിക്കില്ലെന്നും കൃത്യമായി ഫോളോ അപ് ചെയ്ത് സ്റ്റേ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കോർപ്പറേഷന് അനുകൂലമായ വിധിയാണ് ഹൈക്കോടതിയിൽ നിന്നുമുണ്ടായിട്ടുള്ളതെന്നും പ്രസ്തുത കെട്ടിടത്തിൽ വീണ്ടും പരിശോധന നടത്തിയപ്പോഴാണ് കുറേക്കൂടി നിയമലംഘനങ്ങൾ നടന്നതായി കണ്ടെത്തുന്നതെന്നും ആ സമയത്തുതന്നെ നോട്ടീസ് നൽകിയിരുന്നുവെങ്കിൽ കുറച്ചുകൂടി പ്രയോജനപ്രദമാകുമായിരുന്നുവെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു. ഏത് അനധികൃത നിർമ്മാണം കണ്ടെത്തിയാലും റൂൾ 406(1) പ്രകാരം നടപടി സ്വീകരിക്കണമെന്നും അതിന്റെ ഭാഗമായി പി.ഒ. (പ്രൊവിഷണൽ ഓർഡർ) പുറപ്പെടുവിക്കുകയും അതിന് സമാന്തരമായി യു.എ. നമ്പർ അസസ്സ് ചെയ്യാനായി റവന്യൂ ഡിവിഷനോട് വീണ്ടും ആവശ്യപ്പെടുകയുമുണ്ടായെന്നും പി.ഒ.യുടെ ഹിയറിംഗ് സ്റ്റേജ് കഴിഞ്ഞതിനുശേഷം സി.ഒ. (കൺഫർമേഷൻ ഓർഡർ) പുറപ്പെടുവിച്ച് കെട്ടിടം പൊളിക്കുന്ന ഘട്ടമായപ്പോഴാണ് എൽ.എസ്.ജി.ഐ. ട്രൈബ്യൂണലിൽ നിന്ന് സ്റ്റേ സമ്പാദിച്ചതെന്നും കൊച്ചി കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

78) ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട കെട്ടിടത്തിൽ ചട്ടങ്ങൾ മറികടന്ന് അധിക നിർമ്മാണം നടന്നതായി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. പ്രസ്തുത നിയമ ലംഘനങ്ങൾക്കെതിരായി കർശന നടപടികൾ ഉണ്ടാകണമെന്നും കോടതിയിൽ നിന്നും എതിർകക്ഷി സമ്പാദിച്ച സ്റ്റേ നടപടി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കോർപ്പറേഷന് ലഭിക്കാനുള്ള തുക ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

79) ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട കെട്ടിടത്തിൽ ചട്ടങ്ങൾ മറികടന്ന് അധിക നിർമ്മാണം നടന്നതായി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. പ്രസ്തുത നിയമ ലംഘനങ്ങൾക്കെതിരായി കർശന നടപടികൾ ഉണ്ടാകണമെന്നും കോടതിയിൽ നിന്നും എതിർകക്ഷി സമ്പാദിച്ച സ്റ്റേ നടപടി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കോർപ്പറേഷന് ലഭിക്കാനുള്ള തുക ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നിരീക്ഷണ സംവിധാനം

നിർമ്മാണങ്ങൾ നിരീക്ഷിക്കുന്നതിന് രേഖകളുടെ ശരിയായ സൂക്ഷിപ്പ്

കെട്ടിട നിർമ്മാണത്തിന്റെ നിയന്ത്രണം കൈകാര്യം ചെയ്യുന്ന നഗരാസൂത്രണ വിഭാഗത്തിൽ, കെഎം നിയമത്തിന്റെ സെക്ഷൻ 407 പ്രകാരം സർക്കാർ സാധുവാക്കിയതുൾപ്പെടെയുള്ള അനധികൃത നിർമ്മാണങ്ങളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്താനായി രേഖകളോ/രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. വസ്തുക്കരത്തിന്റെ നിർണ്ണയം

ചുമതലപ്പെടുത്തിയിരിക്കുന്ന റവന്യൂ വിഭാഗം, സ്ഥലസന്ദർശനത്തിനിടെ ഫീൽഡ് സ്റ്റാഫ് കണ്ടുപിടിക്കുന്ന അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട നിർണ്ണയങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, അത്തരം കേസുകളുമായി ബന്ധപ്പെട്ട ലംഘനങ്ങളുടെ വ്യാപ്തി നഗരാസൂത്രണ വിഭാഗം ക്രമാനുസൃതമായി പരിശോധിക്കുന്നില്ല. റവന്യൂ വിഭാഗം സൂക്ഷിച്ച രജിസ്റ്റർ പ്രകാരം, 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ കെഎംസി കണ്ടുപിടിച്ച 441 അനധികൃത നിർമ്മാണങ്ങളിൽ 103 എണ്ണം സാധുവാക്കുകയും ശേഷിക്കുന്ന 338 നിർമ്മാണങ്ങൾ പ്രധാനമായും ശരിയായ രേഖകളുടെ അഭാവവും, നഗരാസൂത്രണ വിഭാഗവും റവന്യൂ വിഭാഗവും തമ്മിലുള്ള സമന്വയക്കുറവും കാരണം സാധൂകരണം ലഭിക്കാതെ അവശേഷിക്കുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡിക 4.1.6, 4.1.6.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

81) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള വിജിലൻസ് സംവിധാനം

(i) സർക്കാർ രൂപീകരിച്ച, മുതിർന്ന നഗരാസൂത്രകൻ (വിജിലൻസ്) തലവനായ ജാഗ്രതാ സമിതി, കോർപ്പറേഷൻ അതിർത്തിയിൽ കെ.എം.ബി.ആർ./സ്ട്രക്ച്ചർ പ്ലാൻ ലംഘനങ്ങളുടെ 34 കേസുകൾ കണ്ടുപിടിച്ചു (2012 ജൂലൈ). എന്നാൽ ഈ നിർമ്മാണങ്ങൾ സാധുവാക്കാനോ പൊളിച്ചുകളയാനോ ഉള്ള ഒരു നടപടിയും കെ.എം.സി. ആരംഭിച്ചില്ല.

(ii) കെ.എം.ബി.ആറിലെ ചട്ടം 156-ൽ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് അനുമതി പത്രത്തിനായി കിട്ടിയ അപേക്ഷകൾ, നൽകിയ അനുമതിപത്രങ്ങൾ, കണ്ടുപിടിച്ചതായ/ സാധുവാക്കിയ അനധികൃത നിർമ്മാണങ്ങളുടെ എണ്ണം എന്നിവയെ സംബന്ധിക്കുന്ന ത്രൈമാസ റിപ്പോർട്ട് സർക്കാരിലേക്ക് അയച്ചിരുന്നില്ല (iii) കെ.എം.ബി.ആറിലെ ചട്ടം 157-ന് അനുസൃതമായി 2009 ആഗസ്റ്റിൽ സർക്കാർ രൂപീകരിച്ച ജില്ലാതല ജാഗ്രതാ സമിതി, സർക്കാർ പ്രതിനിധിയെ നിയമിക്കാതിരുന്നത് കാരണം പ്രവർത്തനരഹിതമായിരുന്നു. വർദ്ധിച്ചുവരുന്ന അനധികൃത നിർമ്മാണങ്ങൾ പരിഗണിക്കുമ്പോൾ, എത്രയും വേഗം സമിതികൾ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്.

അനധികൃത നിർമ്മാണങ്ങളും കെട്ടിട നിയമങ്ങളുടെ ലംഘനവും കുറയ്ക്കാനായി മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്) തലവനായുള്ള ഒരു പുതിയ ജാഗ്രതാ വിഭാഗം രൂപീകരിച്ചതായി സർക്കാർ പ്രസ്താവിച്ചു (2013 നവംബർ).

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡിക 4.1.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82) അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ 34 കേസുകൾക്കെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് സമിതി ആരാഞ്ഞതിന്, ടാക്സ് റിവിഷന്റെ ഭാഗമായി റെഗുലറൈസ് ചെയ്തിട്ടുണ്ടെന്നും അത് സംബന്ധിച്ച ലിസ്റ്റ് കൈവശമില്ലെന്നും കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

83) അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട 34 കേസ്സുകളുടെയും വിശദവിവരം നൽകണമെന്നും കെട്ടിടം റെഗുലറൈസ് ചെയ്തത് എന്നാണെന്നും അത് ചെയ്തില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അനധികൃത കെട്ടിടം നീക്കം ചെയ്യാത്തതിനുള്ള കാരണം എന്താണ് തുടങ്ങിയവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചതിന് ലിസ്റ്റ് കൈവശമില്ലാത്തതുകൊണ്ടാണ് കൃത്യമായ മറുപടി പറയാൻ സാധിക്കാത്തതെന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) മറുപടി നൽകി.

84) അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട 34 കേസുകളിൽ കെട്ടിടം റെഗുലറൈസ് ചെയ്തതെന്നാണ്; ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം, അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യാത്തതിനുള്ള കാരണം എന്നിവ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

85) അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട 34 കേസുകളിൽ കെട്ടിടം റെഗുലറൈസ് ചെയ്തതെന്നാണ്; ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം, അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യാത്തതിനുള്ള കാരണം എന്നിവ

ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

<u>നിഗമനം</u>

കെട്ടിട നിർമ്മാണപത്രം/ അനധികൃത നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച ഒരു കേന്ദ്രീകൃത വിവരശേഖരം രൂപപ്പെടുത്താനുള്ള സംവിധാനവും, വിഭാഗങ്ങൾ തമ്മിലുള്ള സമന്വയവും, നിർദ്ദിഷ്ട രജിസ്റ്ററുകളുടെ ഉചിതമായ സൂക്ഷിക്കലും, പര്യാപ്തമായ ജാഗ്രതാ സംവിധാനവും കെഎംസിയിൽ ഇല്ലായിരുന്നു. തൽഫലമായി, നഗരസഭാതിർത്തിക്കുള്ളിലെ നിർമ്മാണ പ്രവൃത്തികളിന്മേൽ ഉചിതമായ നിയന്ത്രണം ഏർപ്പെടുത്താൻ കെഎംസിക്ക് കഴിഞ്ഞില്ല. കെട്ടിട അനുമതിപത്രങ്ങൾ നൽകുന്നതിലും/ കെട്ടിടങ്ങളുടെ നിർമ്മാണത്തിലും കെഎംബിആർ/സ്ട്രക്ച്ചർ പ്ലാനിന്റെ ലംഘനങ്ങളും സുരക്ഷ/രക്ഷാ സൗകര്യങ്ങളുടെ കാര്യങ്ങളിലുള്ള വിട്ടുവീഴ്ചയും ശ്രദ്ധിക്കപ്പെടുകയും, ആയവ പ്രദേശത്തിന്റെ പ്രകൃതിതുലന/പൗരാണിക സ്വഭാവത്തെ പ്രതികൂലമായി ബാധിക്കുകയും, ചില കേസുകളിൽ നിർണ്ണായകമായ റവന്യൂ നഷ്ടം സംഭവിക്കുകയും ചെയ്തു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡിക 4.1.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86) വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

87) വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ബാക്ക്‌വാർഡ് റീജിയൻസ് ഗ്രാന്റ് ഫണ്ട് പ്രോഗ്രാമിന് കീഴിലെ പദ്ധതി നിർവ്വഹണം

<u>ആമുഖം</u>

പ്രാദേശിക വികസനത്തിലെ അസന്തുലിതാവസ്ഥകൾ പരിഹരിക്കുന്നതിനായി രാജ്യത്തെ 250 പിന്നാക്ക ജില്ലകളിൽ ബാക്ക്‌വാർഡ് റീജിയൻസ് ഗ്രാന്റ് ഫണ്ട് പ്രോഗ്രാം (ബിആർജിഎഫ്) എന്ന നൂറ് ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിക്ക് 2006-07-ൽ ഭാരത സർക്കാർ തുടക്കമിട്ടു. ഈ പദ്ധതി വഴി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചിരുന്നത്:

(i) നിലവിലുള്ള ധനാഗമ മാർഗ്ഗങ്ങളിലൂടെ പൂർണ്ണമായും നേരിടാൻ കഴിയാത്ത, തദ്ദേശീയ അടിസ്ഥാന സൗകര്യങ്ങൾക്കും മറ്റ് വികസന ആവശ്യങ്ങൾക്കുമിടയിലുള്ള നിർണ്ണായക വിടവുകൾ നികത്തുക.

(ii) തദ്ദേശീയമായ ആവശ്യങ്ങൾ പ്രതിഫലിക്കുന്ന വിധത്തിൽ പങ്കാളിത്തത്തോടെയുള്ള ആസൂത്രണം, തീരുമാനം എടുക്കൽ, നടപ്പാക്കൽ, നിരീക്ഷണം എന്നിവ സുഗമമാക്കുന്നതിനായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി-തല ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ കഴിവുണ്ടാക്കുക, വിദഗ്ധ സഹായം നൽകുക.

(iii) പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുള്ള പ്രധാന കർത്തവ്യങ്ങൾ നടപ്പാക്കുന്നതും നിറവേറ്റുന്നതും കൂടുതൽ മെച്ചപ്പെടുത്തുക.

കേരളത്തിൽ വയനാട്, പാലക്കാട് എന്നീ രണ്ട് ജില്ലകളാണ് ബിആർജിഎഫിന് കീഴിൽ പിന്നാക്ക ജില്ലകളായി തെരഞ്ഞെടുത്തത്. 2011-12 അവസാനത്തോടുകൂടി പൂർത്തിയാക്കാൻ തുടക്കത്തിൽ തീരുമാനിച്ചിരുന്ന പദ്ധതി പിന്നീട് 2016-17 വരെ നീട്ടി.

കേരളത്തിലെ ജില്ലകളുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയുടെ സൂചികയിൽ, പട്ടികവർഗ്ഗ (എസ്.ടി.) ജനത ഏറ്റവും കൂടുതലുള്ള വയനാട്, മറ്റ് ജില്ലകളെക്കാൾ പുറകിലാണ്. സാക്ഷരത, പ്രതിശീർഷവരുമാനം എന്നിവയിൽ ജില്ല സംസ്ഥാനത്തെക്കാൾ വളരെ പുറകിലാണ്. കൂടാതെ ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് മുതലായവയും ജില്ലയിൽ കൂടുതലാണ്. ഗ്രാമീണ, പട്ടികജാതി (എസ്.സി.) ജനസംഖ്യകളുടെ തോത് ഉയർന്ന് നിൽക്കുന്ന കാർഷിക ജില്ലയായ പാലക്കാടിന്റെ പ്രധാനപ്പെട്ട പിന്നാക്ക സൂചികകൾ കുറഞ്ഞ സാക്ഷരതാ നിരക്ക്, താഴ്ന്ന വികസന സൂചിക, ഉയർന്ന എസ്.സി/എസ്.ടി വിദ്യാർത്ഥി-അധ്യാപക അനുപാതം മുതലായവയാണ്. വീടുകൾ, ആശുപത്രികൾ, സ്കൂൾ കെട്ടിടങ്ങൾ മുതലായ അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ജില്ല മറ്റുള്ളവയുടെ പുറകിലാണ്. കൂടാതെ വരൾച്ചയും ജലദൗർലഭ്യവും കാരണം പ്രതിബന്ധങ്ങളും നേരിടുന്നുണ്ട്.

പഞ്ചായത്തീ രാജ് സ്ഥാപനങ്ങൾ (പിആർഐകൾ), മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്ത് സമിതികൾ (ഡിപിസികൾ) എന്നിവയാണ് പദ്ധതിയുടെ പരിപാലനവും നിർവ്വഹണവും നടപ്പിലാക്കേണ്ടിയിരുന്നത്. സംസ്ഥാനതലത്തിൽ, ഒരു ഉന്നതാധികാര സമിതി (എച്ച്പിസി) നയരൂപീകരണ മാർഗ്ഗരേഖകൾ തയ്യാറാക്കുകയും പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. പദ്ധതി നടപ്പാക്കുന്നതിന് കൃത്യമായ ആസൂത്രണവും ഫലപ്രദമായ രീതിയും നിലവിലുണ്ടായിരുന്നോ എന്നും, അതുകൂടാതെ ഫണ്ടുകളുടെ വിനിയോഗം പദ്ധതിക്ക്

കീഴിലെ വ്യവസ്ഥകൾക്കനുസൃതമായിരുന്നോ എന്നും ഉറപ്പാക്കുന്നതിനാണ് 2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെ ഓഡിറ്റ് നടത്തിയത്. 2006-07 മുതൽ 2012-13 വരെയുള്ള കാലയളവാണ് ഓഡിറ്റിൽ ഉൾപ്പെടുത്തിയത്. ഈ രണ്ട് ജില്ലകളിലെയും ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾ (പിഎയു), ജില്ലാ കളക്ടറേറ്റുകൾ (ഡിസി), ജില്ലാ പ്ലാനിങ് ഓഫീസുകൾ (ഡിപിഒ), ജില്ലാ പഞ്ചായത്തുകൾ (ഡിപി) എന്നിവ കൂടാതെ ഈ ജില്ലകളിലെ നാല് ബ്ലോക്ക് പഞ്ചായത്തുകൾ[7] (ബിപി), ഒരു മുനിസിപ്പാലിറ്റി[8], ആറ് ഗ്രാമപഞ്ചായത്തുകൾ[9] എന്നിവ പ്രോബബിലിറ്റി പ്രൊപ്പോർഷണൽ ടു സൈസ് വിത്തൗട്ട് റീപ്ലേസ്മെന്റ് എന്ന സ്റ്റാറ്റിസ്റ്റിക്കൽ സാമ്പ്ലിംഗ് രീതിയിലൂടെ തെരഞ്ഞെടുത്തു. തദ്ദേശ സ്വയംഭരണ വകുപ്പ് (തസ്വഭവ), ഗ്രാമവികസന കമ്മീഷണറേറ്റ് (സിആർഡി), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)[10] തുടങ്ങിയവയിലെ രേഖകളും സാമ്പിൾ പരിശോധന നടത്തി.

ആസൂത്രണം

ബേസ്‌ലൈൻ സർവേയും പങ്കാളിത്ത ആസൂത്രണവും

തെരഞ്ഞെടുത്ത ജില്ലകളിലേക്ക് നിലവിലുള്ള വികസനവരവുകൾ കൂട്ടിച്ചേർക്കുകയും കേന്ദ്രീകരിക്കുകയും ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ബിആർജിഎഫ് കൊണ്ടുദ്ദേശിക്കുന്നത്. ഇതിനായി ഓരോ ജില്ലയും പ്രവൃത്തിപരമായ ആസൂത്രണ സഹായം ഏറ്റെടുത്തും ബേസ്‌ലൈൻ സർവേ നടത്തിയും അവരുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് ഒരു വിശകലന പഠനം നടത്തണമായിരുന്നു. മാർഗരേഖകൾ പ്രകാരം ഓരോ പഞ്ചവത്സരപദ്ധതിയുടെ കാലയളവിലും ജനങ്ങളുടെ, പ്രത്യേകിച്ചും ഗ്രാമസഭകൾ, വാർഡ് സമിതികൾ

7 കൊല്ലങ്ങോട്, നെന്മാറ, ശ്രീകൃഷ്ണപുരം, മാനന്തവാടി

8 പാലക്കാട്

9 എടവക, മാനന്തവാടി, തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, വെള്ളമുണ്ട

10 വികേന്ദ്രീകരണവും തദ്ദേശ ഭരണവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ രൂപീകരിച്ച ഒരു സ്വയംഭരണ പരിശീലന, ഗവേഷണ, വിദഗ്ദ്ധോപദേശ സ്ഥാപനം

എന്നിവയുടെ പങ്കാളിത്തത്തോടു കൂടി, ഓരോ ജില്ലയിലും ഒരു പങ്കാളിത്ത ജില്ലാ വികസന പരിപ്രേക്ഷ്യ പദ്ധതി (ഡിപിപി) തയ്യാറാക്കണം. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പങ്കാളിത്തപദ്ധതികൾ ഒന്നിച്ചാക്കി ജില്ലാ ആസൂത്രണ സമിതി ഒരു ജില്ലാ പദ്ധതി തയ്യാറാക്കണം.

തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ (തസ്വഭ) സ്ഥാപനങ്ങളിൽ ഓഡിറ്റ് താഴെ പറയുന്നവ നിരീക്ഷിച്ചു:

- പാലക്കാട്, വയനാട് ജില്ലകളിൽ യാതൊരു ബേസ്‌ലൈൻ സർവ്വേയും നടത്തിയില്ല. ബേസ്‌ലൈൻ സർവ്വേയുടെ അഭാവത്തിൽ, അടിസ്ഥാനസൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ തിരിച്ചറിയുന്നതിനും പദ്ധതിയുടെ പിന്നീടുള്ള വിലയിരുത്തലിനും സാദ്ധ്യമല്ലാതായി.
- നടപ്പിലാക്കുന്നതിനായി കണ്ടെത്തിയ പദ്ധതികളുടെ തെരഞ്ഞെടുപ്പിൽ രണ്ട് ജില്ലകളിലെയും ഗ്രാമസഭകളും വാർഡ് സമിതികളും ഉൾപ്പെട്ടിരുന്നില്ല. അതിനാൽ ജില്ലകളിൽ നടപ്പാക്കിയ പദ്ധതികൾ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി പദ്ധതി മുൻഗണനാക്രമത്തിൽ സ്വാംശീകരിച്ചിരുന്നു എന്ന് ഉറപ്പാക്കാനാവില്ല.
- 11-ഉം 12-ഉം പദ്ധതികാലയളവുകളിൽ പാലക്കാട് ജില്ലയ്ക്ക് വേണ്ടി ഒരു സാങ്കേതിക സ്ഥാപനം (റ്റിഎസ്ഐ) തയ്യാറാക്കിയ ഡിപിപിയിൽ വിവിധ പദ്ധതികൾക്ക് കീഴിലുള്ള ഫണ്ടിന്റെ പ്രതീക്ഷിത വരവ്, വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളുമായുള്ള കേന്ദ്രീകരണം, പദ്ധതി-തല പ്രതീക്ഷിത ഫലം മുതലായ അവശ്യകാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു.
- XI, XII പദ്ധതികാലയളവുകളിലേക്ക് വയനാട് ജില്ല ഡിപിപി തയ്യാറാക്കിയിരുന്നില്ല. എന്നാൽ 2009-13 കാലയളവിൽ വയനാട് ഡിപിഒ

ഒരു ഡിപിപി തയ്യാറാക്കിയെങ്കിലും അതിലും സമാനമായ പോരായ്മകൾ ഉണ്ടായിരുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 4 - ഖണ്ഡികകൾ 4.2, 4.2.1, 4.2.2, 4.2.2.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

88) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

89) തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പദ്ധതി നടത്തിപ്പ്

രണ്ട് ജില്ലകളിലെയും അടിസ്ഥാന സൗകര്യങ്ങളിലെ വിടവുകൾ നികത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പ്രധാനമായും വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം, കുടിവെള്ളം, ഭവന നിർമ്മാണം, അംഗൻവാടികൾ, വൈദ്യുതീകരണം, റോഡുകളും പാലങ്ങളും എന്നിവയുമായി ബന്ധപ്പെട്ടതും പിന്നാക്ക സൂചികയുമായി സാമാന്യമായി താദാത്മ്യത്തിലുമായിരുന്നു. രണ്ട് ജില്ലകളിലും ചെലവിന്റെ സിംഹഭാഗവും വിദ്യാഭ്യാസ മേഖലയിലാണ് ചെലവിട്ടത്. വയനാട് ജില്ലയിൽ റോഡുകൾ, ഭവന നിർമ്മാണം, ആരോഗ്യമേഖല എന്നിവയിലും പാലക്കാട് ജില്ലയിൽ

കുടിവെള്ളം, പാലങ്ങൾ/കലുങ്കുകൾ, കൃഷി എന്നീ മേഖലകളിലുമാണ് തുടർന്നുള്ള ചെലവുകളുണ്ടായത്.

പാലക്കാട് ജില്ലയിൽ ₹115.88 കോടി അടങ്കൽ തുകയുള്ള 1377 പദ്ധതികൾ എച്ച്പിസി അനുവദിച്ചു (2006-07 മുതൽ 2012-13 വരെ). ഇതിൽ, ₹66.75 കോടി ചെലവഴിച്ച് 1154 പദ്ധതികൾ പൂർത്തിയാക്കി (2013 മാർച്ച്).

വയനാടിന് വേണ്ടി ₹117.80 കോടി അടങ്കൽ തുകയ്ക്ക് 2541 പദ്ധതികൾ എച്ച്പിസി അനുവദിച്ചു (2006-07 മുതൽ 2013 ഒക്ടോബർ വരെ). ഇതിൽ, ₹38.37 കോടി ചെലവഴിച്ച് 695 പദ്ധതികൾ പൂർത്തീകരിച്ചു (2013 ഒക്ടോബർ). ബാക്കി 2069 പദ്ധതികൾ (പാലക്കാട്: 223, വയനാട്: 1846) തുടങ്ങാതിരിക്കുകയോ അല്ലെങ്കിൽ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലോ ആണ്. ഈ ജില്ലകളിലെ അനുവദിച്ച യൂണിറ്റുകൾ, പൂർത്തിയായവ, അനുവദിച്ച ഫണ്ട്, ചെലവാക്കിയത് എന്നിവയുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബി.ആർ.ജി .എഫിനു കീഴിൽ നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്ത പദ്ധതികളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ പാലക്കാട് ജില്ല

(2013 മാർച്ച് 31 വരെയുള്ള കണക്കുകൾ)

ക്രമ നം.	മേഖല	അനുവദിച്ച യൂണിറ്റുകളുടെ എണ്ണം	പൂർത്തിയായ യൂണിറ്റുകളുടെ എണ്ണം	അനുവദിച്ച തുക (₹ലക്ഷത്തിൽ)	ചെലവ്* (₹ലക്ഷത്തിൽ)
1	സ്കൂൾ കെട്ടിടങ്ങൾ	116	90	2193.47	1385.33
2	കുടിവെള്ളം	162	120	1599.70	801.78
3	പാലങ്ങൾ/ കലുങ്കുകൾ	6	4	950.00	800
4	കൃഷി/അനുബന്ധ തൊഴിലുകൾ	30	17	885.97	671.92
5	വൈദ്യുതീകരണം	7	7	428.73	428.73
6	അംഗൻവാടികൾ	170	112	635.55	389.85

* നിലവിൽ പ്രവർത്തനം നടക്കുന്ന യൂണിറ്റുകൾക്കുള്ള ചെലവ് ഉൾപ്പെട്ടിരിക്കുന്നു.

7	ശുചീകരണം/ ഡ്രെയിനേജ്	64	44	584.90	322.62
8	ജലസേചനം/ ചെക്ക് ഡാം	38	23	949.16	263.66
9	പരിശീലന അടിസ്ഥാന സൗകര്യം	11	8	330.15	208.85
10	മറ്റുള്ളവ [2]	773	729	3030.63	1402.17
	ആകെ	**1377**	**1154**	**11588.26**	**6674.91**

വയനാട് ജില്ല

(2013 ഒക്ടോബർ വരെയുള്ള കണക്കുകൾ)

ക്രമ നം.	മേഖല	അനുവദിച്ച യൂണിറ്റുകളുടെ എണ്ണം	പൂർത്തിയായ യൂണിറ്റുകളുടെ എണ്ണം	അനുവദിച്ച തുക (₹ലക്ഷത്തിൽ)	ചെലവ്* (₹ലക്ഷത്തിൽ)
1	വിദ്യാഭ്യാസം	418	108	2711.23	1167.69
2	റോഡുകൾ	406	133	2236.43	824.66
3	ഗ്രാമീണ ഭവന നിർമ്മാണം	500	201	500.10	392.30
4	ആരോഗ്യം	1	0	354.00	354.00
5	അംഗൻവാടികൾ	300	119	1320.45	343.35
6	അടിസ്ഥാന സൗകര്യം	109	20	770.89	142.26
7	കുടിവെള്ളം	306	37	998.89	135.69
8	ഡയറി	29	12	550.10	130.99
9	മറ്റുള്ളവ [3]	472	65	2338.08	346.04
	ആകെ	**2541**	**695**	**11780.17**	**3836.98**

2 ആരോഗ്യം, ഭവന നിർമ്മാണം, സാമൂഹ്യസുരക്ഷ, റോഡ്, വെറ്ററിനറി, സേവനങ്ങൾ, കളിസ്ഥലം എന്നിവ ഉൾപ്പെടുന്നു.

* നിലവിൽ പ്രവർത്തനം നടക്കുന്ന യൂണിറ്റുകൾക്കുള്ള ചെലവ് ഉൾപ്പെട്ടിരിക്കുന്നു.

3 വൈദ്യുതീകരണം, ജലസേചനം, പൊതുജനാരോഗ്യം, വിനോദസഞ്ചാരം, എന്നിവ ഉൾപ്പെടുന്നു.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം 4- ഖണ്ഡിക 4.2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90) ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മുഴുവൻ പദ്ധതികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും പലിശ ഉൾപ്പെടെ 99 ലക്ഷം രൂപയാണ് ബാലൻസുള്ളതെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. അതിന്റെ റിപ്പോർട്ട് കൊടുത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് റിപ്പോർട്ട് നേരത്തെ കൊടുത്തിരുന്നുവെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

91) പൂർത്തികരിച്ചുവെന്ന ഒറ്റവരിയിലുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളുവെന്നും ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശമൊന്നും ലഭിച്ചിട്ടില്ലെന്നും ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ അറിയിച്ചു.

92) ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ടെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുമുണ്ടെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പൊതുവായിട്ടുള്ള റിപ്പോർട്ട് കൊടുത്തിട്ടുണ്ടെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

93) ഓരോ പദ്ധതിയുടെയും വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകണമെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വ്യക്തമാക്കി. അപ്രകാരം നൽകാമെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉറപ്പു നൽകി.

94) ബി.ആർ.ജി.എഫ്. പദ്ധതിയിൽ പാലക്കാട്, വയനാട് ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തിയാക്കിയതായി ഇരു ജില്ലാ

പഞ്ചായത്ത് സെക്രട്ടറിമാരും അറിയിച്ചെങ്കിലും വിശദമായ നിർവഹണ റിപ്പോർട്ട് എ.ജി.ക്ക് നൽകിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിശദമായ റിപ്പോർട്ട് എ.ജി.മുഖേന ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

95) ബി.ആർ.ജി.എഫ്. പദ്ധതിയിൽ പാലക്കാട്, വയനാട് ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തിയാക്കിയതായി ഇരു ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരും അറിയിച്ചെങ്കിലും വിശദമായ നിർവഹണ റിപ്പോർട്ട് എ.ജി.ക്ക് നൽകിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിശദമായ റിപ്പോർട്ട് എ.ജി. മുഖേന ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഓങ്കോളജി റേഡിയേഷൻ യൂണിറ്റിന്മേലുള്ള നിഷ്ഫല ചെലവ്

വയനാട് ജില്ലയിൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ, ബിആർജിഎഫ് ഫണ്ട് വിനിയോഗിച്ച് നല്ലൂർനാടിൽ ₹3.54 കോടി[11] ചെലവഴിച്ച് ഒരു ഓങ്കോളജി റേഡിയേഷൻ യൂണിറ്റ് സ്ഥാപിക്കാൻ എച്ച്പിസി അംഗീകാരം നൽകി (2008 ഫെബ്രുവരി). പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ₹1.05 കോടി ചെലവ് വരുന്ന സിവിൽ പ്രവൃത്തികളും ₹2 കോടി വിലയുള്ള കൊബാൾട്ട് തെറാപ്പി യന്ത്രം വാങ്ങാനുമായിരുന്നു. 2009 ഒക്ടോബറിൽ ₹2.12 കോടിയും, 2012 മേയിൽ ബാക്കി ₹1.42 കോടിയും ജില്ലാ കളക്ടർ പദ്ധതി നിർവ്വഹണത്തിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ഡിഎംഒ) നൽകി. ₹1.04 കോടി ചെലവിൽ സിവിൽ പ്രവൃത്തികളുടെ നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രയുമായി കരാറിലേർപ്പെട്ടു (2011 ഫെബ്രുവരി 28). ആദ്യ മുൻകൂർ നൽകുന്ന ദിവസം മുതൽ പന്ത്രണ്ട് മാസത്തിനകം പണി പൂർത്തീകരിക്കണമായിരുന്നു. 2011 മാർച്ചിൽ, ആദ്യ മുൻകൂറായി ₹52 ലക്ഷം

11 ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ വയനാട്ടിലെ ജില്ലാ പ്ലാനിംഗ് മാനേജർ നൽകിയ നിർദ്ദേശത്തെ അടിസ്ഥാനമാക്കിയാണ് അടങ്കൽ തുക തയ്യാറാക്കിയത്.

നിർമ്മിതി കേന്ദ്രയ്ക്ക് നൽകി. കൊബാൾട്ട് തെറാപ്പി യന്ത്രം വിതരണം ചെയ്യാൻ ഔദ്യോഗികമായി ഏർപ്പെടുത്തിയ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎംഎസ്‌സിഎൽ), ആദ്യ അടങ്കലിൽ കണക്കാക്കിയ ₹2 കോടിക്കെതിരെ യന്ത്രത്തിന്റെ വില ₹3 കോടിയാകും എന്ന് ഡിഎംഒ യെ അറിയിച്ചു (2011 ഡിസംബർ). അപ്രകാരം ആവശ്യമായ അധിക തുക കണ്ടെത്താനുള്ള സ്രോതസ്സുകളൊന്നും അന്വേഷിക്കാതെ, യന്ത്രത്തിന്റെ ചെലവിലേയ്ക്കായി ഡിഎംഒ ₹3 കോടി കെഎംഎസ്‌സിഎല്ലിൽ നിക്ഷേപിച്ചു (2012 ജൂൺ). യാതൊരു കരാറും/വർക്ക് ഓർഡറും ഇല്ലാതെയാണ് കെഎംഎസ്‌സിഎല്ലിന് പണം നൽകിയത്. ഫണ്ടിന്റെ ദൗർലഭ്യം കാരണം പ്ലിന്ത് ലെവൽ വരെ എത്തിയതിനു ശേഷം സിവിൽ പ്രവൃത്തികൾ പുരോഗമിച്ചിട്ടില്ലെന്നും കെഎംഎസ്‌സിഎൽ കൊബാൾട്ട് തെറാപ്പി യന്ത്രം നൽകിയിട്ടില്ലെന്നും ഓഡിറ്റ് സ്ഥലപരിശോധന നടത്തിയപ്പോൾ (2013 മെയ്) വെളിപ്പെട്ടു.

സിവിൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിനു ശേഷം മാത്രമേ യന്ത്രം വാങ്ങുന്നതിനുള്ള ആവശ്യം വരുന്നുള്ളൂ. ബാക്കി ജോലികൾ നടപ്പാക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെയും യന്ത്രം വിതരണം ചെയ്യുന്നതിന് മുമ്പ് സിവിൽ പ്രവൃത്തികൾ പൂർത്തിയായി എന്നുറപ്പുവരുത്താതെയും യന്ത്രത്തിന്റെ മുഴുവൻ തുകയും വിതരണക്കാരന് നൽകിയത് തെറ്റായ തീരുമാനമായിരുന്നു. അങ്ങനെ ₹3.52 കോടി ചെലവാക്കിയതിനു ശേഷവും പദ്ധതി പ്രവർത്തനക്ഷമമായില്ല, അതുവഴി പൊതുജനങ്ങൾക്ക് ഉദ്ദേശിച്ച ഫലം നിഷേധിക്കപ്പെടുകയും ചെയ്തു.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം 4 - ഖണ്ഡിക 4.2.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96) വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

97) വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അംഗീകൃതമല്ലാത്ത പ്രവർത്തികളിന്മേലുള്ള ചെലവ്

വികസനത്തിന് ഏറ്റവും അത്യാവശ്യമായ, നിർണ്ണായക വിടവുകൾ നികത്തുന്നതിനുവേണ്ടി മാത്രമേ ഫണ്ടുകൾ വിനിയോഗിക്കാവൂ എന്നാണ് ബി.ആർ.ജി.എഫ്. മാർഗ്ഗ രേഖകളിൽ പറയുന്നത്. 13 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലാക്ഷണിക പരിശോധന നടത്തിയതിൽ 5 എണ്ണത്തിൽ ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയവും, ജില്ലാകളക്ടറുടെ മുറികളും നവീകരിക്കൽ, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, മറ്റ് ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം മുതലായ അംഗീകൃതമല്ലാത്ത പ്രവൃത്തികൾക്കായി ₹2.49 കോടി ചെലവിട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ വിശദാംശം ചുവടെ നൽകിയിട്ടുണ്ട്.

ബി.ആർ.ജി.എഫിന് കീഴിൽ അംഗീകൃതമല്ലാത്ത ജോലികൾക്കായി ചെലവാക്കിയതിന്റെ വിശദാംശങ്ങൾ

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	ജോലിയുടെ പേര്	ചെലവ് (₹ലക്ഷത്തിൽ)
1	ജില്ലാ പഞ്ചായത്ത്, പാലക്കാട്	മലമ്പുഴയിൽ കൃഷി വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക വേണ്ടി നിർമ്മിച്ച ക്വാർട്ടേഴ്സ്, പി.എ.യു.വിലെ കോൺഫറൻസ് ഹാൾ നിർമ്മാണം, ഡി.പി.സി.ക്ക് വേണ്ടി സെക്രട്ടേറിയറ്റ് കെട്ടിട നിർമ്മാണം, പാലക്കാട് ജില്ലയിലെ എം.പി.മാർക്ക് സേവന കേന്ദ്രങ്ങളുടെ നിർമ്മാണം	148.48

2	ജില്ലാ പഞ്ചായത്ത്, വയനാട്	ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയം പുതുക്കൽ/നവീകരണം, കളക്ടേറ്റിലെ ജില്ലാ കളക്ടറുടെ മുറി പരിപാലനം, ക്യാമ്പ് ഓഫീസ് വൈദ്യുതീകരണം	12.69
3	ബ്ലോക്ക് പഞ്ചായത്ത്, കൊല്ലങ്ങോട്	പുതുനഗരത്തിൽ ഐ.സി.ഡി.എസ്.ന് രാജീവ്ഗാന്ധി സേവാ കേന്ദ്ര	30.15
4	ബ്ലോക്ക് പഞ്ചായത്ത്, നെന്മാറ	നെന്മാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടറുടെ ക്വാർട്ടേഴ്സ് നിർമ്മാണവും വൈദ്യുതീകരണവും	33.44
5	ബ്ലോക്ക് പഞ്ചായത്ത്, ശ്രീകൃഷ്ണപുരം	ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം	24.00
		ആകെ	248.76

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം 4 - ഖണ്ഡിക 4.2.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

98) അംഗീകൃതമല്ലാത്ത പ്രവൃത്തികൾക്ക് പദ്ധതി തുക ചെലവാക്കുന്നത് പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങളെ സാരമായി ബാധിക്കുന്നതാണെന്നും ഇത് കാരണമുണ്ടാകുന്ന സാമൂഹിക നഷ്ടങ്ങൾക്ക് എന്ത് മറുപടിയാണ് നൽകാനുള്ളതെന്നും സമിതി ആരാഞ്ഞതിന് 4 പ്രവൃത്തികൾ അപ്രകാരം ചെയ്യേണ്ടി വന്നിട്ടുണ്ടെന്നും പാലക്കാട് ടൗണിൽ ഡിസ്ട്രിക്ട് റൂറൽ ഡെവലപ്മെന്റ് ഏജൻസി [ഡി.ആർ.ഡി.എ.] കെട്ടിടത്തോടനുബന്ധിച്ച് എം.പി.ക്ക് താൽക്കാലികമായി ഇരിക്കാനുള്ള മുറി സജ്ജീകരിച്ചുകൊടുത്തിട്ടുണ്ടെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

99) ജില്ലാ പഞ്ചായത്തിന്റെ ചെലവിൽ ചെയ്യുതാണോ പ്രസ്തുത പ്രവൃത്തി എന്ന് സമിതി ആരാഞ്ഞതിന് അതെയെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. നിയമപരമായി അങ്ങനെ ചെയ്യാൻ സാധിക്കുമോ എന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് അതാണ് ഓഡിറ്റ് ഒബ്ജക്ഷനായി പറഞ്ഞിരിക്കുന്നതെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ബോധിപ്പിച്ചു.

100) എം. പി. മാർക്കുള്ള വിസിറ്റേഴ്സ് സെന്റർ സ്ഥാപിക്കണമെന്ന് പ്ലാനിംഗ് ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവെന്നും അത് ഡി.ആർ.ഡി.എ.യിൽ നിലവിലും പ്രവർത്തിക്കുന്നുണ്ടെന്നും തദ്ദേശഭരണ വകുപ്പ് പാലക്കാട് പോവർട്ടി അലീവിയേഷൻ യൂണിറ്റ് ഹെഡ്ക്ലാർക്ക് മറുപടി നൽകി.

101) ഏത് ഫണ്ടിലാണ് പ്രവൃത്തി ചെയ്യുന്നതെന്ന് സമിതി അംഗം ആരാഞ്ഞതിന് ബി.ആർ.ജി.എഫ്. ഫണ്ടിലാണ് ചെയ്യുന്നതെന്ന് അദ്ദേഹം മറുപടി നൽകിയപ്പോൾ ബി.ആർ.ജി.എഫ്. ഫണ്ട് ചെലവഴിക്കാനുള്ള ഉത്തരവോ മാർഗ്ഗ നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടോയെന്ന് സമിതി ആരാഞ്ഞു. ഇതിന് കളക്ടറുടെ നിർദ്ദേശമുണ്ടായിരുന്നുവെന്ന് മറുപടി നൽകി. അംഗീകൃതമല്ലാത്ത പദ്ധതികൾക്ക് ഫണ്ട് ചെലവഴിച്ചുവെന്നാണ് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചതിന് ഡി.പി.സി.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതും മലമ്പുഴയിൽ കൃഷി ഫാമിലേയ്ക്ക് ക്വാർട്ടേഴ്സ് പണിയുന്നതും ഉൾപ്പെടെ 4 പ്രവൃത്തികൾക്കാണ് ബി.ആർ.ജി.എഫ്.-ൽ നിന്നും ഫണ്ട് അനുവദിച്ചിരുന്നതെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

102) നിയമപരമായി എം.എൽ.എ.-മാർക്കോ എം.പി.-മാർക്കോ ഓഫീസ് സൗകര്യം നിർമ്മിച്ചുനൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോയെന്നും അപ്രകാരം ചെയ്യാൻ കഴിയുന്നതാണോയെന്നും സമിതി ആരാഞ്ഞതിന് ബാക്ക്വാർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് (ബി.ആർ.ജി.എഫ്.) അനുസരിച്ച് ക്രമരഹിതമായ സ്കീം ആണ് നടപ്പിലാക്കിയതെന്ന് തദ്ദേശഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പേർഫോമെൻസ് ഓഡിറ്റ്

ഓഫീസർ വ്യക്തമാക്കി. പദ്ധതിയ്ക്ക് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ലഭിച്ചിട്ടുണ്ടെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

103) നിയമവിരുദ്ധമായ ഈ കാര്യത്തിന് എങ്ങനെയാണ് ഡി.പി.സി. അംഗീകാരം നൽകിയതെന്നും ഓഡിറ്റ് റിപ്പോർട്ടിൽ ഇത് നിയമവിരുദ്ധമാണെന്ന് കൃത്യമായി പരാമർശിച്ചിട്ടുണ്ടെന്നും വിലയിരുത്തിയ സമിതി പാലക്കാട് ജില്ലയിലെ എം.പി.-മാരുടെ സേവന കേന്ദ്രത്തിന്റെ ജോലി പൂർത്തിയായോയെന്ന് ആരാഞ്ഞു.

104) ഡിസ്ട്രിക്ട് റൂറൽ ഡെവലപ്മെന്റ് ഏജൻസി (ഡി.ആർ.ഡി.എ.)ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന ജോലിയിലാണ് ഇതുൾപ്പെട്ടിട്ടുള്ളതെന്നും ഡി.ആർ.ഡി.എ. ഫണ്ടുപയോഗിച്ച് ഒരു ഹാളും അതിനുതാഴെയായി എം.പി.യുടെ ഓഫീസുമാണ് പണികഴിപ്പിച്ചിരിക്കുന്നതെന്നും നിലവിൽ അത് എം.പി.യുടെ ഓഫീസ് ആയി പ്രവർത്തിക്കുന്നില്ലെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. കെട്ടിടം എന്നാണ് നിർമ്മിച്ചതെന്ന് സമിതി അംഗം ആരാഞ്ഞതിന് 2012-13 ൽ ആണെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

105) സ്കീമുകളിൽ പ്രത്യേകമായി നിരോധിച്ചിട്ടുള്ളതും അനുമതിയില്ലാത്തതുമായ പ്രവൃത്തിയേതാണെന്ന് വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടെന്നും ഇത് അനുമതിയില്ലാത്ത പ്രവൃത്തിയാണെന്ന് അറിഞ്ഞിട്ടും പ്രവൃത്തി ചെയ്യാൻ നിർദ്ദേശിച്ച ഉദ്യോഗസ്ഥരോടുതന്നെ വിശദീകരണം ആവശ്യപ്പെടണമെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു.

106) ഡി.ആർ.ഡി.എ. (DRDA)യുടെ ബിൽഡിംഗിൽത്തന്നെയാണ് എം. പി. ഓഫീസും ചെയ്തിരിക്കുന്നതെന്നും ഏറ്റവും മുകളിലുള്ള ഹാൾ ചെയ്തപ്പോൾ ഇങ്ങനെയൊരു സംവിധാനം ചെയ്യേണ്ടിവന്നുവെന്നും പാലക്കാട് ജില്ലയിലെ ഓഫീസുകളിൽ പൊതുവേ സൗകര്യങ്ങൾ കുറവായതിനാലാണ് ഇത്തരത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടായതെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

107) അക്കാര്യത്തിൽ എതിർപ്പൊന്നുമില്ലെന്നും പക്ഷേ പ്രവൃത്തികൾ നിയമപരമായിരിക്കണമെന്നും നിയമപരമല്ലെങ്കിൽ അങ്ങനെ ചെയ്യാൻ പാടില്ലെന്നും ഒരു നിയമമുണ്ടാകുമ്പോൾ അത് ഉദ്യോഗസ്ഥർ അനുസരിക്കണമെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടപ്പോൾ ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഗ്രാമ വികസന കമ്മീഷണർ അനുവാദം നൽകിയിട്ടില്ലെന്നാണ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നതെന്ന് സമിതി അംഗം കൂട്ടിച്ചേർത്തു. അതിനെ മറികടന്ന് ഇപ്രകാരം നിയമവിരുദ്ധമായ കാര്യം ചെയ്യാൻ ഡി.പി.സി.ക്ക് അധികാരമുണ്ടോയെന്ന് സമിതി ചെയർമാൻ ആരാഞ്ഞു. ഹൈപവർ കമ്മിറ്റിയുടെ അംഗീകാരം ഇതിന് ലഭിച്ചതായി കാണുന്നുവെന്നും മേൽപ്പറഞ്ഞ എല്ലാ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാരിന്റെ ഹൈപവർ കമ്മിറ്റിയുടെ അംഗീകാരവും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും സർക്കാർ മറുപടിയിൽ കാണുന്നതായി സമിതി അംഗം നിരീക്ഷിച്ചു.

108) ഇപ്രകാരം പ്രവൃത്തി നടത്തിയതായി ഓഡിറ്റ് വകുപ്പ് കണ്ടെത്തിയതിൽ പാലക്കാട് ജില്ലാ പഞ്ചായത്ത്, വയനാട് ജില്ലാ പഞ്ചായത്ത്, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്, നെന്മാറ ബ്ലോക്ക് പഞ്ചായത്ത്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയവയുണ്ടെന്നും അങ്ങനെ ആകെ 2.49 കോടി രൂപ ചെലവായിട്ടുണ്ടെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി വിശദമാക്കി.

109) വയനാട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 2007-08 വർഷം 10 ലക്ഷം രൂപയുടെ ഒരു കോൺഫറൻസ് ഹാൾ നവീകരണമാണ് ഏറ്റെടുത്തതെന്നും ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിന്റെ മേൽക്കൂര ആസ്ബസ്റ്റോസ് ഷീറ്റ് ആയതിനാൽ കഠിനമായ ചൂട് അനുഭവപ്പെട്ടുകയും ഗുണഭോക്താക്കളുടെ ഓറിയന്റേഷൻ ക്ലാസുകളും മറ്റും നടത്തുന്നതിന് അത് തടസ്സമാകുകയും ചെയ്തതിനാൽ പ്രസ്തുത കോൺഫറൻസ് ഹാൾ നവീകരിക്കേണ്ടിവന്നുവെന്നും അടിസ്ഥാനവികസന ഫണ്ട് ഇക്കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്ന ആശയത്തിലാണ് അന്ന് ജില്ലാപഞ്ചായത്തും

ജില്ലാഭരണകൂടവും കൂടിയാലോചിച്ച് ഇങ്ങനെയൊരു നിർദ്ദേശം സമർപ്പിച്ചതെന്നും അതുപോലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി ഓഫീസുകൾ ഇല്ലാതിരുന്നതിനാൽ ഒരു സ്യൂട്ടുംകൂടി പണിതുവെന്നും അങ്ങനെ ആകെ 14 ലക്ഷത്തോളം രൂപ ചെലവഴിച്ചുവെന്നും അടിസ്ഥാന സൗകര്യത്തിനുള്ള ഗ്യാപ്പ് ഫണ്ടിംഗ് എന്ന രീതിയിലാണ് അത് കണ്ടതെന്നും ബാക്കിയെല്ലാം ഗ്രാമസഭകൂടി തദ്ദേശഭരണസ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതിനായി ഹൈപവർ കമ്മിറ്റിയുടെ അംഗീകാരവും വാങ്ങിയിട്ടുണ്ടെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

110) ജില്ലാ കളക്ടർക്ക് ഒരു സ്യൂട്ട്, ക്യാമ്പ് ഓഫീസ്, ഇലക്ട്രിഫിക്കേഷൻ ഇതൊക്കെ ചെയ്തിട്ടുള്ളതായാണ് കാണുന്നതെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വിശദീകരിച്ചപ്പോൾ പ്രസ്തുത ഡി.സി. സ്യൂട്ട് ഡാറ്റാ മാനേജ്മെന്റിനും മറ്റും ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

111) ജില്ലാ കളക്ടർക്ക് സ്യൂട്ട് പണിതു നൽകാൻ ജില്ലാ പഞ്ചായത്തിന് അവകാശമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇല്ലായെന്നും ഒരു ഓഫീസ് പ്രവർത്തിക്കണം എന്നുള്ളതുകൊണ്ടാണ് അപ്രകാരം ചെയ്തതെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

112) ജില്ലാ കളക്ടർക്ക് സ്യൂട്ട് പണിയാൻ വേറെ സംവിധാനങ്ങളുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടെടുത്ത് ഇപ്രകാരം വിനിയോഗിക്കാൻ കഴിയുമോയെന്ന് ആരാഞ്ഞു. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായാണ് ഡി.സി.സ്യൂട്ട് പ്രവർത്തിക്കുന്നതെന്നും ജില്ലാ കളക്ടറുടെ ഭരണാനുമതിയോടുകൂടിയാണ് പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

113) പ്രസ്തുത പദ്ധതി ജില്ലാപഞ്ചായത്ത് ഏറ്റെടുക്കേണ്ട സാഹചര്യം എങ്ങനെയാണുണ്ടായതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ബി.ആർ.ജി.എഫ്. (BRGF) മാനദണ്ഡ പ്രകാരം പദ്ധതി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വഴി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നതുകൊണ്ടാണ് ജില്ലാപഞ്ചായത്ത് ഇത് നടപ്പിലാക്കിയതെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

114) പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിന് എന്തെങ്കിലും നിർദ്ദേശം നൽകാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് ബി. ആർ.ജി.എഫ്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ക്രമമല്ലാത്ത രീതിയിൽ ചെലവഴിച്ചുവെന്നും ആസ്തി സമാഹരിച്ചുവെന്നതുമാണ് ഓഡിറ്റ് തടസ്സമെന്നും ബി. ആർ.ജി.എഫ്. (BRGF) മാനദണ്ഡ പ്രകാരമല്ല പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

115) എന്താണ് ഹൈപവർ കമ്മിറ്റിയെന്ന് സമിതി ആരാഞ്ഞതിന് സംസ്ഥാനതലത്തിൽ ബി.ആർ.ജി.എഫ്. (BRGF) ലെ നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുന്ന ഒരു കമ്മിറ്റിയാണ് ഹൈപവർ കമ്മിറ്റിയെന്ന് വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

116) ഇത് എൽ.എസ്.ജി.ഡി.-യുടെ കീഴിലാണോയെന്ന് സമിതി ആരാഞ്ഞതിന് അല്ലെന്നും ഹൈപവർ കമ്മിറ്റി ഡയറക്ടറേറ്റ് തലത്തിലുള്ളതാണെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

117) 13 വർഷം മുമ്പുള്ള പ്രവൃത്തി ചെയ്ത് അനുമതി വാങ്ങിയിട്ടുണ്ടെന്നും പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ആസ്തി സൃഷ്ടിക്കാൻ വേണ്ടിയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനും ഡി. സി. സ്യൂട്ട് പണിതത് സംബന്ധിച്ച് ഇതിലെ മാനദണ്ഡങ്ങളിൽ ചില ലംഘനം ഉണ്ടായിട്ടുണ്ടെന്നും ഡി.പി.സി. യുടെ അംഗീകാരം വാങ്ങുകയും അതിന്മേൽ സർക്കാർ തലത്തിലുള്ള കമ്മിറ്റിയും ഹൈപവർ കമ്മിറ്റിയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടെന്നും 13 വർഷത്തിനുശേഷം ഇക്കാര്യത്തിൽ ഇനിയെന്താണ് ചെയ്യാൻ

കഴിയുന്നതെന്നും സമിതി അംഗം ആരാഞ്ഞു. 100 ശതമാനവും കേന്ദ്ര സർക്കാർ പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും തുക അനുവദിച്ച അതോറിറ്റിയും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച അതോറിറ്റിയും തമ്മിലുള്ള റാറ്റിഫിക്കേഷൻ ആയിരിക്കും ഇതിന് വിരുദ്ധമായുള്ളതെന്നും സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ സാധൂകരണം നൽകിയാൽ എത്രമാത്രം നിലനില്പുണ്ടെന്ന് പറയാൻ കഴിയില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

118) ഹൈപവർ കമ്മിറ്റി ഇത് അംഗീകരിച്ചിട്ടുണ്ടോയെന്നും ഹൈപവർ കമ്മിറ്റിയിൽ ധനകാര്യ വകുപ്പ് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ ഏതെങ്കിലും മിനിട്ട്സോ മറ്റോ ഉണ്ടോയെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചതിന് കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് (സി.ആർ.ഡി.) തലത്തിലാണ് ഹൈപവർ കമ്മിറ്റിയുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

119) ഫണ്ട് ദുർവിനിയോഗം മാർഗ്ഗനിർദ്ദേശത്തിന്റെ ലംഘനമാണെന്നും ഇവിടെ ഫണ്ട് ദുർവിനിയോഗം നടന്നതായി കാണുന്നില്ലെന്നും വർഷങ്ങൾ കഴിഞ്ഞതിനാൽ ഇനി തിരുത്താൻ ബുദ്ധിമുട്ടുണ്ടെന്നും മേലിൽ ആവർത്തിക്കില്ലെന്ന് കാണിച്ചുകൊണ്ട് മാപ്പപേക്ഷ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന കാര്യത്തിൽ തർക്കമില്ലെന്നും അവർ ഏറ്റെടുത്ത് നടത്തിയതിലെ ന്യായമെന്താണെന്ന് പരിശോധിച്ച് വിഷയം അവസാനിപ്പിക്കേണ്ടതായിട്ടുണ്ടെന്നും സമിതി നിർദ്ദേശിച്ചു. വർഷങ്ങൾക്കുമുമ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും മറ്റും നൽകിയിട്ടുള്ളതാണെന്നും അതിന്മേൽ കേന്ദ്ര സർക്കാർ തടസ്സം രേഖപ്പെടുത്താത്ത സ്ഥിതിക്ക് സമിതി തടസ്സമായി നിൽക്കുന്നത് ശരിയല്ലെന്നും സമിതി അംഗം വ്യക്തമാക്കി.

120) പ്രസ്തുത വിഷയം സംബന്ധിച്ച് എൽ.എസ്.ജി.ഡി. യുടെ അഭിപ്രായം എന്താണെന്നും ഇത്തരത്തിൽ ഒരു ഹൈപവർ കമ്മിറ്റി ഉണ്ടായിരുന്നോയെന്നും

വകുപ്പും അതിൽ ഭാഗമായിരുന്നോയെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ചോദിച്ചതിന് അത് വകുപ്പുതലത്തിൽ ഒന്നുകൂടി പരിശോധിച്ച് മറുപടി നൽകാം എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി &സ്റ്റേറ്റ് പെർഹോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

121) സർക്കാർ ഭാഗത്തുനിന്നുള്ള മറുപടിയിൽ സെക്രട്ടറിയുടെ വിശദീകരണത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്നും സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം തീർപ്പാക്കി നൽകണമെന്ന് അപേക്ഷിക്കുന്നുവെന്നാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും സമിതി നിരീക്ഷിച്ചു.

122) ഗ്രാമവികസനം, നഗരകാര്യം, പഞ്ചായത്ത് എന്നീ മൂന്നുവകുപ്പുകളാണ് നേരത്തെ ഉണ്ടായിരുന്നതെന്നും ഇന്റഗ്രേഷന്റെ ഭാഗമായി ഈ മൂന്നു വകുപ്പുകൾ ഒന്നിച്ച് നഗരകാര്യം, പഞ്ചായത്ത് എന്നീ രണ്ട് വകുപ്പുകളായി മാറ്റുകയാണ് ചെയ്തതെന്നും ഇവയെല്ലാം തന്നെ നിലവിൽ പ്രവർത്തിക്കുന്നത് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലാണെന്നും അവിടെ നടത്തിയ പരിശോധനയിൽ പത്ത് വർഷം മുമ്പുള്ള ഫയലാണിതെന്നും പ്രസ്തുത ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചതാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ടെന്നും അതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഫയലിലുണ്ടെന്നും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് ചെലവഴിച്ചത് സാധൂകരിക്കണമെന്നുണ്ടെങ്കിൽ കേന്ദ്ര സർക്കാരിനെ സമീപിക്കേണ്ടതായി വരുമെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടാകുമെന്നും അത് കൃത്യമായി കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നതാണെന്നും അത് പരിശോധിച്ച് കേന്ദ്ര സർക്കാരിന് മുമ്പാകെ ശിപാർശ സമർപ്പിക്കേണ്ടി വരുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ വിശദീകരിച്ചു.

123) അത്തരമൊരു നിലപാട് എടുക്കേണ്ടതില്ലെന്നും കേന്ദ്ര സർക്കാർ ജില്ലാ പഞ്ചായത്തുകളുടെ വികസനത്തിന് മാത്രമാണ് ഊന്നൽ നൽകിയിരിക്കുന്നതെന്നും

സമിതി അഭിപ്രായപ്പെട്ടു. ഹൈപവർ കമ്മിറ്റിയാണ് പദ്ധതികൾക്ക് അംഗീകാരം നൽകിയതെന്ന് ഏത് ഫയലിന്റെ അടിസ്ഥാനത്തിലാണ് മറുപടി നൽകിയതെന്ന് സമിതി അംഗം ആരാഞ്ഞതിന് ബി.ആർ.ജി.എഫ്. പദ്ധതികൾ അംഗീകരിക്കാൻ ഒരു സമിതിയുണ്ടെന്നും അതുസംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശമുണ്ടെന്നും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈപവർ കമ്മിറ്റിയാണുള്ളതെന്നും പ്രോജക്ട് ഡയറക്ടറാണ് നോഡൽ ഓഫീസറെന്നും അതിന്റെ പകർപ്പ് സമിതിക്ക് നൽകാമെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

124) ഹൈപവർ കമ്മിറ്റിയുടെ അംഗീകാരം പദ്ധതിക്ക് കിട്ടിയിട്ടുണ്ടെന്നാണ് പറയുന്നതെങ്കിലും അതിന് രേഖയൊന്നും ഉള്ളതായി കാണുന്നില്ലെന്നും വാക്കാലുള്ള അനുമതി ആയിരിക്കില്ലല്ലോ കിട്ടിയിട്ടുള്ളതെന്നും ഹൈപവർ കമ്മിറ്റിയുടെ മുമ്പാകെ വിഷയം വരികയും അംഗീകാരം കിട്ടുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിന് രേഖ ഉണ്ടാകുമല്ലോയെന്നും സമിതി ചെയർമാൻ നിരീക്ഷിച്ചപ്പോൾ അംഗീകാരം നൽകിയതിന്റെ ഫയൽ കൈവശമില്ലേയെന്നും അതിന്റെ പകർപ്പ് സമർപ്പിച്ചാൽ പ്രശ്നം അവസാനിപ്പിക്കാൻ സാധിക്കുന്നതാണെന്നും മറുപടി തയ്യാറാക്കുമ്പോൾ ഫയലിലുള്ള കൃത്യമായ വിവരങ്ങൾ ചേർത്ത് തയ്യാറാക്കണമെന്നും സമിതി അംഗം കൂട്ടിച്ചേർത്തു. തദവസരത്തിൽ ഫയൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

നിഗമനങ്ങൾ/ശിപാർശകൾ

125) ബാക്ക്‌വാർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് (ബി.ആർ.ജി.എഫ്.)ന്റെ വിനിയോഗ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രകാരം ലഭിച്ച തുക ചെലവഴിച്ചതെന്ന് സമിതി വിലയിരുത്തുന്നു . ഫണ്ടിന്റെ ദുർവിനിയോഗം നടന്നതായി കാണുന്നില്ലെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം നടന്നതായി സമിതി മനസ്സിലാക്കുന്നു. നടപ്പിലാക്കിയ പദ്ധതികൾക്ക് ഹൈപവർ

കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നു എന്ന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ അവകാശപ്പെടുന്നുണ്ടെങ്കിലും അത് സംബന്ധിച്ച രേഖയൊന്നും ഹാജരാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് ഫയലുകൾ പരിശോധിച്ച് വിശദമായ മറുപടി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ സർക്കാരിന് നൽകണമെന്നും സർക്കാർ ആയത് പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കപ്പാസിറ്റി ബിൽഡിംഗ്

ബി.ആർ.ജി.എഫിന്റെ കാര്യക്ഷമമായ നടത്തിപ്പിന് തെരഞ്ഞെടുത്ത ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ മുതലായ അതുമായി ബന്ധമുള്ള എല്ലാവരുടെയും തുടർച്ചയായതും നിലനിൽക്കത്തക്കതുമായ കഴിവ് വളർത്തൽ ആവശ്യമായിരുന്നു. ഹാർഡ്‌വെയറിനും അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള നിക്ഷേപങ്ങൾ, പരിശീലന പരിപാടികൾ സജ്ജീകരിക്കുക, പ്രവൃത്തികളുടെ പിന്തുടർച്ച എന്നിവയാണ് കപ്പാസിറ്റി ബിൽഡിംഗ് (സിബി) വിഭാഗം വിഭാവനം ചെയ്യുന്നത്. സിബി ഘടകത്തിനു കീഴിലുള്ള വിവിധ പ്രവൃത്തികളുടെ നടപ്പാക്കൽ ഏജൻസി കിലയായിരുന്നു. 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ, സിബി ഘടകത്തിനു വേണ്ടി ഭാരത സർക്കാർ നൽകിയ ₹5.95 കോടിയിൽ ₹5.44 കോടി ചെലവായി.

സിബി ഘടകത്തിന്റെ നടപ്പാക്കലിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- സിബി ഘടകത്തിനു കീഴിൽ നൽകിയ ഫണ്ടുകൾ പിന്നാക്കജില്ലകളിൽ കഴിവ് വളർത്തുന്നതിന് വേണ്ടിമാത്രം വിനിയോഗിക്കണമായിരുന്നെങ്കിലും, കില സംസ്ഥാനത്തെ മുഴുവൻ പരിശീലനാവശ്യങ്ങൾക്കും വേണ്ടിയാണ് ഈ

ഫണ്ട് വിനിയോഗിച്ചത്. 2012-13 വരെ, 9004 തെരഞ്ഞെടുത്ത പ്രതിനിധികൾക്കും 6568 പഞ്ചായത്ത് ജീവനക്കാർക്കും കില പരിശീലനം നൽകി. എന്നാൽ, ലാക്ഷണിക പരിശോധന നടത്തിയ തസ്വഭ സ്ഥാപനങ്ങളിൽ, സിബി ഘടകത്തിനു കീഴിൽ ഉദ്യോഗസ്ഥർ/തെരഞ്ഞെടുത്ത പ്രതിനിധികൾ എന്നിവർക്ക് പരിശീലനം നൽകിയില്ല എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു. ഇത് സൂചിപ്പിക്കുന്നത് പിന്നോക്കജില്ലകളുടെ പരിശീലനാവശ്യങ്ങൾക്ക് വേണ്ട പരിഗണന നൽകിയില്ല എന്നാണ്.

- 2010-11, 2011-12 കാലയളവുകളിൽ, ആകെ ₹9.28 ലക്ഷം പലിശയിനത്തിൽ ലഭിച്ചു. അതാതു വർഷങ്ങളിൽ കില ഭാരതസർക്കാരിനു നൽകിയ വിനിയോഗ സാക്ഷ്യപത്രങ്ങളിൽ (യുസി) ഈ തുക അധിക സ്രോതസ്സായി കാണിച്ചിരുന്നില്ല. ഇതിൽ നിന്നും 2012-13 വർഷത്തിനു വേണ്ടി സമർപ്പിച്ച യുസിയിൽ ₹4.20 ലക്ഷം മാത്രമാണ് പലിശയിനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശഭരണസ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം -4- ഖണ്ഡിക -4.2.3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126) പിന്നാക്ക ജില്ലകളുടെ കപ്പാസിറ്റി ബിൽഡിംഗിനായി അനുവദിച്ച ഫണ്ടുമായി ബന്ധമുള്ള ഓഡിറ്റ് പരാമർശത്തിലുള്ള മറുപടി സമിതി ആരാഞ്ഞതിന് ഫണ്ട് മുഴുവനും ഉപയോഗിച്ചുവെന്നും ബി. ആർ. ജി. എഫ് പദ്ധതിയിലുൾപ്പെടുത്തി പിന്നാക്ക വിഭാഗത്തിലുള്ളവർക്കും ജനപ്രതിനിധികൾക്കും പരിശീനം നൽകിയിട്ടുണ്ടെന്നും 2017 വരെയുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടെന്നും 08.03.2023 ൽ

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഡയറക്ടർ മറുപടി നൽകി.

നിഗമനങ്ങൾ/ശിപാർശകൾ

127) ബി.ആർ.ജി.എഫ്. പദ്ധതിയിലുൾപ്പെടുത്തി പിന്നാക്ക വിഭാഗത്തിലുള്ളവർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകാനായി അനുവദിച്ച തുക പരിശീലന പരിപാടികൾക്കായി തന്നെ വിനിയോഗിച്ചു എന്ന് കിലയുടെ വിശദീകരണത്തിൽ നിന്നും സമിതി വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് എ.ജി. മുഖേന ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫണ്ടുകളുടെ വിനിയോഗം

പദ്ധതി നടത്തിപ്പിനായുള്ള മുഴുവൻ തുകയും രണ്ട് ഭാഗമായാണ് ഭാരത സർക്കാർ നൽകിയത്. അതായത്, വികസന ഫണ്ടും (ഡി.എഫ്.)[12] കേപ്പബിലിറ്റി ബിൽഡിംഗ് ഫണ്ടും (സി.ബി.എഫ്.)[13], ഡിഎഫിനു കീഴിൽ ₹225.39 കോടിയുടെ വകയിരുത്തലിനെതിരെ ഭാരത സർക്കാർ 2013 മാർച്ച് 31 വരെ ₹127.92 കോടി നൽകി. ഭാരത സർക്കാർ നൽകിയ ഫണ്ടുകളിൽ ₹102.17 കോടിയുടെ യു.സി. ഭാരതസർക്കാരിനു നൽകി. ₹29.92 കോടി[14] വരുന്ന ഡി.എഫ്.ന്റെ വിനിയോഗിക്കാത്ത ഭാഗം സംസ്ഥാന സർക്കാരിന്റെ പക്കലും (₹19.56 കോടി) ജില്ലാ

12 വികേന്ദ്രീകൃത വികസനത്തിലുണ്ടാകുന്ന നിർണ്ണായക വിടവുകൾ കണ്ടെത്തുകയും നികത്തുകയും ചെയ്യുക വഴി വികസനത്തിലുള്ള പ്രാദേശിക അസന്തുലിതാവസ്ഥകളെ അഭിമുഖീകരിക്കുകയെന്നതാണ് ഡിഎഫ് കൊണ്ടുദ്ദേശിച്ചിരുന്നത്.

13 അനുവദിക്കപ്പെട്ട പദ്ധതികളുടെയും പ്രവൃത്തികളുടെയും ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം എന്നിവയിൽ കഴിവ് വളർത്തിയെടുക്കുന്നതിനും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ തലത്തിൽ ഉത്തരവാദിത്വവും സുതാര്യതയും മെച്ചപ്പെടുത്തുന്നതിനുമാണ് കപ്പാസിറ്റി ബിൽഡിംഗ് ഫണ്ട്.

14 ₹4.7 കോടിയുടെ മറ്റ് വരവുകളും പലിശയും ഉൾപ്പെടും

കളക്ടർമാരുടെ പക്കലും (വയനാട് ജില്ല: ₹6.90[15] കോടി, പാലക്കാട് ജില്ല: ₹3.46 കോടി) ചെലവാക്കാതെ കിടക്കുന്നുണ്ടായിരുന്നു. ലഭ്യമായ ഫണ്ടിന്റെ 77% ആയിരുന്നു വിനിയോഗം. വളരെ സാവധാനമുള്ള പദ്ധതി നടപ്പാക്കലും അതുവഴി യുസി സമർപ്പിക്കുന്നതിലുണ്ടായ കാലതാമസവുമാണ് ഭാരതസർക്കാർ ₹97.47 കോടി കുറച്ച് നൽകാനുണ്ടായ പ്രധാന കാരണമെന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു.

പി.ആർ.ഐ.കൾ/യു.എൽ.ബി.കൾക്ക് ഡി.എഫ്. വിതരണം ചെയ്തതിൽ താഴെപ്പറയുന്നവ ഓഡിറ്റ് നിരീക്ഷിച്ചു:

- മാർഗ്ഗരേഖകൾ പ്രകാരം ഓരോ പി.ആർ.ഐ./ യു.എൽ.ബി.യും, അവരുടെ പിന്നാക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് ബി.ആർ.ജി.എഫ്. ഫണ്ടുകൾ നീക്കിവയ്ക്കുന്നതിനായി ഒരു ക്രമാനുസാരമായ ഫോർമുല സംസ്ഥാനം ആവിഷ്കരിക്കേണ്ടതുണ്ടായിരുന്നു. 2011-12 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിലെ ജി.പി.കളുമായി ബന്ധപ്പെട്ട ബി.ആർ.ജി.എഫ്. ഫണ്ടുകളുടെ വിഹിതം തീരുമാനിച്ചിരുന്നില്ല. അതിനാൽ 2011-12-ന്റെ അവസാനം ഫണ്ട് നീക്കിവച്ച മൂന്ന് ജി.പി.കളുടെ കാര്യം ഒഴിവാക്കിയാൽ, ജി.പി.കൾക്ക് ഫണ്ടൊന്നും തന്നെ നീക്കിവച്ചിട്ടില്ലായിരുന്നു. അതിനാൽ പാലക്കാട്ടെ ജി.പി.കളുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പ് ഒന്നുകിൽ ബി.പി.കൾ അല്ലെങ്കിൽ ഡി.പി.കളാണ് നടപ്പിലാക്കിയത്. ഇത് 1994-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ അനുശാസിക്കുന്ന വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അന്തഃസത്തയ്ക്ക് എതിരാണ്.
- ഡി.എഫി.ന്റെ ഒരു നിശ്ചിത ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹണ പ്രോത്സാഹനം എന്ന നിലയിൽ നീക്കിവയ്ക്കണമെന്നുണ്ടെങ്കിലും അത്തരത്തിലുള്ള പ്രോത്സാഹനങ്ങൾക്കായി ഫണ്ടൊന്നും നീക്കി വച്ചില്ല.

---

15 സംസ്ഥാന സർക്കാർ ഭാരത സർക്കാരിന് തിരികെ നൽകിയ ₹11.40 കോടി ഉൾപ്പെടുന്നില്ല

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.2.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128) സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാത്തതുമൂലം 97.47 കോടി രൂപ നഷ്ടമായതിന് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് വയനാട് ജില്ലാ ഭരണകൂടമാണ് പദ്ധതികൾ നടപ്പാക്കുന്നതെന്നും ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ പൂർത്തീകരിച്ച് യു.സി. ഉൾപ്പെടെ നൽകിക്കഴിഞ്ഞെന്നും മറ്റ് കാര്യങ്ങൾ പ്രോജക്ട് ഡയറക്ടർ വിശദീകരിക്കുന്നതാണെന്നും വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

129) ജില്ലയ്ക്ക് അനുവദിക്കപ്പെട്ട എ.എസ്. നൽകിയ എല്ലാ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ടെന്നും എല്ലാ യു.സി.യും സെപ്റ്റംബറോടുകൂടെ കൊടുത്തിട്ടുണ്ടെന്നും വയനാട് പോവർട്ടി അലിവിയേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ വിശദീകരിച്ച പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

130) ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ നിന്നുള്ള മറുപടി സമിതി ആരാഞ്ഞതിന് 2011-12 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്ത്(ജി.പി.)കൾക്ക് ഫണ്ട് നീക്കിവയ്ക്കാത്തത് സംബന്ധിച്ച പ്രത്യേക പരാമർശമാണിതെന്ന് പാലക്കാട് പോവർട്ടി അലിവിയേഷൻ ഹെഡ് ക്ലാർക്ക് മറുപടി നൽകി. ജില്ലയിലെ ജി.പി.കളുമായി ബന്ധപ്പെട്ട് കളക്ടറേറ്റ് തലത്തിലുള്ള ഏകോപനം സാദ്ധ്യമായിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ കൂട്ടിച്ചേർത്തു.

131) ഓഡിറ്റ് പരാമർശങ്ങളിന്മേൽ പ്രോജക്ട് ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങാമെന്നും 2015-16-ൽ ഈ സ്കീം അവസാനിപ്പിച്ചിട്ടുണ്ടെന്നും 2014-15-ൽ പാലക്കാട് ജില്ലയിൽ ₹48.74 ലക്ഷത്തിന്റെ ഓൺഗോയിംഗ് പ്രോജക്ട് ഉണ്ടായിരുന്നുവെന്നും പാലക്കാട് പോവർട്ടി അലീവിയേഷൻ യൂണിറ്റ് ഹെഡ്ക്ലർക്ക് വിശദമാക്കി.

132) കളക്ടേറ്റിൽ നിന്നും ആവശ്യമായ വിവരങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ലെന്നുള്ളതാണ് പ്രധാന പ്രശ്നമെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഓഡിറ്റ് വിഭാഗത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും അതിന്റെ കോപ്പി കൈവശമുണ്ടെന്നും പാലക്കാട് പോവർട്ടി അലീവിയേഷൻ യൂണിറ്റ് ഹെഡ്ക്ലർക്ക് മറുപടി നൽകി.

133) പദ്ധതി സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മൂലം ഭാരത സർക്കാർ 97.47 കോടി രൂപ കുറച്ചാണ് നൽകിയതെന്നും അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാനും സമിതി ആവശ്യപ്പെട്ടതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഓഡിറ്റ് റിപ്പോർട്ടും കൃത്യമായി കൊടുത്തിട്ടുണ്ടെന്നും 2014-15-ൽ ₹48.74 ലക്ഷത്തിന്റെ ഓൺ ഗോയിംഗ് വർക്ക് ഉണ്ടായിരുന്നുവെന്നും പ്രസ്തുത ജോലിക്കായി കേന്ദ്ര സർക്കാർ 19.05 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും 2014-15-ലെ ഓഡിറ്റ് സമയത്ത് 2006-ൽ തുടങ്ങിയ എല്ലാ ജോലികളും പൂർത്തിയാക്കിയെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

134) തുക പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്നും കൃത്യസമയത്ത് പദ്ധതി നടപ്പാക്കിയിരുന്നെങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും 225 കോടി രൂപ കിട്ടുമായിരുന്നുവെന്നും എന്നാൽ 127 കോടി രൂപ മാത്രമേ കിട്ടിയിട്ടുള്ളൂവെന്നും ബാക്കി തുക നഷ്ടപ്പെട്ടുവെന്നാണ് ഓഡിറ്റ്

പരാമർശത്തിലുള്ളതെന്നും കിട്ടേണ്ടിയിരുന്ന തുകയിൽ എത്ര രൂപയാണ് കിട്ടിയതെന്നും ബാക്കി തുക കിട്ടാതിരുന്നതിന്റെ കാരണമെന്താണെന്നും സമിതി അംഗം ആരാഞ്ഞതിന് മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെന്നും അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

135) കിട്ടിയ സംഖ്യയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ലെന്നും സമയബന്ധിതമായി പണി നടത്താത്തതുമൂലം കേന്ദ്ര സർക്കാർ അനുവദിച്ച മുഴുവൻ സംഖ്യയും ലഭിച്ചിട്ടില്ലെന്നും ആ ഇനത്തിൽ 97 കോടി രൂപ നഷ്ടമായിരിക്കുന്നുവെന്നും എന്തുകൊണ്ടാണ് സമയബന്ധിതമായി നടപ്പാക്കാതിരുന്നതെന്നുമാണ് സമിതിക്ക് അറിയേണ്ടതെന്നും വ്യക്തമാക്കിയ സമിതിയംഗം പരിശോധിച്ച് മറുപടി നൽകിയാൽ മതിയെന്ന് നിർദ്ദേശിച്ചു. പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം സംഭവിച്ചതുകൊണ്ടാണ് റിപ്പോർട്ട് സമർപ്പിക്കാൻ വൈകിയതെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

136) ജില്ലയ്ക്ക് അനുവദിക്കപ്പെട്ട ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ടെന്ന വയനാട് ജില്ലാ പ്രോജക്ട് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

137) കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായ കാലതാമസംമൂലം ലഭിക്കേണ്ടിയിരുന്ന 97 കോടിയോളം രൂപ പാലക്കാട് ജില്ല

നഷ്ടപ്പെട്ടുത്തിയതായി സമിതി മനസ്സിലാക്കുന്നു. പദ്ധതി നടത്തിപ്പിൽ ഉണ്ടായ കാലതാമസം വിശദീകരിക്കുന്ന വ്യക്തമായ റിപ്പോർട്ട് സർക്കാർ മുഖേന എ.ജി.യുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പെരുപ്പിച്ച് കാട്ടിയ യു.സി.കൾ നൽകൽ

പി.ആർ.ഐ./യു.എൽ.ബി.കളുടെ പക്കൽ ധാരാളം ഫണ്ട് ചെലവഴിക്കാതെ ബാക്കിയുണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യമെങ്കിലും, ബി.ആർ.ജി.എഫ്. ഫണ്ടുകളുടെ സൂക്ഷിപ്പുകാരായ ജില്ലാ കളക്ടർമാർ, പി.ആർ.ഐ./യു.എൽ.ബി.കൾക്ക് നൽകിയ മുൻകൂറുകൾ അവരുടെ കണക്കുകളിലും, ഭാരതസർക്കാരിനു നൽകിയ യു.സി.കളിലും അന്തിമ ചെലവായി കാണിച്ചു (2008-09-ലും 2009-10-ലും വയനാടിന്റെ കാര്യത്തിലൊഴികെ).

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.2.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

138) വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് വയനാട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

139) പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് 2015 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് അയച്ചതിന്റെ

പകർപ്പ് കൈവശമുണ്ടെന്നും പാലക്കാട് പോവർട്ടി അലിവിയേഷൻ യൂണിറ്റ് ഹെഡ്ക്ലർക്ക് മറുപടി നൽകി.

140) ഓഡിറ്റിനും ബന്ധപ്പെട്ട വകുപ്പിനും റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയ സമിതി റിപ്പോർട്ട് ആർക്കാണ് നൽകിയതെന്ന് ആരാഞ്ഞതിന് കഴിഞ്ഞ ദിവസം കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ മുഖാന്തിരം പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്ന് പാലക്കാട് പോവർട്ടി അലിവിയേഷൻ ഹെഡ്ക്ലർക്ക് വ്യക്തമാക്കി.

141) റിപ്പോർട്ട് നൽകിയത് എന്നാണെന്ന് സമിതി ആരാഞ്ഞതിന് ഒരാഴ്ച മുമ്പ് നൽകിയിട്ടുണ്ടെന്ന് പാലക്കാട് പോവർട്ടി അലിവിയേഷൻ യൂണിറ്റ് ഹെഡ്ക്ലർക്ക് ബോധിപ്പിച്ചു. എന്നാൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ അറിയിച്ചു.

142) 2014-ലെ ഓഡിറ്റ് പരാമർശത്തിന്മേൽ 2015-ൽ നൽകിയ മറുപടിയുടെ പകർപ്പാണ് ജോയിന്റ് ഡയറക്ടർക്ക് നൽകിയതെന്നും പ്രസ്തുത റിപ്പോർട്ടിന്മേലുള്ള മറുപടി പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലേയ്ക്ക് അയയ്ക്കുകയും ആയത് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുള്ളതാണെന്നും പാലക്കാട് പോവർട്ടി അലിവിയേഷൻ ഹെഡ്ക്ലർക്ക് വിശദീകരിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

143) സർക്കാരിൽ നിന്നുള്ള മറുപടി അംഗീകരിച്ച് വയനാട് ജില്ലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

144) പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ കൃത്യമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ലെന്ന് സമിതി

വിലയിരുത്തുന്നു. പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് എ.ജി. മുഖേന ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

അധികമായി ലഭിച്ച തുക തിരിച്ചടയ്ക്കാതിരിക്കൽ

വയനാട് ജില്ലയ്ക്ക് അർഹതപ്പെട്ട ₹6.46 കോടിക്കെതിരെ ഭാരതസർക്കാർ ₹17.86 കോടി അനുവദിച്ച (2011 ആഗസ്റ്റ്) 2012 മാർച്ചിൽ ജില്ലാകളക്ടർ തുക പിൻവലിച്ച് ബി.ആർ.ജി.എഫ്. അക്കൗണ്ടിൽ നിക്ഷേപിച്ചു. ഭാരതസർക്കാരിന്റെ നിർദ്ദേശപ്രകാരം അധികമായി ലഭിച്ച തുക സംസ്ഥാന സർക്കാർ തിരിച്ചടച്ചുവെങ്കിലും (2012 മേയ്) ജില്ലാ കളക്ടർ സംസ്ഥാന സർക്കാരിന് ആ തുക തിരിച്ച നൽകിയിട്ടില്ല (2013 ജൂൺ).

ഫണ്ട് അനുവദിക്കുന്നതിൽ സംസ്ഥാന സർക്കാരിനുണ്ടായ കാലതാമസം

സർക്കാർ ഫണ്ട് അനുവദിച്ച് 15 ദിവസത്തിനുള്ളിൽ സർക്കാർ അത് പി.ആർ.ഐ.കളുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റണമെന്ന് ബി.ആർ.ജി.എഫ്. മാർഗ്ഗരേഖകൾ അനുശാസിക്കുന്നു. ഇതിലുണ്ടാകുന്ന പരാജയം 2009 ജൂൺ 18 മുതൽ ആർ.ബി.ഐ. ബാങ്ക് നിരക്കിൽ പിഴപ്പലിശയ്ക്ക് കാരണമാകും. ജില്ലകൾക്ക് ഫണ്ട് കൈമാറുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് 71 ദിവസം വരെയുള്ള കാലതാമസം (18-25 ദിവസം: അഞ്ച് തവണകൾ, 26-50 ദിവസം: നാല് തവണകൾ, 51-71 ദിവസം : ഒരു തവണ) ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. ജില്ലകൾക്ക് ഫണ്ട് കൈമാറി നൽകുന്നതിലുണ്ടായ കാലതാമസത്തിന് സർക്കാർ നൽകേണ്ട പിഴപ്പലിശ ₹45.98 ലക്ഷം ആയി കണക്കാക്കപ്പെടുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡികകൾ 4.2.4.2, 4.2.4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145) പ്രത്യേക പരാമർശം കൂടാതെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

146) പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച് പ്രത്യേക പരാമർശമില്ല.

ഓഡിറ്റ് ഖണ്ഡിക

പദ്ധതികളുടെ നിരീക്ഷണവും വിലയിരുത്തലും

പദ്ധതിയുടെ കാര്യക്ഷമമായ നിരീക്ഷണത്തിനായി ഉറവിടത്തിൽ തന്നെ അവലോകനം, സോഷ്യൽ ഓഡിറ്റ്, വിജിലൻസ് എന്നിവ നടത്തുക, ഒരു ഗുണനിലവാര നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, പദ്ധതി വിശദാംശങ്ങൾ പൊതു പ്രദർശനം ചെയ്യുക മുതലായ വിവിധ കാര്യക്രമങ്ങൾ മാർഗ്ഗരേഖകളിൽ നിർദ്ദേശിക്കുന്നു. ജില്ലാതല അവലോകന സമിതി/എച്ച്.പി.സി. മീറ്റിംഗുകളിൽ ഇക്കാര്യങ്ങളെല്ലാം കൃത്യമായി ചർച്ച ചെയ്തിരുന്നെങ്കിലും, മേൽപ്പറഞ്ഞ യാതൊരു പ്രവർത്തനങ്ങളും ജില്ലകളിൽ നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.2.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

147) ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പാലക്കാട് എം.പി.യുടെ അദ്ധ്യക്ഷതയിൽ മൂന്നുമാസത്തിലൊരിക്കൽ നടത്തുന്ന ഡിസ്ട്രിക്ട് ഡവലപ്മെന്റ് കോ-ഓർഡിനേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി DISHA മീറ്റിംഗിലും ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്ന ഡിസ്ട്രിക്ട് ലെവൽ റിവ്യൂ കമ്മിറ്റി (ഡി.എൽ.ആർ.സി.) മീറ്റിംഗിലും പദ്ധതികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടെന്നും മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാത്തതുകൊണ്ടാണ് സോഷ്യൽ ഓഡിറ്റ് നടത്താത്തതെന്നും പാലക്കാട് പോവർട്ടി അലിവിയേഷൻ ഹെഡ്ക്ലർക്ക് മറുപടി നൽകി.

148) പ്രസ്തുത ഓഡിറ്റ് പരാമർശം സർക്കാർ അംഗീകരിച്ചതായാണ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. മോണിറ്ററിംഗ് കൃത്യമായി നടക്കുന്നുണ്ടെന്ന് സമിതിയംഗവും അഭിപ്രായപ്പെട്ടു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ മറുപടി എ.ജി.യ്ക്ക് നൽകാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

149) പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തി വിശദമായ മറുപടി എ.ജി. മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നിഗമനം

ബേസ്‌ലൈൻ സർവ്വേയുടെയും, ഗ്രാമസഭ-വാർഡ് സമിതികളുടെ പങ്കാളിത്ത ആസൂത്രണത്തിന്റെയും അഭാവത്തിൽ, രണ്ട് ജില്ലകളിലെയും ബി.ആർ.ജി.എഫ്. നടപ്പിലാക്കുന്നതിനുള്ള ആസൂത്രണ പ്രക്രിയയിൽ പോരായ്മകളുണ്ടായി. പി.ആർ.ഐ. കളിലെ ഉദ്യോഗസ്ഥർ /ജില്ലകളിലെ തെരഞ്ഞെടുത്ത പ്രതിനിധികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിൽ അശ്രദ്ധയുണ്ടായി. പദ്ധതി പരിപാലനത്തിൽ പോരായ്മകളുണ്ടായത് നടത്തിപ്പിലെ കാലതാമസത്തിന് ഇടയാക്കി. പ്രത്യേകിച്ചും, 72.65 ശതമാനം ജോലികളും തുടങ്ങാതിരിക്കുകയോ, പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലായിരിക്കുകയോ ചെയ്യുന്ന വയനാട്ടിൽ, കൂടാതെ ജില്ലകളിൽ കാര്യക്ഷമമായ നിരീക്ഷണമോ, വിലയിരുത്തലോ യഥാസ്ഥാനത്ത് ഉണ്ടായിരുന്നില്ല.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.2.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150) വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

151) സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ആമുഖം

ഗ്രാമവികസന മന്ത്രാലയത്തിന്റെ നീർത്തട വികസന പരിപാടി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഭരണസംബന്ധമായും സാമ്പത്തികമായും ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഭാരത സർക്കാർ സമാരംഭിച്ച (2003 ജനുവരി) നൂതന സംരംഭമാണ് ഹരിയാലി.[23] ഓരോ തുള്ളി മഴവെള്ളവും ജലസേചനം, തോട്ടങ്ങൾ, മത്സ്യബന്ധന വികസനം മുതലായവയ്ക്ക് വേണ്ടി സംഭരിച്ച് ഗ്രാമവാസികൾക്ക് സുസ്ഥിരമായ വരുമാനസ്രോതസ്സും കുടിവെള്ള വിതരണവും സൃഷ്ടിക്കുക എന്നതായിരുന്നു ഹരിയാലിയുടെ പ്രധാന ലക്ഷ്യം. പദ്ധതി നടത്തിപ്പിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 11:1 അനുപാതത്തിലായിരുന്നു.

ഗ്രാമവികസന മന്ത്രാലയത്തിന് കീഴിലുള്ള ഭൂവിഭവശേഷി വകുപ്പാണ് ഹരിയാലിയുടെ കീഴിലുള്ള പദ്ധതികൾ അംഗീകരിക്കുന്നത്. ഗ്രാമ വികസന കമ്മീഷണറും (സി.ആർ.ഡി.) ദാരിദ്ര്യ ലഘൂകരണ വിഭാഗവും (പി.എ.യു.) ആണ് യഥാക്രമം സംസ്ഥാന തലത്തിലെയും ജില്ലാതലത്തിലെയും നോഡൽ ഏജൻസികൾ. ഗ്രാമപഞ്ചായത്തുകളാണ് (ജി.പി.കൾ) പ്രവർത്തനതലത്തിലുള്ള നിർവ്വഹണ ഏജൻസികൾ നീർത്തടത്തിന്റെ വികസന രൂപരേഖ തയ്യാറാകുന്നതിനായി ജി.പി.കൾക്ക് അവശ്യം വേണ്ട സാങ്കേതിക മാർഗ്ഗരേഖ പദ്ധതി നിർവ്വഹണ ഏജൻസികളായ (പി.ഐ.എ.) ബ്ലോക്ക് പഞ്ചായത്തുകൾ (ബി.പി.കൾ) നൽകേണ്ടതുണ്ടായിരുന്നു. പദ്ധതി നിർവ്വഹണത്തിനും വിശദമായ കർമ്മ പദ്ധതി (ഡി.എ.പി.) തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി നീർത്തട വികസന ടീം (ഡബ്ല്യു.ഡി.റ്റി.) എന്നു പേരിട്ട വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായുള്ളവരുടെ ഒരു സംഘവും ഒരു സാങ്കേതിക സഹായ ഏജൻസിയും

23 2008 ഏപ്രിലിൽ, ഭാരത സർക്കാരിന്റെ നീർത്തട പദ്ധതികൾ സംയോജിത നീർത്തട പരിപാലന പദ്ധതി (ഐഡബ്ല്യൂഎംപി)യുടെ കീഴിൽ കൊണ്ടുവന്നു. ഹരിയാലി നടപ്പാക്കാത്ത ബ്ലോക്കുകളിൽ ഐഡബ്ല്യൂഎംപി നടത്തിവരുന്നു.

(ടി.എസ്.എ.) ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഉണ്ടായിരുന്നു. ഹരിയാലിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള ഏജൻസികളുടെ സംഘടനാ രൂപം താഴെപ്പറയുന്ന ചാർട്ടിൽ നൽകിയിരിക്കുന്നു.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഏജൻസികളുടെ സംഘടനാ രൂപം

ജി.പി.കൾ

- പ്രാദേശിക ആവശ്യങ്ങൾ അറിയുന്നതിനായി ഗ്രാമസഭകൾ വിളിച്ചു കൂട്ടുക
- പ്രവർത്തന തലത്തിൽ കാര്യ പരിപാടികൾ നടപ്പാക്കുക

↓

ബിപികൾ

- ഡബ്ല്യുഡിറ്റികളുടെ സഹായത്തോടെ ഡിഎപി തയ്യാറാക്കുക
- പിഐഎകളായി പ്രവർത്തിക്കുക
- 2010 മുതൽ പ്രവർത്തന തലത്തിൽ കാര്യപരിപാടികൾ നടപ്പാക്കുക

↓

പിഎയുകൾ

- പ്രോജക്റ്റ് ഉപക്ഷേപം തയ്യാറാക്കുക
- ഡി.എ.പി.കൾ അംഗീകരിക്കുക
- ജില്ലാതല നോഡൽ ഏജൻസിയായി പ്രവർത്തിക്കുക

↓

സിആർഡി

- പ്രോജക്റ്റ് ഉപക്ഷേപം കേന്ദ്ര സർക്കാരിന് സമർപ്പിക്കുക
- സംസ്ഥാന വിഹിതം നൽകുക
- സംസ്ഥാന തല നോഡൽ ഏജൻസിയായി പ്രവർത്തിക്കുക

2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെയുള്ള കാലയളവിൽ നടത്തിയ ഓഡിറ്റിൽ 2003 (പദ്ധതി തുടങ്ങിയ വർഷം) മുതൽ 2013 വരെയുള്ള കാലയളവ് ഉൾക്കൊള്ളിച്ചിരുന്നു. ഭാരത സർക്കാർ അംഗീകരിച്ച (2005 മുതൽ 2007 വരെ) 26 പദ്ധതികളിൽ 10 എണ്ണം[24] പ്രോബബിലിറ്റി പ്രൊപോർഷണൽ ടു സൈസ് വിത്തൗട്ട് റീപ്ലേസ്മെന്റ് (പിപിഎസ്ഡബ്ല്യൂആർ) എന്ന സ്റ്റാറ്റിസ്റ്റിക്കൽ സാമ്പ്ലിംഗ് രീതി ഉപയോഗിച്ച് തെരഞ്ഞെടുത്തു. സി.ആർ.ഡി., പി.എ.യു.കൾ, ബി.പി.ക.ൾ, ജി.പി.കൾ എന്നിവയിലെ രേഖകൾ പരിശോധിക്കൽ, ഉദ്യോഗസ്ഥരുമായുള്ള ചർച്ച, സ്ഥല പരിശോധന മുതലായവ ഓഡിറ്റ് പ്രവർത്തന സമ്പ്രദായത്തിൽ ഉൾപ്പെട്ടിരുന്നു.

ഹരിയാലിയുടെ കീഴിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ ഓഡിറ്റ് നടത്തി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചുവടെ കൊടുത്തിരിക്കുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

152) പ്രസ്തുത ഓഡിറ്റ് ഖണ്ഡിക പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു.

<u>നിഗമനങ്ങൾ /ശിപാർശകൾ</u>

153) പ്രസ്തുത ഓഡിറ്റ് ഖണ്ഡികയെ സംബന്ധിച്ച് പ്രത്യേക പരാമർശമില്ല.

24 അഞ്ചൽ, കൊട്ടാരക്കര, ചടയമംഗലം, മാടപ്പള്ളി (വെസ്റ്റ്), മാടപ്പള്ളി (ഈസ്റ്റ്), ളാലം, ഒല്ലൂക്കര, പഴയന്നൂർ, തിരൂരങ്ങാടി, ഏറനാട്

ഓഡിറ്റ് ഖണ്ഡിക

വിശദമായ കർമ്മ പദ്ധതി തയ്യാറാക്കിയതിലെ ന്യൂനതകൾ

ഹരിയാലിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ജി.പി.കൾ പ്രാധാന്യം നൽകേണ്ടിയിരുന്നത് മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്കും, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ വ്യാപകമായി പ്ലാന്റേഷൻ ജോലികൾ ഏറ്റെടുക്കുന്നതിനുമായിരുന്നു. പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന ജോലികളുടെ ഒരു പട്ടിക മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിരുന്നു. ഇവ താഴെക്കൊടുക്കുന്നു.

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയ്ക്ക് കീഴിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

i. കൃഷിയിടങ്ങളിലെ ചെലവുകുറഞ്ഞ കുളങ്ങൾ, നല്ല ബണ്ടുകൾ, തടയണകൾ, ഊറൽ ടാങ്കുകൾ, മറ്റ് ഭൂഗർഭജല വീണ്ടെടുക്കൽ നടപടികൾ എന്നിവ പോലുള്ള ചെറുകിട ജലസംഭരണ നിർമ്മാണങ്ങളുടെ വികസനം.

ii. ജലസ്രോതസ്സുകളുടെ നവീകരണവും വർദ്ധിപ്പിക്കലും കുടിവെള്ളം/ ജലസേചനം/മത്സ്യബന്ധനം എന്നിവയുടെ വികസനത്തിനായി ഗ്രാമത്തിലെ ടാങ്കുകളുടെ മണ്ണ് നീക്കൽ.

iii. ഗ്രാമത്തിലെ കുളങ്ങൾ/ടാങ്കുകൾ, കൃഷിയിടങ്ങളിലെ കുളങ്ങൾ മുതലായവയിലെ മത്സ്യബന്ധന വികസനം.

iv. ബ്ലോക്ക് പ്ലാന്റേഷനുകൾ, അഗ്രോ-ഫോറസ്ട്രിയുടെയും ഉദ്യാനപാലനത്തിന്റെയും വികസനം, ഷെൽറ്റർ ബെൽറ്റ് പ്ലാന്റേഷനുകൾ, മണൽ കുന്നുകൾ ഉറപ്പിക്കൽ മുതലായവ ഉൾപ്പെടുന്ന വനവൽക്കരണം.

v. പ്ലാന്റേഷനോടൊപ്പം അല്ലെങ്കിൽ അതുമാത്രമായി മേച്ചിൽ സ്ഥലങ്ങൾ വികസിപ്പിക്കുക.

vi. അതാതിടങ്ങളിലെ മണ്ണ്-ഈർപ്പ സംരക്ഷണത്തിനുതകുന്നവയായ, പ്ലാന്റേഷനിലൂടെ ശക്തിപ്പെടുത്തിയ കോണ്ടൂർ, ഗ്രേഡഡ് ബണ്ടുകൾ, മലമ്പ്രദേശങ്ങളിലെ ബഞ്ച് ടെറസിംഗ്, വൈക്കോൽ, തടി, വിറക്, ഹോർട്ടികൾച്ചർ, തടിയല്ലാത്ത മറ്റ് വന ഉൽപ്പന്ന വർഗ്ഗങ്ങൾ എന്നിവ നേഴ്സറിയിൽ വളർത്തുക, ഇവയെല്ലാം ഉൾപ്പെടുന്ന ഭൂവികസനം.

vii. പ്രകൃതിദത്ത എഞ്ചിനീയറിംഗ് നിർമ്മാണങ്ങൾ കൂടി ചേർന്ന് ഓടകളുടെ സംരക്ഷണം.

viii. മുമ്പ് നടത്തിയ പൊതുനിക്ഷേപങ്ങളിൽ നിന്ന് പരമാവധിയും നിലനിർത്താനാവുന്നതുമായ ഗുണങ്ങൾ ലഭിക്കുന്നതിനായി നീർത്തടങ്ങളിലെ നിലവിലുള്ള പൊതുവായ ആസ്തികളും കെട്ടിടങ്ങളും നേരെയാക്കുകയും പുന:സ്ഥാപിക്കുകയും പുതുക്കുകയും ചെയ്യുക.

ix. പുതിയ/വൈവിധ്യമുള്ള വിളകൾ, അല്ലെങ്കിൽ പുതിയ പരിപാലന രീതികൾ പ്രസിദ്ധപ്പെടുത്തുന്നതിനായി വിള പ്രദർശിപ്പിക്കുക.

x. വ്യവസ്ഥാനുരൂപമല്ലാത്ത ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ, ഊർജ്ജ സംരക്ഷണ നടപടികൾ, ബയോഫ്യൂവൽ പ്ലാന്റേഷനുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

പദ്ധതി ഉപക്ഷേപം തയ്യാറാക്കുമ്പോൾ പി.എ.യു.കളും, ഡി.എ.പി.കൾ തയ്യാറാക്കുമ്പോൾ ബി.പി.കളും മാർഗ്ഗരേഖകളുമായി പദ്ധതികൾ ഒത്തുപോകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതായിരുന്നു. തെരഞ്ഞെടുത്ത പത്ത് പദ്ധതികളെ സംബന്ധിച്ച് ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു:

- ഒരു പദ്ധതിയിൽ (ഉാലം) ഡി.എ.പി. തയ്യാറാക്കിയിരുന്നില്ല.
- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഡി.എ.പി.കൾ തയ്യാറാക്കുന്നതിൽ ഗ്രാമസഭ ഉൾപ്പെട്ടിരിക്കണം. എന്നാൽ, ലാക്ഷണിക പരിശോധന നടത്തിയ പി.ഐ.എ.കളിലൊന്നും തന്നെ തദ്ദേശവാസികൾ പ്രകടിപ്പിച്ച ആവശ്യങ്ങൾ

ഡി.എ.പി.കൾ തയ്യാറാക്കിയപ്പോൾ പരിഗണിച്ചിട്ടുണ്ട് എന്നുറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖാമൂലമുള്ള തെളിവുകൾ ലഭ്യമായിരുന്നില്ല.

- നാല്[25] പദ്ധതികളിലെ ഡി.എ.പി.കളുടെ പ്രവൃത്തികൾ മാത്രമേ മാർഗ്ഗ നിർദ്ദേശാനുസൃതമായി കാണപ്പെട്ടുള്ളൂ. ബാക്കിയുള്ള അഞ്ച് പദ്ധതികളിലെ ഡി.എ.പി.കളിൽ ഉൾക്കൊള്ളിച്ച പ്രവൃത്തികളായ പാർശ്വ സംരക്ഷണ ഭിത്തികൾ, മോട്ടോർ പമ്പ് ഷെഡ്ഡുകൾ, കുഴൽക്കിണറുകൾ, ട്രാക്ടർ റാംബുകൾ എന്നിവ നിർമ്മിക്കൽ, നീർച്ചാലുകളിലെ എക്കൽ മണ്ണ് മാറ്റൽ, പായൽ വാരൽ, തേനീച്ച വളർത്തൽ, കോഴി വളർത്തൽ മുതലായവ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെടുന്ന പ്രവൃത്തികളായിരുന്നില്ല. വകുപ്പ് യാതൊരു മറുപടിയും നൽകിയിട്ടില്ല.

- ജലലഭ്യത, എസ്.സി./എസ്.ടി. ജനസംഖ്യ, പൊതു-സ്വകാര്യ ഭൂമിയുടെ ലഭ്യത മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾ, പ്രവർത്തനതല പഠനവും സർവ്വേയും നടത്തി ശേഖരിച്ച്, ഡി.എ.പി.കൾ തയ്യാറാക്കുന്നതിൽ ഡബ്ല്യൂ.ഡി.റ്റി.കൾക്ക് ഒരു പ്രധാന പങ്കുണ്ട്. ചടയമംഗലം പദ്ധതി ഒഴികെയുള്ള ഒരു പദ്ധതിയുടെയും ഡി.എ.പി. തയ്യാറാക്കുന്ന വേളയിൽ ഡബ്ല്യൂ.ഡി.റ്റി.കൾ പ്രവർത്തനതല പഠനമോ സർവ്വേയോ നടത്തി എന്നുറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും ലഭ്യമായിരുന്നില്ല.

- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സർവ്വേകളുടെ ക്രമാംഗം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ, ഉടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ, തീരുമാനിച്ച പ്രവൃത്തികൾ, നടപ്പാക്കേണ്ട സ്ഥലം കാണിക്കുന്ന ഭൂപടം എന്നിവ ഡി.എ.പി.യിൽ അനിവാര്യമായും സൂചിപ്പിക്കേണ്ടതാണ്. ലാക്ഷണിക പരിശോധന നടത്തിയ പദ്ധതികളിലൊന്നിലും മേൽപ്പറഞ്ഞ വിശദാംശങ്ങൾ ഡി.എ.പി.കളിൽ ഉൾക്കൊള്ളിച്ചിരുന്നില്ല.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4 ഖണ്ഡിക 4.4.2)

---

25 ചടയമംഗലം, പഴയന്നൂർ, ഒല്ലൂക്കര, ഏറനാട്

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

154) ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 'CIRUS' എന്ന ഏജൻസി മുഖേനയാണ് ഡി.പി.ആർ. തയ്യാറാക്കിയതെന്നും ഓഡിറ്റിന്റെ പരിശോധനാവേളയിൽ രേഖകൾ ഹാജരാക്കാൻ സാധിക്കാതെ വന്നതാകാമെന്നും രേഖകൾ പരിശോധിച്ചതിൽ നിലവിൽ ഡി.പി.ആർ. തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

155) ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നിന്നും 'CIRUS' എന്ന ഏജൻസിയെ ഒഴിവാക്കുകയും 'CESS'-മായി കരാറിൽ ഏർപ്പെടുകയും ചെയ്തുവെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 'CIRUS' മുഖാന്തിരം ഡി.പി.ആർ. തയ്യാറാക്കുകയും പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും നിശ്ചിത സമയത്തിനുള്ളിൽ ഹരിയാലി പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെന്നും പ്രവൃത്തി പുരോഗമിക്കുന്ന കാലയളവിൽ ഓഡിറ്റ് നടന്നതുകൊണ്ടാണ് പൂർത്തീകരിക്കാത്ത സ്ഥിതി വന്നതായി മനസ്സിലാക്കുന്നതെന്നും എന്നാൽ പ്രസ്തുത പ്രവൃത്തികൾ കാര്യക്ഷമമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

156) തദ്ദേശവാസികളുടെ അഭിപ്രായം പരിഗണിച്ചാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയതെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന്റെ പരിശോധനയിൽ ഹാജരാക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ഗ്രാമസഭ കൂടിയതിന്റെ മിനിട്ട്സ് ഫയലിലുണ്ടെന്നും ഓഡിറ്റ് പരിശോധന വേളയിൽ രേഖകൾ ഹാജരാക്കാൻ

സാധിക്കാത്തതുകൊണ്ടാകാം പരാമർശത്തിനിടയായതെന്നും ഓലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

157) വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുന്ന വേളയിൽ നീർത്തട വികസന സമിതി പഠനവും സർവ്വേയും നടത്താത്തതിലും അഞ്ചൽ, കൊട്ടാരക്കര, മാടപ്പള്ളി (വെസ്റ്റ്, ഈസ്റ്റ്), തിരുരങ്ങാടി പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതികളിലെ ആക്ഷൻ പ്ലാനുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേലും എന്ത് മറുപടിയാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തെയാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി തെരഞ്ഞെടുത്തതെന്നും അതിന് മുന്നോടിയായി ഗ്രാമസഭകളും വാട്ടർഷെഡ് കമ്മിറ്റികളും യോഗം ചേർന്നതിന്റെ മിനിട്ട്സുകൾ ഓഫീസിൽ ലഭ്യമാണെന്നും പ്രസ്തുത രേഖകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കാൻ സാധിക്കാത്തതുകൊണ്ടാകാം പരാമർശത്തിനിടയാക്കിയതെന്നും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഹെഡ്ക്ലർക്ക് മറുപടി നൽകി.

158) പദ്ധതിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. 'CIRUS'-ഉം മണ്ണ് സംരക്ഷണ വകുപ്പും ചേർന്നാണ് തയ്യാറാക്കിയതെന്നും ആവശ്യമായ രേഖകളെല്ലാം ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഗ്രാമസഭയും വാട്ടർ ഡവലപ്മെന്റ് കമ്മിറ്റികളുമായി ആവശ്യമായ ചർച്ചകൾ നടത്തിയതിനു ശേഷമാണ് പ്രവൃത്തികൾ ഏറ്റെടുത്തതെന്നും തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

159) പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് നൽകണമെന്ന് സമിതി നിർദ്ദേശിച്ചതിന് റിപ്പോർട്ട് നൽകാമെന്ന് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

160) പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളെല്ലാം ലഭ്യമാണെന്നും ടി പദ്ധതിയുമായി ബന്ധപ്പെട്ട

ഡി.പി.ആർ. തയ്യാറാക്കിയത് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് (എസ്.ഐ.ആർ.ഡി.) എന്ന സ്ഥാപനമാണെന്നും ഗ്രാമസഭ കൂടിയതിന്റെ മിനിട്ട്സ്, നോട്ടീസ് ഉൾപ്പെടെയുള്ള രേഖകളെല്ലാം ഓഫീസിൽ ലഭ്യമാണെന്നും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

നിഗമനങ്ങൾ/ശിപാർശകൾ

161) ളാലം, മാടപ്പള്ളി (വെസ്റ്റ്, ഈസ്റ്റ്), തിരുരങ്ങാടി, അഞ്ചൽ, കൊട്ടാരക്കര എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ഹരിയാലി പദ്ധതിയുടെ കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദമായ റിപ്പോർട്ട് എ. ജി. മുഖേന ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

പദ്ധതി പ്രവൃത്തികളുടെ നിർവ്വഹണം

പദ്ധതിയുടെ വ്യാപ്തിക്ക് പുറത്തുള്ള പ്രവൃത്തികളുടെ നടത്തിപ്പ്

മാർഗ്ഗനിർദ്ദേശങ്ങൾ പ്രധാനമായും ലക്ഷ്യമിട്ടത് ജലസംരക്ഷണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ്. മഴവെള്ള സംഭരണത്തിനുതകുന്ന പ്രവൃത്തികളുടെ നടത്തിപ്പിൽ പി.ഐ.എ.കൾക്കുള്ള താൽപ്പര്യക്കുറവ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തന്മൂലം, ഒമ്പത് പദ്ധതികളിൽ നടപ്പാക്കിയ പ്രവൃത്തികളുടെ മൊത്ത ചെലവിന്റെ 39 മുതൽ 87 ശതമാനം വരെ തുക പദ്ധതിയേതര പ്രവൃത്തികൾക്കായിട്ടാണ് ചെലവാക്കിയത്. ലാക്ഷണിക പരിശോധന നടത്തിയ പത്ത് പദ്ധതികളിൽ മൊത്തം ചെലവും (ഭരണനിർവ്വഹണ ചെലവും പരിശീലന-അവബോധ ചെലവുകളും ഒഴിവാക്കിയുള്ളവ) അതിനെതിരെയുള്ള മഴവെള്ള സംഭരണവുമായി ബന്ധമൊന്നുമില്ലാത്ത പ്രവൃത്തികളുടെ ചെലവും ചുവടെ നൽകിയിരിക്കുന്നു.

മൊത്തം ചെലവിനെതിരെ ഹരിയാലിയുമായി ബന്ധമില്ലാത്ത പ്രവൃത്തികളുടെ ചെലവ്

(₹ ലക്ഷത്തിൽ)



* കൊല്ലം ജില്ലയിലെ ചടയമംഗലം പദ്ധതിയിൽ, പദ്ധതിയിന്മേലുള്ള ചെലവുകൾ ഡി.എ.പി.ക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരുന്നു.

ഡി.എ.പി.കളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും സാരാംശം താഴെ കൊടുത്തിരിക്കുന്നു.

ഡി.എ.പി.കളുടെ വിശകലനവും നടപ്പിലാക്കിയ പ്രവൃത്തികളും

പദ്ധതിയുടെ പേര്	മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് ഡി.എ.പി.കളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ	ഡി.എ.പി.കളും മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ച് നടപ്പാക്കിയ പ്രവൃത്തികൾ
അഞ്ചൽ	നീർച്ചാലുകൾക്ക് പാർശ്വ സംരക്ഷണ ഭിത്തി നിർമ്മിക്കുക, നീർച്ചാലുകൾ വൃത്തിയാക്കുകയും ആഴംകൂട്ടുകയും ചെയ്യുക, കുഴൽ കിണറുകൾ നിർമ്മിക്കുക	റോഡുകൾക്കും സ്വകാര്യ വസ്തുക്കൾക്കും പാർശ്വസംരക്ഷണ ഭിത്തികൾ നിർമ്മിക്കുക, നീർച്ചാലുകളുടെ കരയിലുള്ള സ്വകാര്യ സ്ഥലങ്ങൾക്ക് പാർശ്വ സംരക്ഷണ ഭിത്തി കെട്ടുക, ആട് വളർത്തൽ യൂണിറ്റുകൾ, തെങ്ങിന്റെ സെൻട്രിപെറ്റൽ ടെറസിംഗ്, പച്ചക്കറി കൃഷി, കലുങ്കിന്റെയും കല്ല് കൊണ്ടുള്ള ബണ്ടിന്റെയും നിർമ്മാണം, വഴിയുടെ സംരക്ഷണ ജോലികൾ

കൊട്ടാരക്കര	ഡ്രെയിനേജ് കനാലുകളിലെ മണ്ണ് മാറ്റൽ, നീർച്ചാലുകളുടെ പാർശ്വ സംരക്ഷണ ജോലികൾ	നീർച്ചാലുകളുടെ പാർശ്വ സംരക്ഷണ ഭിത്തി നിർമ്മാണം, മണ്ണ് മാറ്റൽ, സ്വകാര്യ വസ്തുവിൽ കല്ല് കൊണ്ടുള്ളതും മണ്ണ് കൊണ്ടുള്ളതുമായ അതിരുകൾ, ഫീൽഡ് ബണ്ട്
ചടയമംഗലം	മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതം	മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതം
മാടപ്പള്ളി (വെസ്റ്റ്)	നെൽപ്പാടങ്ങൾക്ക് സംരക്ഷണ ബണ്ടുകൾ നിർമ്മിക്കുക, നീർച്ചാലുകൾ ആഴം കൂട്ടൽ, പായൽ വാരൽ, നീർച്ചാലുകളുടെ പാർശ്വ സംരക്ഷണം, മോട്ടോർ പമ്പ് ഷെഡ് നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ, ട്രാക്ടർ ബണ്ട്, ഡ്രെയിനേജ് കനാൽ മുതലായവ	നെൽപ്പാടങ്ങൾക്ക് സംരക്ഷണ ബണ്ടുകൾ നിർമ്മാണം, നീർച്ചാലുകളുടെ മണ്ണ് മാറ്റൽ, ആഴംകൂട്ടൽ, പായൽ വാരൽ, പുതുക്കൽ, നീർച്ചാലുകൾക്ക് പാർശ്വസംരക്ഷണ ഭിത്തികെട്ടൽ, മോട്ടോർ പമ്പ് ഷെഡ് നിർമ്മാണം, പച്ചക്കറികൃഷി
മാടപ്പള്ളി (ഈസ്റ്റ്)	നെൽപ്പാടങ്ങൾക്ക് സംരക്ഷണ ബണ്ടുകൾ നിർമ്മിക്കുക, നീർച്ചാലുകളിൽ മണ്ണ് മാറ്റുക, ആഴംകൂട്ടുക, പായൽ വാരുക, നീർച്ചാലുകൾക്ക് പാർശ്വ സംരക്ഷണ ഭിത്തി കെട്ടുക, മോട്ടോർ പമ്പ് ഷെഡ് നിർമ്മാണം, തേനീച്ച വളർത്തൽ, കോഴി വളർത്തൽ മുതലായവ	നെൽപ്പാടങ്ങൾക്ക് സംരക്ഷണ ബണ്ടുകൾ കെട്ടുക, നീർച്ചാലുകൾ ആഴംകൂട്ടുകയും, പായൽ വാരുകയും ചെയ്യുക, കുഴൽക്കിണർ നിർമ്മാണം, നീർച്ചാലുകൾക്ക് പാർശ്വ സംരക്ഷണ ഭിത്തി, മോട്ടോർ പമ്പ് ഷെഡ് നിർമ്മാണം, കന്നുകാലി-ആട് വളർത്തൽ, ബയോഗ്യാസ് പ്ലാന്റ്, തേനീച്ച വളർത്തൽ, വാഴപ്പഴ കൃഷി, കലുങ്ക് നിർമ്മാണം, സംസ്കരണ യൂണിറ്റ്
ഉാലം	ഡി.എ.പി. തയ്യാറാക്കിയിരുന്നില്ല	നീർച്ചാലുകൾക്കും റോഡുകൾക്കും പാർശ്വ സംരക്ഷണ ഭിത്തി നിർമ്മാണം, നീർച്ചാലുകളിലെ മണ്ണ് മാറ്റൽ, നെൽപ്പാടങ്ങൾക്ക് കനാൽ നിർമ്മാണം, സ്വകാര്യ വസ്തുവിന് മണ്ണ് കൊണ്ടുള്ള ബണ്ട് നിർമ്മാണം
ഒല്ലൂക്കര	മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതം	സ്വകാര്യ വസ്തുവിന് പാർശ്വ സംരക്ഷണം, കലുങ്ക് നിർമ്മാണം, കൃഷി സംബന്ധമായ പ്രവൃത്തികൾ, ബയോഗ്യാസ് പ്ലാന്റുകൾ, തേനീച്ച വളർത്തൽ, കോഴിവളർത്തൽ,

		ജാതിക്ക-ഇഞ്ചികൃഷി, വളം വിതരണം, കവുങ്ങ് നിർമ്മാണം, വെർമി കമ്പോസ്റ്റ്, പഴം-പച്ചക്കറി തെങ്ങ് കൃഷി
പഴയന്നൂർ	മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതം	കനാലുകളിലെ മണ്ണ് മാറ്റൽ, നീർച്ചാലുകൾ/ റോഡുകൾക്ക് പാർശ്വ സംരക്ഷണം, ഉദ്യാനകൃഷി, ചിർപ്പ് റിപ്പയർ, കനാൽ പുനരുദ്ധാരണം
തിരുരങ്ങാടി	ട്രാക്ടർ റിഡ്ജുകളും റാമ്പുകളും വഴി കൃഷിയിടവുമായി ബന്ധപ്പെടുക, നീർച്ചാലുകൾ വിതികൂട്ടുക, ആഴം കൂട്ടുക, പായൽ മാറ്റുക, നീർത്തടത്തിന്റെ കരകൾ ശക്തിപ്പെടുത്തുക, കനാൽ റിപ്പയർ മുതലായവ	കനാൽ നിർമ്മാണം, നീർച്ചാലുകൾക്ക് പാർശ്വ സംരക്ഷണവും, ട്രാക്ടർ സ്ലാബ് നിർമ്മാണവും, നെൽപ്പാടങ്ങൾക്ക് പാർശ്വസംരക്ഷണ ജോലികൾ, ലിഫ്റ്റ് ഇറിഗേഷൻ നവീകരണ ജോലികൾ
ഏറനാട്	മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതം	നീർച്ചാലുകൾക്ക് പാർശ്വസംരക്ഷണം, കനാലുകളും നീർച്ചാലുകളും പുനരുദ്ധരിക്കൽ, നെൽപ്പാടങ്ങൾക്ക് പാർശ്വ സംരക്ഷണം, നീർച്ചാൽ നിർമ്മാണം

നെൽവയലുകൾ/നീർചാലുകൾ എന്നിവയുടെ സംരക്ഷണ ഭിത്തി നിർമ്മാണം, നീർചാലുകളുടെ ആഴംകൂട്ടൽ, എക്കൽ മണ്ണ് മാറ്റൽ, പായൽ വാരൽ എന്നിങ്ങനെ പി.ഐ.യു.കൾ ഏറ്റെടുത്ത ചില പ്രവൃത്തികൾക്ക് സാമൂഹികമായി ഉപയോഗപ്രദമായതും അഭികാമ്യവുമായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കുകയും, അർത്ഥവത്തായ സാമൂഹ്യ പൊതു ആസ്തികൾ സൃഷ്ടിക്കുകയും ചെയ്തിരിക്കാം. എന്നാൽ, ഇവയെല്ലാം ഹരിയാലിയുടെ പരിധിയിൽ ഉൾപ്പെടാത്തതും, ജലസംഭരണം, ജലസംരക്ഷണം എന്നിവയ്ക്ക് ഉതകുന്നതുമായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ, ഈ പ്രവൃത്തികൾ, സർക്കാരിന്റെ/ പഞ്ചായത്തുകളുടെ മറ്റു പദ്ധതികളിൻ കീഴിൽ നടപ്പിലാക്കാവുന്നതായിരുന്നു.

ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പത്ത് പദ്ധതികളുടെ കീഴിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശകലനത്തിൽ നിന്നും താഴെ പറയുന്നവ വ്യക്തമായി:

- നാല് പദ്ധതികളുടെ ഡി.എ.പി.കളിലെ പ്രവൃത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിരുന്നെങ്കിലും ഒരു പദ്ധതിയിൽ (പടയമംഗലം പദ്ധതി) മാത്രമേ അവയുടെ നിർവ്വഹണം ഡി.എ.പി. മാർഗ്ഗനിർദ്ദേശ പ്രകാരം ആയിരുന്നുള്ളൂ. ബാക്കിയുള്ള മൂന്നു പദ്ധതികളിൽ (ഒല്ലൂക്കര, പഴയന്നൂർ, ഏറനാട്) നടപ്പാക്കിയ ഭൂരിപക്ഷം പ്രവൃത്തികളും ഡി.എ.പി.യിൽ നിന്നും വ്യതിചലിച്ചിട്ടുള്ളതും മഴവെള്ളം സംഭരിക്കുന്നതിനോ മണ്ണു സംരക്ഷണത്തിനോ പര്യാപ്തവുമല്ലായിരുന്നു.

- അഞ്ചൽ ബി.പി. ₹51.80 ലക്ഷം (ഡി.എ.പി.യിൽ ഉൾപ്പെടുത്തിയിരുന്ന തുലോം തുച്ഛമായ ₹1.32 ലക്ഷത്തിന്റെ ആദ്യ അടങ്കലിനെതിരെ) ചെലവിട്ട് (2012 ഡിസംബർ) 500 മീറ്റർ വരെ നീളമുള്ള പാർശ്വ സംരക്ഷണ ഭിത്തികൾ റോഡിനും/സ്വകാര്യ ഭൂമിക്കുമായി കെട്ടി. ജോലിയുടെ തോതിലും നിരക്കിലുമുണ്ടായ വലിയ വർദ്ധനവാണ് അധികചെലവിനിടയാക്കിയത്. 2007 ജൂലൈയിൽ സർക്കാർ പുറത്തിറക്കിയ സർക്കുലർ പ്രകാരം റോഡുകൾക്ക് പാർശ്വ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നത്, മണ്ണ്-ജല സംരക്ഷണ ജോലികളുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല. കൂടാതെ, പുതുക്കിയ അടങ്കലിന് സി.ആർ.ഡി. തലത്തിലുള്ള സാങ്കേതിക സമിതിയുടെ അനുമതി നേടണമെന്ന സി.ആർ.ഡി.യുടെ നിർദ്ദേശം ബി.പി. പാലിച്ചിട്ടില്ല.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4 ഖണ്ഡികകൾ 4.4.3, 4.4.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

162) ഹരിയാലി പദ്ധതിയുമായി ബന്ധപ്പെട്ട് ഒല്ലൂക്കര, പഴയന്നൂർ, ഏറനാട് ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കിയ ഭൂരിപക്ഷം പ്രവൃത്തികളും ഡി.എ.പി. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചിട്ടുള്ളതും മഴവെള്ളം സംഭരിക്കുന്നതിനും

മണ്ണ് സംരക്ഷണത്തിനും പര്യാപ്തമല്ലാത്തതുമായിരുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ ഹരിയാലി പദ്ധതിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.ടി.സി.), മുണ്ടൂർ, പാലക്കാടിന്റെ സാങ്കേതിക സഹായത്തോടെയാണ് തയ്യാറാക്കിയതെന്നും ടി മേഖലയിലെ പ്രധാന പ്രശ്നങ്ങളായ മണ്ണ് സംരക്ഷണവും മണ്ണൊലിപ്പും തടയുന്ന പ്രവൃത്തികളും മഴവെള്ള സംഭരണത്തിനുതകുന്ന ചെക്ക് ഡാം, ഗള്ളി പ്ലഗ്ഗിംഗ്, കയ്യാല കെട്ട്, തട്ടുതിരിക്കൽ എന്നീ പദ്ധതികളുമാണ് പ്രധാനമായും നടപ്പിലാക്കിയതെന്നും വിശദമായ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പ്രസ്തുത പ്രവർത്തനങ്ങൾക്കുവേണ്ടി 45 ലക്ഷം രൂപയും മഴവെള്ള സംഭരണത്തിനായി ചെക്ക് ഡാം, വി.സി.ബി. (വെന്റഡ് ക്ലോസ് ബാർ), മഴക്കുഴി എന്നിവ നിർമ്മിക്കുന്നതിനായി 11.36 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ടെന്നും അതിനോടൊപ്പം പ്രദേശത്തെ ജനങ്ങൾക്ക് സുസ്ഥിര വരുമാനദായകമായ പ്രവൃത്തി ഏറ്റെടുക്കണമെന്ന് മാർഗ്ഗനിർദ്ദേശത്തിൽ പ്രതിപാദിച്ചതിന്റെ ഭാഗമായാണ് തെങ്ങ്, ജാതി, തീറ്റപ്പുൽ, പച്ചക്കറി, വാഴ എന്നീ കൃഷിരീതികൾ കൂടി ഇതിൽ ഉൾപ്പെടുത്തിയിരുന്നതെന്നും കൂടാതെ തോട് സംരക്ഷണത്തിനും കൃഷി ആവശ്യങ്ങൾക്കായുള്ള ചാൽ എന്നിവയുടെ നിർമ്മാണത്തിനുമായി 5 ലക്ഷം രൂപയും ബയോഗ്യാസ് പ്ലാന്റ്, തേനീച്ച വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവയ്ക്ക് ആദ്യഘട്ടത്തിൽ രണ്ട് ലക്ഷം രൂപയുമാണ് ചെലവഴിച്ചതെന്നും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

163) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിൽ കോഴി വളർത്തൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ഇല്ലെന്നും മണ്ണ്, മഴവെള്ള സംരക്ഷണത്തിനോടൊപ്പം പദ്ധതി പ്രദേശത്തെ കർഷകരുടെ വരുമാനം ഉറപ്പുവരുത്തുന്നതിന് ആദായകരമായ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് മാർഗ്ഗനിർദ്ദേശത്തിൽ നിഷ്കർഷിച്ചതിനാലാണ് കോഴി വളർത്തലിനും ഫലവൃക്ഷ കൃഷിയുടെ ഭാഗമായി തേനീച്ച കൃഷിക്കും പദ്ധതി തുക ചെലവഴിച്ചതെന്നും അന്ന്

എൽ.പി.ജി. ഗ്യാസ് സുലഭമല്ലാതിരുന്ന കാലഘട്ടത്തിൽ വനനശീകരണം തടയുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ബയോഗ്യാസ് പ്ലാന്റ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയതെന്നും ക്ഷീരകർഷകന്റെ വീടുകളിൽ വിറക് ഉപയോഗിക്കാതെ പശുവിന്റെ ചാണകം ഉപയോഗിച്ചുകൊണ്ട് പാചകാവശ്യത്തിനുള്ള ഗ്യാസ് ഉത്പാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് നടപ്പിലാക്കിയതെന്നും അതുവഴി നിരവധി മരങ്ങൾ സംരക്ഷിക്കുവാൻ സാധിച്ചതായി കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നും ഒല്ലൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

164) പദ്ധതിയുടെ മാർഗ്ഗരേഖയിൽ കോഴി വളർത്തൽ പദ്ധതി ഉൾപ്പെട്ടിട്ടില്ലെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വ്യക്തമാക്കിയതിന് വരുമാനദായക പദ്ധതി ഏറ്റെടുക്കാമെന്ന നിബന്ധന പ്രകാരമാണ് കോഴി വളർത്തൽ പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുള്ളതെന്ന് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

165) മാർഗ്ഗനിർദ്ദേശത്തിൽ വരുമാനദായക പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഇത് അംഗീകരിക്കേണ്ടിവരുമെന്ന് സമിതി വിലയിരുത്തിയപ്പോൾ മാർഗ്ഗരേഖയിൽ വരുമാനദായകമായ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ലെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അറിയിച്ചു.

166) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി കിട്ടിയവർ ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന) ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിയിലെ ജലസേചന പ്രവൃത്തികൾ, സംയോജിത കൃഷി, പുരയിടങ്ങളിലെ നീർചാൽ പുനരുദ്ധാരണം, വൃക്ഷവിളകൃഷി, പഴവർഗ്ഗ കൃഷി, പച്ചക്കറി കൃഷി, ഇടവിള കൃഷി, ആവരണവിള, വിള പരിക്രമം എന്നിവയാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നതെന്ന് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

167) ഇതെല്ലാം വരുമാനദായക പ്രവൃത്തികളിൽ ഉൾപ്പെട്ടവയാണെന്ന് സമിതി നിരീക്ഷിച്ചപ്പോൾ ഇതിനെ വരുമാനദായകമെന്നല്ല പറയുന്നതെന്നും ബ്ലോക്ക് പ്ലാന്റേഷൻ, അഗ്രോ ഫോറസ്ട്രി, ഹോർട്ടികൾച്ചർ ഡെവലപ്മെന്റ്. ഷെൽറ്റർ ബെൽറ്റ് പ്ലാന്റേഷൻ, സാൻഡ് ഡ്യൂൺ സ്റ്റെബിലൈസേഷൻ തുടങ്ങിയവ ഉൾപ്പെടെയുള്ള വനവൽക്കരണം എന്നാണ് മാർഗ്ഗരേഖയിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതെന്നും കോഴിവളർത്തൽ ഇതിൽ ഉൾപ്പെട്ടിട്ടില്ലെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വ്യക്തത വരുത്തി.

168) മാർഗ്ഗരേഖയിലില്ലാത്ത വരുമാനദായക പ്രവൃത്തി എങ്ങനെയാണ് ഉൾപ്പെട്ടതെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് 13 വർഷം മുമ്പ് ചെയ്ത പ്രവൃത്തിയാണിതെന്നും ഉപജീവന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയാണ് ഇത് ചെയ്തതെന്നും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

169) അഗ്രികൾച്ചർ യൂണിവേഴ്സിറ്റി തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും കനാലുകളുടെ മണ്ണ് മാറ്റൽ, നീർച്ചാലുകളുടെ പാർശ്വഭിത്തി സംരക്ഷണം, ചീർപ്പ് റിപ്പയർ, കനാലിന്റെ പുനരുദ്ധാരണം എന്നിവയാണ് പദ്ധതിമാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ജോലികളെന്നും പ്രസ്തുത പ്രവൃത്തികൾ പ്രദേശത്ത് ഉപയോഗപ്രദമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും ആയതിനാൽ പരാമർശം ഒഴിവാക്കണമെന്നും പദ്ധതിയ്ക്കുവേണ്ടി അനുവദിച്ച തുകയുടെ 88 ശതമാനവും ചെലവഴിക്കുകയും ബാക്കി തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

170) ഏറനാട് ബ്ലോക്ക് പഞ്ചായത്ത് രണ്ട് ബ്ലോക്കായാണ് പ്രവൃത്തി ചെയ്തിരുന്നതെന്നും അതിന്റെ റിപ്പോർട്ട് സി.ആർ.ഡി.യുടെ മെയിലിൽ അയച്ചിരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ അറിയിച്ചപ്പോൾ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിരുന്നതെന്ന് സമിതി ആരാഞ്ഞു. ഡി.പി.ആർ.

പ്രകാരമുള്ള പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും സെന്റർ ഫോർ ഇന്റഗ്രേറ്റഡ് റൂറൽ ആൻഡ് അർബൻ സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനം തയ്യാറാക്കിയ പ്രാഥമികമായ ഡി.പി.ആർ. പ്രകാരമാണ് മലപ്പുറം ജില്ലയിൽ ഹരിയാലി-ഏറനാട്, ഹരിയാലി-തിരൂരങ്ങാടി എന്നീ രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയതെന്നും പിന്നീട് ഡി.പി.ആർ. കൃഷി വകുപ്പിന്റെ മലപ്പുറം മണ്ണ് സംരക്ഷണ യൂണിറ്റ് പരിഷ്കരിച്ചുവെന്നും ഇത് രണ്ടും സർക്കാർ ഏജൻസികളാണ് നടത്തിയതെന്നും ഗ്രാമ-ബ്ലോക്ക്-പഞ്ചായത്ത് തലങ്ങളിലും എസ്.എച്ച്.ജി. (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്)കളുമായും വ്യാപകമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്നും സാങ്കേതിക പരിജ്ഞാനമുള്ള സർക്കാർ ഏജൻസികൾ മുഖേനയാണ് ഡി.പി.കൾ തയ്യാറാക്കിയതെന്നും പരാമർശം അനുസരിച്ചുള്ള പുനഃപരിശോധന നടത്തി ആവശ്യമായ മുഴുവൻ പരിഷ്കരണവും പദ്ധതിയിൽ വരുത്തുകയും എല്ലാ സൂക്ഷ്മ വാട്ടർഷെഡ് മാപ്പുകളിലും പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും സർവ്വേ നമ്പരും ഉടമസ്ഥരുടെ പേരും തത്സമയം ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെന്നും ആയത് മനഃപൂർവ്വമല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ (ജോയിന്റ് ഡയറക്ടർ) മറുപടി നൽകി. വകുപ്പിന്റെ വിശദീകരണം അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

171) 51.8 ലക്ഷം രൂപ ചെലവഴിച്ച് 500 മീറ്റർ വരെ നീളമുള്ള പാർശ്വസംരക്ഷണ ഭിത്തികൾ റോഡിനും സ്വകാര്യ ഭൂമികളുമായി കെട്ടിയെന്നാണ് പറയുന്നതെന്നും സ്വകാര്യഭൂമിയിൽ പാർശ്വഭിത്തി നിർമ്മിച്ചതിന്റെ വിശദീകരണമെന്താണെന്നും സമിതി ആരാഞ്ഞതിന് മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്ത് കമ്മിറ്റിയും പ്രാദേശിക സഭകളും ചേർന്ന് നീർത്തടമൊഴുകുന്ന വഴിയനുസരിച്ച് നിർമ്മിച്ചതാണ് പാർശ്വഭിത്തിയെന്നും അത് ഇപ്പോഴും അവിടെ നിലനിൽക്കുന്നുണ്ടെന്നും അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

172) നീർത്തടങ്ങളിൽ നിന്നും ഒഴുകിവരുന്ന വെള്ളം റോഡ് തകർക്കുന്നതിനാലാവണം പാർശ്വഭിത്തി നിർമ്മിച്ചതെന്ന് സമിതി അഭിപ്രായപ്പെട്ടതിന് ഹരിയാലി നീർത്തട പദ്ധതിയായതിനാൽ ഇതിനായി അനുവദിക്കുന്ന തുക റോഡ് സംരക്ഷണത്തിന് വിനിയോഗിക്കാൻ പാടില്ലെന്ന് മാർഗ്ഗരേഖകളിൽ പറയുന്നുണ്ടെന്നും റോഡ് സംരക്ഷണത്തിന് മറ്റ് ഫണ്ടുകളുണ്ടെന്നും ഈ പദ്ധതി പ്രകാരം എല്ലാ സ്ഥലങ്ങളിലും പാർശ്വഭിത്തി വരുന്നുണ്ടെന്ന് മനസിലാക്കിയാണ് റോഡ് സംരക്ഷണത്തിനുവേണ്ടി ഇതിനെ വിലക്കിയിരിക്കുന്നതെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വ്യക്തമാക്കി.

173) 51.80 ലക്ഷം രൂപ ചെലവഴിച്ചതിൽ 1.32 ലക്ഷം രൂപ മാത്രമാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചതെന്ന് വിലയിരുത്തിയ സമിതി ഇത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് തുടർന്ന് ആരാഞ്ഞു. പഞ്ചായത്ത് ഭരണ സമിതി വിശദമായ സർവ്വേ നടത്തി, കേരള കാർഷിക സർവ്വകലാശാലയുടെ സദാനന്ദപുരം മണ്ണ് സംരക്ഷണ യൂണിറ്റ് ഡി.പി.ആർ. തയ്യാറാക്കിയ പദ്ധതിയാണിതെന്നും തെന്മല മുതൽ ഇടമുളയ്ക്കൽ പഞ്ചായത്തുവരെയുള്ള നീർത്തടം ഇതിൽ ഉൾപ്പെടുന്നതിനാൽ പഞ്ചായത്തും ഗ്രാമസഭയും ഇടപെട്ടാണ് പ്രവർത്തനങ്ങൾ നടത്തിയതെന്നും അവിടെ പാർശ്വഭിത്തി കെട്ടിയാൽമാത്രമേ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടക്കുകയുള്ളുവെന്നും അല്ലെങ്കിൽ ചെയ്ത പ്രവൃത്തി പാഴായിപ്പോകുന്ന സ്ഥിതിയായതിനാലാണ് പഞ്ചായത്ത് കമ്മിറ്റി ഈ തീരുമാനമെടുത്തതെന്നും ചെക്ക് ഡാം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടെന്നും വളരെ പ്രശ്നങ്ങളുള്ള കുളത്തുപ്പുഴ മേഖലയും ഉൾപ്പെട്ടതാണ് പദ്ധതി പ്രദേശം എന്നും അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഈ വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സർക്കാർ വകുപ്പ് മുഖേന ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

174) ആട് വളർത്തൽ, തേനീച്ച വളർത്തൽ തുടങ്ങിയ പ്രവൃത്തികൾ ഹരിയാലി പദ്ധതിയിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് നീർത്തടത്തിൽ താമസിക്കുന്നവർക്കൊരു വരുമാനമാർഗ്ഗമെന്ന നിലയിൽ ചെയ്തതാണെന്ന് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഒരേ സ്ഥാപനമാണോ ഡി.പി.ആർ. തയ്യാറാക്കിയതെന്ന് സമിതി ആരാഞ്ഞതിന് അല്ലെന്ന് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

175) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിപരീതമായി സർക്കുലറുകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകിയത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് ക്ഷീരകർഷകർക്ക് ബയോഗ്യാസ് പ്ലാന്റ് സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കുലറാണതെന്ന് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ചീഫ് രജിസ്ട്രാർ (ജോയിന്റ് ഡയറക്ടർ) വിശദീകരിച്ചു.

176) പ്രസ്തുത സർക്കുലറിന് ഹരിയാലി പദ്ധതിയുമായി എന്ത് ബന്ധമാണുള്ളതെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആരാഞ്ഞതിന് അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാമെന്ന് തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ (ജോയിന്റ് ഡയറക്ടർ) മറുപടി നൽകി.

177) വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ളാലം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

178) പൂർത്തിയായ 8 പ്രവൃത്തികളിൽ മൂന്ന് പ്രവൃത്തികളാണ് പാർശ്വഭിത്തി നിർമ്മാണമായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ബാക്കി ജോലികൾ മാർഗ്ഗനിർദ്ദേശത്തിന് പുറത്ത് ചെയ്തിട്ടില്ലെന്നും ഈ മൂന്ന് പ്രവൃത്തികളും ജലസേചനത്തിന് ഉപയോഗിക്കുന്ന കനാലുകളുടെ പാർശ്വഭിത്തിയുടെ

നവീകരണത്തിനാണ് ഉപയോഗിച്ചിട്ടുള്ളതെന്നും ലാന്റുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ഈ വർക്ക് ചെയ്തിട്ടില്ലെന്നും ഇപ്പോഴും പാർശ്വഭിത്തി നിലനിൽക്കുന്നുണ്ടെന്നും തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. ഈ വിശദാംശം ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

179) കനാലിനാണ് കൊട്ടാരക്കര ബ്ലോക്ക് ജലസംരക്ഷണഭിത്തി നിർമ്മിച്ചതെന്നും നീർച്ചാലുകളുടെ സംരക്ഷണഭിത്തി നിർമ്മാണവും നീർച്ചാലുകളുടെ ആഴം കൂട്ടലുമാണ് ചെയ്തിട്ടുള്ളതെന്നും മാർഗ്ഗരേഖ ലംഘിച്ച് ഒന്നും ചെയ്തിട്ടില്ലെന്നും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

180) ഏതെങ്കിലും പ്രോജക്ടിന്റെ ഭാഗമായ കനാലാണോയെന്ന് സമിതി ആരാഞ്ഞതിന് അല്ലെന്നും വയലിന്റെ സമീപത്തുള്ള കനാലുകളുടെ പാർശ്വഭിത്തി ബലപ്പെടുത്തൽ മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങളിൽ അനുസംബന്ധിച്ച് നീർത്തടങ്ങളിൽ നിലവിലുള്ള പൊതുസ്വത്തുക്കളുടെയും സ്ട്രക്ച്ചറുകളുടെയും അറ്റകുറ്റപ്പണികൾ, നവീകരണം തുടങ്ങിയവ ചെയ്യാം എന്നു പറയുന്നുണ്ടെന്നും അതനുസരിച്ചാണ് ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതെന്നും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകാൻ സമിതി നിർദ്ദേശിച്ചു.

181) പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് സർക്കുലർ അനുസരിച്ച് ബയോഗ്യാസ് പ്ലാന്റ്, വെർമി കമ്പോസ്റ്റ് എന്നിവയ്ക്ക് അനുമതി നൽകിയത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി വിശദീകരിച്ചപ്പോൾ അപ്രകാരം ഒരു സർക്കുലർ നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. നൽകിയിട്ടുണ്ടെന്ന് പഴന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ബയോഗ്യാസ് പ്ലാന്റ്, വെർമി കമ്പോസ്റ്റ്

എന്നിവ ഹരിയാലി പദ്ധതിയുമായി ബന്ധപ്പെടുത്തുന്നത് എങ്ങനെയെന്ന് പരിശോധിക്കണമെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു.

182) ഏറനാട് ബ്ലോക്ക് പഞ്ചായത്തിന് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഏറനാട് ബ്ലോക്ക് പഞ്ചായത്തിന് പകരം നിലവിൽ താലൂക്കാണുള്ളതെന്നും വിശദമായ റിപ്പോർട്ട് നൽകാമെന്നും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ മറുപടി നൽകി. പഴയന്നൂർ ബ്ലോക്ക്, ഏറനാട് ബ്ലോക്ക് പഞ്ചായത്ത് എന്നിവർ വിശദമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

183) ഹരിയാലി പദ്ധതിയുമായി ബന്ധപ്പെട്ട് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളിൽ കോഴി വളർത്തൽ ഉൾപ്പെടെയുള്ള ചില പദ്ധതികൾ മാർഗ്ഗരേഖയിൽ ഇല്ലാത്തവയാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ വരുമാനദായകമായ പ്രവൃത്തി എന്ന നിലയിലാണ് കോഴി വളർത്തൽ പോലെയുള്ളവ ഉൾപ്പെടുത്തിയതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. മാർഗ്ഗരേഖകൾക്ക് പുറത്തുള്ള പ്രവൃത്തികൾ ചെയ്യുതിനെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.

184) പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികൾ മാർഗ്ഗരേഖകൾ പ്രകാരം ഉള്ളതല്ലെങ്കിലും അവ നടപ്പിലാക്കിയ പ്രദേശത്ത് ഉപയോഗപ്രദമായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

185) ഏറനാട് ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതികൾ നടപ്പിലാക്കിയത് ക്രമപ്രകാരമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

186) അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 51.80 ലക്ഷം രൂപയിൽ 1.32 ലക്ഷം രൂപ മാത്രമാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചതെന്ന് സമിതി വിലയിരുത്തുന്നു. മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്ത് കമ്മിറ്റിയും ഗ്രാമസഭയും ചേർന്നാണ് പാർശ്വസംരക്ഷണ ഭിത്തികൾ റോഡിനും സ്വകാര്യ ഭൂമിക്കുമായി കെട്ടിയതെന്നും പാർശ്വഭിത്തികൾ കെട്ടിയാൽ മാത്രമേ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടക്കുകയുള്ളുവെന്നും സദാനന്ദപുരം മണ്ണ് സംരക്ഷണ യൂണിറ്റിന്റെ ഡി.പി.ആർ. പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്നും പഞ്ചായത്തിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് എ. ജി. മുഖേന ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

187) മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ആട് വളർത്തൽ, തേനീച്ച വളർത്തൽ തുടങ്ങിയ പ്രവൃത്തികൾ ഹരിയാലി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് എതിരായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. നീർത്തടത്തിൽ താമസിക്കുന്നവർക്ക് ഒരു വരുമാന മാർഗ്ഗമെന്ന നിലയിലാണ് അവ നടപ്പിലാക്കിയതെന്നും ബന്ധപ്പെട്ട സർക്കുലറിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പ്രവൃത്തികൾ ചെയ്തതെന്നും പഞ്ചായത്തിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കുലറിന്റെ അടിസ്ഥാനത്തിൽ എപ്രകാരമാണ് പദ്ധതികൾക്ക് അനുമതി നൽകിയത് എന്ന് പരിശോധിച്ച് എ. ജി. മുഖേന വിശദമായ മറുപടി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

188) വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് ളാലം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

189) തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ പൂർത്തിയായ 8 പ്രവൃത്തികളിൽ ജലസേചനത്തിനുള്ള കനാലുകളുടെ പാർശ്വഭിത്തിയുടെ നവീകരണത്തിനായാണ് 3 പ്രവൃത്തികൾ തെരഞ്ഞെടുത്തതെന്ന് പഞ്ചായത്തിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രവൃത്തികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

190) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് മാർഗ്ഗരേഖ പ്രകാരം നീർത്തടങ്ങളിൽ നിലവിലുള്ള പൊതുസ്വത്തുക്കളുടേയും സ്ട്രക്ച്ചറുകളുടെയും അറ്റകുറ്റപ്പണികൾ, നവീകരണം തുടങ്ങിയവയാണ് ഹരിയാലി പദ്ധതി പ്രകാരം ചെയ്തതെന്ന് സമിതി വിലയിരുത്തുന്നു. ഹരിയാലി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണോ പ്രസ്തുത പദ്ധതികൾ ഏറ്റെടുത്ത് നിർവഹിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ടി.എസ്.എ.കൾക്കു നൽകിയ പ്രതിഫലത്തിന്മേലുള്ള പാഴ്ചെലവ്

ഡി.എ.പി.കൾ തയ്യാറാക്കുന്നതിന് ബി.പി.കളെ സഹായിക്കുന്നതിനായിട്ടാണ് സംസ്ഥാനം ടി.എസ്.എ.കളെ നിയോഗിച്ചത്. ഇക്കാര്യത്തിനായി സംസ്ഥാനം 16 സ്ഥാപനങ്ങളെ നിയോഗിച്ചു. ടി.എസ്.എ.കളുടെ പ്രാഗൽഭ്യം പ്രയോജനപ്പെടുത്തി പദ്ധതികളുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുക എന്നതായിരുന്നു അവയെ ഉൾപ്പെടുത്തിയതിലൂടെ സർക്കാർ ലക്ഷ്യം വെച്ചത്. ടി.എസ്.എ. തയ്യാറാക്കിയ ഡി.എ.പി.കളിൽ ഓഡിറ്റ് കണ്ടെത്തിയ പോരായ്മകൾ താഴെ കൊടുത്തിരിക്കുന്നു:

(i) ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പത്ത് പദ്ധതികളിൽ അഞ്ചെണ്ണത്തിലും ടി.എസ്.എ.കൾ തയ്യാറാക്കിയ ഡി.എ.പി.കളിൽ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്തവയും ജലസംഭരണവുമായി ബന്ധമില്ലാത്തവയുമായ പ്രവൃത്തികളും ഉൾക്കൊള്ളിച്ചിരുന്നു. ഈ അഞ്ച് പദ്ധതികളുടെയും ഡി.എ.പി.കൾ തയ്യാറാക്കിയ അവസരത്തിൽ ജലസംഭരണ പദ്ധതികൾ കൃത്യമായി തിരിച്ചറിയുന്നതിൽ ടി.എസ്.എ.കൾക്ക് പറ്റിയ വീഴ്ച അവർക്ക് നൽകിയ പ്രതിഫലമായ ₹21.82 ലക്ഷത്തിൽ ഏറെയും നിഷ്ഫലമാക്കി.

(ii) ഒരു പദ്ധതിയിൽ (ളാവം) ഡി.എ.പി. തയ്യാറാക്കാനുള്ള ഫീസ് ഇനത്തിൽ ₹5.63 ലക്ഷം മുൻകൂറായി നൽകിയിരുന്നെങ്കിലും (2006 മാർച്ച്/ജൂലൈ/ആഗസ്റ്റ്) ടി.എസ്.എ. ആയ സെന്റർ ഫോർ ഇന്റഗ്രേറ്റഡ് റൂറൽ ആന്റ് അർബൻ സ്റ്റഡീസ് (സി.ഐ.ആർ.യു.എസ്.) ഡി.എ.പി. തയ്യാറാക്കിയിരുന്നില്ല. ടി.എസ്.എ.ക്കെതിരെ ബി.പി. യാതൊരു നടപടിയും എടുത്തില്ല.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

191) ഇത് സംബന്ധിച്ച് ടെക്നിക്കൽ സപ്പോർട്ട് ഏജൻസി (ടി.എസ്.എ)-കൾക്ക് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് കൊട്ടാരക്കര, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് എന്നിവ മാർഗരേഖ പാലിച്ചുതന്നെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നാണ് അവരുടെ മറുപടിയിൽ പ്രതിപാദിച്ചിട്ടുള്ളതെന്നും മാർഗരേഖയിൽ പറഞ്ഞിട്ടുള്ള പദ്ധതികളാണ് ഡീറ്റെയ്ൽഡ് ആക്ഷൻ പ്ലാൻ (ഡി.എ.പി.)-ൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഓരോ ബ്ലോക്കിന്റെയും ലിസ്റ്റ് ലഭ്യമായിട്ടുണ്ടെന്നും ജലസംരക്ഷണം, ജലസംരക്ഷണ

പ്രവൃത്തികൾ എന്നീ പദ്ധതികളാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ മറുപടി നൽകി.

192) ടി.എസ്.എ.കളെ സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സർക്കാർ അംഗീകൃത ഏജൻസിയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ മറുപടി നൽകി.

193) ഇതിൽ ആശയക്കുഴപ്പമുള്ളതുകൊണ്ട് വിശദാംശം ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചതിന് ടി.എസ്.എ.കളുടെ ലിസ്റ്റുൾപ്പെടെയുള്ള വിശദാംശം നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ മറുപടി നൽകി.

194) വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് ഉാവം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

195) ഡി.എ.പി.കൾ തയ്യാറാക്കിയ അവസരത്തിൽ ജലസംഭരണ പദ്ധതികൾ കൃത്യമായി തിരിച്ചറിയുന്നതിൽ ടി.എസ്.എ.കൾക്ക് വീഴ്ച പറ്റി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ടി.എസ്.എ.കളുടെ ലിസ്റ്റ് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.

196) ഉാലം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിൽ വകുപ്പിൽ നിന്നും ഹാജരാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഭരണനിർവ്വഹണ ചെലവുകൾക്ക് കീഴിൽ വന്ന അധിക ചെലവുകൾ

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, പദ്ധതി തുക അഞ്ച് തവണകളായിട്ടാണ് നൽകേണ്ടിയിരുന്നത്. ഓരോ തവണയിലും ചെലവിന്റെ രണ്ടു ശതമാനം ഭരണ നിർവ്വഹണ ചെലവുകൾക്കായി ഉൾക്കൊള്ളിച്ചിരുന്നു. യഥാർത്ഥ ഭരണ നിർവ്വഹണ ചെലവുകൾ, അതിനു വേണ്ടി ലഭിച്ച തുകയ്ക്കുള്ളിൽ ഒതുക്കാൻ പി.ഐ.എ.കൾ ശ്രമിച്ചില്ലെന്ന് കാണാൻ കഴിഞ്ഞു. തത്ഫലമായി, അഞ്ച് പദ്ധതികളിലായി[26] ഭരണനിർവ്വഹണച്ചെലവുകൾക്ക് കീഴിൽ ചെലവായത് യഥാർത്ഥത്തിൽ ഈ ആവശ്യത്തിന് വേണ്ടി ലഭിച്ച തുകയെക്കാൾ ₹50.27 ലക്ഷം (73.63 ശതമാനം) കൂടുതലായിരുന്നു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

197) അടങ്കൽ തുകയുടെ 10 ശതമാനമാണ് ഭരണപരമായ ചെലവുകൾക്കായി വകയിരുത്തേണ്ടതെന്നും ഓരോ ബ്ലോക്ക് പഞ്ചായത്തും അവരവരുടെ വിശദീകരണം നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ വിശദീകരിച്ചു.

198) 1,82,82,000/- രൂപയാണ് യഥാർത്ഥത്തിൽ പദ്ധതിയിൽ വകയിരുത്തിയിരുന്നതെന്നും പക്ഷേ അത്രയും തുക ചെലവഴിച്ചിരുന്നില്ലെന്നും ചെലവഴിച്ചിരുന്നുവെങ്കിൽ 10,64,259/- രൂപ ചെലവ് വരുമായിരുന്നു എന്നും അഞ്ചൽ പോലെയുള്ള ദുർഘടമായ പ്രദേശങ്ങളിൽ വളരെ നല്ല രീതിയിലാണ് സർവ്വേ നടത്തിയതെന്നും അതിനുതന്നെ ധാരാളം തുക ചെലവായിട്ടുണ്ടെന്നും കരാർ ജീവനക്കാർക്ക് കൂടുതൽ തുക നൽകേണ്ടിവന്നുവെന്നും പദ്ധതി തുക പൂർണ്ണമായും

26അഞ്ചൽ: ₹2.97 ലക്ഷം, ചടയമംഗലം: ₹4.17 ലക്ഷം, മാടപ്പള്ളി: (ഈസ്റ്റ്) ₹1.23 ലക്ഷം, ഉാലം: 37.25 ലക്ഷം, തിരൂരങ്ങാടി: ₹4 64 ലക്ഷം

വിനിയോഗിച്ചിരുന്നുവെങ്കിൽ 10,64,259/- രൂപ എന്ന ഭരണ ചെലവ് അനുവദനീയമായ തുകയ്ക്കുള്ളിൽതന്നെ നിൽക്കുമായിരുന്നുവെന്നും ഇത്രയും ദുർഘടമായ സ്ഥലത്ത് പദ്ധതിയുടെ മുഴുവൻ തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ലെന്നും അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

199) സർവ്വേയും മറ്റും ആദ്യഘട്ടമാണോ നടത്തിയതെന്ന് സമിതി ആരാഞ്ഞതിന് അതെയെന്നും ഭരണപരമായ ചെലവുകൾ ഒന്നും രണ്ടും ഘട്ടങ്ങളിൽ മാത്രമാണ് അധികരിച്ചിട്ടുള്ളതെന്നും അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

200) സർക്കാർ മറുപടി അംഗീകരിച്ച് ചടയമംഗലം, മാടപ്പള്ളി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

201) പദ്ധതിയുടെ ആരംഭകാലത്തുണ്ടായിരുന്ന ചെലവുകൾ അൽപ്പം വർദ്ധിച്ചിരുന്നുവെന്നും ഏത് പദ്ധതി നടപ്പിലാക്കുമ്പോഴും അതിന്റെ പ്രാരംഭഘട്ടത്തിലുണ്ടാകുന്ന ചെലവുകൾ ആകെ പദ്ധതി ചെലവിനെ അപേക്ഷിച്ച് കൂടുതലാണെന്നും എന്നാൽ പദ്ധതിയുടെ കാലയളവ് അൽപ്പം നീണ്ടുപോകുകയും മറ്റ് ചെലവുകൾ പിന്നീട് ക്രമീകരിക്കപ്പെടുകയും ചെയ്യുമ്പോൾ പദ്ധതി നിർവ്വഹണ ചെലവുകൾ ആകെയുള്ള പദ്ധതി ചെലവിന്റെ അഞ്ച് ശതമാനത്തിനുള്ളിൽ വന്നുനിൽക്കുന്നുവെന്ന് കാണാൻ സാധിക്കുമെന്നും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

202) എത്ര ശതമാനമാണ് ചെലവായതെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആരാഞ്ഞതിന് അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിന്റെ ചെലവ് ആകെ ചെലവിന്റെ അഞ്ച് ശതമാനത്തിൽ താഴെയാണെന്ന് ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. ഈ തുക ചെലവഴിച്ചതിന്റെയാണോ ഡി.പി.ആർ.-ന്റെതാണോയെന്ന്

സമിതി അംഗം ആരാഞ്ഞതിന് ചെലവഴിച്ച തുകയുടെ അഞ്ച് ശതമാനത്തിൽ താഴെയാണെന്ന് ഓലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

203) വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

204) അഞ്ചൽ, ചടയമംഗലം, മാടപ്പള്ളി, തിരുരങ്ങാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം വകുപ്പിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാനും ഓലം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഡി.എ.പി. യിൽ എക്സിറ്റ് പ്രോട്ടോകോളിനെപ്പറ്റി പരാമർശിക്കാതിരുന്നത്

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഡി.എ.പി. തയ്യാറാക്കുന്ന അവസരത്തിൽ, ഗ്രാമസഭകൾ/ഗ്രാമപഞ്ചായത്തുകൾ ഡബ്ല്യൂ.ഡി.റ്റി.കളുടെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ നീർത്തട വികസന പദ്ധതിക്കായുള്ള എക്സിറ്റ് പ്രോട്ടോകോൾ ആവിഷ്കരിക്കേണ്ടതായിരുന്നു. ഇതിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ പരിപാലനത്തിനുള്ള സംവിധാനങ്ങൾ, നീർത്തട വികസന ഫണ്ടിന്റെ (ഡബ്ല്യൂ.ഡി.എഫ്.) വിനിയോഗം മുതലായവ വ്യക്തമാക്കേണ്ടതായിരുന്നു. ഡി.എ.പി. അംഗീകരിക്കുന്ന വേളയിൽ കർമ്മ പദ്ധതിയുടെ ഭാഗമായി എക്സിറ്റ് പ്രോട്ടോകോളിന് വേണ്ടി ഒരു സമഗ്രമായ സംവിധാനം നിലവിലുണ്ടെന്ന് പി.എ.യു.കൾ ഉറപ്പുവരുത്തേണ്ടതായിരുന്നു. ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പി.എ.യു.കൾ ഒന്നും തന്നെ എക്സിറ്റ് പ്രോട്ടോകോളിനായുള്ള സമഗ്രമായ സംവിധാനം ഡി.എ.പി.കളുടെ ഭാഗമായി ഉണ്ടാക്കിയിട്ടുണ്ട് എന്ന്

ഉറപ്പുവരുത്തിയിരുന്നില്ല. അഞ്ച് പദ്ധതികളിൽ[27] ഡബ്ല്യു.ഡി.എഫും ഉണ്ടാക്കിയിരുന്നില്ല.

ഡബ്ല്യു.ഡി.എഫിന് ആവശ്യാനുസരണം തുക വകയിരുത്താത്തതിനാൽ പി.ആർ.ഐ.കളിൽ നിന്നും പര്യാപ്തമായ തുക ലഭ്യമാകാതിരുന്നാൽ ആസ്തികളുടെ പരിപാലനം നിർണ്ണായക നിലയിൽ എത്തിച്ചേർന്നേക്കാം.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

205) സർക്കാർ മറുപടി അംഗീകരിച്ച് അഞ്ചൽ, കൊട്ടാരക്കര, പഴയന്നൂർ, തിരൂരങ്ങാടി എന്നി ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

206) സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അഞ്ചൽ, കൊട്ടാരക്കര, പഴയന്നൂർ, തിരൂരങ്ങാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സംസ്ഥാനത്തെ ഉത്തമ പ്രവണതകൾ

ഓഡിറ്റിന്റെ സ്ഥല സന്ദർശനത്തിൽ ചടയമംഗലം പദ്ധതിയിൽ മാത്രമാണ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടന്നതായി കാണപ്പെട്ടത്. കിണർ റീചാർജിംഗ്, മഴക്കുഴികൾ, തടയണകൾ എന്നിവയുടെ നിർമ്മാണം,

27 പഴയന്നൂർ, അഞ്ചൽ, കൊട്ടാരക്കര, തിരൂരങ്ങാടി, ഏറനാട്

കുളങ്ങളുടെ നിർമ്മാണവും പരിപാലനവും എന്നിവയായിരുന്നു മഴവെള്ള സംഭരണത്തിനും സംരക്ഷണത്തിനുമായി നടപ്പാക്കിയ ജോലികളിലെ പ്രധാന ഘടകങ്ങൾ. ഈ പ്രവൃത്തികളിലൂടെ കിണറുകളിലും കുളങ്ങളിലും വെള്ളത്തിന്റെ ലഭ്യത വർദ്ധിക്കുകയും ഗാർഹികാവശ്യത്തിനും കൃഷിക്കും വർഷം മുഴുവൻ ജലം ലഭ്യമാവുകയും ചെയ്തു. ഇത് മഴവെള്ള സംഭരണം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ സഹായകരമായി.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

207) ചടയമംഗലം പ്രോജക്ടിന് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുള്ളവയാണെന്നും പദ്ധതി നിർവഹണ ദിശയിൽ ഉത്തമ മാതൃകകളാണെന്നും സമിതി വിലയിരുത്തുന്നു.

ഓഡിറ്റ് ഖണ്ഡിക

നടപ്പിലാക്കാത്ത ജോലിക്ക് പണം നൽകൽ

കൊട്ടാരക്കര പദ്ധതിയോടനുബന്ധിച്ചുള്ള രേഖകളിൽ എഴുകോൺ ഗ്രാമപഞ്ചായത്തിൽ ഏഴ് തടയണകൾ നിർമ്മിക്കുന്നതിനായി ₹1.81 ലക്ഷം ചെലവിട്ടതായി (2011 മാർച്ച്) കണ്ടു. നിർമ്മിച്ച എന്നു പറയപ്പെട്ട തടയണകളുടെ ചിത്രങ്ങളും ബന്ധപ്പെട്ട ഫയലുകളിൽ ഉണ്ടായിരുന്നു. എന്നാൽ, ഓഡിറ്റ് സംഘവും വകുപ്പു ജീവനക്കാരും 2013 ജൂണിൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ ഈ ഏഴ് സ്ഥലങ്ങളിൽ ഒന്നിലും മേൽപ്പറഞ്ഞ തടയണകൾ നിലവിലില്ല എന്ന

കാര്യം വെളിപ്പെട്ടു. അധികാരികൾ നടത്തിയ സൂക്ഷ്മ പരിശോധനയുടെയും ബന്ധപ്പെട്ട അധികാരികൾ നൽകിയ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് ജോലിക്കുള്ള പണം നൽകിയതെന്ന് മറുപടിയിൽ പ്രസ്താവിച്ചു (2013 ഒക്ടോബർ).

എന്നാൽ സംയുക്ത സ്ഥല പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ, ഫണ്ടുകൾ വിട്ടുനൽകാനായുള്ള അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള രേഖകളുടെയും ചിത്രങ്ങളുടെയും വാസ്തവികത കൂടുതൽ പരിശോധിക്കേണ്ടതാണ്.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.3.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

208) 2010-11-ൽ നിർമ്മിച്ച തടയണകൾ ഓഡിറ്റ് ടീം സന്ദർശിച്ചപ്പോൾ അവിടെ കണ്ടെത്താൻ കഴിഞ്ഞില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്നും 2014-ൽ പരാമർശം വന്നപ്പോൾ അന്നത്തെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ പ്രസ്തുത സ്ഥലം സന്ദർശിച്ച് ഫോട്ടോയെടുത്ത് ഓഡിറ്റ് വകുപ്പിന് മറുപടി നൽകിയിട്ടുണ്ടെന്നും 2022-ൽ വീണ്ടും സ്ഥലം സന്ദർശിച്ച് ഫോട്ടോ സഹിതം ഓഡിറ്റ് വകുപ്പിന് മറുപടി നൽകിയിട്ടുണ്ടെന്നും ചെക്ക് ഡാമുകൾക്ക് ചെറിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നേയുള്ളുവെന്നും മുമ്പ് സന്ദർശനം നടത്തിയപ്പോൾ സ്ഥലം കാണിച്ച് നൽകിയവർക്ക് തെറ്റിപ്പോയിട്ടുണ്ടാകാമെന്നും അല്ലെങ്കിൽ മഴക്കാലമായതിനാൽ അതിന് മുകളിലൂടെ വെള്ളമൊഴുകിയതുകൊണ്ട് കാണാൻ കഴിയാതെ പോയതാകുമെന്നും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

209) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നിർമ്മിച്ച തടയണകൾക്ക് ചെറിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നേയുള്ളൂവെന്നും ഓഡിറ്റ് ടീം സ്ഥലം സന്ദർശിച്ച വേളയിൽ കണ്ടെത്താൻ സാധിക്കാതിരുന്നത് തെറ്റായ സ്ഥലം കാണിച്ചതിനാലോ അല്ലെങ്കിൽ മഴക്കാലമായതിനാൽ വെള്ളം മുകളിലൂടെ ഒഴുകിയതിനാലോ ആകാമെന്നും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ സ്ഥലം സന്ദർശിച്ച് ഫോട്ടോ സഹിതം ഓഡിറ്റിന് മറുപടി നൽകിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫണ്ടിന്റെ വിനിയോഗം

പദ്ധതിയുടെ കാലയളവിൽ (2003-2013), നിർവ്വഹണത്തിന് ₹71.72 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്ന 26 പദ്ധതികൾ ഭാരത സർക്കാർ അനുവദിക്കുകയും, ₹33.13 കോടി നൽകുകയും ചെയ്തു. 2013 മാർച്ച് വരെ, സംസ്ഥാനം ₹2.94 കോടി നൽകി. ₹2.07 കോടി പലിശ ഉൾപ്പെടെ മൊത്തം ലഭ്യമായിരുന്ന ₹38.14 കോടിക്കെതിരെ പദ്ധതികളിൽ ഉണ്ടായ ചെലവ് ₹31.95 കോടിയായിരുന്നു. 14 പദ്ധതികളിൽ ₹2.05 കോടി തിരികെ നൽകി. ചെലവാകാതെ ബാക്കിയായ ₹4.14 കോടി നിർവ്വഹണ ഏജൻസി/ പി.എ.യു.കളുടെ പക്കൽ ഇപ്പോഴും ബാക്കി നിൽക്കുകയാണ് (2013 സെപ്റ്റംബർ). ചില പദ്ധതികളിൽ ഭാരത സർക്കാരിൽ നിന്നും ലഭിച്ച തുക മൊത്തമായും/ഗണ്യമായും ചെലവഴിച്ചതിനുശേഷവും, അനുവദിച്ച 26 പദ്ധതികളിൽ ഒന്നുപോലും ഡി.എ.പി.യിൽ ഉൾക്കൊള്ളിച്ചിരുന്ന എല്ലാ പ്രവൃത്തികളും നടപ്പാക്കികൊണ്ട് പദ്ധതി കാലാവധി (2013 മാർച്ച്) കഴിഞ്ഞതിന് ശേഷവും പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച പദ്ധതികൾ, പദ്ധതി ചെലവ്, കേന്ദ്രവും

സംസ്ഥാനവും നൽകിയ വിഹിതം, ചെലവായ തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

ഓരോ പദ്ധതിയിലെയും ചെലവിന്റെ വിശദാംശം

(₹ ലക്ഷത്തിൽ)

ക്രമ നം.	പദ്ധതിയുടെ പേര്	പദ്ധതിയുടെ മൊത്തം ചെലവ്	കേന്ദ്ര വിഹിതം ലഭിച്ചത്	സംസ്ഥാന വിഹിതം ലഭിച്ചത്	പലിശ ഉൾപ്പെടെ മൊത്തം ഫണ്ട്	ചെലവ്	തിരിച്ചടച്ച തുക	നിർവ്വഹണ ഏജൻസികളുടെ പക്കലുള്ള ബാക്കി തുക
1	ദേവികുളം	300.00	41.25	3.75	55.01	54.58	ഇല്ല	0.42
2	ഒറ്റപ്പാലം	300.00	200.99	18.52	233.10	232.82	0.60	(-)0.32
3	ഏറനാട്	300.00	201.55	18.75	236.28	233.79	2.72	(-)0.23
4	പെരുങ്കടവിള	300.00	119.44	11.25	136.15	127.06	ഇല്ല	9.09
5	പാറശ്ശാല	300.00	119.47	11.25	131.11	122.91	ഇല്ല	8.20
6	അഞ്ചൽ	182.82	72.90	6.86	84.87	80.28	3.60	0.99
7	കോയിപ്പുറം	107.16	43.44	3.95	51.08	48.16	ഇല്ല	2.92
8	മാടപ്പള്ളി (ഈസ്റ്റ്)	300.00	201.94	11.25	220.19	215.88	ഇല്ല	4.31
9	വെളിയനാട്	119.40	47.74	4.48	54.00	49.68	4.38	(-)0.06
10	ളാലം	300.00	119.47	11.25	144.89	125.52	2.76	16.61
11	ഇളംദേശം	300.00	122.24	11.11	134.87	22.34	ഇല്ല	112.53
12	ഒല്ലൂക്കര	300.00	201.70	11.25	232.99	155.20	77.77	0.02
13	മലമ്പുഴ	147.48	59.89	5.53	69.86	68.86	0.63	0.37
14	തിരൂരങ്ങാടി	300.00	122.55	11.14	144.84	108.58	37.65	(-)1.39
15	പറക്കോട്	125.94	51.95	4.73	61.69	60.41	ഇല്ല	1.28
16	കൊട്ടാരക്കര	133.08	53.84	4.90	61.61	47.17	14.44	ഇല്ല
17	പന്തളം	222.84	90.89	8.27	102.14	52.66	ഇല്ല	49.48
18	ആര്യാട്	175.20	70.93	6.57	79.47	60.47	18.99	0.01
19	മാടപ്പള്ളി (വെസ്റ്റ്)	648.90	263.47	24.33	301.65	299.36	3.38	(-)1.09
20	പഴയന്നൂർ	385.80	259.89	23.89	294.87	258.56	36.31	ഇല്ല
21	ചേലന്നൂർ	172.14	23.66	2.15	27.77	20.43	ഇല്ല	7.34

22	അമ്പലപ്പുഴ	341.10	138.35	12.79	159.89	159.75	0.59	(-)0.45
23	പട്ടണക്കാട്	228.39	90.31	9.32	101.61	100.45	1.20	(-)0.04
24	നീലേശ്വരം	354.00	144.75	13.15	172.48	123.19	ഇല്ല	49.29
25	മഞ്ചേശ്വരം	354.00	144.76	13.27	173.34	110.94	ഇല്ല	62.40
26	ചടയമംഗലം	473.94	306.07	29.90	348.08	255.87	ഇല്ല	92.21
	ആകെ	7172.19	3313.44	293.61	3813.84	3194.92	205.02	413.90

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

210) വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് ളാലം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

211) ബ്ലോക്ക് പഞ്ചായത്ത് തിരിച്ചടച്ച തുക എത്രയാണെന്ന് സമിതി ആരാഞ്ഞതിന് 7,58,278 രൂപയാണ് തിരിച്ചടച്ചിട്ടുള്ളതെന്ന് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

212) സർക്കാർ മറുപടി അംഗീകരിച്ച് പഴയന്നൂർ, മാടപ്പള്ളി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

213) ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് തിരിച്ചടച്ച തുകയുടെ വിശദവിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വകുപ്പിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ളാലം, പഴയന്നൂർ, മാടപ്പള്ളി

എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകിയതിൽ വന്ന കാലതാമസം

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, കേന്ദ്രവിഹിതം അഞ്ച് തവണകളായിട്ടാണ് പി.എ.യു.കൾക്ക് നൽകേണ്ടിയിരുന്നത്. കേന്ദ്രവിഹിതം ലഭിച്ച് 15 ദിവസങ്ങൾക്കകം സംസ്ഥാനം യോജിച്ച വിഹിതം പി.എ.യു.കൾക്ക് നൽകേണ്ടതാണ്. കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്ന് തുക ലഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ പി.എ.യു.കൾ പി.ഐ.എ.കൾക്ക് തുക കൈമാറേണ്ടതാണ്. താഴെപ്പറയുന്നവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(i) മൂന്ന് പി.എ.യു.[28]കളിൽ പിഐഎകളുടെ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി മന്ദഗതിയിലായിരുന്നതിനാൽ പി.എ.യു.കൾ ഫണ്ട് തടഞ്ഞുവയ്ക്കുകയും ഫണ്ട് വൈകിനൽകുകയും ചെയ്തത് മൂന്ന് മാസം മുതൽ രണ്ട് വർഷം വരെ ഫണ്ട് നൽകുന്നതിൽ കാലതാമസം ഉണ്ടാക്കി (ഒന്ന് മുതൽ ആറു മാസം-ഒൻപത് എണ്ണം, ആറ് മുതൽ പന്ത്രണ്ട് മാസം-ആറ് എണ്ണം, 12 മുതൽ 18 മാസം-നാല് എണ്ണം, 18 മുതൽ 24 മാസം-അഞ്ച് എണ്ണം). കൂടാതെ, പി.എ.യു.കൾ ക്രമമായി മേൽനോട്ടം നടത്താതിരുന്നത് ജോലിയുടെ പുരോഗതി മന്ദഗതിയിലാക്കുകയും തദ്വാര തുക നൽകുന്നതിൽ കാലതാമസത്തിനും കാരണമായി.

(ii) ഒരു പദ്ധതിയുമായി[29] ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്ന് 2012 ജൂലൈയിൽ ലഭിച്ച മൂന്നാംഗഡു വിഹിതമായ ₹1.24 കോടി, 2013 ജൂലൈ ആയിട്ടും പി. എ. യു. വിട്ടുനൽകിയില്ല. ഫണ്ട് വിട്ടുനൽകാതിരുന്നത് പദ്ധതികളിലെ എല്ലാ പ്രവൃത്തികളെയും സ്തംഭിപ്പിച്ചു.

---

28 കൊല്ലം, കോട്ടയം, തൃശ്ശൂർ

29 ചടയമംഗലം

(iii) സംസ്ഥാന വിഹിതം നൽകുന്നതിൽ മൂന്ന് മാസം മുതൽ മൂന്ന് വർഷം[30] വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

214) കൊല്ലം, കോട്ടയം, തൃശ്ശൂർ, ചടയമംഗലം ബ്ലോക്ക് പഞ്ചായത്തുകളിൽ പോവർട്ടി അലിവിയേഷൻ യൂണിറ്റ് (പി. എ. യു.)കൾക്ക് ഫണ്ട് റിട്ട നൽകുന്നതിൽ കാലതാമസം വരുത്തിയതിന് എന്ത് വിശദീകരണമാണ് ധനകാര്യ വകുപ്പിന് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശത്തിൽ പറയുന്നതുപോലെ അന്ന് കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാക്കിയതിനു ശേഷം സംസ്ഥാന വിഹിതം നൽകുന്നതിന് കാലതാമസമുണ്ടായിയെന്നും കേന്ദ്രവിഹിതം നൽകുന്നതിനും കാലതാമസമുണ്ടായിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. വകുപ്പിൽനിന്നുള്ള മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

215) നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച് ധനകാര്യ വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

---

30 ഒന്ന് മുതൽ ആറ് മാസം വരെ-ആറ് എണ്ണം, ആറ് മുതൽ 12 മാസം വരെ-രണ്ട് എണ്ണം, 12 മുതൽ 18 മാസം വരെ ഒരെണ്ണം, 30 മുതൽ 36 മാസം വരെ-ഒരെണ്ണം

ഓഡിറ്റ് ഖണ്ഡിക

വിട്ടുതൽ നിർദ്ദേശങ്ങൾ സമർപ്പിക്കാത്തതുമൂലം നഷ്ടമായ കേന്ദ്ര സഹായം

മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, വിട്ടുതൽ നിർദ്ദേശങ്ങൾക്കൊപ്പം ഒരു സ്വതന്ത്ര വിലയിരുത്തൽ ഉദ്യോഗസ്ഥനിൽ നിന്നും തൃപ്തികരമായ മദ്ധ്യകാല വിലയിരുത്തൽ റിപ്പോർട്ട് നൽകിയാൽ മാത്രമേ കേന്ദ്രവിഹിതത്തിന്റെ മൂന്നാം ഗഡു ലഭ്യമാകുകയുള്ളൂ. ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പത്ത് പദ്ധതികളിൽ മദ്ധ്യകാല വിലയിരുത്തൽ എട്ട് പദ്ധതികൾ നടത്തിയിട്ടുണ്ടായിരുന്നു. വിട്ടുതൽ നിർദ്ദേശങ്ങൾ അഞ്ച് പദ്ധതികളിൽ മാത്രമാണ് നൽകിയത്. ബാക്കിയുള്ള പദ്ധതികളിൽ[31] വിട്ടുതൽ നിർദ്ദേശങ്ങൾ സമർപ്പിക്കാതിരുന്നതിനാൽ കേന്ദ്ര വിഹിതത്തിന്റെ മൂന്നാം ഗഡു നൽകിയില്ല. മദ്ധ്യകാല വിലയിരുത്തൽ നടത്താതിരുന്നതും ഭാരതസർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കാതിരുന്നതും കാരണം നഷ്ടമായ കേന്ദ്ര സഹായം ₹4.30 കോടിയാണ്.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

216) മദ്ധ്യകാല വിലയിരുത്തൽ നടത്താതിരുന്നതും ഭാരത സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കാതിരുന്നതും കാരണം നഷ്ടമായ കേന്ദ്ര ധനസഹായം 4.30 കോടി രൂപയാണെന്നും ഇത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന് മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ മൂന്നാം ഗഡു കേന്ദ്ര സഹായം ലഭ്യമാകുമായിരുന്നുള്ളൂവെന്നും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ മദ്ധ്യകാല മൂല്യനിർണ്ണയം നടത്തുന്നതിന് സോയിൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറെ

31 അഞ്ചൽ, കൊട്ടാരക്കര, മാടപ്പള്ളി(വെസ്റ്റ്), ളാലം, തീക്കോയി/തീർത്ഥങ്ങാടി

നിയമിക്കുകയും പിന്നീട് സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് (സി.ആർ.എം.)-ന് മദ്ധ്യകാല മൂല്യനിർണ്ണയം നടത്താൻ ചുമതല നൽകുകയും ചെയ്തുവെന്നും, വിവിധ തീയതികളിലെ ഉത്തരവ് പ്രകാരം ഹരിയാലി പദ്ധതികൾ 31.12.2012-ൽ അവസാനിപ്പിക്കണമെന്ന് നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക ചെലവാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിയെന്നും ക്ലോഷർ പ്രൊപ്പോസൽ അയയ്ക്കാനുള്ള സർക്കാർ ഉത്തരവിനുശേഷമാണ് ബ്ലോക്കുതല മൂല്യനിർണ്ണയം പൂർത്തിയാക്കിയതെന്നും ഇതാണ് ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുള്ള വിശദീകരണമെന്നും തദ്ദേശഭരണസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ മറുപടി നൽകി.

217) അക്കാര്യം ബോദ്ധ്യപ്പെട്ടതാണോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ഫണ്ട് ലഭിക്കാനുള്ള കാലതാമസമാണെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചയായി ഇത് കണക്കാക്കാൻ കഴിയില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ മറുപടി നൽകി.

218) സി.എം.ആർ.സി. എന്ന ഏജൻസിയെയാണ് കൊട്ടാരക്കര ബ്ലോക്കിനുവേണ്ടി നിയോഗിച്ചിട്ടുള്ളതെന്നും സർക്കാർ ഉത്തരവ് പ്രകാരമാണ് മൂല്യനിർണ്ണയ ഏജൻസിയെ നിയമിക്കുന്നതെന്നും മൂല്യനിർണ്ണയ ഏജൻസിയെ നിയമിച്ച് ഓർഡർ ഇറക്കിയപ്പോൾ 2011 കഴിഞ്ഞുവെന്നും ആ മൂല്യനിർണ്ണയം അനുസരിച്ച് റിപ്പോർട്ട് നൽകി ക്ലോഷർ യൂട്ടിലൈസേഷൻ സഹിതം കേന്ദ്രത്തിൽ എത്തിയാൽ മാത്രമേ കേന്ദ്ര ഫണ്ട് ലഭിക്കുകയുള്ളുവെന്നും അപ്പോഴേക്കും ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം (ഐ.ഡബ്ല്യൂ.എം.പി) എന്ന പുതിയ പദ്ധതി വന്നുവെന്നും പഴയ ഹരിയാലി പദ്ധതികളെല്ലാം 31.12.2012-ൽ വച്ച് അവസാനിപ്പിക്കാൻ നിർദ്ദേശം ലഭിച്ചുവെന്നും അതുകാരണം ഹരിയാലിയുടെ ഫണ്ട് പിന്നീട് വന്നിട്ടില്ലെന്നും നിലവിലുള്ള ഫണ്ട് തിരിച്ചടച്ച് പദ്ധതി അവസാനിപ്പിക്കുകയാണ് ചെയ്തതെന്നും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിന് നൽകാൻ സമിതി നിർദ്ദേശിച്ചു.

219) സർക്കാർ മറുപടി അംഗീകരിച്ച് മാടപ്പള്ളി, തിരൂരങ്ങാടി എന്നി ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

220) കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് മൂല്യനിർണ്ണയ ഏജൻസിയെ നിയമിച്ച് മൂല്യനിർണ്ണയം നടത്തി കേന്ദ്ര സർക്കാരിന് യഥാസമയം റിപ്പോർട്ട് നൽകുന്നതിൽ കാലതാമസം വരുത്തിയതായി സമിതി വിലയിരുത്തുന്നു. 31.12.2012-ൽ ഹരിയാലി പദ്ധതികൾ എല്ലാം അവസാനിപ്പിച്ചതിനാൽ നിലവിലുള്ള ഫണ്ട് തിരിച്ചടച്ച് പദ്ധതി അവസാനിപ്പിച്ചതായി പഞ്ചായത്തിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. പ്രസ്തുത വിവരം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

221) സർക്കാർ മറുപടി അംഗീകരിച്ച് മാടപ്പള്ളി, തിരൂരങ്ങാടി എന്നി ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മേൽ നിരീക്ഷണവും നിയന്ത്രണ സംവിധാനവും

സർക്കാർ നിർദ്ദേശപ്രകാരം, ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും നിരീക്ഷിക്കുന്നതിനായി പി.എ.യു.കളുടെ കീഴിൽ ജില്ലാതല മേൽനോട്ടക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്. ജില്ലാ വിജിലൻസ് മേൽ നിരീക്ഷണ സമിതികൾ വഴി എല്ലാ പ്രവൃത്തികളും നിരീക്ഷിക്കാറുണ്ടെന്ന് പി.എ.യു.കൾ പ്രസ്താവിച്ചുവെങ്കിലും ഈ സമിതികൾ ക്രമമായി യോഗം ചേരാറില്ലെന്നും, വളരെ വിരളമായി നടന്ന ചില യോഗങ്ങളിൽ പോലും

പദ്ധതിയുമായി ബന്ധമില്ലാത്ത ജോലികളുടെ നടത്തിപ്പിനെ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പദ്ധതി നിർവ്വഹണത്തിന്മേൽ ഒരു മേൽനോട്ട നിയന്ത്രണം കൊണ്ടുവരുന്നതിനായി ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ (ക്യൂ.പി.ആർ.) ഭാരത സർക്കാരിന് നൽകിക്കൊണ്ട്, നടത്തിപ്പിന്റെ പുരോഗതി നിരീക്ഷിക്കുന്ന ഒരു ആന്തരിക നിയന്ത്രണ സംവിധാനം മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നു. ക്യൂപിആറുകൾ ക്രമമായി നൽകിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഭാരതസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനു മാത്രമായി ഒരു പുരോഗതി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു.

ഓരോ പദ്ധതിയുടെയും കീഴിലുള്ള പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനായുള്ള ക്രമമായ ഒരു സംവിധാനത്തിന്റെ അഭാവത്തിൽ പി. എ. യുകൾക്കും സി.ആർ.ഡി.ക്കും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായവയാണ് പ്രവൃത്തികൾ എന്ന് ഉറപ്പുവരുത്താനായില്ല.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

222) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ പ്രവൃത്തികളാണെന്ന് ഉറപ്പുവരുത്താനായില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി വ്യക്തമാക്കിയതിന് നിലവിൽ അത്തരം സ്ഥിതിയുണ്ടോയെന്ന് സമിതി ആരാഞ്ഞു. നിലവിൽ സ്ഥിതിയിൽ മാറ്റം വന്നിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ചീഫ് രജിസ്ട്രാർ

മറുപടി നൽകി. ഇത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

223) മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് പ്രവൃത്തികൾ നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ നിരീക്ഷണ സമിതികളുടെ പ്രവർത്തനം അത്യന്താപേക്ഷിതമായതിനാൽ അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നിഗമനം

ഹരിയാലിയുടെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളും പദ്ധതികളുടെ പ്രധാന ലക്ഷ്യമായ ജലസംഭരണം മെച്ചപ്പെടുത്തുന്നതിന് സഹായകരമല്ലായിരുന്നു. ചടയമംഗലത്തെ പദ്ധതി നിർവ്വഹണം മാത്രമാണ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നത്. ഡി.എ.പി.കൾ തയ്യാറാക്കുന്നതിലും പദ്ധതികൾ നടപ്പിലാക്കുന്നതിലും പ്രധാന പങ്ക് ഉണ്ടായിരുന്ന ഡബ്ല്യു.ഡി.റ്റി.കളും ടി.എസ്.എ.കളും ഡി.എ.പി.കൾ തയ്യാറാക്കിയ വേളയിൽ ജലസംഭരണ പദ്ധതികൾ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. സംസ്ഥാന-ജില്ലാതലങ്ങളിൽ പദ്ധതി നർവ്വഹണം കാര്യക്ഷമമായി മേൽ നിരീക്ഷണം നടത്തുന്നതിനുള്ള സംവിധാനത്തിന്റെ അഭാവത്തിൽ പി.എ.യു.കൾക്കും സി.ആർ.ഡി.ക്കും ഓരോ പദ്ധതിയുടെയും കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരുന്നോ എന്ന് ഉറപ്പ് വരുത്താനായില്ല.

(കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം - 4- ഖണ്ഡിക 4.4.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

224) പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് പ്രത്യേക പരാമർശമില്ല.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 സെപ്റ്റംബർ..18.

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	2	തദ്ദേശസ്വയംഭരണ വകുപ്പ്	പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച് പ്രത്യേക പരാമർശം ഇല്ല.
2	44	,,	ജൻറം പദ്ധതിയുടെ ഭാഗമായി കൊച്ചി കോർപ്പറേഷനിൽ നടപ്പിലാക്കിയ ഇ-ഗവേണൻസ് പദ്ധതി പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ടി.സി.എസ്. കമ്പനിയുമായി കോർപ്പറേഷൻ 8.7 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടെങ്കിലും 4.1 കോടി രൂപ മാത്രമേ കമ്പനിക്ക് കൈമാറിയുള്ളുവെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി-ഇൻ-ചാർജ് സമിതി മുമ്പാകെ നൽകിയ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. കമ്പ്യൂട്ടറുകളും, മറ്റ് ഹാർഡ്‌വെയറുകളും കോർപ്പറേഷനിൽ ടി.സി.എസ്. കമ്പനി നൽകിയെന്നും സോഫ്റ്റ്‌വെയർ ഭാഗത്ത് 22 മോഡ്യൂളുകൾ കമ്പനി തയ്യാറാക്കിയെങ്കിലും ചിലത് മാത്രമേ ഉപയോഗിക്കാൻ കഴിഞ്ഞുള്ളൂവെന്നും സമിതി വിലയിരുത്തുന്നു. കോർപ്പറേഷൻ നൽകിയ തുകയ്ക്ക് തുല്യമായ ഹാർഡ്‌വെയറുകളും മറ്റും ടി.സി.എസ്. കമ്പനി ലഭ്യമാക്കിയതിനാൽ തത്വത്തിൽ നഷ്ടം വന്നിട്ടില്ല എന്ന കൊച്ചി കോർപ്പറേഷന്റെ വാദം പൂർണ്ണമായി അംഗീകരിക്കാൻ കഴിയില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് കേവലം ഹാർഡ്‌വെയറുകൾ കോർപ്പറേഷനിൽ ലഭ്യമാക്കുന്നതിനല്ലെന്നും കെട്ടിട നിർമ്മാണ

			അനുമതിപത്രം ഉൾപ്പെടെ ഓൺലൈൻ വഴി നടപ്പിലാക്കുന്നതിനായിരുന്നുവെന്നും അത്തരത്തിൽ വിലയിരുത്തുമ്പോൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം നേടിയെടുക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടതായുള്ള ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയാണെന്നും സമിതി നിരീക്ഷിക്കുന്നു. നിലവിൽ കോർപ്പറേഷൻ ഐ.കെ.എം.ന്റെ കെ-സ്മാർട്ട് എന്ന പുതിയ സോഫ്റ്റ്‌വെയറിലേക്ക് മാറുകയാണെന്നും ടി.സി.എസ്. കമ്പനി നൽകിയ സേവനങ്ങൾക്ക് മാത്രമുള്ള തുകയെ കൈമാറിയിട്ടുള്ളുവെന്നും അതിനാൽ നഷ്ടം ഉണ്ടായിട്ടില്ലെന്നും കോർപ്പറേഷനും നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന വാദത്തിൽ സർക്കാരും ഉറച്ച് നിൽക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ ടി.സി.എസ്. കമ്പനി ബാക്കി തുകയ്ക്ക് നിയമപരമായി ക്ലെയിം ചെയ്യാൻ സാധ്യത ഉണ്ടോയെന്നും മറ്റുമുള്ള വിഷയങ്ങൾ പരിശോധിച്ച് പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് കോർപ്പറേഷൻ സർക്കാരിന് ലഭ്യമാക്കണമെന്നും സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുത്ത് സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
3	48	തദ്ദേശസ്വയംഭരണ വകുപ്പ്	കൊച്ചി കോർപ്പറേഷനിൽ നിന്നും ലഭ്യമായ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
4	51	”	കൊച്ചി കോർപ്പറേഷനിൽ നിന്നും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന വിധിപകർപ്പ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത വിധിപകർപ്പ് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ്

			പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി തീരുമാനിക്കുന്നു.
5	56	തദ്ദേശസ്വയംഭരണ വകുപ്പ്	തീരദേശ മേഖലയിലെ നിർമ്മാണം സി.ആർ.ഇസെഡ്. നിയമത്തിൽ പറയുന്ന നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാകണമെന്നിരിക്കെ അതിന് വിരുദ്ധമായി 19 കെട്ടിടങ്ങൾ നിർമ്മിച്ചു എന്നാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ സി.ആർ.ഇസഡ്. നിയമത്തിൽ ലാന്റ്‌വേർഡ് സൈഡിൽ റോഡോ കെട്ടിടമോ ഉണ്ടെങ്കിൽ അവിടെ കെട്ടിട നിർമ്മാണം അനുവദനീയമാണെന്ന് കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥൻ തെളിവെടുപ്പ് വേളയിൽ സമിതി മുൻപാകെ ബോധിപ്പിക്കുകയുണ്ടായി. നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ അനുമതി നൽകിയതെന്ന് കോർപ്പറേഷനും നിയമം ലംഘിച്ചാണ് അനുമതി നൽകിയതെന്ന് ഓഡിറ്റ് വിഭാഗവും വാദിക്കുന്നതിനാൽ ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് സർക്കാർ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ) ഓഡിറ്റ്, കേരളക്ക് നൽകണമെന്നും ആയത് അക്കൗണ്ടന്റ് ജനറൽ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
6	62	”	ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ അനുമതി ഇല്ലാതെ സംരക്ഷിത മേഖലയായി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത്, ഏതെങ്കിലും കെട്ടിടത്തിനോ വസ്തുവിനോ

			കൂട്ടിച്ചേർക്കൽ, രൂപമാറ്റം, നവീകരണം തുടങ്ങിയവ അനുവദിക്കാൻ പാടില്ലെന്നിരിക്കെ അത്തരത്തിൽ കൂട്ടിച്ചേർക്കലുകൾ നടന്നതായി സമിതി വിലയിരുത്തുന്നു. എന്നാൽ പ്രസ്തുത കൂട്ടിച്ചേർക്കലുകളും അനധികൃത നിർമ്മാണവും പൊളിച്ച് നീക്കിയതായും എൻ.ഒ.സി. നൽകിയതായും കൊച്ചി കോർപ്പറേഷൻ വ്യക്തമാക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ അനുബന്ധം ആയി ചേർത്തിട്ടുള്ള എല്ലാ കേസുകൾക്കും വ്യക്തവും വിശദവുമായ മറുപടി അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള-ക്ക് ലഭ്യമാക്കണമെന്നും എ.ജി. ആയത് പരിശോധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
7	68	,,	റവന്യൂ ടവർ നിർമ്മിച്ചിരിക്കുന്നത്, വൈമാനിക വിഭാഗം നൽകിയ എൻ.ഒ.സി.യിൽ നിഷ്കർഷിച്ചിരിക്കുന്ന 46.60 മീറ്ററിന് പകരം 50.60 മീറ്റർ ഉയരത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. കോർപ്പറേഷൻ ഒ.സി. നൽകിയിരിക്കുന്നത് 11-ാം നിലവരെ മാത്രമേ ഉള്ളൂ എന്നും 12-ാം നിലയ്ക്ക് വൈമാനിക വിഭാഗത്തിൽ നിന്ന് എൻ.ഒ.സി. ലഭിക്കാത്ത പക്ഷം ആയത് പൊളിച്ച് മാറ്റേണ്ടതാണ് എന്ന വ്യവസ്ഥയോടെയാണ് 11-ാം നിലവരെ എൻ.ഒ.സി. നൽകിയതെന്നും സമിതി മനസ്സിലാക്കുന്നു. എൻ.ഒ.സി. അനുവദിച്ചിരിക്കുന്ന പരിധിക്കുള്ളിൽ തന്നെ കൺസ്ട്രക്ഷൻ നിർത്താൻ കോർപ്പറേഷൻ നടപടി സ്വീകരിക്കേണ്ടതാ-

			യിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. നേവൽ എൻ.ഒ.സി. ലഭിക്കാൻ സാധ്യത ഉണ്ടോ എന്ന് സർക്കാർ പരിശോധിക്കണമെന്നും ആയത് ലഭിച്ചില്ലെങ്കിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ഭാഗം പൊളിച്ച് നീക്കാനാവശ്യമായ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
8	73	തദ്ദേശസ്വയംഭരണ വകുപ്പ്	പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 19 കെട്ടിടത്തിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
9	79	,,	ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട കെട്ടിടത്തിൽ ചട്ടങ്ങൾ മറികടന്ന് അധിക നിർമ്മാണം നടന്നതായി കോർപ്പറേഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. പ്രസ്തുത നിയമ ലംഘനങ്ങൾക്കെതിരായി കർശന നടപടികൾ ഉണ്ടാകണമെന്നും കോടതിയിൽ നിന്നും എതിർകക്ഷി സമ്പാദിച്ച സ്റ്റേ നടപടി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് കോർപ്പറേഷന് ലഭിക്കാനുള്ള തുക ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
10	81	,,	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

11	85	തദ്ദേശസ്വയംഭരണ വകുപ്പ്	അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട 34 കേസുകളിൽ കെട്ടിടം റെഗുലറൈസ് ചെയ്തതെന്നാണ്; ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം, അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യാത്തതിനുള്ള കാരണം എന്നിവ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
12	87	,,	വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
13	89	,,	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
14	95	,,	ബി.ആർ.ജി.എഫ്. പദ്ധതിയിൽ പാലക്കാട്, വയനാട് ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തിയാക്കിയതായി ഇരു ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരും അറിയിച്ചെങ്കിലും വിശദമായ നിർവഹണ റിപ്പോർട്ട് എ.ജി.ക്ക് നൽകിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിശദമായ റിപ്പോർട്ട് എ.ജി. മുഖേന ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
15	97	,,	വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
16	125	,,	ബാക്ക്സ്വാർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് (ബി.ആർ.ജി.എഫ്.)ന്റെ വിനിയോഗ മാർഗ

			നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രകാരം ലഭിച്ച തുക ചെലവഴിച്ചതെന്ന് സമിതി വിലയിരുത്തുന്നു. ഫണ്ടിന്റെ ദുർവിനിയോഗം നടന്നതായി കാണുന്നില്ലെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം നടന്നതായി സമിതി മനസ്സിലാക്കുന്നു. നടപ്പിലാക്കിയ പദ്ധതികൾക്ക് ഹൈപവർ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നു എന്ന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ അവകാശപ്പെടുന്നുണ്ടെങ്കിലും അത് സംബന്ധിച്ച രേഖയൊന്നും ഹാജരാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് ഫയലുകൾ പരിശോധിച്ച് വിശദമായ മറുപടി ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ സർക്കാരിന് നൽകണമെന്നും സർക്കാർ ആയത് പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു
17	127	തദ്ദേശസ്വയംഭരണ വകുപ്പ്	ബി.ആർ.ജി.എഫ് പദ്ധതിയിലുൾപ്പെടുത്തി പിന്നാക്ക വിഭാഗത്തിലുള്ളവർക്കും ജനപ്രതിനിധി-കൾക്കും പരിശീലനം നൽകാനായി അനുവദിച്ച തുക പരിശീലന പരിപാടികൾക്കായി തന്നെ വിനിയോഗിച്ചു എന്ന് കിലയുടെ വിശദീകരണത്തിൽ നിന്നും സമിതി വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് എ.ജി. മുഖേന ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18	136	തദ്ദേശസ്വയംഭരണ വകുപ്പ്	ജില്ലയ്ക്ക് അനുവദിക്കപ്പെട്ട ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ നൽകിയിട്ടുണ്ടെന്ന വയനാട് ജില്ലാ പ്രോജക്ട് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
19	137	,,	കേന്ദ്ര പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായ കാലതാമസംമൂലം ലഭിക്കേണ്ടിയിരുന്ന 97 കോടിയോളം രൂപ പാലക്കാട് ജില്ല നഷ്ടപ്പെടുത്തിയതായി സമിതി മനസ്സിലാക്കുന്നു. പദ്ധതി നടത്തിപ്പിൽ ഉണ്ടായ കാലതാമസം വിശദീകരിക്കുന്ന വ്യക്തമായ റിപ്പോർട്ട് സർക്കാർ മുഖേന എ.ജി.യുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
20	143	,,	സർക്കാരിൽ നിന്നുള്ള മറുപടി അംഗീകരിച്ച് വയനാട് ജില്ലയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
21	144	,,	പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൽ കൃത്യമായ മറുപടി ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് എ.ജി. മുഖേന ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

22	146	തദ്ദേശസ്വയംഭരണ വകുപ്പ്	പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച് പ്രത്യേക പരാമർശമില്ല
23	149	,,	പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തി വിശദമായ മറുപടി എ.ജി. മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
24	151	,,	സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
25	153	,,	പ്രസ്തുത ഓഡിറ്റ് ഖണ്ഡികയെ സംബന്ധിച്ച് പ്രത്യേക പരാമർശമില്ല.
26	161	,,	ളാലം, മാടപ്പള്ളി (വെസ്റ്റ്, ഈസ്റ്റ്), തിരുരങ്ങാടി, അഞ്ചൽ, കൊട്ടാരക്കര എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ഹരിയാലി പദ്ധതിയുടെ കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദമായ റിപ്പോർട്ട് എ. ജി. മുഖേന ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
27	183	,,	ഹരിയാലി പദ്ധതിയുമായി ബന്ധപ്പെട്ട് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളിൽ കോഴി വളർത്തൽ ഉൾപ്പെടെയുള്ള ചില പദ്ധതികൾ മാർഗ്ഗരേഖയിൽ ഇല്ലാത്തവയാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ വരുമാനദായകമായ പ്രവൃത്തി എന്ന നിലയിലാണ് കോഴി വളർത്തൽ പോലെയുള്ളവ ഉൾപ്പെടുത്തിയതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. മാർഗ്ഗരേഖകൾക്ക് പുറത്തുള്ള

			പ്രവൃത്തികൾ ചെയ്തതിനെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.
28	184	തദ്ദേശസ്വയംഭരണ വകുപ്പ്	പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികൾ മാർഗ്ഗരേഖകൾ പ്രകാരം ഉള്ളതല്ലെങ്കിലും അവ നടപ്പിലാക്കിയ പ്രദേശത്ത് ഉപയോഗപ്രദമായിരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
29	185	,,	ഏറനാട് ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതികൾ നടപ്പിലാക്കിയത് ക്രമപ്രകാരമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
30	186	,,	അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 51.80 ലക്ഷം രൂപയിൽ 1.32 ലക്ഷം രൂപ മാത്രമാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചതെന്ന് സമിതി വിലയിരുത്തുന്നു. മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്ത് കമ്മിറ്റിയും ഗ്രാമസഭയും ചേർന്നാണ് പാർശ്വസംരക്ഷണ ഭിത്തികൾ റോഡിനും സ്വകാര്യ ഭൂമിക്കുമായി കെട്ടിയതെന്നും പാർശ്വഭിത്തികൾ കെട്ടിയാൽ മാത്രമേ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടക്കുകയുള്ളുവെന്നും സദാനന്ദപുരം മണ്ണ് സംരക്ഷണ യൂണിറ്റിന്റെ ഡി.പി.ആർ. പ്രകാരമാണ്

			പദ്ധതി നടപ്പിലാക്കിയതെന്നും പഞ്ചായത്തിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് എ. ജി. മുഖേന ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
31	187	തദ്ദേശസ്വയംഭരണ വകുപ്പ്	മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ആട് വളർത്തൽ, തേനീച്ച വളർത്തൽ തുടങ്ങിയ പ്രവൃത്തികൾ ഹരിയാലി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് എതിരായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. നീർത്തടത്തിൽ താമസിക്കുന്നവർക്ക് ഒരു വരുമാന മാർഗ്ഗമെന്ന നിലയിലാണ് അവ നടപ്പിലാക്കിയതെന്നും ബന്ധപ്പെട്ട സർക്കുലറിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് പ്രവൃത്തികൾ ചെയ്തതെന്നും പഞ്ചായത്തിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കുലറിന്റെ അടിസ്ഥാനത്തിൽ എപ്രകാരമാണ് പദ്ധതികൾക്ക് അനുമതി നൽകിയത് എന്നത് പരിശോധിച്ച് എ. ജി. മുഖേന വിശദമായ മറുപടി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
32	188	,,	വകുപ്പിൽ നിന്നുള്ള മറുപടി അംഗീകരിച്ച് ളാലം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

33	189	തദ്ദേശസ്വയംഭരണ വകുപ്പ്	തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിൽ പൂർത്തിയായ 8 പ്രവൃത്തികളിൽ ജലസേചനത്തിനുള്ള കനാലുകളുടെ പാർശ്വഭിത്തിയുടെ നവീകരണത്തിനായാണ് 3 പ്രവൃത്തികൾ തെരെഞ്ഞെടുത്തതെന്ന് പഞ്ചായത്തിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രവൃത്തികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
34	190	,,	കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് മാർഗ്ഗരേഖ പ്രകാരം നീർത്തടങ്ങളിൽ നിലവിലുള്ള പൊതുസ്വത്തുക്കളുടേയും സ്ട്രക്ച്ചറുകളുടെയും അറ്റകുറ്റപ്പണികൾ, നവീകരണം തുടങ്ങിയവയാണ് ഹരിയാലി പദ്ധതി പ്രകാരം ചെയ്തതെന്ന് സമിതി വിലയിരുത്തുന്നു. ഹരിയാലി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണോ പ്രസ്തുത പദ്ധതികൾ ഏറ്റെടുത്ത് നിർവഹിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
35	195	,,	ഡി.എ.പി.കൾ തയ്യാറാക്കിയ അവസരത്തിൽ ജലസംഭരണ പദ്ധതികൾ കൃത്യമായി തിരിച്ചറിയുന്നതിൽ ടി.എസ്.എ.കൾക്ക് വീഴ്ച പറ്റി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ടി.എസ്.എ.കളുടെ ലിസ്റ്റ് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.
36	196	,,	ഉാലം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിൽ വകുപ്പിൽ നിന്നും ഹാജരാക്കിയ

			മറുപടി സമിതി അംഗീകരിക്കുന്നു. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
37	204	തദ്ദേശസ്വയംഭരണ വകുപ്പ്	അഞ്ചൽ, ചടയമംഗലം, മാടപ്പള്ളി, തിരൂരങ്ങാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം വകുപ്പിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കാനും ളാലം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ മറുപടി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
38	206	,,	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അഞ്ചൽ, കൊട്ടാരക്കര, പഴയന്നൂർ, തിരൂരങ്ങാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
39	207	,,	ചടയമംഗലം പ്രോജക്ടിന് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുള്ളവയാണെന്നും പദ്ധതി നിർവഹണ ദിശയിൽ ഉത്തമ മാതൃകകളാണെന്നും സമിതി വിലയിരുത്തുന്നു.
40	209	,,	കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ നിർമ്മിച്ച തടയണകൾക്ക് ചെറിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്നേയുള്ളൂവെന്നും ഓഡിറ്റ് ടീം സ്ഥലം സന്ദർശിച്ച വേളയിൽ കണ്ടെത്താൻ സാധിക്കാതിരുന്നത് തെറ്റായ സ്ഥലം കാണിച്ചതിനാലോ അല്ലെങ്കിൽ

			മഴക്കാലമായതിനാൽ വെള്ളം മുകളിലൂടെ ഒഴുകിയതിനാലോ ആകാമെന്നും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ സ്ഥലം സന്ദർശിച്ച് ഫോട്ടോ സഹിതം ഓഡിറ്റിന് മറുപടി നൽകിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
41	213	തദ്ദേശസ്വയംഭരണ വകുപ്പ്	ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് തിരിച്ചടച്ച തുകയുടെ വിശദവിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വകുപ്പിൽ നിന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ളാലം, പഴയന്നൂർ, മാടപ്പള്ളി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
42	215	,,	നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച് ധനകാര്യ വകുപ്പ് നൽകിയ വിശദീകരണം അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
43	220	,,	കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് മൂല്യനിർണ്ണയ ഏജൻസിയെ നിയമിച്ച് മൂല്യനിർണ്ണയം നടത്തി കേന്ദ്ര സർക്കാരിന് യഥാസമയം റിപ്പോർട്ട് നൽകുന്നതിൽ കാലതാമസം വരുത്തിയതായി സമിതി വിലയിരുത്തുന്നു. 31.12.2012-ൽ ഹരിയാലി പദ്ധതികൾ എല്ലാ

			അവസാനിപ്പിച്ചതിനാൽ നിലവിലുള്ള ഫണ്ട് തിരിച്ചടച്ച് പദ്ധതി അവസാനിപ്പിച്ചതായി പഞ്ചായത്തിന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസിലാക്കുന്നു. പ്രസ്തുത വിവരം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
44	221	തദ്ദേശസ്വയംഭരണ വകുപ്പ്	സർക്കാർ മറുപടി അംഗീകരിച്ച് മാടപ്പള്ളി, തിരൂരങ്ങാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
45	223	„	മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് പ്രവൃത്തികൾ നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ നിരീക്ഷണ സമിതികളുടെ പ്രവർത്തനം അത്യന്താപേക്ഷിതമായതിനാൽ അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
46	224	„	പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് പ്രത്യേക പരാമർശമില്ല.

അനുബന്ധം -II.

2013 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ സി & എജി റിപ്പോർട്ടിലെ ഖണ്ഡിക 4.1 മേലുള്ള ന്യൂനത പരിഹാര പത്രിക

ഖണ്ഡിക	വിഷയം/പരാമർശം	മറുപടി
4.1	**കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നടപ്പാക്കൽ**	മറുപടി തുടർഖണ്ഡികകളിൽ നൽകിയിട്ടുണ്ട്.
4.1.1	**ആമുഖം** 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെ.എം. നിയമം) അനുസരിച്ച് മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും നിർബന്ധിത ചുമതലകളിലൊന്നാണ് കെട്ടിട നിർമ്മാണത്തിന്റെ ക്രമീകരിക്കൽ. മുനിസിപ്പാലിറ്റികളുടെയും/ മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ആസൂത്രിത വികസനത്തിനും, താമസക്കാരുടെയും പൊതുജനത്തിന്റെയും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി സർക്കാർ 1994- ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് (കെ.എം.ബി.ആർ) 1999 ഒക്ടോബർ 01 മുതൽ പ്രാബല്യത്തോടെ രൂപം നൽകി. കെ.എം.ബി.ആർ അനുസരിച്ച് ഒരു വ്യക്തിയും മുനിസിപ്പാലിറ്റിയിൽ നിന്നോ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നോ അനുമതി പത്രം ലഭിക്കാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ അല്ലെങ്കിൽ ഭൂമിയുടെ ഏതെങ്കിലും ഭാഗം വികസിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. കൊച്ചി നഗരമേഖലയ്ക്കുവേണ്ടി നഗരാസൂത്രണ അക്റ്റിനു വിധേയമായി, കെ.എം.ബി.ആറിന്റെ വ്യവസ്ഥകളെ മറികടന്ന് ഒരു പൊതു നഗരാസൂത്രണ പദ്ധതി (സ്കീം പ്ലാൻ) കെഎംബിആർ- ന്റെ ചട്ടം 3 എ പ്രകാരം രൂപീകരിക്കപ്പെട്ടു. സ്കീം പ്ലാനിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ അനുസരിച്ച്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനെ (കെഎംസി) ഗാർഹിക, വാണിജ്യ, വ്യവസായിക പരിപാലന മേഖലകൾ എന്നിങ്ങനെ എട്ട് പ്രധാന മേഖലകളായി വിഭജിച്ചു. ഓരോ മേഖലയ്ക്കും നിർദ്ദിഷ്ട	ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സോണുകളിലും Residential, Commercial, Industrial, Conservations തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കുകയുണ്ടായി. പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 74 ഡിവിഷനുകളിലെ പെർമിറ്റുകൾ/ റഗുലറൈസേഷനുകൾ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ വച്ച് കണ്ടെത്തിയ പോരായ്മകൾ നിയമപരമായി ക്രമീകരിക്കുകയും തുടർപ്രവർത്തനങ്ങളിൽ കെ.എം.ബി.ആർ. അടിസ്ഥാനമാക്കിയും സ്കീം പ്ലാൻ അടിസ്ഥാനമാക്കിയും മാത്രമായിരിക്കുവാൻ കർശന നിർദ്ദേശം നൽകി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ് എന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

	അനുവദനീയ ഉപയോഗങ്ങളും, നിയന്ത്രിത ഉപയോഗങ്ങളും, നിരോധിത ഉപയോഗങ്ങളും ഉണ്ട്. കെ.എം.ബി.ആർ/സ്കൂർ പ്ളാൻ അനുസരിച്ചാണ് കോർപ്പറേഷൻ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് എന്ന് ഉറപ്പാക്കാൻ പ്രബലമായ ഒരു സംവിധാനം ഉണ്ടോ എന്ന് പരിശോധിക്കുകയായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യം. 2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെ നടത്തിയ ഓഡിറ്റിൽ 2007-08 മുതൽ 2012-13 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിയിരുന്നു. കെ.എം.സിയിലെ 74 ഡിവിഷനുകളിൽ 21 ഡിവിഷനുകൾ സിംമ്പിൾ റാൻഡം സാമ്പ്ളിംഗ് ഉപയോഗിച്ച് വിശദമായ പരിശോധനയ്ക്ക് തെരഞ്ഞെടുത്തു. അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിക്കുക. ഓഡിറ്റ് അന്വേഷണ കുറിപ്പുകൾ നൽകുക, സ്ഥല സന്ദർശനം മുതലായവ ഉൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ രീതി.	
4.1.2	**സംഘടനാ സംവിധാനം** ഭരണത്തലവൻ എന്ന നിലയിൽ കെ.എം.സിയുടെ സെക്രട്ടറിയാണ് (സെക്രട്ടറി) കെട്ടിട അനുമതി പത്രവും അധിവാസ പ്രമാണ സർട്ടിഫിക്കറ്റും (ഒസി) നൽകാനുള്ള അധികാരി. തറ വിസ്തീർണ്ണത്തിന്റെയും കെട്ടിട ഇനത്തിന്റെയും അടിസ്ഥാനത്തിൽ കെട്ടിട അനുമതി പത്രവും അധിവാസ പ്രമാണ സർട്ടിഫിക്കറ്റും നൽകാനുള്ള അധികാരം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരിൽ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു. കെ.എം.ബി.ആർ നടപ്പാക്കുന്നതിലെ വിവിധ ഘട്ടങ്ങൾ ചാർട്ട് 4.1 - ൽ കാണിച്ചിരിക്കുന്നു.	അംഗീകരിക്കുന്നു.

അനുമതിക്കു വേണ്ടിയുള്ള അപേക്ഷ	അപേക്ഷാഫീസ് + രേഖകൾ + പ്ലാൻ
കോർപ്പറേഷന്റെ പരിശോധന	നിർദിഷ്ട സ്ഥല സന്ദർശനം (കെഎംബിആറിലെ വ്യവസ്ഥകൾ പ്രകാരമാണോ പ്ലാനിലെ രൂപ രേഖകളെന്ന് ഉറപ്പുവരുത്തുന്നു)
അനുമതിപത്രത്തിനുള്ള ഫീസ്/ അധിക ഫീസ് ഒടുക്കൽ	തറ വിസ്തീർണ്ണ അനുപാതവും അധിവാസ ഇനവും അടിസ്ഥാനമാക്കി
അനുമതി പത്രങ്ങൾ നൽകൽ	അനുമതി പത്രം നൽകുന്നത് മേഖലാ നിയന്ത്രണങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നു വർഷ കാലാവധിയോടെയാണ്.
നിർമ്മാണം	അംഗീകരിച്ച പ്ലാനും രൂപരേഖകളും അനുസരിച്ച്
പൂർത്തീകരണ റിപ്പോർട്ട്	അംഗീകൃത എൻജിനീയർ ഒപ്പിട്ട ശേഷം കോർപ്പറേഷന് നൽകുന്നു.
കോർപ്പറേഷന്റെ പരിശോധന	കെട്ടിട നിർമ്മാണം, അംഗീകരിച്ച പ്ലാൻ അനുസരിച്ചാണെന്ന് സ്ഥിരീകരിക്കുന്നു.
ഒസി നൽകൽ	കെട്ടിടം ഒരു പ്രത്യേക വിഭാഗമായി (വാസയോഗ്യം, വിദ്യാഭ്യാസം, മെഡിക്കൽ മുതലായവ) ഉപയോഗിക്കുന്നതിന് ഒസി നൽകുന്നു.

ഓഡിറ്റ് കണ്ടെത്തലുകൾ

4.1.3	**കെട്ടിട അനുമതി പത്രത്തിനുള്ള അപേക്ഷകളുടെ പ്രവർത്തന നടപടികളും രേഖകളുടെ സൂക്ഷിക്കലും**	
4.1.3.1	**കെട്ടിട അനുമതി പത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരത്തിന്റെ അഭാവം** കെ.എം.ബി.ആർ അനുസരിച്ച് സ്ഥലം വികസിപ്പിക്കാനോ കെട്ടിടം നിർമ്മിക്കാനോ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും (കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വകുപ്പ് ഒഴികെ) ആവശ്യമുള്ള രേഖകളും അപേക്ഷാ ഫീസും സഹിതം സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. കെ.എം. നിയമം കെ.എം.ബി.ആർ സ്കൂക്കർ പ്ളാൻ എന്നിവയുടെ പാലനം പരിശോധിച്ചിട്ട്, അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം നിർമ്മാണം നടത്തുന്നതിനുള്ള അനുമതി പത്രം സെക്രട്ടറി നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാവുന്നതാണ്. തങ്ങളുടെ അധികാരപരിധിയിൽ വരുന്ന കെട്ടിട അനുമതി പത്ര അപേക്ഷകൾ സ്വീകരിക്കാനും നടപടിയെടുക്കാനുമായി കെഎംസിയ്ക്ക് അഞ്ച് മേഖലാ കാര്യാലയങ്ങൾ ഉണ്ട്. I. ഒരു നിശ്ചിത വർഷത്തിൽ അനുമതി പത്രങ്ങൾ/ഒസികൾ എന്നിവയുമായി ബന്ധപ്പെട്ട് കിട്ടിയ അപേക്ഷകളും, നൽകിയതുമായവയുടെ ഏകീകൃത വിവരശേഖരം കെഎംസിയ്ക്ക് ഇല്ല എന്നത് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. നൽകിയ അനുമതി പത്രങ്ങൾ/ ഒസികൾ എന്നിവയുടെ ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങൾ പോലും സൂക്ഷിച്ചിരുന്നില്ല. കെട്ടിട അനുമതി പത്രങ്ങൾ/ഒസികൾ എന്നിവയുടെ ഏകികൃത വിവരശേഖരത്തിന്റെ അഭാവത്തിൽ കെഎംസിയ്ക്ക് കോർപ്പറേഷൻ പരിധിയിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ	കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഉൾപ്പെടുന്ന വിവിധ ദേശങ്ങൾ ഭൂപ്രകൃതി കൊണ്ട് വൈവിദ്ധ്യമുള്ളതാകയാൽ പൊതുജനങ്ങളുടെ സൗകര്യാർത്ഥം സോണൽ ആയി തിരിച്ച് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്. സോണൽ ഓഫീസുകളിൽ ലഭിക്കുന്ന ആപ്ലിക്കേഷനുകളും ഫയലുകളും രജിസ്റ്ററിൽ ചേർത്ത് മെയിൻ ഓഫീസിലേക്ക് കൈമാറുകയാണ് ചെയ്തുവരുന്നത്. ഇതുമൂലം പൊതുജനങ്ങൾക്ക് ഓഫീസുകളിൽ കയറി-ഇറങ്ങി ബുദ്ധിമുട്ടേണ്ടിവരാറില്ല. I. ഒക്യുപ്പെൻസി അപേക്ഷകൾ റഗുലറൈഷേൻ അപേക്ഷകൾ ഇപ്പോൾ ഓൺലൈൻ വഴിയാണ് സ്വീകരിച്ചുവരുന്നത്. ആയതിനാൽ ഓഡിറ്റിൽ പരാമർശിക്കുന്ന അപാകതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. II. ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടുണ്ട്. ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ്വെയർ മുഖേന ഇപ്പോൾ ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിച്ചുവരുന്നത്. . III. ടാറ്റാ കൺസൾട്ടൻസിയുടെ (TCS) സോഫ്റ്റ്വെയർ ഇപ്പോൾ കൊച്ചി കോർപ്പറേഷനിൽ ഉപയോഗിക്കുന്നില്ല. എഗ്രിമെന്റ് പ്രകാരം നേരത്തെ തീരുമാനിച്ചതിനേക്കാൾ വൈകിയാണ് ടി സി എസ് സോഫ്റ്റ്വെയർ

	ഫലപ്രദമായ നിരീക്ഷണം സാദ്ധ്യമായിരുന്നില്ല. II. കെ.എം.സി സൂക്ഷിച്ചിരുന്ന അനുമതി പത്ര രജിസ്റ്ററിലെ നിരവധി കേസുകളിൽ, ഡിവിഷൻ നമ്പർ, പൂർത്തീകരണ പ്രമാണ പത്രം സ്വീകരിച്ച തീയതി, ഒസി നൽകിയ തീയതി, അനുമതിപത്രങ്ങളുടെ പുതുക്കൽ മുതലായവ രേഖപ്പെടുത്താതിരുന്നതു കാരണം നൽകിയ അനുമതിപത്രങ്ങളുടെ നിരീക്ഷണം സാദ്ധ്യമായിരുന്നില്ല. III. ജൻറം പദ്ധതിയുടെ ഭാഗമായി കെഎംസി നടപ്പാക്കുന്ന ഇ-ഗവേർണൻസ് പദ്ധതിയിൽ കെട്ടിട അനുമതി പത്രം നൽകുന്ന സംവിധാനം ഓൺലൈൻ വഴിയാക്കാൻ വിഭാവനം ചെയ്തിരുന്നു. 8.70 കോടി മുടക്കുള്ള ഇ-ഗവേർണൻസിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഡിസംബർ 2008-ൽഅംഗീകരിക്കപ്പെട്ടതാണെങ്കിലും, ടാറ്റാ കൺസൾട്ടൻസി സർവ്വീസുമായുള്ള (റ്റിസിഎസ്) കരാർ പ്രകാരം 2012 മാർച്ചിൽ പൂർത്തിയാക്കേണ്ടിയിരുന്ന നടപ്പാക്കൽ സംബന്ധിച്ച പ്രവർത്തനങ്ങൾ റ്റിസിഎസിനെ ഏൽപ്പിച്ചത് 2011 ഫെബ്രുവരിയിൽ മാത്രമാണ്. പ്രോജക്റ്റ് 2013 ഡിസംബർ ആയിട്ടും പൂർത്തീകരിക്കപ്പെട്ടില്ല. ഇ-ഗവേർണൻസ് നടപ്പാക്കുന്നതിലെ കാലതാമസം കാരണം, അനുമതി പത്രങ്ങൾക്കായുള്ള അപേക്ഷകളുടെ സൂക്ഷ്മപരിശോധനയും അനുമതിപത്രങ്ങളും ഒസികളും നൽകുന്നതും മൂന്ന് മേഖലകളൊഴിച്ചുള്ളവയിൽ മാന്വൽ ആയിട്ടാണ് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മേഖലകളിൽ 2011 മുതൽ 60 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്കു വേണ്ടിയുള്ള അനുമതിപത്ര അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിച്ചു വന്നിരുന്നത്. ഈ മൂന്നു മേഖലകളിലും അപേക്ഷകളുടെ ക്രമനടപടികളും അനുമതിപത്രങ്ങളും ഒസികളും	നൽകിയതും അതിനു ബന്ധപ്പെട്ട തിരുത്തലുകൾ നടപ്പിൽ വരുത്തിയതും. സോഫ്റ്റ്‌വെയർ ടെസ്റ്റ് ചെയ്യാനോ പുതിയ ഓപ്ഷൻ ആഡ് ചെയ്യാനോ തിരുത്തലുകൾ ചെയ്യാനോ ഇപ്പോൾ സൗകര്യം ഇല്ല. TCS യാതൊരുവിധ സപ്പോർട്ടും അവരുടെ CMAS സോഫ്റ്റ്‌വെയറുകൾക്ക് നൽകുന്നില്ല. CMAS സോഫ്റ്റ്‌വെയറുകൾ കൊച്ചി കോർപ്പറേഷനിൽ നേരത്തെ ബിൽഡിംഗ് പെർമിറ്റ് സോഫ്റ്റ്‌വെയറിനു വേണ്ടി ഉപയോഗിച്ചിരുന്ന ബിപിഎഎംഎസ് (BPAMS) എന്ന സോഫ്റ്റ്‌വെയറുമായി 2013 മുതൽ ഇന്റഗ്രേഷൻ നടത്തിയിരുന്നുവെങ്കിലും അത് പൂർണവിജയം അല്ലായിരുന്നു. നിലവിൽ പെർമിറ്റ് ആപ്ലിക്കേഷൻ ഇഷ്യൂ ചെയ്യുന്നതിന് വേണ്ടി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഐ ബി പി എം എസ് (IBPMS) എന്ന സോഫ്റ്റ്‌വെയറാണ്. 2019 മുതൽ പൂർണ്ണമായും ഓൺലൈനിൽ ആണ് പെർമിറ്റുകൾ നൽകുന്നത്. ഇൻഫർമേഷൻ കേരള മിഷൻ (IKM) സോഫ്റ്റ്‌വെയറുകൾ ടിസിഎസ് സോഫ്റ്റ്‌വെയറുകൾക്ക് പകരമായി കൊച്ചി കോർപ്പറേഷനിൽ നിലവിൽ ഉപയോഗിക്കുന്നു. പഴയ ഡാറ്റ മുഴുവനും IKM സോഫ്റ്റ്‌വെയറിലേക്ക് ഘട്ടം ഘട്ടമായി മാറ്റിക്കൊണ്ടിരിക്കുന്നു, അതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ ടാറ്റാ കൺസൾട്ടൻസിയുടെ സോഫ്റ്റ്‌വെയർ ടെസ്റ്റ് ചെയ്തു നോക്കുവാനുള്ള സംവിധാനം ഇല്ലാത്തതുകൊണ്ടും പൂർണമായും ഒഴിവാക്കിയത്

	നൽകുന്നതും മാന്വൽ രീതിയിലായിരുന്നു. നടപ്പാക്കലിലെ മെല്ലെപ്പോക്കിനു കാരണമായിട്ടുള്ളത് തീരുമാനമെടുക്കുന്നതിലെ വീഴ്ചകളും ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ കെഎംസിയ്ക്ക് വന്ന വീഴ്ചകളുമാണ്. കെട്ടിട അനുമതിപത്ര അപേക്ഷകൾ ഇ-ഫയലിംഗ് മുഖേനയാക്കിയിട്ടുള്ള വ്യവസ്ഥ, 2013 ഫെബ്രുവരിയിൽ ഇറക്കിയ ഭേദഗതിയിലൂടെ കെഎംബിആറിൽ ഉൾപ്പെടുത്തിയെന്ന് സർക്കാർ പ്രസ്താവിച്ചു (2013 നവംബർ).	കൊണ്ടും കരാറിന്റെ ഭാഗമായി ടി.സി.എസ് ലഭ്യമാക്കിയ കമ്പ്യൂട്ടർ സർവറുകളും അനുബന്ധ ഉപകരണങ്ങളും മിക്കവാറും എല്ലാം തന്നെ ഉപയോഗശൂന്യമാണ്. പല ഉപകരണങ്ങളും ഉപയോഗിക്കേണ്ടി വരാത്തതും പഴയ ടെക്നോളജിയും ആണ്. IKM സോഫ്റ്റ്‌വെയറുകൾ വെബ് ബേസ്ഡ് ആയതുകൊണ്ട് ഇവ ക്ലൗഡ് സർവറിലാണ് ഹോസ്റ്റ് ചെയ്തിട്ടുള്ളത് സെർവറുകൾ ക്ലൗഡിൽ ആയതുകൊണ്ട് ടി സി എസ് ലഭ്യമാക്കിയ സർവറുകൾ, അനുബന്ധമായ ഹാർഡ്‌വെയറുകളും ഭാവിയിൽ ആവശ്യം വരുന്നില്ല. IKM ന്റെ K-Smart എന്ന പുതിയ ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ 2023 നവംബർ മാസത്തോടുകൂടി നടപ്പിൽ വരുമെന്ന് IKM അറിയിച്ചിട്ടുണ്ട് ഇവ പൂർണ്ണതോതിൽ പ്രാവർത്തികമാകുന്നതോടെ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദവും, വേഗത്തിലും കൊച്ചി നഗരസഭയുടെ സേവനങ്ങൾ ലഭ്യമാകുന്നതാണ്.
4.1.3.2	**അനുമതിപത്ര അപേക്ഷകളും കാലാവധി കഴിഞ്ഞ അനുമതിപത്രങ്ങളും നിരീക്ഷിക്കുന്നതിന്റെ സംവിധാന തകരാർ** വസ്തുവിന്റെ ഉടമസ്ഥതയുടെ സത്യാവസ്ഥ പരിശോധിച്ചിട്ട് സ്ഥല രൂപരേഖയും മറ്റ് നിബന്ധനകളും വസ്തുവുമായും കെഎംബിആറിന്റെ വ്യവസ്ഥകളുമായും പൊരുത്തപ്പെട്ട് പോകുന്നതാണെന്ന് സ്വയം ബോദ്ധ്യപ്പെട്ട ശേഷം സെക്രട്ടറി സ്ഥല രൂപരേഖ അംഗീകരിക്കുന്നു. കെട്ടിട രൂപരേഖയും ഉയരവും മറ്റ് നിബന്ധനകളും സ്ഥലത്തിനൊത്ത വിധമാണെന്നും ചട്ടങ്ങൾക്കും ബന്ധപ്പെട്ട വ്യവസ്ഥകൾക്കും അനുസൃതമാണെന്നും സെക്രട്ടറി ഉറപ്പാക്കുന്നു. പിന്നീട്, സെക്രട്ടറിയോ	I) പെർമിറ്റ് ലഭ്യമാക്കാതെയുള്ള നിർമ്മാണങ്ങൾക്ക് കെഎംബിആർ -ന് വിധേയമായി ക്രമവൽക്കരണ ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് അനുവദിക്കാറുണ്ട്. II) ഓഡിറ്റ് പരാമർശ കാലയളവിൽ, കൗൺസിലിന് പകരമായാണ് ടൗൺ പ്ലാനിംഗ് കമ്മിറ്റി അനുമതി നൽകിയിരുന്നത്. ഓഡിറ്റ് പരാമർശത്തെ തുടർന്ന് ടി അപാകത പരിഹരിച്ചിട്ടുള്ളതും, KMBR അടിസ്ഥാനമാക്കി നടപടികൾ സ്വീകരിച്ചാണ് ഇപ്പോൾ അപേക്ഷകൾ സ്വീകരിക്കുന്നത്.

	ഇതിനായി അധികാരപ്പെട്ട ഓഫീസറോ കെട്ടിട അനുമതിപത്രം നൽകുന്നു. അഞ്ച് മേഖലാ കാര്യാലങ്ങളിലെ രജിസ്റ്ററുകളിൽ നിന്നു ശേഖരിച്ച വിവരങ്ങൾ അനുസരിച്ച് 2007 മുതൽ 2012 വരെ കെഎംസിയ്ക്ക് ലഭിച്ച 42602 അപേക്ഷകളിൽ 40603 അനുമതിപത്രങ്ങൾ നൽകുകയും 1999 അപേക്ഷകൾ ബാക്കി നിൽക്കുകയും ചെയ്തു. നൽകിയ അനുമതി പത്രങ്ങളിൽ 531 എണ്ണം വൈകിയാണ് നൽകിയത്. അനുമതിപത്രം നൽകുന്നതിലെ കാലതാമസത്തിനും/ നൽകാതിരിന്നതിനും പ്രധാന കാരണം കെട്ടിടങ്ങളുടെ വശങ്ങളിൽ നിർദ്ദിഷ്ട തുറന്ന സ്ഥലം ലഭ്യമാക്കാതിരുന്നത്, തറ വിസ്തീർണ്ണ അനുപാതം (എഫ്എആർ) പാലിക്കാതിരിക്കൽ മുതലായ കാര്യങ്ങൾ ഉൾപ്പെടുന്ന കെഎംബിആർ/ സ്ട്രക്ചർ പ്ളാനിന്റെ ലംഘനമായിരുന്നു. ന്യൂനതകൾ ചൂണ്ടിക്കാട്ടി കോർപ്പറേഷൻ അപേക്ഷകർക്ക് നോട്ടീസ് നൽകിയെങ്കിലും, അനുമതിപത്രം ലഭിക്കുന്നതിനുമുമ്പ് കക്ഷികൾ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഉള്ള ഒരു സംവിധാനവും കോർപ്പറേഷന് ഇല്ലായിരുന്നു. നടപടി പൂർത്തിയാകാതിരുന്ന അപേക്ഷകളിൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ വെളിവാക്കപ്പെട്ടത് ഒരു കേസിൽ അനുമതിപത്രം ലഭിക്കാതെ കക്ഷി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയതായിട്ടാണ്. കെ.എം.ബി.ആർ പ്രകാരം നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതി നിർദ്ദിഷ്ട സമയത്തിനുള്ളിൽ സെക്രട്ടറി നൽകാതിരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന കേസുകളിൽ അപേക്ഷകന്റെ അഭ്യർത്ഥനപ്രകാരം കൗൺസിലിന് അവയിന്മേൽ തീരുമാനം എടുക്കാവുന്നതാണ്. എന്നാൽ നിയമത്തിന്റെയോ അതിന്റെ താഴെയുള്ള ചട്ടങ്ങളുടെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനുമതിപത്രം നൽകാനുള്ള അധികാരം കൗൺസിലിനോ സെക്രട്ടറിയ്ക്കോ ഇല്ല.	III. ടി കാലയളവിൽ ചെറിയ ന്യൂനതകൾ കണ്ടെത്തിയ ഫയലുകളിൽ ടൗൺ പ്ലാനിംഗ് കമ്മിറ്റി അംഗീകാരത്തോടെ പെർമിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ച് വന്നിരുന്നു. ആയത് ക്രമവിരുദ്ധമാണെന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ കെ.എം.ബി.ആർ ചട്ടങ്ങൾക്ക് അനുസൃതമായി മാത്രമാണ് കെട്ടിട നിർമ്മാണാനുമതി നൽകുന്നത്.

	നിർമ്മാണ പ്രവർത്തനങ്ങൾ കെഎംബിആറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് കണ്ട് ആദ്യമേ വിമുഖത കാട്ടിയിരുന്ന കേസുകളിൽ സെക്രട്ടറി പിന്നീട് നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശകൾ അനുസരിച്ച് പതിവ് രീതിയിൽ നിർദ്ദിഷ്ട വ്യവസ്ഥകളെ മറികടന്ന് അനുമതിപത്രം നൽകിയതായി രേഖകളുടെ പരിശോധനയിൽ വെളിപ്പെട്ടു. നിയമമോ ചട്ടങ്ങളോ നൽകുന്ന അധികാരങ്ങൾക്കപ്പുറം, കെ.എം.ബി.ആർ/ സ്കച്ചർ പ്ളാനിന് വിരുദ്ധമായി നഗരാസൂത്രണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതിപത്രം 49 കേസുകളിൽ കെഎംസി നൽകിയതായിട്ട് ഓഡിറ്റ് നടത്തിയ ലാക്ഷണിക പരിശോധനയിൽ വെളിപ്പെട്ടു.	
4.1.4	**അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ** അംഗീകൃത രൂപരേഖ ലഭിക്കാതെയോ അതിൽ നിന്ന് വ്യതിചലിച്ച് ആരംഭിച്ചതോ, പുരോഗമിക്കുന്നതോ, പൂർത്തിയാക്കിയതോ ആയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ അവ കെ.എം. നിയമത്തിലോ കെ.എം.ബി.ആറിലോ ഉള്ള വ്യവസ്ഥകൾ ലംഘിക്കാത്തതാണെങ്കിൽ അവയ്ക്ക് ബാധകമായ ഏകീകൃത ഫീസ് ഈടാക്കിക്കൊണ്ട് കെഎംബിആറിലെ 143-ാം ചട്ടപ്രകാരം ക്രമവൽക്കരിക്കാൻ സെക്രട്ടറിക്ക് സാധിക്കും നിയമത്തിന്റെയോ ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങളെങ്കിൽ, ബന്ധപ്പെട്ട കക്ഷിക്ക് ഉചിതമായ നോട്ടീസ് നൽകിയ ശേഷം, സെക്രട്ടറിക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നശിപ്പിക്കാവുന്നതാണ്. കോർപ്പറേഷൻ പരിധിയിൽ താഴെപ്പറയും വിധമുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.	വിശദ വിവരങ്ങൾ തുടർ ഖണ്ഡികകളിൽ നൽകിയിട്ടുണ്ട്.

4.1.4.1	**എഫ്എ ആറിന്റെയും കവറേജിന്റെയും നിശ്ചിത പരിധി അധികരിച്ചത്** കെഎംബിആർ അനുസരിച്ച് എഫ്എആർ 2.5- ൽ അധികമാകുന്നെങ്കിൽ അധിക അനുമതി പത്ര ഫീസായി ചതുരശ്ര മീറ്ററിന് 1000/- രൂപ അടയ്ക്കാമെന്ന വ്യവസ്ഥയോടെ 2008- ൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കനുവദിക്കാവുന്ന പരമാവധി എഫ്എ ആറും കവറേജും യഥാക്രമം നാലും അറുപത്തിയഞ്ച് ശതമാനവും ആയിരുന്നു. എന്നാൽ കെ.എം.ബി ആറിനെ മറികടക്കുന്ന കെഎംസിയുടെ സ്ട്രക്ചർ പ്ലാൻ അനുസരിച്ച് എംജി റോഡിന്റെ വശങ്ങളിൽ അനുവദിക്കാവുന്ന പരമാവധി എഫ്എആറും കവറേജും യഥാക്രമം രണ്ടും അമ്പതുശതമാനവും ആയിരുന്നു. കെ.എം.ബി ആറിന്റെ പൊതുവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ്ട്രക്ചർ പ്ളാൻ വ്യവസ്ഥകൾ അവഗണിച്ചുകൊണ്ട്, എം.ജി.റോഡിന്റെ അരികിലുള്ള ഒരു വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (റ്റിസിഎസ് ടെക്സ്റ്റയിൽസ്) നിർമ്മാണത്തിന് കെഎംസി അനുമതി പത്രം നൽകയതായി (2008 ജനുവരി) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നൽകിയ അനുമതി പത്രം അനുസരിച്ച് സ്ട്രക്ചർ പ്ലാന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, കെട്ടിടത്തിന്റെ എഫ്എആർ കവറേജ് 61.49 ശതമാനം ആയിരുന്നു. കെഎംബിആർ അനുസരിച്ച്, കെട്ടിടത്തിനകത്ത് പാർക്കിംഗിനായി ഉദ്ദേശിക്കുന്ന സ്ഥലം എഫ്എആർ കണക്കുകൂട്ടുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. മേല്പറഞ്ഞ കെട്ടിടത്തിന്റെ രൂപരേഖയിൽ അടിസ്ഥാന നില കൂടാതെ കെട്ടിടത്തിന്റെ 7 -ഉം 8 - ഉം 9 -ഉം നിലകളും പാർക്കിംഗ് സ്ഥലമായിട്ടാണ് ഉടമ കാണിച്ചിരിക്കുന്നതെന്ന് ഓഡിറ്റ്	കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ടതായ TCS എന്ന സ്ഥാപനത്തിന്റെ നിർമ്മാണത്തിന് അനുവദിച്ച് നൽകിയ ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച് ഓഡിറ്റ് ജനറൽ നടത്തിയ പരിശോധന റിപ്പോർട്ടുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചു. പ്രസ്തുത കെട്ടിട നിർമ്മാണ അപേക്ഷ കോർപ്പറേഷനിൽ ലഭ്യമായതുപ്രകാരം അംഗീകൃത DTP Scheme Plan/Structural Plan നിബന്ധനകൾ പ്രകാരം കക്ഷിയുടെ സ്ഥലത്ത് FAR പരാമാവധി 2.00 വരെ മാത്രമേ അനുവദിക്കുവാൻ കഴിയൂ എന്ന് കാണിച്ചുകൊണ്ട് കക്ഷിയ്ക്ക് അറിയിപ്പ് നൽകുകയും എന്നാൽ കക്ഷി ബഹു. ഹൈക്കോടതിയിൽ WP(C) No. 15965/2017 നമ്പർ ഹർജി സമർപ്പിക്കുകയും 30.05.2007 ലെ വിധി പ്രകാരം (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) കെ.എം.ബി.ആർ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് അനുവദിക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് DTP Scheme Plan/Structural Plan നിബന്ധനകളോടെ FAR 2.00, Coverage 50% എന്നിവയിൽ നിന്നും അധികരിച്ച് അധിക FAR Fee ഈടാക്കി FAR 3.88, Coverage 61.49% എന്നിവ അനുവദിച്ച് നൽകിയിട്ടുള്ളത് എന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. M/s. TCS Textiles (P) Ltd ന്റെ

	ശ്രദ്ധിച്ചു. അതനുസരിച്ച് ഈ നിലകളുടെ വിസ്തീർണ്ണം (1840.30 ചതുരശ്രമീറ്റർ) എഫ്എആറിന്റെ കണക്കുകൂട്ടലിൽ നിന്ന് ഒഴിവാക്കി. കെഎം നിയമത്തിന്റെ സെക്ഷൻ 244 (2) അനുസരിച്ച് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി കെഎംസി യുടെ റവന്യൂ വിഭാഗം പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ നിലകൾ ഉടമസ്ഥൻ ജൗളിചരക്കുകൾ ഇറക്കാനും സൂക്ഷിക്കാനുമാണ് യഥാർത്ഥത്തിൽ ഉപയോഗിച്ചിരുന്നതെന്ന് വെളിപ്പെടുകയും ഈ മൂന്നു നിലയ്ക്ക് അർദ്ധവാർഷിക നിരക്കായി 3.76 ലക്ഷം വാസ്തുക്കാരമായി നിർണ്ണയിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ സ്ഥലം പാർക്കിങ്ങിനല്ലാത്ത കാര്യങ്ങൾക്കായി ഉപയോഗിച്ചാൽ ചട്ടം 143 അനുസരിച്ച്, അധിക അനുമതി പത്ര ഫീസായ 18.40 ലക്ഷം ഈടാക്കണമായിരുന്നു. കെഎംബിആറിന്റെ ചട്ടം 146 (4) അനുസരിച്ച് ഈ കേസിൽ ഈടാക്കാവുന്ന കൂട്ട് ഫീസ് (അനുമതിപത്ര ഫീസിന്റെ ഇരട്ടി തുക) 36.80 ലക്ഷം ആയിരുന്നു. കേസ് പരിശോധിച്ചിട്ട് വിശദമായ മറുപടി നൽകുമെന്ന് സെക്രട്ടറി പ്രസ്താവിച്ചു (സെപ്തംബർ 2013). നാളിതുവരെ (മെയ് 2014) വിശദ മറുപടി കിട്ടിയിട്ടില്ല.	ഉടമസ്ഥതയിലുള്ളതും 40/6570 A നമ്പർ നൽകിയിരുന്നതുമായ ബേസ്മെന്റ് ഫ്ളോർ മുതൽ ഒമ്പത് നിലവരെയുള്ള കെട്ടിടത്തിന് 01.04.2009 മുതൽ 22,68,690/- രൂപ വാർഷിക നികുതിയും ലൈബ്രറി സെസ്സ് 1,13,435/- രൂപയും ആയി നിശ്ചയിച്ചിരുന്നു. ആയതുപ്രകാരം 2016-17 II nd വരെ നികുതി ഒടുക്കിയിരുന്നു. 7, 8, 9 നിലകൾ ഒക്യുപൻസിയിൽ രേഖപ്പെടുത്തിയിരുന്ന പാർക്കിംഗ് ആവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നതായി കണ്ടതിനാൽ, ടി കെട്ടിടത്തിന്റെ 9 നിലകളും ഉൾപ്പെടുന്ന 40/6570 A നമ്പറിനെ 40/6570 AUA നമ്പർ നൽകി, വാർഷിക നികുതി 68,06,070/- രൂപയും ലൈബ്രറി സെസ്സ് 3,40,304/- രൂപയായും പുനർ നിർണ്ണയിച്ചിരുന്നു. ആയതിനെതിരെ കക്ഷി WP(C) No. 1172/2012 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. 2017-18 കാലയളവിൽ ടി കെട്ടിടം റഗുലറൈസ് ചെയ്ത് ബേസ്മെന്റ് ഫ്ളോർ മുതൽ 9th floor വരെയുള്ള കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് വാർഷിക നികുതി 23,13,296/- രൂപയും ലൈബ്രറി സെസ്സ് 1,15,065/- രൂപയും ചുമത്തിയിട്ടുള്ളതാണ്. ആയതുപ്രകാരം 2022-23 II nd വരെയുള്ള നികുതി കക്ഷി ഒടുക്കിയിട്ടുള്ളതാണ്. നിലവിലെ ISO/CER 9/21547/23 നമ്പർ ഫയൽ പ്രകാരം SCM Silks Pvt. Ltd എന്ന പേരിലേക്ക് മാറ്റം നടത്തിയിട്ടുള്ളതാണ്. ഓഡിറ്റ് പരാമർശത്തിൽ FIR, Coverage എന്നിവ വയലേറ്റ് ചെയ്തു എന്ന് രേഖപ്പെടുത്തിട്ടുണ്ട്. ബഹു.ഹൈക്കോടതിയിൽ WP(C) 15965/2008 കേസ്സിന്റെ വിധിന്യായ പ്രകാരമാണ് ടി FIR, Coverage-

		ഉം അനുവദിച്ചിട്ടുള്ളത്. ടി നിർമ്മാണത്തിന് 7, 8 നിലകൾ കാർ പാർക്കിംഗ് നിലനിർത്തികൊണ്ട് 28/07/2017-ൽ ഒക്യുപ്പെൻസി അനുവദിച്ചതായി കാണുന്നു എന്നും കൂടാതെ ഗ്രൗണ്ട് ഫ്ളോറിൽ ഓപ്പൺ പാർക്കിംഗിനായി അധികസ്ഥലം കക്ഷികൾ വാങ്ങിച്ച് പാർക്കിംഗ് അനുവദിച്ചിട്ടുള്ളതാണ് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4.1.4.2	**തീരദേശ മേഖലാ നിയന്ത്രണം ലംഘിച്ച് കായലുകളുടെ സമീപത്ത് നടത്തിയ നിർമ്മാണം** 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 3(1), 3(2) ഉം 1986- ലെ പരിസ്ഥിതി (സംരക്ഷണം) ചട്ടങ്ങളിലെ ചട്ടം 5(3)(ഡി)യും അനുസരിച്ച് അധോന്നത തിരമാല മേഖലയിൽ നിന്നും 500 മീറ്റർ വരെ തിരമാലയുടെ വ്യവഹാരത്താൽ സ്വാധീനിക്കപ്പെട്ട തീരദേശവും നിമ്നോന്നത തിരമാല രേഖയും അധോന്നത തിരമാല രേഖയും ഇടയിൽ വരുന്ന പ്രദേശവും തീരദേശ നിയന്ത്രണ മേഖല (സിആർഇസെഡ്) ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കായലുകളുടെയും നദികളുടെയും കാര്യത്തിൽ ഓരോ വശത്തും 100 മീറ്ററോ നദികളുടെ / കായലുകളുടെ വീതി ഏതാണോ കുറവ് എന്ന രീതിയിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. സിആർഇസെഡ്, മേഖലയിൽ നിർമ്മാണം ഏറ്റെടുക്കുന്നതിനുമുമ്പ് തീരദേശമേഖല മാനേജ്മെന്റ് അതോറിറ്റി (സിഇസെഡ്എംഎ) യുടെ മുൻ അംഗീകാരം വേണമെന്നും ആ മേഖലകളിലെ അഞ്ച് കോടിയിൽ അധികം മുടക്കുവരുന്ന പ്രോജക്ടുകളാണെങ്കിൽ പരിസ്ഥിതി വനമന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള ചില നിയന്ത്രണങ്ങൾ കേന്ദ്ര സർക്കാർ നടപ്പിലാക്കിയിരുന്നു. കേസുകൾ സിഇസെഡ്എംഎയ്ക്ക് വിടാതെയും പരിസ്ഥിതി വന മന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി ലഭിക്കാതെയും തീരദേശമേഖലാ നിയന്ത്രണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട്	CRZ violation സംബന്ധിച്ച ഫയൽ (KPR1/887/11) പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം പരിസ്ഥിതി വനം മന്ത്രാലയം 19.02.91-ൽ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ 1991-ലെ വിജ്ഞാപനത്തിൽ തീരദേശ നിയന്ത്രണമേഖല അംഗീകാരകം ലഭിക്കുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങളുടെ സമയപരിധിയോ നൽകേണ്ട അപേക്ഷയുടെ മാതൃകയോ ലഭ്യമായിരുന്നില്ല. അംഗീകാരം നൽകിയ ശേഷം പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനമോ നിയമം അനുശാസിക്കും വിധം അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങളോ 1991-ലെ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിരുന്നില്ല. ഇതേ തുടർന്ന് അപാകതകൾ പരിഹരിച്ച് 2011-ൽ മാത്രമാണ്

	ചിലവന്നൂർ കായൽ തീരത്ത് (സിആർഇസെഡ് ഏരിയയായി പ്രഖ്യാപിച്ചത്. 19 കെട്ടിടങ്ങളുടെ നിർമ്മാണത്തിന് (ഇവയിൽ ചിലത് 21 നിലകൾവരെയുള്ള ബഹുനില കെട്ടിടങ്ങൾ ആണ്) കെഎംസി അനുമതി പത്രം നൽകിയതായി ഓഡിറ്റ് കണ്ടെത്തി. 13 കെട്ടിടങ്ങളുടെ കാര്യത്തിൽ ഇത്തരത്തിലുള്ള ലംഘനങ്ങളെപ്പറ്റി സിഇസെഡ്എംഎ, കെഎംസിയെ അറിയിച്ചിരുന്നു. ഒരു കേസിൽ പാർട്ടിയോട് നിർമ്മാണം തുടരരുതെന്ന് കെഎംസി നിർദ്ദേശിച്ചിട്ടും, നിർമ്മാണം നിർബാധം തുടർന്നുകൊണ്ടിരുന്നു. കെട്ടിടങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം XII- ൽ കൊടുത്തിരിക്കുന്നു. സിഇസെഡ്ആർ പരിധി ലംഘിച്ച കെട്ടിടങ്ങൾ തീരദേശമേഖല മാനേജ്മെന്റ് അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്ന് സർക്കാർ പ്രസ്താവിച്ചു. (നവംബർ 2013).	വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. കൊച്ചി നഗരസഭ-എളംകുളം ചിലവന്നൂർ പ്രദേശം CRZ II Zone -ൽ ആണ് ഉൾപ്പെടുന്നത്. തീരദേശ പരിപാലന നിയമപ്രകാരം Zone II -ൽ ഉൾപ്പെടുന്ന നഗരപ്രദേശങ്ങളിൽ അംഗീകൃത കെട്ടിടങ്ങളുടെ Allignment -ന്റെ Land ward side -ൽ കെട്ടിട നിർമ്മാണാനുമതി നൽകാവുന്നതാണ്. കൂടാതെ ചിലവന്നൂർ പുഴയുടെ തെക്ക് ജലസേചന വകുപ്പ് ബണ്ട് നിർമ്മിച്ചിട്ടുള്ളതാണ്. ടി കെട്ടിടങ്ങൾക്ക് അനുമതി നൽകിയ അവസരത്തിൽ അംഗീകാരം നൽകിയ കെട്ടിടങ്ങളുടെ ഇരുവശവും അംഗീകൃത കെട്ടിടം നിലനിന്നിരുന്നതാണ്. പെർമിറ്റ് നൽകിയ അവസരത്തിൽ CRZ സംബന്ധിച്ചും യാതൊരു നിയമങ്ങളും കെട്ടിടനിർമ്മാണ ചട്ടത്തിൽ ഉണ്ടായിരുന്നില്ല. കൂടാതെ ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ ലഭ്യമായിരുന്നില്ല. ടി കാലയളവിൽ നിലവിലുണ്ടായിരുന്ന നിർമ്മാണ ചട്ടം അനുസരിച്ച് CRZ Zone -ൽ ഉൾപ്പെടുന്ന നഗരപ്രദേശങ്ങളിൽ അംഗീകൃത കെട്ടിടത്തിന്റെയോ നിലവിലുള്ള റോഡിന്റെയോ Land ward side -ൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാമെന്നതിനാലും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവത്തിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളതും ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതുമാണ്.

2011-ലെ CRZ വിജ്ഞാപനത്തിന് ശേഷം നഗരസഭ ടി മേഖലയിലെ കെട്ടിട നിർമ്മാണങ്ങളിൻമേൽ കർശനമായ നടപടി സ്വീകരിച്ചിട്ടുള്ളതും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ അനുമതി നൽകി വരുന്നുള്ള എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

Sl No	Name of the Project	Remarks	No.of Building	Whether Completed Or Not	Whether Occupied Or Not
1	Galaxy Developers KRP1-140/2005	13 Storied building with 4 blocks (plinth area-25880 sq.mtr. Constructed at a minimum distance of 9.80mtr from the river boundry	4	Block-I-(Yes) Block-2, 3, 4 (Yes)	Yes Yes
2	Heera Construction	18 Storied building (plinth area-	1	Yes	Yes

			KRP1-37/2005	24500 sq.mtr). Constructed at a minimum distance of 17.17 mtr from the river boundry			
		3	Ambady Retreats KRP1-03/2005	9 Storied building (plinth area-4497.47 sq.mtr. Constructed at a minimum distance of 60 mtr from the river boundry	1	Yes	Yes
		4	Ambady Retreats (Adukkala Restaurant)	Constructed at a minimum distance of 18.50 mtr from the river boundry	1	Yes	Yes
		5	Jewel Homes	10 Storied building with	2	Yes	Yes

	KRP1-365/2005	2 blocks (plinth area-12224.51 sq.mtr). Constructed at a minimum distance of 32.50 mtr from the river boundry			
6	Jewel Homes (Car Porch)	Constructed at a minimum distance of 17.50 mtr from the river boundry	1	Yes	Yes
7	M.A.Yusufali KRP1-325/2005	Constructed at a minimum distance of 10 mtr from the existing river boundry	1	Yes	Yes
8	RainTree Realms KRP1-293/20	Constructed at a minimum distance of 10 mtr from the existing	1	Yes	Yes

	03	river boundry			
9	Abad Lotus	Constructed at a minimum distance of 16.30 mtr from the existing river boundry	1	Yes	Yes
10	Blue Lagoon (Water front enclave)	Constructed at a distance of 7.20 mtr from the existing river boundry	1	Yes	Yes
11	M/s.Adelic Builders & Developers(P)Ltd KRP1-318/2007	21 Storied building with 5 blocks (plinth area-57942 sq.mtr. Constructed Violating CRZ norms	5	No	No

ഓഡിറ്റ് ഖണ്ഡിക പരാമർശിച്ചിട്ടുള്ള മേൽ പറഞ്ഞ കെട്ടിടങ്ങളിലെ ഗ്യാലക്സി ഡവലപ്പേഴ്സിന്

		ബഹു.ഹൈക്കോടതിയുടെ WP(C) 13927/2009 , date: 09.11.2010 ഉത്തരവ് പ്രകാരവും , ശ്രീ. യൂസഫലിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും (CRC NOC ഉൾപ്പെടെ) ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 18.03.2022 തീയതിയിൽ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതാണ് എന്ന വിവരം കൂടി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4.1.4.3	<u>ആർട്ട് & **ഹെറിറ്റേജ് കമ്മീഷന്റെ സമ്മതമില്ലാതെ നടത്തിയ നിർമ്മാണങ്ങൾ**</u> സ്ക്വർ പ്ളാൻ അനുസരിച്ച് സംരക്ഷിത (പൗരാണിക) മേഖല ആയി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് ആ സ്ഥലത്തിന്റെ പൗരാണിക സ്വഭാവം സംരക്ഷിക്കുക എന്ന ലക്ഷ്യത്തിനായി ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ ലിഖിത ശുപാർശ കൂടാതെ, ആ സ്ഥലത്തെ ഏതെങ്കിലും വസ്തുവിന്റെയോ, കെട്ടിടത്തിന്റെയോ പൊളിച്ചുകളയൽ എന്നിങ്ങനെയുള്ള വികസനം പുനർവികസനം. നിർമ്മാണം ഇവ അനുവദിക്കാൻ പാട്ടുള്ളതല്ല. ഫോർട്ട് കൊച്ചിയി ലെ ഡിവിഷൻ 1 -ലെ നിശ്ചിത പ്രദേശത്ത് സ്ക്ച്ചർ പ്ളാനിൽ സംരക്ഷിത മേഖലയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫോർട്ട് കൊച്ചിയിലെ സംരക്ഷിത മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉചിതമായ രീതിയിൽ നിരീക്ഷിക്കുകയോ അനുമതിപത്രം നൽകുന്നതിനു മുമ്പ് കെഎംസി ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ സമ്മതം നിർബന്ധമായും ലഭ്യമാക്കുകയോ ചെയ്തില്ല. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ അനുമതി കൂടാതെ കെഎംസി നൽകിയ സമ്മതപത്രങ്ങളുടെയും കമ്മീഷന്റെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് കക്ഷികൾ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം	1. എഫ്.സി.പി1/183/06 നമ്പർ ഫയൽ പ്രകാരം ശ്രീ. എ. ആർ. അബ്ദുൾ വഹാബിന്റെ പേരിലുള്ള ഹോട്ടൽ ഫോർട്ട് മാനർ എന്ന കെട്ടിടത്തിന് ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ 1/119/TSR/200EM dtd 30.11.2006-ലെ ഉത്തരവ് പ്രകാരം NOC ലഭിച്ചിട്ടുള്ളതാണ്. 2 ടി കെട്ടിടത്തിന് എതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലത്ത് പോയി പരിശോധിച്ച് ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിൽ നിർമ്മിച്ചിരുന്ന ടോയ്ലറ്റ് പൊളിച്ച് മാറ്റുന്നതിനും ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിനും 13.06.2022-ൽ കത്ത് നൽകുകയുണ്ടായി. ഇതനുസരിച്ച് കെട്ടിട ഉടമ താൽക്കാലികമായി നർമ്മിച്ചിരുന്ന ടോയ്ലറ്റ് പൊളിച്ചുമാറ്റിയിട്ടുള്ളതും ആയത് ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ഹാജരാക്കിയിട്ടില്ലാത്തതിനാലാണ് നടപടികൾ സ്വീകരിക്കാൻ കഴിയാത്തത്. ആർട്ട് & ഹെറിറ്റേജിന്റെ എൻ.ഒ.സി ലഭ്യമല്ലാത്ത നിർമ്മാണങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച്

	XIII- ൽ നൽകിയിട്ടുണ്ട്. ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതി ഇല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽകൊണ്ടുവരുമെന്ന് സർക്കാർ പ്രസ്താവിച്ചു (നവംബർ 2013) , ഇക്കാര്യത്തിലുള്ള തുടർ പ്രക്രിയകൾ കാത്തിരിക്കുന്നു (മേയ് 2014).	വരുന്നതുമാണ്. 3. കൊച്ചി നഗരസഭ ഫോർട്ടുകൊച്ചി മേഖല പരിധിയിലെ പൈതൃക മേഖലയിൽ ഹെറിറ്റേജ് കമ്മീഷന്റെ അനുമതിയില്ലാതെ നടത്തിയിട്ടുള്ള 16 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിർമ്മാണം നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും ടി വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നതുമാണ്. ആർട്ട് & ഹെറിറ്റേജ് ഏരിയയിൽ വരുന്ന സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ NOC ലഭിച്ചാൽ മാത്രമേ ബിൽഡിംഗ് പെർമിറ്റ് നൽകുകയുള്ളൂ എന്ന വ്യവസ്ഥ കർശനമായി പാലിച്ചുവരുന്നുണ്ട്.
4.1.4.4	**അനുമതിപത്രം ലംഘിച്ച് നടത്തിയ നിർമ്മാണങ്ങളും അധിവാസ പ്രമാണ പത്രമില്ലാത്ത കെട്ടിടങ്ങളിൽ വസിക്കുന്നതും** കെഎംബിആറിന്റെ ചട്ടങ്ങൾ 4- ഉം 20-ഉം അനുസരിച്ച് നഗരാതിർത്തിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം കൊടുക്കുന്ന അനുമതി പത്രത്തിന് അനുസൃതമായി നടത്തേണ്ടതും കെട്ടിടത്തിൽ താമസിക്കുന്നതിനുമുമ്പ് സെക്രട്ടറിയിൽ നിന്നും അധിവാസ പ്രമാണ പത്രം ലഭ്യമാക്കേണ്ടതുമാണ്. 1997 ജൂണിൽ, ഒരു 13 നില അധിവാസ കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണത്തിനായി കെഎംസി അനുമതിപത്രം നൽകി. കെഎംബിആറിലെ നിരവധി വ്യവസ്ഥകൾ ലംഘിച്ചാണ് കെട്ടിടം പണിതതെന്ന് 2009- ൽ കോർപ്പറേഷന്റെ റവന്യൂ വിഭാഗം കണ്ടെത്തി. 6448.82 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള അധിവാസ കെട്ടിട സമുച്ചയം നിർമ്മിക്കാനുള്ള അനുമതിപത്രം ഉപയോഗിച്ച് 126 മുറികളുള്ള 8406.51 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു 14 നില ആധുനിക ഹോട്ടൽ (എമറാൾഡ് ഹോട്ടൽ) ഉടമസ്ഥൻ നിർമ്മിക്കുകയും	കൊച്ചി നഗരസഭ വൈറ്റില മേഖല പരിധിയിൽ പൂണിത്തുറ വില്ലേജിൽ സർവ്വെ നമ്പർ 916/2.3, 917/4.6, 920/1.2, 917/3.5-ൽപ്പെട്ട സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിൽ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം സംബന്ധിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ, എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ സംയുക്ത പരിശോധനയിൽ 1513.98 മീറ്റർ സ്ക്വയർ അനധികൃതമായി നിർമ്മിച്ചിട്ടുള്ളതായും ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ എന്നിവ നൽകിയിട്ടുള്ള ഒക്യൂപ്പെൻസിയിൽ വ്യതിചലിച്ച് കാർപാർക്കിംഗ് ഏരിയ, റിസപ്ഷൻ, ലോബി, റസ്റ്റോറന്റ്, കിച്ചൺ, സ്റ്റോർ, കോൺഫറൻസ് ഹാൾ, ഓഫീസ് റൂം, റിക്രിയേഷൻ റൂം എന്നിവയാക്കി ഉപയോഗിച്ചുവരുന്നത് കെട്ടിട നിർമ്മാണ ചട്ടം 2019-ന്

	അധിവാസ അനുമതിപത്രം ലഭ്യമാക്കാതെ ഒക്ടോബർ 2009 മുതൽ അത് പ്രവർത്തിച്ചു വരികയുമായിരുന്നു. അർദ്ധവാർഷിക കെട്ടിട നികുതിയായി 32.03 ലക്ഷം ചുമത്തിക്കൊണ്ട്, റവന്യൂ വിഭാഗം ഒക്ടോബർ 2009 മുതൽ കെട്ടിടത്തിനുള്ള നിർണ്ണയിക്കൽ നടത്തി. ഉടമസ്ഥൻ അനുമതി പത്രത്തിന്റെ സാധുവായ കാലാവധിക്കുള്ളിലാണ് ഒസിയ്ക്കുള്ള അപേക്ഷ നൽകിയതെങ്കിൽ, അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളഞ്ഞ് കെട്ടിടത്തിന്റെ സാധൂകരണത്തിനുള്ള നടപടിയെടുക്കാനുള്ള നിർദ്ദേശം സർക്കാർ 2010 മാർച്ചിൽ സെക്രട്ടറിക്ക് നൽകി. അധിവാസ പ്രമാണപത്രത്തിനുള്ള അപേക്ഷ അനുമതി പത്രത്തിന്റെ സാധുവായ കാലാവധിക്കുള്ളിൽ ഉടമസ്ഥൻ നൽകാതിരുന്നിട്ടുകൂടി, കേസ് പരിശോധിക്കുന്നതിനോ ഉചിതമായ നടപടിയെടുക്കുന്നതിനോ ഫലപ്രദമായ പ്രവർത്തനങ്ങൾ സെക്രട്ടറി നടത്തിയില്ല.	വിരുദ്ധമാണ് എന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കേരള മുസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 406 (1) പ്രകാരം പൊവിഷണൽ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. കക്ഷി സമർപ്പിച്ച മറുപടി പരിശോധിച്ച് ടിയാനെ നേരിൽ കേൾക്കുകയും ഹിയറിംഗ് പ്രൊസീഡിംഗ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 406 (3) വകുപ്പ് അനുസരിച്ച് സ്ഥിരീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെ കക്ഷി ബഹു. എൽ.എസ്.ജി.ഐ ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും (I.A.NO. 370/2023 in Appeal No. 133/2023) കക്ഷിയ്ക്ക് ലഭിച്ച സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിനുള്ള അനുമതിയ്ക്കായി നഗരസഭ ലീഗൽ സെൽ മുഖേന വസ്തുതാവിവരം ബഹു.ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ് എന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4.1.4.5	<u>ഉയരത്തിനുള്ള അതിർവരമ്പ് ലംഘിച്ച് നടത്തിയ നിർമ്മാണം</u> ഒരു 12 നില വാണിജ്യ കെട്ടിടം (റവന്യൂ ടവർ) നിർമ്മിക്കുന്നതിന് കെ.എം.സി 2000 സെപ്റ്റംബറിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതിപത്രം നൽകുകയും 2009 മാർച്ചിൽ അതിന്റെ നിർമ്മാണം പൂർത്തിയാവുകയും ചെയ്തു. കെട്ടിടം വിമാനത്താവളത്തിൽ നിന്ന് നിശ്ചിത ദൂരത്തിനുള്ളിലായിരുന്നതുകൊണ്ട് വൈമാനിക വിഭാഗത്തിൽ നിന്ന് വൈമാനികയാത്ര പ്രതിബന്ധവുമായി ബന്ധപ്പെട്ട്	നഗരസഭയിലെ 62-ാം ഡിവിഷനിൽ സ്ഥിതിചെയ്യുന്ന റവന്യൂടവർ എന്ന സ്ഥാപനത്തിന് ഏവിയേഷൻ NOC ലഭിക്കാത്തതിനെ തുടർന്ന് 11th floor വരെ ഒക്യൂപ്പെൻസി സർട്ടിഫിക്കറ്റ് നൽകുകയും 12th floor -ന് ഏവിയേഷൻ NOC ലഭിക്കുന്ന സമയത്ത് മാത്രമേ ഒക്യൂപ്പെൻസി അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിരുന്നു. എന്നാൽ ടി ഫ്ളോറിൽ പോലീസ് കമ്മീഷണറുടെ ഓഫീസ് അന്നു മുതൽ

	എതിർപ്പില്ലാ പ്രമാണ പത്രം (എൻഒസി) കെഎംസി ലഭ്യമാക്കേണ്ടത് നിർബന്ധമായിരുന്നു. വൈമാനിക വിഭാഗം നൽകിയ എൻഒസിയിൽ നിഷ്കർഷിച്ചിരുന്ന 46.60 മീറ്ററിന്റെ സ്ഥാനത്ത് കെട്ടിടം നിർമ്മിച്ചത് 50.60 മീറ്റർ ഉയരത്തിലായിരുന്നു. കെട്ടിടത്തിന്റെ ഉയരം 46.60 മീറ്ററിൽ കൂടുതൽ ഉയർത്താനായി കക്ഷി സമർപ്പിച്ച ഒരു അപേക്ഷ വൈമാനിക വിഭാഗം നിരസിച്ചതായി (2001 നവംബർ) ഓഡിറ്റ് ശ്രദ്ധിച്ചു. വൈമാനിക വിഭാഗത്തിൽ നിന്ന് 12- ാം നിലയ്ക്ക് എൻഒസി ലഭിക്കാത്ത പക്ഷം ആയത് നിർദ്ദിഷ്ട ഉയരത്തെ അധികരിച്ച്തിനാൽ പൊളിച്ചുമാറ്റേണ്ടതാണെന്ന വ്യവസ്ഥയോടെ കെട്ടിടത്തിന്റെ 11- ാം നില വരെ മാത്രമേ കെഎംസി ഒസി നൽകിയുള്ളൂ. 46.60 മീറ്ററിലധികമുള്ള നിർമ്മാണം അനുവദിച്ചു കൊണ്ടുള്ള പുതുക്കിയ എൻഒസി നാളിതുവരെ (2014 മേ.യ്) ലഭിച്ചിട്ടില്ലെങ്കിലും, അനധികൃത നിർമ്മാണം പൊളിച്ചുകളയാനുള്ള ഒരു നടപടിയും തുടങ്ങിയിട്ടില്ല.	പ്രവർത്തിച്ചുകൊണ്ടിരുന്നതിനാലും ടി വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുള്ളതിനാലും ആണ് ടി ഫ്ളോർ പൊളിച്ചുനീക്കുവാൻ സാധിക്കാതെയിരുന്നത് എന്ന വിവരം റിപ്പോർട്ട് ചെയ്തിരുന്നു. 25/08/2022 തീയതിയിൽ നടന്ന പ്രിലിമിനറി യോഗത്തിൽ ടി കെട്ടിടം പൊളിക്കുന്നതിനുള്ള അസൗകര്യം സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് സർക്കാരിലേയ്ക്ക് വിവരം അറിയിക്കുന്നതിന് നിർദ്ദേശിച്ചിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് മുഖാന്തിരം സർക്കാരിൽ സമർപ്പിക്കുന്നതിന് കത്ത് നൽകിയിരുന്നു എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കത്ത് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് മുഖാന്തിരം സർക്കാരിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ചുള്ള ഫയൽ വിജിലൻസ് ഓഫീസിൽ ആയതിനാൽ ടി കത്തിന്റെ പകർപ്പ് നൽകുന്നതിന് സാവകാശം അനുവദിക്കണം എന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
4.1.4.6	**അനുമതിപത്രമില്ലാതെ നടത്തിയ നിർമ്മാണങ്ങൾ** സെക്രട്ടറിയിൽ നിന്ന് അനുമതിപത്രം ലഭിക്കാതെ ഒരു വ്യക്തിയും ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ മാറ്റം വരുത്തുവാനോ പാടില്ല എന്ന് കെ.എം.ബി ആറിന്റെ ചട്ടം 4 നിഷ്കർഷിക്കുന്നു. അനുമതി പത്രം കൂടാതെയുള്ള 19 നിർമ്മാണങ്ങൾ (അംബുജാ സിമന്റ്സ് ലിമിറ്റഡിന്റെ 14 കെട്ടിടങ്ങളും രണ്ട് മൊബൈൽ ടവറുകളും ഉൾപ്പെടെ) കോർപ്പറേഷന്റെ റവന്യൂ വിഭാഗം	കൊച്ചി നഗരസഭ - ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി സോണൽ ഓഫീസിൻറെ പരിധിയിലുള്ള അംബുജ സിമൻറ്സ് പ്രൈവറ്റ് ലിമിറ്റഡിൻറെ ബിൽഡിംഗുകളും രണ്ട് മൊബൈൽ ടവറുകളും, ഉൾപ്പെടെ 19 നിർമ്മാണങ്ങൾ പെർമിറ്റ് ഇല്ലാതെയാണ് നിർമ്മിച്ചിരിക്കുന്നതെന്നുള്ള ഓഡിറ്റ് പരാമർശത്തിൻറെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തി നോട്ടീസ് നൽകുകയും, തുടർന്ന് താഴെ പറയുന്ന

	കണ്ടുപിടിച്ചതായി രേഖകളുടെ ലാക്ഷണിക പരിശോധനയിൽ വെളിപ്പെട്ടു. അനധികൃത നിർമ്മാണങ്ങളുടെ പേരിൽ ഉടമസ്ഥർക്കെതിരെ ഒരു നടപടിയും സെക്രട്ടറി ആരംഭിച്ചിട്ടില്ല. നിയമം ലംഘിച്ചുള്ള അനധികൃത കെട്ടിടനിർമ്മാണത്തിനെതിരെ നിയമനടപടി ആരംഭിക്കുവാനുള്ള നിർദ്ദേശം നൽകുമെന്ന് സർക്കാർ പ്രസ്താവിച്ചു (2013 നവംബർ).	ബിൽഡിംഗുകൾ റഗുലറൈസ് ചെയ്ത് നികുതി അടപ്പിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. മൊബൈൽ ടവറുകളുടെ ക്രമവൽക്കരണ അപേക്ഷകളിന്മേൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് ക്രമവൽക്കരിച്ച് നികുതി നിശ്ചയിച്ചിട്ടുള്ളതാണ്.
4.1.5	**നിർദ്ദിഷ്ട കാലാവധിക്കപ്പുറമുള്ള അനുമതിപത്രങ്ങളുടെ പുതുക്കലുകൾ** അനുമതിപത്രത്തിന്റെ സാധുതാകാലയളവായ ഒമ്പത് വർഷത്തിനകം (പുതുക്കൽ കാലയളവുൾപ്പെടെ) നിർമ്മാണം പൂർത്തിയായില്ലെങ്കിൽ, നിർമ്മാണം തുടരുന്നതിന് പുതിയ അനുമതി പത്രം ആവശ്യമുണ്ട്. എമറാൾഡ് ഹോട്ടലിന്റെ കാര്യത്തിൽ അനുമതിപത്രം പുതുക്കി നൽകാവുന്ന പരമാവധി കാലാവധി 2006 ജൂൺ 3 ആയിരുന്നെങ്കിലും, പുതിയ അനുമതിപത്രത്തിന് അപേക്ഷിക്കുവാൻ കക്ഷിയോട് ആവശ്യപ്പെടുന്നതിനുപകരം അനുമതിപത്രം രണ്ടുതവണ പുതുക്കി (2006 ആഗസ്റ്റിലും 2009 ജനുവരിയിലും) 2009 ജൂൺ 1 വരെ നൽകി. നിർമ്മാണം പൂർത്തിയാക്കി 2009 ഒക്ടോബർ മുതൽ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പുതിയ അനുമതിപത്രം എടുക്കാതിരുന്നതിന്റെ പേരിൽ വന്ന റവന്യൂ നഷ്ടം 39.64 ലക്ഷം ആയിരുന്നു. പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അനുമതിപത്രത്തിന്റെ പുതുക്കലുമായി ബന്ധപ്പെട്ട് കക്ഷി സമർപ്പിക്കുന്ന അപേക്ഷയുടെ സത്യാവസ്ഥ പരിശോധിച്ചശേഷം നിർദ്ദിഷ്ട സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകളോടെയോ അല്ലാതെയോ ഒമ്പതു വർഷത്തിനപ്പുറം അനുമതിപത്രം പുതുക്കാവുന്ന ഒരു വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 2013 ഫെബ്രുവരിയിൽ കെഎംബിആർ പരിഷ്കരിച്ചതായി സർക്കാർ പ്രസ്താവിച്ചു. (2013 നവംബർ).	കൊച്ചി നഗരസഭ വൈറ്റില മേഖല 52-ാം ഡിവിഷനിൽ ശ്രീമതി ഗീത ജഗനാഥൻ എന്നവരുടെ പേരിൽ MOP4/450/95 പ്രകാരം 04.06.97-ൽ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളതായി നഗരസഭ മെയിൻ ഓഫീസിലെ ടൗൺപ്ലാനിംഗ് വിഭാഗത്തിലുള്ള ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ടി പെർമിറ്റ് 3 വർഷം കൂടി കക്ഷിയ്ക്ക് പുതുക്കി നൽകിയിട്ടുള്ളതായും (04.06.2003 വരെ) രേഖപ്പെടുത്തിയിട്ടുള്ളതാണ്. വൈറ്റില മേഖലയിലെ റവന്യൂ വിഭാഗത്തിൽ പരിശോധിച്ചതിൽ 29.06.2016 -ൽ ശ്രീ.മുഹമ്മദ് അബ്ദുൾ കരീം ഫൈസൽ എന്നവരുടെ പേരിൽ 6442.32m2 വിസ്തൃതിയിൽ (GF+12th floors) റസിഡൻഷ്യൽ കെട്ടിടം KRP1/267/16 പ്രകാരം റഗുലറൈസേഷൻ ഫീസ് ഇനത്തിൽ രസീത് നമ്പർ 11603108835, തീയതി. 29.06.16 പ്രകാരം Rs.1,93,300/ അടവാക്കി, കെട്ടിടനിർമ്മാണ പൂർത്തീകരണ തീയതി.09.03.16 ആയി , 29.06.16 തീയതിയിൽ റഗുലറൈസ് ചെയ്ത് നൽകിയതായി കാണപ്പെടുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ പറയുന്നതു പോലെ കെട്ടിട നിർമ്മാണാനുമതികൾക്കും

	എന്നാൽ അനുമതിപത്രത്തിന്റെ സാധുതാകാലയളവ് നീട്ടാനുള്ള അപേക്ഷകൾ കക്ഷി നാളിതുവരെ (2014 ജനുവരി) സമർപ്പിച്ചിട്ടില്ല എന്ന വസ്തുത പരിഗണിക്കാതെ പരിഷ്കാരം നിലവിൽ വരുന്നതിന് വളരെ മുമ്പേ തന്നെ ഈ കേസിൽ അനുമതിപത്രം പുതുക്കി നൽകി (2009).	പുതുക്കുന്നതിനുമുള്ള കാലാവധി പരമാവധി 9 വർഷം എന്നിരിക്കെ ബിൽഡിംഗ് പെർമിറ്റ് കാലാവധിക്കു ശേഷവും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് കേരള മുനിസിപ്പൽ റൂൾസ് 1999 ചട്ടം 143 പ്രകാരം നിയമാനുസൃതമായി ഫീസ് ഈടാക്കി ക്രമവത്ക്കരിക്കാവുന്നതാണ്. ആയത് പ്രകാരമാണ് ടി കെട്ടിടം ക്രമവത്ക്കരിച്ചിട്ടുള്ളതെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4.1.6	<u>നിരീക്ഷണ സംവിധാനം</u>	
<u>4.1.6.1</u>	<u>**നിർമ്മാണങ്ങൾ നിരീക്ഷിക്കുന്നതിന് രേഖകളുടെ ശരിയായ സൂക്ഷിപ്പ്**</u> കെട്ടിട നിർമ്മാണത്തിന്റെ നിയന്ത്രണം കൈകാര്യം ചെയ്യുന്ന നഗരാസൂത്രണ വിഭാഗത്തിൽ കെഎം നിയമത്തിന്റെ സെക്ഷൻ 407 പ്രകാരം സർക്കാർ സാധുവാക്കിയതുപ്പെടെയുള്ള അനധികൃത നിർമ്മാണങ്ങളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്താനായി രേഖകളോ /രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. വസ്തുക്കരത്തിന്റെ നിർണ്ണയം ചുമതലപ്പെടുത്തിയിരിക്കുന്ന റവന്യൂ വിഭാഗം, സ്ഥല സന്ദർശനത്തിനിടെ ഫീൽഡ് സ്റ്റാഫ് കണ്ടുപിടിക്കുന്ന അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട നിർണ്ണയങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, അത്തരം കേസുകളുമായി ബന്ധപ്പെട്ട ലംഘനങ്ങളുടെ വ്യാപ്തി നഗരാസൂത്രണ വിഭാഗം ക്രമാനുസൃതമായി പരിശോധിക്കുന്നില്ല. റവന്യൂ വിഭാഗം സൂക്ഷിച്ച രജിസ്റ്റർ പ്രകാരം 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ കെഎംസി കണ്ടുപിടിച്ച 441 അനധികൃത നിർമ്മാണങ്ങളിൽ 103 എണ്ണം സാധുവാക്കുകയും ശേഷിക്കുന്ന 338 നിർമ്മാണങ്ങൾ പ്രധാനമായും ശരിയായ രേഖകളുടെ അഭാവവും, നഗരാസൂത്രണ വിഭാഗവും റവന്യൂ വിഭാഗവും തമ്മിലുള്ള	നിലവിൽ യു.എ ബിൽഡിംഗ് രജിസ്റ്ററിൽ അൺഓദറൈസ്ഡ് കെട്ടിടത്തിന്റെ വിവരങ്ങൾ ചേർത്തുവരുന്നു. ബിൽഡിംഗ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്യുന്ന അൺഓദറൈസ്ഡ് നിർമ്മാണത്തിനെതിരെ കൺഫർമേഷൻ നോട്ടീസ് നൽകുന്ന മുറയ്ക്ക് ടി കെട്ടിടത്തിന്റെ വിവരങ്ങൾ U.A ബിൽഡിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തി ടി വിവരം റവന്യൂ വിഭാഗത്തിന് അറിയിപ്പനൽകിവരുന്നു.

	സമന്വയക്കുറവും കാരണം സാധൂകരണം ലഭിക്കാതെ അവശേഷിക്കുന്നു.	
4.1.6.2	ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള വിജിലൻസ് സംവിധാനം • സർക്കാർ രൂപീകരിച്ച, മുതിർന്ന നഗരാസൂത്രകൻ (വിജിലൻസ്) തലവനായ ജാഗ്രതാ സമിതി, കോർപ്പറേഷൻ അതിർത്തിയിൽ കെ.എം.ബി.ആർ/ സ്റ്റക്ചർ പ്ലാൻ ലംഘനങ്ങളുടെ 34 കേസുകൾ കണ്ടുപിടിച്ചു (2012 ജൂലൈ) എന്നാൽ ഈ നിർമ്മാണങ്ങൾ സാധുവാക്കാനോ പൊളിച്ചുകളയാനോ ഉള്ള ഒരു നടപടിയും കെ.എം.സി ആരംഭിച്ചിട്ടില്ല. • കെ.എം.ബി ആറിലെ ചട്ടം 156- ൽ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് അനുമതിപത്രത്തിനായി കിട്ടിയ അപേക്ഷകൾ നൽകിയ അനുമതിപത്രങ്ങൾ കണ്ടുപിടിച്ചതായ/ സാധുവാക്കി. അനധികൃത നിർമ്മാണങ്ങളുടെ എണ്ണം എന്നിവയെ സംബന്ധിക്കുന്ന ത്രൈമാസ റിപ്പോർട്ട് സർക്കാരിലേക്ക് അയച്ചിരുന്നില്ല. • കെ.എംബിആറിലെ ചട്ടം 157- ന് അനുസൃതമായി 2009 ആഗസ്റ്റിൽ സർക്കാർ രൂപീകരിച്ച ജില്ലാതല ജാഗ്രതാ സമിതി, സർക്കാർ പ്രതിനിധിയെ നിയമിക്കാതിരുന്നതു കാരണം പ്രവർത്തനരഹിതമായിരുന്നു. വർദ്ധിച്ചുവരുന്ന അനധികൃത നിർമ്മാണങ്ങൾ പരിഗണിക്കുമ്പോൾ എത്രയും വേഗം സമിതികൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കേണ്ടത് അത്യാവശ്യമാണ്. അനധികൃത നിർമ്മാണങ്ങളും കെട്ടിടനിയമങ്ങളുടെ ലംഘനവും കുറയ്ക്കാനായി മുഖ്യനഗരാസൂത്രകൻ (വിജിലൻസ്) തലവനായുള്ള ഒരു പുതിയ ജാഗ്രതാ വിഭാഗം രൂപീകരിച്ചതായി സർക്കാർ പ്രസ്താവിച്ചു. (2013 നവംബർ).	അനധികൃത നിർമ്മാണ പ്രവർത്തികൾ തടയുന്നതിനും, കണ്ടെത്തി നോട്ടീസ് നൽകി നിയമനടപടി സ്വീകരിക്കുന്നതിനും ഉദ്യോഗസ്ഥരുടെ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ തടയുന്നതിന് സ്ക്വാഡിനെ ചുമതലപ്പെടുത്തി നടപടി എടുത്തുവരുന്നു. കണ്ടെത്തുന്ന അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചുവരുന്നു.

4.1.7	**നിഗമനം** കെട്ടിടനിർമ്മാണപത്രം/ അനധികൃത നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച ഒരു കേന്ദ്രീകൃത വിവരശേഖരം രൂപപ്പെടുത്താനുള്ള സംവിധാനവും വിഭാഗങ്ങൾ തമ്മിലുള്ള സമന്വയവും, നിർദ്ദിഷ്ട രജിസ്റ്ററുകളുടെ ഉചിതമായ സൂക്ഷിക്കലും, പര്യാപ്തമായ ജാഗ്രതാ സംവിധാനവും കെ.എം.സിയിൽ ഇല്ലായിരുന്നു. തൽഫലമായി നഗരസഭാതിർത്തിക്കുള്ളിലെ നിർമ്മാണ പ്രവർത്തികളിൻമേൽ ഉചിതമായ നിയന്ത്രണം ഏർപ്പെടുത്താൻ കെഎംസിയ്ക്ക് കഴിഞ്ഞില്ല. കെട്ടിട അനുമതിപത്രങ്ങൾ നൽകുന്നതിലും/ കെട്ടിടങ്ങളുടെ നിർമ്മാണത്തിലും കെ.എം.ബി.ആർ/ സ്ട്രക്ച്ചർ പ്ലാനിന്റെ ലംഘനങ്ങളും സുരക്ഷ/ രക്ഷാ സൗകര്യങ്ങളുടെ കാര്യങ്ങളിലുള്ള വിട്ടുവീഴ്ചയും ശ്രദ്ധിക്കപ്പെടുകയും, ആയവ പ്രദേശത്തിന്റെ പ്രകൃതിതുലന/ പൗരാണിക സ്വഭാവത്തെ പ്രതികൂലമായി ബാധിക്കുകയും, ചില കേസുകളിൽ നിർണ്ണായകമായ റവന്യൂ നഷ്ടം സംഭവിക്കുകയും ചെയ്തു.	അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് U/A ആക്കി മൂന്നിരട്ടി ടാക്സ് ഈടാക്കുന്നതിന് റവന്യൂ വിഭാഗത്തിന് അറിയിപ്പ് നൽകുന്നതിനും പൊളിച്ച് കളയേണ്ടുന്നവ ഉദ്യോഗസ്ഥന് അധികാരപത്രം നൽകി നടപടി സ്വീകരിച്ച് റഗുലറൈസ് ചെയ്യാവുന്നവ റഗുലറൈസ് ചെയ്യും നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ U.A ബിൽഡിംഗ് രജിസ്റ്ററിൽ നിന്നും അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാണ്. അനധികൃത കെട്ടിടങ്ങൾക്കെതിരെ ശക്തമായ നടപടി എടുത്തുവരുന്നു.

2007:KER:17014

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT :

THE HONOURABLE MR. JUSTICE K.M.JOSEPH

WEDNESDAY, THE 30TH MAY 2007 / 9TH JYAISHTA 1929

WP(C).No. 15965 of 2007(A)

PETITIONER:

TCS TEXTILES PVT. LTD.,
558-560, OPPANAKKARA STREET,
COIMBATORE-641 001
HAVING ITS OFFICE AT:1-B PAUL ABRAVO RESIDENCY
(RDS), CHITTOOR ROAD, KACHERIPPADY, KOCHI 682018
REPRESENTED BY ITS DULY AUTHORISED PROJECT MANAGER

BY ADV. SRI.JOBY JACOB PULICKEKUDY
SRI.ANIL GEORGE

RESPONDENTS:

---

1. STATE OF KERALA, REP. BY THE SECRETARY, TO THE LOCAL SELF GOVERNMENT DEPARTMENT, SECRETARIAT, THIRUVANANTHAPURAM.

2. THE CORPORATION OF COCHIN, REPRESENTED BY THE SECRETARY, ERNAKULAM KOCHI 11.

3. THE TOWN PLANNING OFFICER, CORPORATION OF COCHIN, KOCHI 11.

R1 BY GOVT. PLEADER SRI. K.J. MOHAMMED AN

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 30/05/2007, THE COURT ON THE SAME DAY DELIVERED THE FOLLOWING:

2007:KER:17014

K.M.JOSEPH, J.

WP.(C) No.15965 of 2007

Dated this the 30th day of May, 2007

JUDGMENT

Case of the petitioner in brief is as follows:

Petitioner purchased a property having an extent of 41 cents after spending huge amount for the purpose of starting textile centre in the name 'The Chennai Silks'. They filed application for approval of building plan dated 26.4.2006. They approached this court on the basis of Ext.P2 certificate, which speaks about probable starting of Metro Rail. Petitioner had approached this court by filing W.P.(C) No.13205 of 2007, in which an interim order as Ext.P3 was passed, which reads as follows:

> "Standing counsel takes notice for respondents.
>
> Petitioner is denied building permit for construction of building on the side of M.G.Road, Ernakulam on the ground that land is required for Metro Rail. However, if petitioner is willing to forego compensation for building, I see no reason why respondent should deny permission for construction. Accordingly 1st respondent is directed to consider and grant conditional permission to construct the

building subject to Building Rules on condition that petitioner will not be paid any compensation for the building in the event of the acquisition of the same for Metro Rail and on petitioner furnishing affidavit or relinquishing claim for compensation for the building if any steps are taken for acquisition of the land for Metro Rail within 18 months from today."

Petitioner filed Ext.P4 also, which resulted in Ext.P5 dated 7.5.2007. Petitioner relies on Ext.P6 judgment. In Ext.P5 what is stated is that FAR comes to 3.97 and under the Detailed Town Planning Scheme the FAR can only be 2 in the M.G.Road. There are certain other conditions also, which according to the respondent Corporation have to be satisfied. This court in Ext.P6 took the view that in regard to application for permit submitted prior to the date of the Government Order referred to therein, the provisions contained in the Kerala Municipal Building Rules may govern the situation. This court held as follows:

"If the petitioner's application for building permit was actually received by the Corporation prior to

22.8.2006, then the Corporation is bound to consider that application following the Floor Area Ratio provided by the Kerala Municipality Building Rules, 1999 and not the FAR permitted under the Structure Plan of 1991."

Petitioner relies on the same. I heard learned counsel for the petitioner, learned Government Pleader and learned counsel appearing for the Corporation.

2. It is submitted by the learned Government Pleader that Ext.P6 judgment has not been carried in appeal, according to his information. Learned counsel appearing for the Corporation would submit that even if the matter is reconsidered and if permit is granted, it will be subject to the condition that it will have to be demolished unconditionally without any compensation and an affidavit in those lines will have to be provided by the petitioner. It is submitted that the petitioner has already given such an undertaking. In such circumstances petitioner should also be given the benefit of Ext.P6 judgment.

Accordingly Ext.P5 in so far as it rejects the application on the ground of FAR is quashed and the second respondent is directed to consider the matter and take a decision in accordance with law within a

period of one month from the date of receipt of a copy of this judgment. I make it clear that the other reasons for passing Ext.P6 will hold good.

The writ petition is disposed of as above.

(K.M. JOSEPH, JUDGE)

sb

2013 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ സി & എജി റിപ്പോർട്ടിലെ ഖണ്ഡിക 4.2 മേലുള്ള ന്യൂനത പരിഹാര പത്രിക

ഖണ്ഡിക	വിഷയം/പരാമർശം	മറുപടി	ചോദ്യങ്ങൾ
4.2	**ബാക്ക്വാർഡ് റീജിയൻസ് ഗ്രാന്റ് ഫണ്ട് പ്രോഗ്രാമിനു കീഴിലെ പദ്ധതി നിർവ്വഹണം**		
4.2.1	**ആമുഖം** പ്രാദേശിക വികസനത്തിലെ അസന്തുലിതാവസ്ഥകൾ പരിഹരിക്കുന്നതിനായി രാജ്യത്തെ 250 പിന്നാക്ക ജില്ലകളിൽ ബാക്ക്വാർഡ് റീജിയൻസ് ഗ്രാന്റ് ഫണ്ട് പ്രോഗ്രാം (ബിആർജിഎഫ്) എന്ന നൂറ് ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയ്ക്ക് 2006-07-ൽ ഭാരത സർക്കാർ തുടക്കമിട്ടു. ഈ പദ്ധതി വഴി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചിരുന്നത്: (i) നിലവിലുള്ള ധനാഗമ മാർഗ്ഗങ്ങളിലൂടെ പൂർണ്ണമായും നേരിടാൻ കഴിയാത്ത, തദ്ദേശീയ അടിസ്ഥാന സൗകര്യങ്ങൾക്കും മറ്റ് വികസനാവശ്യങ്ങൾക്കുമിടയിലുള്ള നിർണ്ണായക വിടവുകൾ നികത്തുക, (ii) തദ്ദേശീയമായ ആവശ്യങ്ങൾ പ്രതിഫലിക്കുന്ന വിധത്തിൽ പങ്കാളിത്തത്തോടെയുള്ള ആസൂത്രണം, തീരുമാനം എടുക്കൽ, നടപ്പാക്കൽ, നിരീക്ഷണം എന്നിവ സുഗമമാക്കുന്നതിനായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി-തല ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ കഴിവുണ്ടാക്കുക, വിദഗ്ദ്ധ സഹായം നൽകുക, (iii) പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുള്ള പ്രധാന കർത്തവ്യങ്ങൾ നടപ്പാക്കുന്നതും നിറവേറ്റുന്നതും കൂടുതൽ മെച്ചപ്പെടുത്തുക. കേരളത്തിൽ വയനാട്, പാലക്കാട് എന്നീ രണ്ട് ജില്ലകളാണ് ബിആർജിഎഫിനു കീഴിൽ പിന്നാക്ക ജില്ലകളായി തെരഞ്ഞെടുത്തത്. 2011-12 അവസാനത്തോടുകൂടി പൂർത്തിയാക്കാൻ തുടക്കത്തിൽ തീരുമാനിച്ചിരുന്ന പദ്ധതി, പിന്നീട് 2016-17 വരെ നീട്ടി.	അംഗീകരിക്കുന്നു. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി തുടർ ഖണ്ഡികകളിൽ നൽകിയിട്ടുണ്ട്.	

കേരളത്തിലെ ജില്ലകളുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയുടെ സൂചികയിൽ, പട്ടിക വർഗ്ഗ (എസ്ടി) ജനത ഏറ്റവും കൂടുതലുള്ള വയനാട്, മറ്റ് ജില്ലകളെക്കാൾ പുറകിലാണ്. സാക്ഷരത, പ്രതിശീർഷവരുമാനം എന്നിവയിൽ ജില്ല സംസ്ഥാനത്തെക്കാൾ വളരെ പുറകിലാണ്. കൂടാതെ ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് മുതലായവയും ജില്ലയിൽ കൂടുതലാണ്. ഗ്രാമീണ, പട്ടിക ജാതി (എസ്സി) ജനസംഖ്യകളുടെ തോത് ഉയർന്നു നിൽക്കുന്ന കാർഷിക ജില്ലയായ പാലക്കാടിന്റെ പ്രധാനപ്പെട്ട പിന്നാക്ക സൂചികകൾ കുറഞ്ഞ സാക്ഷരതാ നിരക്ക്, താഴ്ന്ന വികസന സൂചിക, ഉയർന്ന എസ് സി/എസ്ടി വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം മുതലായവയാണ്. വീടുകൾ, ആശുപത്രികൾ, സ്കൂൾ കെട്ടിടങ്ങൾ മുതലായ അനുയോജ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ ജില്ല മറ്റുള്ളവയുടെ പുറകിലാണ്. കൂടാതെ വരൾച്ചയും ജലദൗർലഭ്യവും കാരണം പ്രതിബന്ധങ്ങളും നേരിടുന്നുണ്ട്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ (പിആർഐകൾ), മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്ത് സമിതികൾ (ഡിപിസികൾ) എന്നിവയാണ് പദ്ധതിയുടെ പരിപാലനവും നിർവ്വഹണവും നടപ്പിലാക്കേണ്ടിയിരുന്നത്. സംസ്ഥാനതലത്തിൽ, ഒരു ഉന്നതാധികാര സമിതി (എച്ച്പിസി) നയരൂപീകരണ മാർഗ്ഗരേഖകൾ തയ്യാറാക്കുകയും പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. പദ്ധതി നടപ്പാക്കുന്നതിന് കൃത്യമായ ആസൂത്രണവും ഫലപ്രദമായ രീതിയും നിലവിലുണ്ടായിരുന്നോ എന്നും, അതു കൂടാതെ ഫണ്ടുകളുടെ വിനിയോഗം പദ്ധതിയ്ക്ക് കീഴിലെ വ്യവസ്ഥകൾക്കനുസൃതമായിരുന്നോ എന്നും ഉറപ്പാക്കുന്നതിനാണ് 2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെ ഓഡിറ്റ് നടത്തിയത്. 2006-07 മുതൽ 2012-13 വരെയുള്ള കാലയളവാണ് ഓഡിറ്റിൽ ഉൾപ്പെടുത്തിയത്. ഈ രണ്ട് ജില്ലകളിലെയും ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾ (പിഎയു), ജില്ലാ കളക്ടറേറ്റുകൾ (ഡിസി), ജില്ലാ പ്ലാനിംഗ് ഓഫീസുകൾ (ഡിപിഒ), ജില്ലാ പഞ്ചായത്തുകൾ (ഡിപി) എന്നിവ കൂടാതെ ഈ ജില്ലകളിലെ നാല് ബ്ളോക്ക് പഞ്ചായത്തുകൾ (ബിപി), ഒരു മുനിസിപ്പാലിറ്റി, ആറ് ഗ്രാമപഞ്ചായത്തുകൾ എന്നിവ പ്രോബബിലിറ്റി പ്രൊപ്പോർഷണൽ ടു സൈസ് വിത്തൗട്ട് റീപ്ളേസ്മെന്റ് എന്ന സ്റ്റാറ്റിസ്റ്റിക്കൽ സാമ്പ്ളിംഗ് രീതിയിലൂടെ തെരഞ്ഞെടുത്തു. തദ്ദേശ

	സ്വയംഭരണ വകുപ്പ് (തസ്വഭവ), ഗ്രാമവികസന കമ്മീഷണറേറ്റ് (സിആർഡി), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) തുടങ്ങിയവയിലെ രേഖകളും സാമ്പിൾ പരിശോധന നടത്തി.		
	ഓഡിറ്റ് കണ്ടെത്തലുകൾ		
4.2.2	**ആസൂത്രണം**		
4.2.2.1	**ബേസ്ലൈൻ സർവ്വേയും പങ്കാളിത്ത ആസൂത്രണവും** തെരഞ്ഞെടുത്ത ജില്ലകളിലേയ്ക്ക് നിലവിലുള്ള വികസനവരവുകൾ കൂട്ടിച്ചേർക്കുകയും കേന്ദ്രീകരിക്കുകയും ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ബിആർജിഎഫ് കൊണ്ടുദ്ദേശിക്കുന്നത്. ഇതിനായി ഓരോ ജില്ലയും പ്രവൃത്തിപരമായ ആസൂത്രണ സഹായം ഏറ്റെടുത്തും ബേസ്ലൈൻ സർവ്വേ നടത്തിയും അവരുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് ഒരു വിശകലന പഠനം നടത്തണമായിരുന്നു. മാർഗ്ഗരേഖകൾ പ്രകാരം ഓരോ പഞ്ചവത്സരപദ്ധതിയുടെ കാലയളവിലും ജനങ്ങളുടെ, പ്രത്യേകിച്ചും ഗ്രാമസഭകൾ, വാർഡു സമിതികൾ എന്നിവയുടെ പങ്കാളിത്തത്തോടു കൂടി, ഓരോ ജില്ലയിലും ഒരു പങ്കാളിത്ത ജില്ലാ വികസന പരിപ്രേക്ഷ്യ പദ്ധതി (ഡിപിപി) തയ്യാറാക്കണം. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പങ്കാളിത്തപദ്ധതികൾ ഒന്നിച്ചാക്കി ജില്ലാ ആസൂത്രണ സമിതി ഒരു ജില്ലാ പദ്ധതി തയ്യാറാക്കണം. തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ (തസ്വഭ) സ്ഥാപനങ്ങളിൽ ഓഡിറ്റ് താഴെ പറയുന്നവ നിരീക്ഷിച്ചു:	**പാലക്കാട് ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, വികസന സെമിനാർ, എന്നിവ മുഖേന പദ്ധതി പ്രപ്പോസലുകൾ ചർച്ചചെയ്താണ് വാർഷിക പദ്ധതി അന്തിമമാക്കുന്നത്. പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നടക്കുന്ന വിവിധ യോഗങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിലെ ജനങ്ങളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുകയും അവ ലിസ്റ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഇവയിൽ നിന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താത്തവയും പ്രദേശത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാനുതകുന്നതുമായ പ്രവൃത്തികൾ മാത്രമാണ് ബി.ആർ.ജി.എഫ് പ്രകാരം ഉൾപ്പെടുത്തി പദ്ധതി രൂപീകരിക്കുന്നത്. കൂടാതെ ബി.ആർ.ജി.എഫ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഹൈപ്പവർ കമ്മിറ്റിയുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരം ലഭ്യമാക്കി മാത്രമാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു. ബി.ആർ.ജി.എഫ് പദ്ധതികളുടെ രൂപീകരണത്തിനായി ഗ്രാമസഭകൾ ചേർന്നിട്ടില്ലെങ്കിലും വാർഷിക പദ്ധതി രൂപീകരണത്തിനായി ചേരുന്ന ഗ്രാമസഭകളിൽ പഞ്ചായത്ത്	

- പാലക്കാട്, വയനാട് ജില്ലകളിൽ യാതൊരു ബേസ്ലൈൻ സർവ്വേയും നടത്തിയില്ല. ബേസ്ലൈൻ സർവ്വേയുടെ അഭാവത്തിൽ, അടിസ്ഥാനസൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ തിരിച്ചറിയുന്നതിനും പദ്ധതിയുടെ പിന്നീടുള്ള വിലയിരുത്തലിനും സാദ്ധ്യമല്ലാതായി.
- നടപ്പിലാക്കുന്നതിനായി കണ്ടെടുത്ത പദ്ധതികളുടെ തെരഞ്ഞെടുപ്പിൽ രണ്ട് ജില്ലകളിലേയും ഗ്രാമസഭകളും വാർഡ് സമിതികളും ഉൾപ്പെട്ടിരുന്നില്ല. അതിനാൽ ജില്ലകളിൽ നടപ്പാക്കിയ പദ്ധതികൾ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി പദ്ധതി മുൻഗണനാക്രമത്തിൽ സ്വാംശീകരിച്ചിരുന്നു എന്ന് ഉറപ്പാക്കാനാവില്ല.
- 11-ഉം 12-ഉം പദ്ധതികാലയളവുകളിൽ പാലക്കാട് ജില്ലയ്ക്ക് വേണ്ടി ഒരു സാങ്കേതിക സഹായ സ്ഥാപനം (റ്റിഎസ്ഐ) തയ്യാറാക്കിയ ഡിപിപിയിൽ വിവിധ പദ്ധതികൾക്ക കീഴിലുള്ള ഫണ്ടിന്റെ പ്രതീക്ഷിത വരവ്, വിവിധ ഫ്ളാഗ്ഷിപ് പദ്ധതികളുമായുള്ള കേന്ദ്രീകരണം, പദ്ധതി-തല പ്രതീക്ഷിത ഫലം മുതലായ അവശ്യകാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു.
- XI, XII പദ്ധതികാലയളവുകളിലേയ്ക്ക് വയനാട് ജില്ല ഡിപിപി തയ്യാറാക്കിയിരുന്നില്ല. എന്നാൽ 2009-13 കാലയളവിൽ വയനാട് ഡിപിഒ ഒരു ഡിപിപി തയ്യാറാക്കിയെങ്കിലും അതിലും സമാനമായ പോരായ്മകൾ ഉണ്ടായിരുന്നു.

പ്രദേശത്തെ വികസന കാഴ്ചപ്പാടും ആവശ്യങ്ങളും പൂർണ്ണമായ തലത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ തന്നെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രദേശത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനും ഉതകുന്ന പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്.

ബി.ആർ.ജി.എഫ് പദ്ധതിയുടെ രൂപീകരണവും നടപടിക്രമങ്ങളും സംബന്ധിച്ചുള്ള അറിവില്ലുണ്ടായ പരിമിതിയാണ് ഡി.പി.പി തയ്യാറാക്കുന്നതിലെ അപാകതകൾക്ക് നിമിത്തമായത്.

<u>വയനാട് ജില്ലാ പഞ്ചായത്ത്</u>

വയനാട് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ഉദ്ദേശത്തോടുകൂടി 2006 മുതൽ 2015 വർഷം വരെ ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ കൃഷി പശ്ചാത്തലമേഖലകളിൽ അടിസ്ഥാന വികസനം നടപ്പാക്കുകയുണ്ടായി. ജില്ലാ പ്ലാനിംഗ് ഓഫീസ് വഴിയാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ആദ്യഘട്ട പരിപാടികളും 2009-10 വരെയുള്ള പദ്ധതി പ്രവർത്തനങ്ങളും നടത്തിവന്നത്. വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമസഭ വഴി അംഗീകരിച്ച് ഗ്രാമപഞ്ചായത്തുകൾ ക്രോഡീകരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയാണ് ചെയ്തത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ജില്ലയുടെ പങ്കാളിത്ത ജില്ലാ വികസന പരിപ്രേഷ്യ പദ്ധതി തയ്യാറാക്കിയത്. പിന്നോക്കജില്ലയായ വയനാടിന്റെ അടിസ്ഥാന സൗകര്യവികസനത്തിലും ഉൽപാദന മേഖലയിലെ നിർമ്മാണത്തിലും, പുരോഗമനത്തിലും BRGF പദ്ധതി ഒരു പ്രധാന നാഴികക്കല്ലാണ് വഹിച്ചിരുന്നത്. ടി കാര്യങ്ങളും, ടി

		പദ്ധതി ഇപ്പോൾ നിലവിൽ ഇല്ല എന്ന കാര്യവും പരിഗണിച്ച് ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.	
4.2.3	**പദ്ധതി നടത്തിപ്പ്** രണ്ട് ജില്ലകളിലേയും അടിസ്ഥാന സൗകര്യങ്ങളിലെ വിടവുകൾ നികത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പ്രധാനമായും വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം, കുടിവെള്ളം, ഭവന നിർമ്മാണം, അംഗൻവാടികൾ, വൈദ്യുതീകരണം, റോഡുകളും പാലങ്ങളും എന്നിവയുമായി ബന്ധപ്പെട്ടതും പിന്നാക്ക സൂചികയുമായി സാമാന്യമായി താദാത്മ്യത്തിലുമായിരുന്നു. രണ്ട് ജില്ലകളിലും ചെലവിന്റെ സിംഹഭാഗവും വിദ്യാഭ്യാസ മേഖലയിലാണ് ചെലവിട്ടത്. വയനാട് ജില്ലയിൽ റോഡുകൾ, ഭവന നിർമ്മാണം, ആരോഗ്യമേഖല എന്നിവയിലും പാലക്കാട് ജില്ലയിൽ കുടിവെള്ളം, പാലങ്ങൾ/കലുങ്കുകൾ, കൃഷി എന്നീ മേഖലകളിലുമാണ് തുടർന്നുള്ള ചെലവുകളുണ്ടായത്. പാലക്കാട് ജില്ലയിൽ 115.88 കോടി അടങ്കൽ തുകയുള്ള 1377 പദ്ധതികൾ എച്ച്പിസി അനുവദിച്ചു (2006-07 മുതൽ 2012-13 വരെ). ഇതിൽ, 66.75 കോടി ചെലവഴിച്ച് 1154 പദ്ധതികൾ പൂർത്തിയാക്കി (2013 മാർച്ച്). വയനാടിനു വേണ്ടി 117.80 കോടി അടങ്കൽ തുകയ്ക്ക് 2541 പദ്ധതികൾ എച്ച്പിസി അനുവദിച്ചു (2006-07 മുതൽ 2013 ഒക്ടോബർ വരെ). ഇതിൽ, 38.37 കോടി ചെലവഴിച്ച് 695 പദ്ധതികൾ പൂർത്തീകരിച്ചു (2013 ഒക്ടോബർ). ബാക്കി 2069 പദ്ധതികൾ (പാലക്കാട്: 223, വയനാട്: 1846) തുടങ്ങാതിരിക്കുകയോ അല്ലെങ്കിൽ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലോ ആണ്. ഈ ജില്ലകളിലെ അനുവദിച്ച യൂണിറ്റുകൾ, പൂർത്തിയായവ,	**പാലക്കാട് ജില്ലാ പഞ്ചായത്ത്** ബി.ആർ.ജി.എഫ് പദ്ധതിയിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത എല്ലാ പദ്ധതികളും തന്നെ തുടർ വർഷങ്ങളിൽ പൂർത്തിയാക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.	പാലക്കാട് ജില്ലാ പഞ്ചായത്ത് പദ്ധതികൾക്കായി അനുവദിച്ച മുഴുവൻ തുകയും ചിലവാക്കിയോ ? എത്ര പദ്ധതികൾ നടപ്പിലാക്കി ? എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്? ഈ വിഷയത്തിൽ വയനാട് ജില്ലാ പഞ്ചായത്തിന്റെ മറുപടിയെന്ത് ?

	അനുവദിച്ച ഫണ്ട്, ചെലവാക്കിയത് എന്നിവയുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം XIV ൽ നൽകിയിട്ടുണ്ട്. രണ്ട് ജില്ലകളുടെയും (പാലക്കാട്: 2013 മാർച്ച് വരെ, വയനാട്: 2013 ഒക്ടോബർ വരെ) മേഖല തിരിച്ചുള്ള ചെലവ് താഴെ പൈ-ചാർട്ടിൽ നൽകിയിരിക്കുന്നു:  പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു:		
4.2.3.1	**ഓങ്കോളജി റേഡിയേഷൻ യൂണിറ്റിന്മേലുള്ള നിഷ്ഫല ചെലവ്** വയനാട് ജില്ലയിൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ, ബിആർജിഎഫ് ഫണ്ട് വിനിയോഗിച്ച് നല്ലൂർനാടിൽ 3.54 കോടി ചെലവഴിച്ച് ഒരു ഓങ്കോളജി റേഡിയേഷൻ യൂണിറ്റ് സ്ഥാപിക്കാൻ എച്ച്പിസി അംഗീകാരം നൽകി (2008 ഫെബ്രുവരി). പദ്ധതിയുടെ പ്രധാനഘടകങ്ങൾ 1.05 കോടി ചെലവ് വരുന്ന സിവിൽ പ്രവൃത്തികളും രണ്ട് കോടി വിലയുള്ള കൊബാൾട്ട് തെറാപ്പി യന്ത്രം വാങ്ങാനുമായിരുന്നു. 2009 ഒക്ടോബറിൽ 2.12 കോടിയും, 2012 മേയിൽ ബാക്കി 1.42 കോടിയും ജില്ലാ കളക്ടർ പദ്ധതി നിർവ്വഹണത്തിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക്	**വയനാട് ജില്ലാ പഞ്ചായത്ത്** വയനാട് ജില്ലാ പഞ്ചായത്ത് DMO നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയിട്ടുള്ള പദ്ധതി ആയിരുന്നു നെല്ലൂർനാട് അംബേദ്കർ മെമ്മോറിയൽ ആശുപത്രിയിലേക്ക് കൊബാൾട്ട് റേഡിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കൽ. DMO KMSCL (Kerala Medical Services Corporation LTD) മുഖാന്തിരമായിരുന്നു ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 52 ലക്ഷം രൂപ	

	(ഡിഎംഒ) നൽകി. 1.04 കോടി ചെലവിൽ സിവിൽ പ്രവൃത്തികളുടെ നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രയുമായി കരാറിലേർപ്പെട്ടു (2011 ഫെബ്രുവരി 28). ആദ്യ മുൻകൂർ നൽകുന്ന ദിവസം മുതൽ പന്ത്രണ്ട് മാസത്തിനകം പണി പൂർത്തീകരിക്കണമായിരുന്നു. 2011 മാർച്ചിൽ, ആദ്യ മുൻകൂറായി 52 ലക്ഷം നിർമ്മിതി കേന്ദ്രയ്ക്കു നൽകി. കൊബാൾട്ട് തെറാപ്പി യന്ത്രം വിതരണം ചെയ്യാൻ ഔദ്യോഗികമായി ഏർപ്പെടുത്തിയ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎംഎസ്സിഎൽ), ആദ്യ അടങ്കലിൽ കണക്കാക്കിയ രണ്ട് കോടിക്കെതിരെ യന്ത്രത്തിന്റെ വില മൂന്ന് കോടിയാകും എന്ന് ഡിഎംഒ-യെ അറിയിച്ചു (2011 ഡിസംബർ). അപ്രകാരം ആവശ്യമായ അധിക തുക കണ്ടെത്താനുള്ള സ്രോതസ്സുകളൊന്നും അന്വേഷിക്കാതെ, യന്ത്രത്തിന്റെ ചെലവിലേയ്ക്കായി ഡിഎംഒ മൂന്ന് കോടി കെഎംഎസ്സിഎല്ലിൽ നിക്ഷേപിച്ചു (2012 ജൂൺ). യാതൊരു കരാറും/വർക്ക് ഓർഡറും ഇല്ലാതെയാണ് കെഎംഎസ്സിഎല്ലിന് പണം നൽകിയത്. ഫണ്ടിന്റെ ദൗർലഭ്യം കാരണം പ്ലിന്ത് ലെവൽ വരെ എത്തിയതിനു ശേഷം സിവിൽ പ്രവൃത്തികൾ പുരോഗമിച്ചിട്ടില്ലെന്നും കെഎംഎസ്സിഎൽ കൊബാൾട്ട് തെറാപ്പി യന്ത്രം നൽകിയിട്ടില്ലെന്നും ഓഡിറ്റ് സ്ഥലപരിശോധന നടത്തിയപ്പോൾ (2013 മേയ്) വെളിപ്പെട്ടു. സിവിൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിനു ശേഷം മാത്രമേ യന്ത്രം വാങ്ങുന്നതിനുള്ള ആവശ്യം വരുന്നുള്ളൂ. ബാക്കി ജോലികൾ നടപ്പാക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെയും യന്ത്രം വിതരണം ചെയ്യുന്നതിന് മുമ്പ് സിവിൽ പ്രവൃത്തികൾ പൂർത്തിയായി എന്നുറപ്പുവരുത്താതെയും യന്ത്രത്തിന്റെ മുഴുവൻ തുകയും വിതരണക്കാരന് നൽകിയത് തെറ്റായ തീരുമാനമായിരുന്നു. അങ്ങനെ 3.52 കോടി ചെലവാക്കിയതിനു ശേഷവും പദ്ധതി പ്രവർത്തനക്ഷമമായില്ല, അതുവഴി പൊതുജനങ്ങൾക്ക് ഉദ്ദേശിച്ച ഫലം നിഷേധിക്കപ്പെടുകയും ചെയ്തു.	നിർമ്മിതി കേന്ദ്രത്തിന് സിവിൽ വർക്കുകൾക്കായി നല്കിയിട്ടുള്ളതും തുടർ വർഷങ്ങളിൽ ഫണ്ട് വകയിരുത്തി ടി വർക്ക് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. KMSCL നിബന്ധന അനുസരിച്ച് കോബാൾട്ട് റേഡിയോ തെറാപ്പി മിഷ്യന്റെ വില മുൻകൂർ നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സിവിൽ വർക്ക് പൂർത്തിയാക്കുന്നതിനു മുൻപ് 3 കോടി രൂപ KMSCL ന് കൈമാറിയിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ DMO അറിയിച്ചിട്ടുണ്ട്. ക്യാൻസർ ചികിത്സക്ക് തീരെ സൗകര്യമില്ലാത്ത വയനാട് പോലുള്ള പിന്നോക്ക ജില്ലയിലെ ആദിവാസികൾ ഉൾപ്പെടെയുള്ള രോഗികൾ മറ്റ് ജില്ലകളെയാണ് ചികിത്സക്ക് ആശ്രയിച്ചിരുന്നത്. ടി പദ്ധതി 06.05.18 ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രി നിലവിൽ നല്ലരീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ 2012-13 വർഷം BRGF ഫണ്ട് ഉപയോഗിച്ച് ഓങ്കോളജി റേഡിയേഷൻ യൂണിറ്റ് സ്ഥാപിച്ചതിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.	

4.2.3.2	**അംഗീകൃതമല്ലാത്ത പ്രവൃത്തികളിന്മേലുള്ള ചെലവ്** വികസനത്തിന് ഏറ്റവും അത്യാവശ്യമായ, നിർണ്ണായക വിടവുകൾ നികത്തുന്നതിനു വേണ്ടി മാത്രമേ ഫണ്ടുകൾ വിനിയോഗിക്കാവൂ എന്നാണ് ബിആർജിഎഫ് മാർഗ്ഗരേഖകളിൽ പറയുന്നത്. പതിമൂന്ന് തസ്വഭ സ്ഥാപനങ്ങളിൽ ലാക്ഷണിക പരിശോധന നടത്തിയതിൽ അഞ്ചെണ്ണത്തിൽ ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയവും ജില്ലാകളക്ടറുടെ മുറികളും നവീകരിക്കൽ, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, മറ്റ് ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം മുതലായ അംഗീകൃതമല്ലാത്ത പ്രവൃത്തികൾക്കായി 2.49 കോടി ചെലവിട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം XV ൽ നൽകിയിട്ടുണ്ട്.	**പാലക്കാട് ജില്ലാ പഞ്ചായത്ത്** പിന്നോക്ക ജില്ലയായ പാലക്കാട് ജില്ലയിലെ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുവാനും നെൽക്കൃഷിയിലുള്ള നൂതന പദ്ധതികൾക്ക് രൂപം കൊടുക്കുവാനും യന്ത്രവത്കൃത നെൽക്കൃഷിയിലുള്ള അറിവ് കർഷകർക്ക് കൃഷിഓഫീസർമാരിലൂടെ എത്തിക്കുക എന്ന ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് ഉയർന്ന തലത്തിലുള്ള കൃഷി ഓഫീസർമാരുടെ മുഴുവൻ സമയസേവനം അത്യാവശ്യമായതിനാൽ കൃഷി ഓഫീസർമാർക്ക് അടിസ്ഥാന സൗകര്യമൊരുക്കുക എന്ന സദുദ്ദേശത്തോടെ മാത്രമാണ് ഇത്തരത്തിലുള്ളൊരു പദ്ധതിക്ക് രൂപം നൽകുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണ സമിതി തയ്യാറായത്. ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനമായ ദാരിദ്ര്യലഘൂകരണ വിഭാഗം ഓഫീസിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കേന്ദ്ര ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നിരന്തരമായ യോഗങ്ങളും മീറ്റിങ്ങുകളും സംഘടിപ്പിക്കുന്നതിന് കോൺഫറൻസ് ഹാൾ അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ മാത്രമാണ് ഇത്തരത്തിൽ ഒരു പദ്ധതിക്ക് രൂപം നൽകുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് തയ്യാറായത്. പിന്നോക്ക ജില്ലയായ പാലക്കാടിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുവാൻ ജില്ലാ തലത്തിലുള്ള പ്ലാനിംഗ് കമ്മിറ്റിക്ക് അടിസ്ഥാനസൗകര്യമൊരുക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ ഡി.പി.സി ക്ക് ബിൽഡിംഗ് എന്ന പദ്ധതിക്ക് പാലക്കട് ജില്ലാ പഞ്ചായത്തിൽ നിന്നും വിഹിതം ജില്ലാ പ്ലാനിങ് ഓഫീസർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ	അംഗീകൃതമല്ലാത്ത പ്രവൃത്തികൾക്ക് പദ്ധതി തുക ചിലവാക്കുന്നത് പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങളെ സാരമായി ബാധിക്കുന്ന വിഷയമാണ്. ഇത് കാരണമുണ്ടാകുന്ന സാമൂഹിക നഷ്ടങ്ങൾക്ക് എന്ത് മറുപടിയാണ് നൽകുവാനുള്ളത് ?

സ്ഥാപനങ്ങളിൽ നിന്നും വിഹിതം ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആയത് പാലക്കാട് ജില്ലയുടെ വികസനത്തിന് വേഗം കൂട്ടുവാൻ ഉപകരിക്കും എന്നത് തർക്കമില്ലാത്ത കാര്യമാണ്. ആയതിനാൽ മാത്രമാണ് ഇത്തരത്തിലുള്ളൊരു തീരുമാനമെടുക്കുവാൻ പാലക്കാട് ജില്ലാ പഞ്ചായത്ത് തയ്യാറായത്.

എം. പി മാർക്ക് ജില്ലാതലത്തിൽ സേവനകേന്ദ്രം ആരംഭിക്കണമെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്സ് മിനിസ്ട്രിയുടെ കത്ത് പ്രകാരം ഡി. ആർ. ഡി. എ. അഡ്മിനിസ്ട്രേഷൻ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്തുവാൻ നിശ്ചയിക്കുകയും എന്നാൽ ടി ഫണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഗ്രാമ വികസന കമ്മീഷണർ അനുവാദം നൽകിയില്ല. ഈ സാഹചര്യത്തിൽ എം.പിയുടെ സേവന കേന്ദ്രം പിന്നോക്ക ജില്ലയായ പാലക്കാടിന്റെ വികസനത്തിന് അത്യാവശ്യമാണ് എന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് പാലക്കാട് ജില്ലാ പഞ്ചായത്ത് ടി പ്രവർത്തിക്ക് ബി.ആർ.ജി.എഫ് ൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് തയ്യാറായത്.

മേൽ പറഞ്ഞ എല്ലാ പ്രവർത്തികൾക്കും സംസ്ഥാന സർക്കാരിന്റെ ഹൈപവർ കമ്മിറ്റിയുടെ അംഗീകാരവും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരവും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പദ്ധതികളുടെ നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നും ടി പദ്ധതികളുടെ നിർവ്വഹണത്തിൽ യാതൊരുവിധ വീഴ്ചകളും വരുത്തിയിട്ടില്ല എന്നതും, ടി പ്രവർത്തികൾ പാലക്കാട് ജില്ലയുടെ വികസനം മാത്രം ഉദ്ദേശിച്ചാണ് പ്രാവർത്തികമാക്കിയത് എന്ന വസ്തുതയും സെക്രട്ടറി ബോധിപ്പിച്ചിരിക്കുന്നു. മേൽ കാര്യങ്ങൾ പരിഗണിച്ച്

		ഓഡിറ്റ് പരാമർശം തീർപ്പാക്കി നൽകണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. **വയനാട് ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം വയനാട് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിന്റെ മേൽക്കൂര, എ.സി ഷീറ്റ് ആയതിനാൽ കഠിനമായ ചൂടും അസ്വസ്ഥതയും അനുഭവിച്ചിരുന്ന സാഹചര്യത്തിലാണ് 2007 - 08 വർഷത്തെ BRGF പദ്ധതിയിൽ ഉൾപ്പെടുത്തി കോൺഫറൻസ് ഹാൾ നവീകരണ പ്രവൃത്തിക്ക് 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ജില്ലാ കളക്ടറിൽ നിന്നും ഭരണാനുമതി ലഭിച്ച ടി പ്രവൃത്തി ഭരണ സമിതി തീരുമാനപ്രകാരം നിർമ്മിതി കേന്ദ്രം മുഖേനയാണ് ചെയ്തിരുന്നത്. ആവശ്യമായ മെയിന്റനൻസ് ഗ്രാന്റ് തുക ലഭ്യമല്ലാത്തതിനാലാണ് ടി പ്രവൃത്തി BRGF മുഖേന ഏറ്റെടുത്തിട്ടുള്ളത്. ടി പ്രവൃത്തി പൂർത്തീകരിച്ചു. 8 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (ഡി.സി സ്യൂട്ട്) വയനാട് ജില്ലാ പഞ്ചായത്ത് 2010-11 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റിയും, ഹൈപവർ കമ്മിറ്റിയുടെയും അംഗീകാരത്തോടുകൂടിയാണ് ബി.ആർ.ജി.എഫ് ഫണ്ട് ഉപയോഗിച്ച് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ്/ഡി.സി.സ്യൂട്ട് പ്രവൃത്തി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത്. പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിന്	

ആവശ്യമായ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് കളക്ടറുടെ 07.05.2011ലെ ഡി 3/157/11 ഭരണാനുമതി പ്രകാരമാണ്. ബി.ആർ.ജി.എഫ് ഗൈഡ് ലൈൻ പ്രകാരം പദ്ധതി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വഴി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്.

വയനാട് ജില്ലാ പഞ്ചായത്ത് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന് 5.49 ലക്ഷം രൂപ മാത്രമാണ് ചിലവഴിച്ചിട്ടുള്ളത്. ബി.ആർ.ജി.എഫ്. പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (ഡി.സി.സ്യൂട്ട്) ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കിയ ടി പ്രവൃത്തികളെ സംബന്ധിച്ച മറ്റ് പരാമർശങ്ങളൊന്നും ഇല്ലാത്തതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെയും ബി.ആർ.ജി.എഫ്. ഹൈ പവർ കമ്മിറ്റിയുടെയും അംഗീകാരത്തോടെയാണ് പ്രസ്തുത ഓഫീസ് കെട്ടിടങ്ങളുടെ പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിടങ്ങളുടെ ആവശ്യകത ബ്ലോക്ക് പഞ്ചായത്തിന് അത്യന്താപേക്ഷിതമായതിനാലാണ് ആയതു ഏറ്റെടുത്തു നടപ്പിലാക്കിയതെന്നു അറിയിച്ചുകൊള്ളുന്നു. ആയത് നിലവിൽ ബ്ലോക്ക് പഞ്ചായത്തിന് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും, പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അവ്യക്തമായതിനാലാണ് പ്രസ്തുത

			പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയത് എന്നും മേലിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കുകയില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ വസ്തുതകൾ പരിഗണിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. **നെന്മാറ ബ്ലോക്ക് പഞ്ചായത്ത്-** ജില്ലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും മലയോര മേഖലകൾ ഉൾപ്പെടുന്നതുമായ 7 പഞ്ചായത്തുകളിലെ നിവാസികൾക്ക് ചികിത്സക്കുള്ള ഏകാശ്രയമാണ് നെന്മാറ CHC. ഇവിടെ മതിയായ താമസ സൗകര്യം ഇല്ലാത്തതുമൂലം ഡോക്ടമാർക്ക് പലപ്പോഴും ദൂരപ്രദേശങ്ങളിൽ പോയി താമസിക്കേണ്ടിവരുന്നതിനാൽ രാത്രികാലങ്ങളിലെ അത്യാഹിത വിഭാഗം കൃത്യമായി പ്രവർത്തിച്ചിരുന്നില്ല. ഇതുമൂലം പെട്ടെന്ന് ആവശ്യമായ ചികിത്സ രോഗികൾക്ക് ലഭ്യമാക്കാൻ സാധിച്ചിരുന്നില്ല. ഇതുമൂലം രോഗികളെ ദൂരസ്ഥലങ്ങളിലേക്ക് ചികിത്സക്ക് കൊണ്ടുപോകുന്നതിനു മുമ്പായി മരണം വരെ സംഭവിക്കാൻ സാഹചര്യം ഉണ്ടായിരുന്നത് ഈ പ്രവർത്തി മൂലം ഒഴിവാക്കുവാൻ കഴിഞ്ഞു. ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ് നെന്മാറ സി.എച്ച്.സി യിൽ ക്വാർട്ടേഴ്സ് നിർമ്മാണം എന്ന പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്ന് ബോധിപ്പിച്ചു കൊള്ളുന്നു. കൂടാതെ പ്രാദേശിക നിവാസികളുടേയും മറ്റു ജനപ്രതിനിധികളുടേയും നിരന്തരാവശ്യം പരിഗണിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതല ഹൈ പവ്വർ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായാണ് പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്നുകൂടി ബോധിപ്പിച്ചു കൊള്ളുന്നു. മേൽ സാഹചര്യം പരിഗണിച്ച് ഓഡിറ്റ് പരാമർശത്തിൽ നിന്നും തുടർ	

		നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. നെന്മാറ സി.എച്ച്.സി ക്വാട്ടേഴ്സിലാണ് നിലവിൽ ഡോക്ടർമാർ താമസിക്കുന്നത്. ഡോക്ടർമാർക്ക് താമസ സൗകര്യം ഒരുക്കുക വഴി പൊതുജനങ്ങൾക്ക് ഡോക്ടർമാരുടെ സേവനം എപ്പോഴും ലഭിക്കുകയും ചെയ്തു വരുന്നുണ്ട്. **ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്** 2010-11 സാമ്പത്തിക വർഷത്തെ ബി.ആർ.ജി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ബ്ലോക്ക് കോമ്പൗണ്ടിൽ ഓഫീസ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രൊജക്റ്റ് ഏറ്റെടുത്തത്. 27.07.2010 തീയതി പാലക്കാട് ജില്ലാതല സാങ്കേതിക ഉപദേശകസമിതി ഈ പ്രൊജക്റ്റ് അംഗീകരിച്ചു. പാലക്കാട് ജില്ല ആസൂത്രണ സമിതിയുടെ 11.01.2011 ലെ 500/ഡി.പി.ഒ./പി.കെ.ഡി. നമ്പർ തീരുമാന പ്രകാരമായിരുന്നു ബി.ആർ.ജി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഓഫീസ് സമുച്ചയം പണിയുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 08.06.2010 ലെ III(7)(2) പ്രകാരം തീരുമാനമെടുത്തത്; ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് സംസ്ഥാന സർക്കാർ സ്ഥാപനമായ നിർമ്മിതികേന്ദ്രയാണ്. 45 ലക്ഷം രൂപയാണ് 3 ഗഡുക്കളായി ബി.ആർ.ജി.എഫിൽ നിന്നും ലഭിച്ച് നിർമ്മിതി കേന്ദ്രക്ക് കൈമാറിയത്. ബി.ആർ.ജി.എഫ്. പദ്ധതി നിർത്തലാക്കുകയും ബാക്കിയുള്ള ഫണ്ട് ലഭ്യമല്ലാതെ വരികയും ചെയ്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് തുക 45,00,000/- രൂപയിൽ	

		പരിമിതപ്പെടുത്തി പുതുക്കിയ സാങ്കേതികാനുമതി പ്രകാരം ഏതാണ്ട് പൂർത്തീകരിക്കുകയുമാണ് ചെയ്തത്. 2015-16 വർഷത്തിലെ വികസന ഫണ്ട് ഉപയോഗിച്ചാണ് ടി കെട്ടിടം പണി പിന്നീട് പൂർത്തീകരിച്ചത്. നിലവിൽ കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ കടമ്പഴിപ്പുറം സാമൂഹ്യ ആരോഗ്യകേന്ദ്രം ഒഴികെയുള്ള സ്ഥാപനങ്ങൾ ഈ ബ്ലോക്ക് കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്നു. തന്മൂലം മികച്ച രീതിയിൽ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ചു കൊണ്ടുപോകുവാൻ കഴിയുന്നുണ്ട്. ഘടക സ്ഥാപനങ്ങളുടെ സേവനം മികച്ച രീതിയിലാക്കുന്നതിനും അതുവഴി പുതിയ വികസന മാതൃകകൾ സൃഷ്ടിക്കുന്നതിനും ഇത് ഒഴിച്ചുകൂടാനാകാത്തതാണെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു പ്രവർത്തി ബി.ആർ.ജി.എഫ് പദ്ധതിയിൽ ഏറ്റെടുത്തത്. ശ്രീകൃഷ്ണപുരം ബ്ലോക്കിന്റെ 2016-17, 2017-18, വർഷങ്ങളിലെ ദേശീയ അവാർഡ് ഉൾപ്പടെയുള്ള പിൽക്കാല പ്രവർത്തന നേട്ടങ്ങളിൽ ഈ പ്രവർത്തിയുടെ സ്വാധീനം ചെറുതല്ല. 2017 ൽ ഈ ബ്ലോക്ക് ഐ.എസ്.ഒ. അംഗീകാരം നേടി. 2018 ൽ കൈമാറിക്കിട്ടിയ ഘടക സ്ഥാപനമായ സാമൂഹ്യ ആരോഗ്യകേന്ദ്രവും ഐ.എസ്.ഒ. അംഗീകാരം നേടി. തൊട്ടടുത്ത സാമ്പത്തിക വർഷങ്ങളിൽ ബ്ലോക്കിലെ ബാക്കിയുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെല്ലാം ഐ.എസ്.ഒ. സെർട്ടിഫിക്കേഷൻ നേടി. ഇതിന് അനുയോജ്യമായ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുകൂടി മേൽ പറഞ്ഞ കെട്ടിടം സഹായകമായിട്ടുണ്ട് .	

		പ്രവർത്തി പൂർത്തീകരിച്ച സാഹചര്യത്തിലും, പ്രവർത്തിയുടെ സദുദ്ദേശം കൂടി പരിഗണിച്ചും പരാമർശം ഒഴിവാക്കി തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.	
4.2.3.3	**കപ്പാസിറ്റി ബിൽഡിംഗ്** ബിആർജിഎഫിന്റെ കാര്യക്ഷമമായ നടത്തിപ്പിന് തെരഞ്ഞെടുത്ത ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ മുതലായ അതുമായി ബന്ധമുള്ള എല്ലാവരുടെയും തുടർച്ചയായതും നിലനിൽക്കത്തക്കതുമായ കഴിവ് വളർത്തൽ ആവശ്യമായിരുന്നു. ഹാർഡ് വെയറിനും അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള നിക്ഷേപങ്ങൾ, പരിശീലന പരിപാടികൾ സജ്ജീകരിക്കുക, പ്രവൃത്തികളുടെ പിന്തുടർച്ച എന്നിവയാണ് കപ്പാസിറ്റി ബിൽഡിംഗ് (സിബി) വിഭാഗം വിഭാവനം ചെയ്യുന്നത്. സിബി ഘടകത്തിനു കീഴിലുള്ള വിവിധ പ്രവൃത്തികളുടെ നടപ്പാക്കൽ ഏജൻസി കിലയായിരുന്നു. 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ, സിബി ഘടകത്തിനു വേണ്ടി ഭാരത സർക്കാർ നൽകിയ 5.95 കോടിയിൽ 5.44 കോടി ചെലവായി. സിബി ഘടകത്തിന്റെ നടപ്പാക്കലിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു: സിബി ഘടകത്തിനു കീഴിൽ നൽകിയ ഫണ്ടുകൾ പിന്നാക്കജില്ലകളിൽ കഴിവ് വളർത്തുന്നതിന് വേണ്ടിമാത്രം വിനിയോഗിക്കണമായിരുന്നെങ്കിലും, കില സംസ്ഥാനത്തെ മുഴുവൻ പരിശീലനാവശ്യങ്ങൾക്കും വേണ്ടിയാണ് ഈ ഫണ്ട് വിനിയോഗിച്ചത്. 2012-13 വരെ, 9004 തെരഞ്ഞെടുത്ത പ്രതിനിധികൾക്കും 6568 പഞ്ചായത്ത് ജീവനക്കാർക്കും കില പരിശീലനം നൽകി. എന്നാൽ, ലാക്ഷണിക പരിശോധന നടത്തിയ തസ്വഭ സ്ഥാപനങ്ങളിൽ, സിബി ഘടകത്തിനു കീഴിൽ ഉദ്യോഗസ്ഥർ/തെരഞ്ഞെടുത്ത പ്രതിനിധികൾ എന്നിവർക്ക് പരിശീലനം നൽകിയില്ല എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു. ഇത് സൂചിപ്പിക്കുന്നത്	ബിആർജിഎഫ് സ്കീമുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രധാനമായും പാലക്കാട്, വയനാട് ജില്ലകളിലെ കാര്യശേഷി വികസന പരിപാടികൾ, പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനാ കിലയ്ക്ക് സാധിച്ചിട്ടുണ്ട് എന്നും ആയതിന്റെ റിപ്പോർട്ടുകളും ചെലവ് സ്റ്റേറ്റ്മെന്റും യഥാസമയം കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിനും സർക്കാരിലും സമർപ്പിച്ചിട്ടുണ്ട് എന്ന് ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. കില ലഭ്യമാക്കിയ ചെലവ് വിവര പട്ടിക ഇതോടൊപ്പം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.	പിന്നോക്ക ജില്ലകളുടെ കപ്പാസിറ്റി ബിൽഡിംഗ് നായി അനുവദിച്ച ഫണ്ട് അവർക്ക വേണ്ടി മാത്രമായി ഉപയോഗിക്കാത്തതി ന് എന്ത് ന്യായീകരണമാണ് നൽകാനുള്ളത് ? പലിശയിനത്തിൽ ലഭിച്ച ₹9.28 ലക്ഷം തുക വിനിയോഗ സാക്ഷ്യപത്രത്തിൽ സ്രോതസ്സായി കാണിക്കാത്തത് എന്തുകൊണ്ടാണ് ? ഈ തുക മുഴുവനായി ചിലവാക്കിയോ?

	പിന്നാക്കജില്ലകളുടെ പരിശീലനാവശ്യങ്ങൾക്ക് വേണ്ട പരിഗണന നൽകിയില്ല എന്നാണ്. 2010-11, 2011-12 കാലയളവുകളിൽ, ആകെ 9.28 ലക്ഷം പലിശയിനത്തിൽ ലഭിച്ചു. അതാതു വർഷങ്ങളിൽ കില ഭാരതസർക്കാരിനു നൽകിയ വിനിയോഗ സാക്ഷ്യപത്രങ്ങളിൽ (യുസി) ഈ തുക അധിക സ്രോതസ്സായി കാണിച്ചിരുന്നില്ല. ഇതിൽ നിന്നും 2012-13 വർഷത്തിനു വേണ്ടി സമർപ്പിച്ച യുസിയിൽ 4.20 ലക്ഷം മാത്രമാണ് പലിശയിനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.		
4.2.4	**ഫണ്ടുകളുടെ വിനിയോഗം** പദ്ധതി നടത്തിപ്പിനായുള്ള മുഴുവൻ തുകയും രണ്ട് ഭാഗമായാണ് ഭാരത സർക്കാർ നൽകിയത്. അതായത്, വികസന ഫണ്ടും (ഡിഎഫ്) കേയ്പബിലിറ്റി ബിൽഡിംഗ് ഫണ്ടും (സിബിഎഫ്). ഡിഎഫിനു കീഴിൽ 225.39 കോടിയുടെ വകയിരുത്തലിനെതിരെ ഭാരത സർക്കാർ 2013 മാർച്ച് 31 വരെ 127.92 കോടി നൽകി. ഭാരത സർക്കാർ നൽകിയ ഫണ്ടുകളിൽ 102.17 കോടിയുള്ള യുസി ഭാരതസർക്കാരിനു നൽകി. 29.92 കോടി വരുന്ന ഡിഎഫിന്റെ വിനിയോഗിക്കാത്ത ഭാഗം സംസ്ഥാന സർക്കാരിന്റെ പക്കലും (19.56 കോടി) ജില്ലാ കളക്ടർമാരുടെ പക്കലും (വയനാട് ജില്ല: 6.90 കോടി, പാലക്കാട് ജില്ല: 3.46 കോടി) ചെലവാക്കാതെ കിടക്കുന്നുണ്ടായിരുന്നു. ലഭ്യമായ ഫണ്ടിന്റെ 77 ശതമാനമായിരുന്നു വിനിയോഗം. വളരെ സാവധാനമുള്ള പദ്ധതി നടപ്പാക്കലും അതുവഴി യുസി സമർപ്പിക്കുന്നതിലുണ്ടായ കാലതാമസവുമാണ് ഭാരതസർക്കാർ 97.47 കോടി കുറച്ച് നൽകാനുണ്ടായ പ്രധാന കാരണമെന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു. പിആർഐകൾ/യുഎൽബികൾക്ക് ഡിഎഫ് വിതരണം ചെയ്തതിൽ താഴെപ്പറയുന്നവ ഓഡിറ്റ് നിരീക്ഷിച്ചു: മാർഗ്ഗരേഖകൾ പ്രകാരം ഓരോ പിആർഐ/ യുഎൽബി-യ്ക്കും, അവരുടെ പിന്നാക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് ബിആർജിഎഫ് ഫണ്ടുകൾ	**വയനാട് ജില്ല** ഡവലപ്പമെന്റ് ഗ്രാന്റ് എന്ന ശീർഷകത്തിൽ ഭാരത സർക്കാർ 2013-14 സാമ്പത്തിക വർഷം വരേക്കും അലോക്കേറ്റ് ചെയ്തിരുന്ന 67.62 കോടി രൂപയിൽ മിസലേനിയസ് റിപ്പോർട്ട് ഉൾപ്പെടെ 48.232 കോടി രൂപയായിരുന്നു വയനാട് ജില്ലക്ക് അനുവദിക്കപ്പെട്ടിരുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ 31-12-2013 വരെ ജില്ലക്ക് ഫണ്ടൊന്നും അനുവദിച്ചിട്ടുണ്ടായിരുന്നില്ല. അനുവദിക്കപ്പെട്ട 48.232 കോടി രൂപയിൽ 39.4 കോടി രൂപയും ചെലവഴിച്ച് ലഭ്യമായ ഫണ്ടിന്റെ 81.69 ശതമാനം തുകയും ആ വർഷം തന്നെ ചെലവഴിച്ചിരുന്നു. 2014-15 സാമ്പത്തിക വർഷം മുതൽ വികസന ഫണ്ടിന്റെ ഒരു വിഹിതം നിർവ്വഹണ പ്രോൽസാഹനം എന്ന	സമയബന്ധിതമായി പദ്ധതികൾ നടപ്പിലാകാത്തതു മൂലം ₹97.47 കോടി നഷ്ടമായതിന് എന്ത് വിശദീകരണമാണ് നൽകാനുള്ളത് ?

	നീക്കവയ്ക്കുന്നതിനായി ഒരു ക്രമാനുസാരമായ ഫോർമുല സംസ്ഥാനം ആവിഷ്കരിക്കേണ്ടതുണ്ടായിരുന്നു. 2011-12 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിലെ ജിപികളുമായി ബന്ധപ്പെട്ട ബിആർജിഎഫ് ഫണ്ടുകളുടെ വിഹിതം തീരുമാനിച്ചിരുന്നില്ല. അതിനാൽ 2011-12-ന്റെ അവസാനം ഫണ്ട് നീക്കിവച്ച മൂന്ന് ജിപികളുടെ കാര്യം ഒഴിവാക്കിയാൽ, ജിപികൾക്ക് ഫണ്ടൊന്നും തന്നെ നീക്കിവച്ചിട്ടില്ലായിരുന്നു. അതിനാൽ പാലക്കാട്ടെ ജിപികളുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പ് ഒന്നുകിൽ ബിപികൾ അല്ലെങ്കിൽ ഡിപികളാണ് നടപ്പിലാക്കിയത്. ഇത് 1994-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ അനുശാസിക്കുന്ന വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അന്ത:സത്തയ്ക്ക് എതിരാണ്. ഡിഎഫിന്റെ ഒരു നിശ്ചിത ശതമാനം തസ്വഭ സ്ഥാപനങ്ങൾക്ക് നിർവ്വഹണ പ്രോത്സാഹനം എന്ന നിലയിൽ നീക്കിവയ്ക്കണമെന്നുണ്ടെങ്കിലും അത്തരത്തിലുള്ള പ്രോത്സാഹനങ്ങൾക്കായി ഫണ്ടൊന്നും നീക്കിവച്ചില്ല.	രീതിയിൽ പഞ്ചായത്തീരാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് അനുവദിച്ചുട്ടുണ്ട്. മേൽ വിവരങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം നീക്കിത്തരണമെന്ന് അപേക്ഷിച്ചിരിക്കുന്നു. **പാലക്കാട് ജില്ല** പാലക്കാട് കളക്ടേറ്റിൽ നിന്നും സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ തെളിവെടുപ്പിന് നേരിട്ട് ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.	ഇത് സംബന്ധിച്ച് പാലക്കാട് ജില്ലയുടെ മറുപടി എന്താണ് ?
4.2.4.1	**പെരുപ്പിച്ചുകാട്ടിയ യുസികൾ നൽകൽ** പിആർഐ/യുഎൽബികളുടെ പക്കൽ ധാരാളം ഫണ്ട് ചെലവഴിക്കാതെ ബാക്കിയുണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യമെങ്കിലും, ബിആർജിഎഫ് ഫണ്ടുകളുടെ സൂക്ഷിപ്പുകാരായ ജില്ലാ കളക്ടർമാർ, പിആർഐ/യുഎൽബികൾക്ക് നൽകിയ മുൻകൂറുകൾ അവരുടെ കണക്കുകളിലും, ഭാരതസർക്കാരിനു നൽകിയ യുസികളിലും അന്തിമ ചെലവായി കാണിച്ചു (2008-09-ലും 2009-10-ലും വയനാടിന്റെ കാര്യത്തിലൊഴികെ).	**വയനാട് ജില്ല** ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് മുൻകൂറായി തുക നൽകുന്നത് നിർത്തി പൂർത്തീകരിച്ച പ്രവൃത്തകൾക്ക് മാത്രം തുക നൽകുന്ന രീതിയിലാണ് തുടർന്ന് അവലംബിച്ചിട്ടുള്ളത്. **പാലക്കാട് ജില്ല** പാലക്കാട് കളക്ടേറ്റിൽ നിന്നും സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ തെളിവെടുപ്പിന് നേരിട്ട് ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.	പാലക്കാട് ജില്ലയുടെ മറുപടി എന്താണ് ?
4.2.4.2	**അധികമായി ലഭിച്ച തുക തിരിച്ചടയ്ക്കാതിരിക്കൽ**	2011-12 സമ്പത്തിക വർഷത്തിൽ വയനാട് ജില്ലയുടെ ഗ്രാന്റിനുള്ള അർഹത 6.46 കോടി	

	വയനാട് ജില്ലയ്ക്ക് അർഹതപ്പെട്ട 6.46 കോടിയ്ക്കെതിരെ ഭാരതസർക്കാർ 17.86 കോടി അനുവദിച്ചു (2011 ആഗസ്റ്റ്). 2012 മാർച്ചിൽ ജില്ലാകളക്ടർ തുക പിൻവലിച്ച് ബിആർജിഎഫ് അക്കൗണ്ടിൽ നിക്ഷേപിച്ചു. ഭാരതസർക്കാരിന്റെ നിർദ്ദേശപ്രകാരം അധികമായി ലഭിച്ച തുക സംസ്ഥാന സർക്കാർ തിരിച്ചടച്ചുവെങ്കിലും (2012 മേയ്) ജില്ലാ കളക്ടർ സംസ്ഥാന സർക്കാരിന് ആ തുക തിരിച്ച നൽകിയിട്ടില്ല (2013 ജൂൺ).	രൂപയായിരുന്നുവെങ്കിലും ഭാരത സർക്കാർ 17.86 കോടി രൂപ വികസന ഗ്രാന്റിനത്തിൽ ജില്ലക്ക് അനുവദിക്കുകയുണ്ടായി . പ്രസ്തുത തുക പിൻവലിച്ച് ജില്ലാ കളക്ടറുടെ പേരിലുള്ള ബി.അർ.ജി.എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തിരുന്നു. ഓഡിറ്റ് പരാമർശത്തെത്തുടർന്ന് 24/07/2013- ന് വയനാട് ജില്ലാ ട്രഷറിയിലെ 31- നമ്പർ ചലാൻ പ്രകാരം അധികമായി ലഭിച്ച 11.4 കോടി രൂപ ജില്ലാ കളക്ടർ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെ റെമിറ്റൻസ് സർട്ടിഫിക്കറ്റ് അനുബന്ധം 2 ആയി ഇതോടൊപ്പം ചേർത്തിരിക്കുന്നു. മേൽ വിവരങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം നീക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.	
4.2.4.3	**ഫണ്ട് അനുവദിക്കുന്നതിൽ സംസ്ഥാന സർക്കാരിനുണ്ടായ കാലതാമസം** ഭാരത സർക്കാർ ഫണ്ട് അനുവദിച്ച് 15 ദിവസത്തിനുള്ളിൽ സർക്കാർ അത് പിആർഐകളുടെ അക്കൗണ്ടുകളിലേയ്ക്ക് മാറ്റണമെന്ന് ബിആർജിഎഫ് മാർഗ്ഗരേഖകൾ അനുശാസിക്കുന്നു. ഇതിലുണ്ടാകുന്ന പരാജയം 2009 ജൂൺ 18 മുതൽ ആർബിഐ ബാങ്ക് നിരക്കിൽ പിഴപ്പലിശയ്ക്ക് കാരണമാകും. ജില്ലകൾക്ക് ഫണ്ട് കൈമാറുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് 71 ദിവസം വരെയുള്ള കാലതാമസം (18-25 ദിവസം: അഞ്ച് തവണകൾ, 26-50 ദിവസം: നാല് തവണകൾ, 51-71 ദിവസം : ഒരു തവണ) ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. ജില്ലകൾക്ക് ഫണ്ട് കൈമാറി നൽകുന്നതിലുണ്ടായ കാലതാമസത്തിന് സർക്കാർ നൽകേണ്ട പിഴപ്പലിശ 45.98 ലക്ഷം ആയി കണക്കാക്കപ്പെടുന്നു.	ധനകാര്യ വകുപ്പിൽ നിന്നും സമയബന്ധിതമായി മറുപടി ലഭ്യമായിട്ടില്ല. ആകയാൽ ധനകാര്യ (ഡവലപ്പ്മെന്റ്) വകുപ്പിനോട് തെളിവെടുപ്പിന് നേരിട്ട് ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.	

4.2.5	**പദ്ധതികളുടെ നിരീക്ഷണവും വിലയിരുത്തലും** പദ്ധതിയുടെ കാര്യക്ഷമമായ നിരീക്ഷണത്തിനായി ഉറവിടത്തിൽ തന്നെ അവലോകനം, സോഷ്യൽ ഓഡിറ്റ്, വിജിലൻസ് എന്നിവ നടത്തുക, ഒരു ഗുണനിലവാര നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, പദ്ധതി വിശദാംശങ്ങൾ പൊതു പ്രദർശനം ചെയ്യുക മുതലായ വിവിധ കാര്യക്രമങ്ങൾ മാർഗ്ഗരേഖകളിൽ നിർദ്ദേശിക്കുന്നു. ജില്ലാതല അവലോകന സമിതി/എച്ച്പിസി മീറ്റിംഗുകളിൽ ഇക്കാര്യങ്ങളെല്ലാം കൃത്യമായി ചർച്ച ചെയ്തിരുന്നെങ്കിലും, മേൽപ്പറഞ്ഞ യാതൊരു പ്രവർത്തനങ്ങളും ജില്ലകളിൽ നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.	അംഗീകരിക്കുന്നു.	ഏതൊരു പദ്ധതിയെ സംബന്ധിച്ചും പദ്ധതിയുടെ നിരീക്ഷണമെന്നത് പ്രധാനപ്പെട്ട ഒരു ഘടകമാണ്. പല പദ്ധതികളിലും അവ നടക്കുന്നില്ല എന്നത് ന്യായീകരിക്കാവുന്നതല്ല.
4.2.6	**നിഗമനം** ബേസ്ലൈൻ സർവ്വേയുടെയും, ഗ്രാമസഭ-വാർഡ് സമിതികളുടെ പങ്കാളിത്ത ആസൂത്രണത്തിന്റെയും അഭാവത്തിൽ, രണ്ട് ജില്ലകളിലെയും ബിആർജിഎഫ് നടപ്പിലാക്കുന്നതിനുള്ള ആസൂത്രണ പ്രക്രിയയിൽ പോരായ്മകളുണ്ടായി. പിആർഐ കളിലെ ഉദ്യോഗസ്ഥർ /ജില്ലകളിലെ തെരഞ്ഞെടുത്ത പ്രതിനിധികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിൽ അശ്രദ്ധയുണ്ടായി. പദ്ധതി പരിപാലനത്തിൽ പോരായ്മകളുണ്ടായത് നടത്തിപ്പിലെ കാലതാമസത്തിന് ഇടയാക്കി, പ്രത്യേകിച്ചും, 72.65 ശതമാനം ജോലികളും തുടങ്ങാതിരിക്കുകയോ, പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലായിരിക്കുകയോ ചെയ്യുന്ന വയനാട്ടിൽ. കൂടാതെ ജില്ലകളിൽ കാര്യക്ഷമമായ നിരീക്ഷണമോ, വിലയിരുത്തലോ യഥാസ്ഥാനത്ത് ഉണ്ടായിരുന്നില്ല.	ബി.ആർ.ജി.എഫ് പദ്ധതിയിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത എല്ലാ പദ്ധതികളും തന്നെ തുടർ വർഷങ്ങളിൽ പൂർത്തിയാക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.	

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2013 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ 4.4 ഖണ്ഡികയിന്മേലുള്ള

ന്യൂനത പരിഹാര പത്രിക

ഖണ്ഡിക	പരാമർശം	മറുപടി	ചോദ്യങ്ങൾ
4.4	**ഹരിയാലിയുടെ കീഴിലുള്ള പദ്ധതികളുടെ നിർവ്വഹണം**		
4.4.1	**ആമുഖം** ഗ്രാമവികസന മന്ത്രാലയത്തിന്റെ നീർത്തട വികസന പരിപാടി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഭരണസംബന്ധമായും സാമ്പത്തികമായും ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഭാരത സർക്കാർ സമാരംഭിച്ച (2003 ജനുവരി) നൂതന സംരംഭമാണ് ഹരിയാലി. ഓരോ തുള്ളി മഴവെള്ളവും ജലസേചനം, തോട്ടങ്ങൾ, മത്സ്യബന്ധന വികസനം മുതലായവയ്ക്ക് വേണ്ടി സംഭരിച്ച് ഗ്രാമവാസികൾക്ക് സുസ്ഥിരമായ വരുമാനസ്രോതസ്സും കുടിവെള്ള വിതരണവും സൃഷ്ടിക്കുക എന്നതായിരുന്നു ഹരിയാലിയുടെ പ്രധാന ലക്ഷ്യം. പദ്ധതി നടത്തിപ്പിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 11:1 അനുപാതത്തിലായിരുന്നു. ഗ്രാമവികസന മന്ത്രാലയത്തിന് കീഴിലുള്ള ഭൂവിഭവശേഷി വകുപ്പാണ് ഹരിയാലിയുടെ കീഴിലുള്ള പദ്ധതികൾ അംഗീകരിക്കുന്നത്. ഗ്രാമ വികസന കമ്മീഷണറും (സിആർഡി) ദാരിദ്ര്യ ലഘൂകരണ വിഭാഗവും (പിഎയു) ആണ് യഥാക്രമം സംസ്ഥാന തലത്തിലെയും ജില്ലാതലത്തിലെയും നോഡൽ ഏജൻസികൾ. ഗ്രാമപഞ്ചായത്തുകളാണ് (ജിപികൾ) പ്രവർത്തനതലത്തിലുള്ള നിർവ്വഹണ ഏജൻസികൾ. നീർത്തടത്തിന്റെ വികസന രൂപരേഖ തയ്യാറാക്കുന്നതിനായി ജിപികൾക്ക് അവശ്യം വേണ്ട സാങ്കേതിക മാർഗ്ഗരേഖ പദ്ധതി നിർവ്വഹണ ഏജൻസികളായ (പിഐഎ) ബ്ളോക്ക്	വിശദീകരണം തുടർഖണ്ഡികകളിൽ നൽകിയിട്ടുണ്ട്.	

	പഞ്ചായത്തുകൾ (ബിപികൾ) നൽകേണ്ടതുണ്ടായിരുന്നു. പദ്ധതി നിർവ്വഹണത്തിനും വിശദമായ കർമ്മ പദ്ധതി (ഡിഎപി) തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി നീർത്തട വികസന ടീം (ഡബ്ള്യൂഡിറ്റി) എന്നു പേരിട്ട വിവിധ വിഷയങ്ങളിൽ വിദഗ്ധരായുള്ളവരുടെ ഒരു സംഘവും ഒരു സാങ്കേതിക സഹായ ഏജൻസിയും (ടിഎസ്എ) ഓരോ ബ്ളോക്ക് പഞ്ചായത്തിലും ഉണ്ടായിരുന്നു. ഹരിയാലിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള ഏജൻസികളുടെ സംഘടനാ രൂപം ചാർട്ട് 4.2-ൽ നൽകിയിരിക്കുന്നു. ചാർട്ട് 4.2: പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഏജൻസികളുടെ സംഘടനാ രൂപം 2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെയുള്ള കാലയളവിൽ നടത്തിയ ഓഡിറ്റിൽ 2003 (പദ്ധതി തുടങ്ങിയ വർഷം) മുതൽ 2013 വരെയുള്ള കാലയളവ് ഉൾക്കൊള്ളിച്ചിരുന്നു. ഭാരത സർക്കാർ അംഗീകരിച്ച (2005 മുതൽ 2007 വരെ) 26 പദ്ധതികളിൽ 10 എണ്ണം പ്രോബബിലിറ്റി പ്രൊപ്പോർഷണൽ ടു സൈസ് വിത്തൗട്ട് റീപ്ളേസ്മെൻറ് (പിപിഎസ്ഡബ്ള്യൂആർ) എന്ന സ്റ്റാറ്റിസ്റ്റിക്കൽ സാംപ്ളിംഗ് രീതി ഉപയോഗിച്ച് തെരഞ്ഞെടുത്തു. സിആർഡി, പിഎയുകൾ, ബിപികൾ, ജിപികൾ എന്നിവയിലെ രേഖകൾ പരിശോധിക്കൽ, ഉദ്യോഗസ്ഥരുമായുള്ള ചർച്ച, സ്ഥല പരിശോധന മുതലായവ ഓഡിറ്റ് പ്രവർത്തന സമ്പ്രദായത്തിൽ ഉൾപ്പെട്ടിരുന്നു. ഹരിയാലിയുടെ കീഴിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ ഓഡിറ്റ് നടത്തി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചുവടെ കൊടുത്തിരിക്കുന്നു:			
4.4.2	**വിശദമായ കർമ്മ പദ്ധതി തയ്യാറാക്കിയതിലെ ന്യൂനതകൾ** ഹരിയാലിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ജിപികൾ പ്രാധാന്യം നൽകേണ്ടിയിരുന്നത് മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്കും, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ വ്യാപകമായി പ്ളാൻറേഷൻ ജോലികൾ ഏറ്റെടുക്കുന്നതിനുമായിരുന്നു. പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന ജോലികളുടെ ഒരു പട്ടിക മാർഗ്ഗനിർദ്ദേശങ്ങളിൽ	ഗ്രാമസഭ ചേർന്ന് രൂപീകരിച്ച കർമ്മ പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളാണ് നടപ്പാക്കിയതെങ്കിലും സാങ്കേതിക സഹായത്തിന്റെയും ആസൂത്രണ സംവിധാനത്തിന്റെയും അഭാവം വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുന്നതിൽ നിഴലിച്ചിരുന്നു.		

	ഉൾപ്പെട്ടിരുന്നു. ഇവ അനുബന്ധം XVIII-ൽ നൽകിയിരിക്കുന്നു. പദ്ധതി ഉപക്ഷേപം തയ്യാറാക്കുമ്പോൾ പിഎയുകളും, ഡിഎപികൾ തയ്യാറാക്കുമ്പോൾ ബിപികളും മാർഗ്ഗരേഖകളുമായി പദ്ധതികൾ ഒത്തുപോകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതായിരുന്നു. തെരഞ്ഞെടുത്ത പത്ത് പദ്ധതികളെ സംബന്ധിച്ച് ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു: • ഒരു പദ്ധതിയിൽ (ഉാലം) ഡിഎപി തയ്യാറാക്കിയിരുന്നില്ല. • മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഡിഎപികൾ തയ്യാറാക്കുന്നതിൽ ഗ്രാമസഭ ഉൾപ്പെട്ടിരിക്കണം. എന്നാൽ, ലാക്ഷണിക പരിശോധന നടത്തിയ പിഐഎകളിലൊന്നും തന്നെ തദ്ദേശവാസികൾ പ്രകടിപ്പിച്ച ആവശ്യങ്ങൾ ഡിഎപികൾ തയ്യാറാക്കിയപ്പോൾ പരിഗണിച്ചിട്ടുണ്ട് എന്നുറപ്പുവരുത്തുന്നതിനാവശ്യമായ രേഖാമൂലമുള്ള തെളിവുകൾ ലഭ്യമായിരുന്നില്ല. നാല് പദ്ധതികളിലെ ഡിഎപികളുടെ പ്രവൃത്തികൾ മാത്രമേ മാർഗ്ഗ നിർദ്ദേശാനുസൃതമായി കാണപ്പെട്ടുള്ളൂ. ബാക്കിയുള്ള അഞ്ച് പദ്ധതികളിലെ ഡിഎപികളിൽ ഉൾക്കൊള്ളിച്ച പ്രവൃത്തികളായ പാർശ്വ സംരക്ഷണ ഭിത്തികൾ, മോട്ടോർ പമ്പ് ഷെഡ്ഡുകൾ, കുഴൽക്കിണറുകൾ, ടാക്ടർ റാംബുകൾ എന്നിവ നിർമ്മിക്കൽ, നീർച്ചാലുകളിലെ എക്കൽ മണ്ണ് മാറ്റൽ, പായൽ വാരൽ, തേനീച്ച വളർത്തൽ, കോഴിവളർത്തൽ മുതലായവ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെടുന്ന പ്രവൃത്തികളായിരുന്നില്ല. വകുപ്പ് യാതൊരു മറുപടിയും നൽകിയിട്ടില്ല.ജലലഭ്യത, എസ്സി/എസ്ടി ജനസംഖ്യ, പൊതു-സ്വകാര്യ ഭൂമിയുടെ ലഭ്യത മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾ, പ്രവർത്തനതലപഠനവും	എന്നിരുന്നാലും പദ്ധതിയുടെ പ്രയോജനം വേണ്ടരീതിയിൽ ലഭ്യമായിട്ടുണ്ട്. → **ഉാലം ബ്ലോക്ക് പഞ്ചായത്ത്** വിവിധ സ്ഥലങ്ങളിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി ഡി.പി.ആർ ഉാലം ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിരുന്നു. ഇവ അതാത് ഗ്രാമസഭകളിൽ സമർപ്പിച്ച് അംഗീകാരവും നൽകിയിരുന്നു. അതു കൂടാതെ പ്രത്യേക മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സംഘത്തെയും രൂപീകരിച്ചിരുന്നു. ഇവയുടെ പ്രവർത്തനഫലമായി എല്ലാ മേഖലയിലും, വിവിധ സ്ഥലങ്ങളിൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ ഉാലം ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിരുന്നു. ഇവ അതാത് ഗ്രാമസഭകളിൽ സമർപ്പിച്ച് അംഗീകാരവും നൽകിയിരുന്നു. അതു കൂടാതെ പ്രത്യേക മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സംഘത്തെയും രൂപീകരിച്ചിരുന്നു. ഇവയുടെ പ്രവർത്തനഫലമായി എല്ലാ മേഖലയിലും മതിയായ ശ്രദ്ധ ചെലുത്തി	ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഉാലം ബ്ലോക്ക് പഞ്ചായത്ത് ഡി പി ആർ തയ്യാറാക്കിയിരുന്നില്ല . CIRUS എന്ന ഏജൻസിയെ ഒഴവാക്കുകയും ഡി പി ആർ തയ്യാറാക്കുന്നതിന് ഉാലം ബ്ലോക്ക് പഞ്ചായത്ത് CESS മായി കരാറിൽ ഏർപ്പെടുകയും ചെയ്തു. CIRUS ഡി പി ആർ തയ്യാറാക്കി നൽകിയത് എപ്പോഴാണ്? PAU അംഗീകരിച്ച DPR ഹാജരാക്കേണ്ടതാണ്.

	സർവ്വേയും നടത്തി ശേഖരിച്ച്, ഡിഎപികൾ തയ്യാറാക്കുന്നതിൽ ഡബ്ള്യൂഡിറ്റികൾക്ക് ഒരു പ്രധാന പങ്കുണ്ട്. ചടയമംഗലം പദ്ധതി ഒഴികെയുള്ള ഒരു പദ്ധതിയുടെയും ഡിഎപി തയ്യാറാക്കുന്ന വേളയിൽ ഡബ്ള്യൂഡിറ്റികൾ പ്രവർത്തനതല പഠനമോ സർവ്വേയോ നടത്തി എന്നുറപ്പുവരുത്തുന്നതിനുള്ള രേഖകളൊന്നും ലഭ്യമായിരുന്നില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സർവ്വേകളുടെ ക്രമാംഗം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ, ഉടമസ്ഥതയെ സംബന്ധിച്ച വിവരങ്ങൾ, തീരുമാനിച്ച പ്രവൃത്തികൾ, നടപ്പാക്കേണ്ട സ്ഥലം കാണിക്കുന്ന ഭൂപടം എന്നിവ ഡിഎപിയിൽ അനിവാര്യമായും സൂചിപ്പിക്കേണ്ടതാണ്. ലാക്ഷണിക പരിശോധന നടത്തിയ പദ്ധതികളിലൊന്നിലും മേൽപ്പറഞ്ഞ വിശദാംശങ്ങൾ ഡിഎപികളിൽ ഉൾക്കൊള്ളിച്ചിരുന്നില്ല.	ടി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവരുടെ യോഗങ്ങളുടെ ഹാജരുകൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത് ഈ പ്രവർത്തനങ്ങൾ കൃത്യമായി നടന്നു എന്നതിനുള്ള രേഖകളാണ്. ഗുണഭോക്തൃസമിതികൾ വഴി പൂർത്തീകരിച്ച ടി പ്രവർത്തികൾ നല്ല നിലയിലാണെന്ന് WDT പരാമർശിച്ചിട്ടുണ്ട്. CIRUS എന്ന NGO വഴി തയ്യാറാക്കിയതും പി.എ.യു ബ്ലോക്ക് പഞ്ചായത്തും അംഗീകരിച്ചതും ആയ ഡി.എ.പി ഹരിയാലി ഗ്രാമസഭകളുടെ ചർച്ചയും പങ്കാളിത്തവും ഡി.എ.പി തയ്യാറാക്കുന്നതിൽ ഉണ്ടായിരുന്നുവെന്ന് രേഖകൾ തെളിയിക്കുന്നുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സാധ്യമായ എല്ലാ പ്രവർത്തികളും നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി NGO വഴി പ്രവർത്തനതല പഠനവും സർവ്വേയും റിപ്പോർട്ടും നടത്തിയിട്ടുണ്ട്. കൂടാതെ നടപ്പാക്കേണ്ട സ്ഥലംകാണിക്കുന്ന ഭൂപടം തയ്യാറാക്കിയതിന്റെ രേഖകളും ഉണ്ട് എന്ന് ഓലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.	

		➔ ഗ്രാമസഭകളുടെ ആവശ്യങ്ങൾ/തദ്ദേശ വാസികളുടെ അഭിപ്രായം എന്നിവ കൂടി ഡിഎപി തയ്യാറാക്കിയപ്പോൾ പരിഗണിച്ചിട്ടുണ്ട് എന്ന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും സർക്കാർ 13.09.2023 ന് വിളിച്ചുചേർത്ത പ്രിലിമിനറി യോഗത്തിൽ അറിയിക്കുകയുണ്ടായി. ➔ ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചു തന്നെയാണ് ബ്ലോക്കുകൾ പദ്ധതികൾ ഏറ്റെടുത്തത് എന്ന് ബ്ലോക്ക് പഞ്ചായത്തുകൾ അറിയിക്കുകയുണ്ടായി. നെൽവയലുകൾ / നീർച്ചാലുകൾ എന്നിവയുടെ സംരക്ഷണ ഭിത്തി നിർമ്മാണം , നീർച്ചാലുകളുടെ ആഴം കൂട്ടൽ , എക്കൽമണ്ണ് മാറ്റൽ, പായൽ വാരൽ എന്നിങ്ങനെ ഏറ്റെടുത്ത പ്രവൃത്തികൾക്ക് സാമൂഹികമായി ഉപയോഗപ്രദമായതും	തദ്ദേശ വാസികളുടെ അഭിപ്രായം പരിഗണിച്ചാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയതെന്ന് തെളിയിക്കുന്നതിനുള്ള ഒരു രേഖയും ആഡിറ്റ് നടത്തിയ സമയത്ത് ഹാജരാക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞില്ല. രേഖാമൂലമുള്ള എന്ത് തെളിവുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഹാജരാക്കാനുള്ളത് ? അഞ്ചൽ,കൊട്ടാരക്കര, മാടപ്പള്ളി(വെസ്റ്റ്) മാടപ്പള്ളി (ഈസ്റ്റ്), തിരൂരങ്ങാടി പദ്ധതികളിലെ ആക്ഷൻ പ്ലാനുകളിലാണ് ആഡിറ്റ് ഈ പരാമർശം നടത്തിയിട്ടുള്ളത്. പദ്ധതികളുടെ വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുന്ന വേളയിൽ നീർത്തട വികസന സമിതി പ്രവർത്തന തല പഠനമോ സർവ്വേയോ നടത്തിയില്ല എന്ന ഓഡിറ്റ് പരാമർശത്തിന് എന്ത് വിശദീകരണമാണ് നൽകാനുള്ളത് ?

		അഭികാമ്യവുമായ ലക്ഷ്യങ്ങൾ ഉണ്ടായിരിക്കുകയും അർത്ഥവത്തായ സാമൂഹ്യ പൊതു ആസ്തികൾസൃഷ്ടിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇതെല്ലാം ഹരിയാലി പദ്ധതിയിൽ ഉൾപ്പെടാത്തതും , ജലസംഭരണം, ജലസംരക്ഷണം എന്നിവയ്ക്ക് ഉതകുന്നതുമായിരുന്നില്ല എന്നാണ് ആഡിറ്റ് നിരീക്ഷണം. ഹരിയാലിയുടെ ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പട്ടികയിൽ 8 -മതായി സൂചിപ്പിച്ചിരിക്കുന്നത് Repair Restoration and Up gradation of existing common property asset എന്നാണ്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾ എല്ലാം അതിൽ ഉൾപ്പെടുത്താവുന്നതാണ്. അതിനാൽ വ്യാപ്തിക്ക് പുറത്തുള്ള പ്രവൃത്തികൾ നടപ്പിലാക്കി എന്ന പരാമർശം ഒഴിവാക്കി നൽകണം എന്നാണ് ബ്ലോക്ക് പഞ്ചായത്തുകൾ അറിയിച്ചിട്ടുള്ളത്.	ഹരിയാലി എന്ന പദ്ധതിയുടെ ഉദ്ദേശം ഓരോ തുള്ളി മഴവെള്ളം സംഭരിച്ച് കൃഷി, ജലസേചനം, മത്സ്യബന്ധനം തുടങ്ങിയവയിലൂടെ ഗ്രാമവാസികൾക്ക് സുസ്ഥിരമായ വരുമാന സ്രോതസ്സും കുടിവെള്ള സ്രോതസ്സും സൃഷ്ടിക്കുക എന്നതായിരുന്നു. നീർച്ചാലുകളുടെ ആഴം കൂട്ടൽ , എക്കൽമണ്ണ് മാറ്റൽ, തുടങ്ങിയ പ്രവർത്തികൾ സാമൂഹികമായി ഉപയോഗപ്രദമായിരുന്നിരിക്കാം. എന്നാൽ ഇവ ഹരിയാലിയുടെ പരിധിയിൽ ഉൾപെടാത്തവയായിരുന്നു. രേഖാമൂലമുള്ള എന്ത് തെളിവുകൾ ബ്ലോക്ക് പഞ്ചായത്തുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ബ്ലോക്ക് പഞ്ചായത്തുകളുടെ വാദം അംഗീകരിച്ചത് ?
4.4.3	**പദ്ധതി പ്രവൃത്തികളുടെ നിർവ്വഹണം**		
4.4.3.1	**പദ്ധതിയുടെ വ്യാപ്തിക്ക് പുറത്തുള്ള പ്രവൃത്തികളുടെ നടത്തിപ്പ്**	**അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്**	

	മാർഗ്ഗനിർദ്ദേശങ്ങൾ പ്രധാനമായും ലക്ഷ്യമിട്ടത് ജലസംരക്ഷണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ്. മഴവെള്ള സംഭരണത്തിനുതകുന്ന പ്രവൃത്തികളുടെ നടത്തിപ്പിൽ പിഐഎകൾക്കുള്ള താൽപര്യക്കുറവ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തൻമൂലം, ഒമ്പത് പദ്ധതികളിൽ നടപ്പാക്കിയ പ്രവൃത്തികളുടെ മൊത്ത ചെലവിൻറെ 39 മുതൽ 87 ശതമാനം വരെ തുക പദ്ധതിയേതര പ്രവൃത്തികൾക്കായിട്ടാണ് ചെലവാക്കിയത്. ലാക്ഷണിക പരിശോധന നടത്തിയ പത്ത് പദ്ധതികളിൽ മൊത്തം ചെലവും (ഭരണനിർവ്വഹണ ചെലവും പരിശീലന-അവബോധ ചെലവുകളും ഒഴിവാക്കിയുള്ളവ) അതിനെതിരെയുള്ള മഴവെള്ള സംഭരണവുമായി ബന്ധമൊന്നുമില്ലാത്ത പ്രവൃത്തികളുടെ ചെലവും ചാർട്ട് 4.3-ൽ നൽകിയിരിക്കുന്നു. ചാർട്ട് 4.3: മൊത്തം ചെലവിനെതിരെ ഹരിയാലിയുമായി ബന്ധമില്ലാത്ത പ്രവൃത്തികളുടെ ചെലവ് ഡിഎപികളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും സാരാംശം അനുബന്ധം തകതൽ കൊടുത്തിരിക്കുന്നു. നെൽവയലുകൾ /നീർചാലുകൾ എന്നിവയുടെ സംരക്ഷണ ഭിത്തി നിർമ്മാണം, നീർചാലുകളുടെ ആഴംകൂട്ടൽ, എക്കൽ മണ്ണ് മാറ്റൽ, പായൽ വാരൽ എന്നിങ്ങനെ പിഎയുകൾ ഏറ്റെടുത്ത ചില പ്രവൃത്തികൾക്ക് സാമൂഹികമായി ഉപയോഗപ്രദമായതും അഭികാമ്യവുമായ ലക്ഷ്യങ്ങൾ	ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കേവലം ഒരു ചെറിയ പ്രദേശത്തെ മാത്രം കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ലായെന്ന മുൻകാല അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ടി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഗ്രാമസഭകളിലും, തുടർന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റികളിലും ടി വിഷയം ചർച്ച ചെയ്ത് തീരുമാനിക്കുകയും ആയത് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സമിതി ചർച്ചചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ജലസംരക്ഷണ പദ്ധതികളിൽ മണ്ണ് സംരക്ഷണ പദ്ധതികൾ ഏറ്റെടുക്കേണ്ട അനിവാര്യത ഉണ്ടായത്. അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ 2012-ഡിസംബർ വരെ 51.80ലക്ഷം രൂപയുടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിൽ പാർശ്വഭിത്തി സംരക്ഷണ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടിവന്നത് ഗ്രാമ പഞ്ചായത്തിന്റേയും, ബ്ലോക്ക് പഞ്ചായത്തിന്റേയും തീരുമാനത്തിൽ പ്രാദേശിക സഭകളുടെ ആവശ്യകതകളുടെ അടിസ്ഥാനത്തിലാണ്. ഉയർന്ന ഒരു പ്രദേശത്തിന്റെ ഏറ്റവും താഴ്ന്നപ്രദേശങ്ങളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് പാർശ്വഭിത്തി സംരക്ഷണങ്ങൾ അനിവാര്യമായിരുന്നു. അപ്രകാരം ചെയ്യുന്നെങ്കിൽ	

	ഉണ്ടായിരിക്കുകയും, അർത്ഥവത്തായ സാമൂഹ്യ പൊതു ആസ്തികൾ സൃഷ്ടിക്കുകയും ചെയ്തിരിക്കാം. എന്നാൽ, ഇവയെല്ലാം ഹരിയാലിയുടെ പരിധിയിൽ ഉൾപ്പെടാത്തതും, ജലസംഭരണം, ജലസംരക്ഷണം എന്നിവയ്ക്ക് ഉതകുന്നതുമായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ, ഈ പ്രവൃത്തികൾ, സർക്കാരിന്റെ/പഞ്ചായത്തുകളുടെ മറ്റു പദ്ധതികളിൻ കീഴിൽ നടപ്പിലാക്കാ വുന്നതായിരുന്നു. ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പത്ത് പദ്ധതികളുടെ കീഴിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശകലനത്തിൽ നിന്നും താഴെ പറയുന്നവ വ്യക്തമായി: • നാല് പദ്ധതികളുടെ ഡിഎപികളിലെ പ്രവൃത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിരുന്നെങ്കിലും ഒരു പദ്ധതിയിൽ (ചടയമംഗലം പദ്ധതി) മാത്രമേ അവയുടെ നിർവ്വഹണം ഡിഎപി മാർഗ്ഗനിർദ്ദേശപ്രകാരം ആയിരുന്നുള്ളു. ബാക്കിയുള്ള മൂന്നു പദ്ധതികളിൽ (ഒല്ലൂക്കര, പഴയന്നൂർ, ഏറനാട്) നടപ്പാക്കിയ ഭൂരിപക്ഷം പ്രവൃത്തികളും ഡിഎപിയിൽ നിന്നും വ്യതിചലിച്ചിട്ടുള്ളതും മഴവെള്ളം സംഭരിക്കുന്നതിനോ മണ്ണു സംരക്ഷണത്തിനോ പര്യാപ്തവുമല്ലായിരുന്നു. അഞ്ചൽ ബിപി 51.80 ലക്ഷം (ഡിഎപിയിൽ ഉൾപ്പെടുത്തിയിരുന്ന തുലോം തുച്ഛമായ 1.32 ലക്ഷത്തിൻ്റെ ആദ്യ അടങ്കലിനെതിരെ) ചെലവിട്ട് (2012 ഡിസംബർ) 500 മീറ്റർ വരെ നീളമുള്ള പാർശ്വ സംരക്ഷണ ഭിത്തികൾ റോഡിനും/സ്വകാര്യ ഭൂമിക്കുമായി കെട്ടി. ജോലിയുടെ	മാത്രമേ ഉയർന്ന പ്രദേശങ്ങളിലെ ഉറവകളെ നിലനിർത്താൻ കഴിയൂ എന്ന വിദഗ്ദ ഉപദേശങ്ങളും അപ്രകാരം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പിൽക്കാലങ്ങളിൽ ടി പ്രദേശങ്ങളിലെ കിണറുകളിലും, ജലസ്രോതസ്സുകളിലും ക്രമാനുഗതമായ തോതിൽ വേനൽക്കാലത്തും ജലം ലഭ്യമായി എന്നതുതന്നെ ടി സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തത് ഏറെ പ്രയോജനമായി എന്ന് വിലയിരുത്തുകയുണ്ടായി. ഓരോ പ്രദേശത്തിന്റെയും ഗ്രാമ സഭകളിലെ ജനങ്ങളുടെ ആവശ്യകതയും, ഭൂമിശാസ്ത്ര പരമായ പ്രത്യേകതയും വിലയിരുത്തിക്കൊണ്ട് തന്നെയാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. ഈ ഡി.പി.ആർ. മേൽ ഘടകങ്ങളും അംഗീകരിച്ചിട്ടുള്ളതാകുന്നു. അപ്രകാരം അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ വഴി അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ജലദൗർലഭ്യ പ്രദേശങ്ങളെ ജലസമൃദ്ധമാക്കാനും, മണ്ണിന്റെ ഫലപുഷ്ടി, വേനൽക്കാലത്തുള്ള കുടിവെള്ള ക്ഷാമ പരിഹാരം എന്നിവ കൈകാര്യം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ഒരു വലിയ പ്രദേശത്തിന്റെ ആവാസ വ്യവസ്ഥയുടെ സംരക്ഷണവും, മണ്ണിന്റെയും, ജല സ്രോതസ്സുകളുടെയും സംരക്ഷണവും ഉറപ്പുവരുത്താൻ കഴിഞ്ഞു. പദ്ധതി നടപ്പാക്കിയതിൻ പ്രകാരം കൂടുതൽ തൊഴിൽ	മാർഗ്ഗനിർദ്ദേശം പ്രധാനമായും ലക്ഷ്യമിട്ടത് ജലസംരക്ഷണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ്. മണ്ണ് സംരക്ഷണ പദ്ധതി ഏറ്റെടുക്കേണ്ട അനിവാര്യത ഉണ്ടായിരുന്നെങ്കിൽ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാമായിരുന്നു. സ്വകാര്യ ഭൂമിയിൽ പാർശ്വഭിത്തി നിർമ്മിച്ചതിന് എന്ത് വിശദീകരണമാണ് നൽകാനുള്ളത്? ₹51.80 ലക്ഷം ചെലവഴിച്ചതിൽ ₹1.32 ലക്ഷം മാത്രമാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വേണ്ടി ചിലവഴിച്ചത്.

	തോതിലും നിരക്കിലുമുണ്ടായ വലിയ വർദ്ധനവാണ് അധികചെലവിനിടയാക്കിയത്. 2007 ജൂലൈയിൽ സർക്കാർ പുറത്തിറക്കിയ സർക്കുലർ പ്രകാരം റോഡുകൾക്ക് പാർശ്വ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നത്, മണ്ണ്-ജല സംരക്ഷണ ജോലികളുടെ പട്ടികയിൽ ഉൾപ്പെടുന്നില്ല. കൂടാതെ, പുതുക്കിയ അടങ്കലിന് സിആർഡി തലത്തിലുള്ള സാങ്കേതിക സമിതിയുടെ അനുമതി നേടണമെന്ന സിആർഡിയുടെ നിർദ്ദേശം ബിപി പാലിച്ചിട്ടില്ല.	അവസരങ്ങൾ സൃഷ്ടിക്കാനും, കാർഷിക മേഖലയിൽ മെച്ചപ്പെട്ട ഉൽപ്പാദനം അതുവഴി വരുമാനം ഉറപ്പുവരുത്താനും കഴിഞ്ഞു. മേൽ പറഞ്ഞ സാഹചര്യത്തിൽ അഞ്ചൽ ബ്ലോക്ക് നടപ്പിലാക്കിയ ടി പദ്ധതിയിൻമേൽ കണ്ടെത്തിയ അപാകതകൾ ഒഴിവാക്കണമെന്ന് അഞ്ചൽ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. **<u>മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്</u>** മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഹരിയാലി പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് എല്ലാ പ്രവർത്തികളും നടപ്പിലാക്കിയിട്ടുള്ളത്. പി. എ. യു. വഴി സർക്കാരിൽ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൻമേൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികൾ പി.എ.യു. വിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും മേൽ നോട്ടത്തിലും മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർ നിർവ്വഹിച്ചിട്ടുള്ളൂ. തോട് ആഴം കൂട്ടൽ, നീർച്ചാലുകളുടെ സംരക്ഷണം, കൊണ്ടൂർ ബണ്ടിംഗ്, തോടുകളുടെ പാർശ്വഭിത്തി നിർമ്മാണം കാർഷിക കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും, മഴവെള്ള സംഭരണി നിർമ്മാണം തുടങ്ങിയ ജല സംരക്ഷണ പ്രവൃത്തികളും, ആട് വളർത്തൽ, തേനീച്ച	2007 ജൂലൈ യിൽ സർക്കാർ പുറത്തിറക്കിയ സർക്കുലറിൽ പാർശ്വഭിത്തി നിർമ്മാണം ഹരിയലി പദ്ധതിയിൽ പെട്ടതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് പോലെ ആട് വളർത്തൽ തേനീച്ച തുടങ്ങിയ പ്രവർത്തികൾ ഹരിയാലി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവ അല്ലായിരുന്നു.

		വളർത്തൽ തുടങ്ങിയ കാർഷിക പ്രവർത്തനങ്ങളുമാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. **ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്** ഹരിയാലി പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ കർമ്മ പദ്ധതി ഐ.ആർ.ടി.സി മുണ്ടൂർ പാലക്കാടിന്റെ സാങ്കേതിക സഹായത്തോടെയാണ് തയ്യാറാക്കിയിരുന്നത്. ഹരിയാലി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നത് ഉയർന്ന മലമ്പ്രദേശങ്ങൾ ഉൾപ്പെട്ട നീർത്തടങ്ങളിലായിരുന്നു. മണ്ണൊലിപ്പ് മൂലം ഫലഭൂയിഷ്ഠമായ മണ്ണ് നഷ്ടപ്പെടുന്നത് ഈ മേഖലയിലെ പ്രധാന പ്രശ്നമായി നിലനിന്നിരുന്നു. ഈ പ്രശ്ന പരിഹാരവും ജലസംരക്ഷണവും മണ്ണൊലിപ്പ് തടയലും ഉദ്ദേശമിട്ട് കൃത്യമായ ഫീൽഡ് സന്ദർശനത്തിനുശേഷവും ആവശ്യമായ പഠനങ്ങൾക്ക് ശേഷവും, ജനങ്ങളുടെ ആവശ്യപ്രകാരവുമാണ് ഈ മേഖലയിൽ മഴവെള്ള സംഭരണത്തിനുതകുന്ന പദ്ധതികളായ ചെക്ക്ഡാം ഗള്ളിപ്ലഗ്ഗിങ്ങ്, കയ്യാല കെട്ട് തട്ടുതിരിക്കൽ എന്നീ പ്രവൃത്തികൾക്ക് വേണ്ടി പദ്ധതി തയ്യാറാക്കിയത്.	

			വിശദ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ട ഈ തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി ഏകദേശം 45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മഴവെള്ളസംഭരണത്തിനായി ചെക്ക് ഡാം, വി.സി.ബി, മഴക്കുഴി എന്നിവ നിർമ്മിക്കുകയും അവയ്ക്കായി 11.36 ലക്ഷം രൂപയും, മണ്ണ് സംരക്ഷണത്തോടൊപ്പം കാർഷികവിളകളുടെ ഉൽപ്പാദനക്ഷമത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് തെങ്ങു കൃഷി, ജാതി കൃഷി, തീറ്റപ്പുൽ കൃഷി, പച്ചക്കറി കൃഷി, വാഴകൃഷി എന്നീ കൃഷി രീതികളും നടപ്പിലാക്കിയിട്ടുള്ളത്. തോട് സംരക്ഷണം, കൃഷി ആവശ്യങ്ങൾക്കായുള്ള ചാൽ എന്നിവയുടെ നിർമ്മാണത്തിനായി 5 ലക്ഷം രൂപയും ബയോഗ്യാസ് പ്ലാൻറ്, തേനീച്ച വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവക്കായി ആദ്യ ഘട്ട പ്രവർത്തനങ്ങളിൽ 2 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇന്നത്തെപോലെ എൽ.പി.ജി ഗ്യാസ് സുലഭമായി ലഭിക്കാത്ത കാലഘട്ടത്തിൽ ജനങ്ങൾ കൂടുതലായും വിറകാണ് ഉപയോഗിച്ചിരുന്നത്. ആയത് വൻതോതിൽ വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നതിനും അതുവഴി വ്യാപകമായ തോതിൽ മേൽമണ്ണ് നഷ്ടപ്പെടുന്നതിനും വരൾച്ചക്കും കാരണമാകുമെന്നതിനാൽ വൃക്ഷങ്ങളെ കൂടുതൽ സംരക്ഷിക്കുന്നതിനുമായി ക്ഷീരകർഷകർക്ക് ബയോഗ്യാസ് പ്ലാൻറ് സബ്സിഡി സർക്കുലർ	

		നമ്പർ 1879/ആർ.215/2005/സി.ആർ.ഡി തിയതി 04.03.2006 പ്രകാരം അനുവദിച്ച് പ്രവൃത്തികൾ നടപ്പിലാക്കിയത്. മണ്ണ്, മഴവെള്ള സംരക്ഷണത്തിനോടൊപ്പം പദ്ധതിപ്രദേശത്തെ കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നതിന്റെ ഭാഗമായാണ് പദ്ധതി പ്രദേശത്തെ കർഷകർക്ക് കോഴി വളർത്തൽ, തേനീച്ച വളർത്തൽ, പച്ചക്കറികൃഷി എന്നീ പദ്ധതികൾക്കായി തുക ചെലവഴിച്ചത് . നാല് ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഡി.ആർ.ഡി.എ (പി.എ.യു) ടെ അനുമതിയോടെയാണ് നടപ്പിലാക്കിയത്. അംഗീകരിച്ച കർമ്മപദ്ധതി പ്രകാരം മാത്രമേ പദ്ധതി നടപ്പിലാക്കിയിട്ടുള്ളൂ. മേൽപ്പറഞ്ഞ വസ്തുതകൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 13.09.2023 തീയതിയിലെ 8(1) നമ്പർ തീരുമാനപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും അറിയിച്ചിരിക്കുന്നു. **<u>ഉാലം ബ്ലോക്ക് പഞ്ചായത്ത്</u>** ഉാലം ബ്ലോക്ക് പഞ്ചായത്ത് പ്രധാനമായും മഴവെള്ള സംഭരണപദ്ധതിയാണ്	മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിപരീതമായി സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകിയത് എങ്ങനെയാണ്? സർക്കുലറിന്റെ കോപ്പി ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്. കോഴി വളർത്തൽ തേനീച്ച വളർത്തൽ എന്നീ പദ്ധതികൾ ഹരിയാലി പദ്ധതിയിൽ എങ്ങനെയാണ് ഉൾപ്പെടുത്തിയത്?

		നിർവ്വഹിച്ചിട്ടുള്ളത്. പൊതുകെട്ടിടങ്ങളിലൂടെയും സ്വകാര്യകെട്ടിടങ്ങളിലൂടെയും ഒഴുകി പോകുമായിരുന്ന ജലം സംഭരിച്ച് ചെറിയ ജലസേചന പദ്ധതികൾ നടപ്പിലാക്കി. കൊണ്ടൂർ മാതൃകയിലുള്ള തടയണകൾ വ്യാപകമായി നിർമ്മിച്ച് വിവിധ ഗ്രാമപഞ്ചായത്തുകൾ ചെറിയ ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മിച്ച് ടി പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഇവയുടെയെല്ലാം ഫലപ്രദമായ സംരക്ഷണവും നിർവ്വഹണവും വഴി ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു. **തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്** ഹരിയാലി പദ്ധതിയിൽ ഉൾപ്പെടുത്തി 2005 - 2006 , 2009 -10 കാലയളവിൽ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത പ്രവൃത്തികൾ കനാൽ വികസനം ,ലിഫ്റ്റ് ഇറിഗേഷൻ ,വി.സി.ബി നിർമ്മാണം ,തോടുകൾക്ക് പാർശ്വ ഭിത്തി സംരക്ഷണം എന്നിവയാണ്. ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങളിൽ ജലസേചനം പ്രഥമപരിഗണനയായി പ്രതിപാദിച്ചിട്ടുണ്ട്. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സർക്കാർ അക്രഡിറ്റഡ് ഏജൻസികളായ CIRUS, മണ്ണ് സംരക്ഷണവകുപ്പ് എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ തയ്യാറാക്കിയ ഡി.പി.ആറിൽ ഉൾപ്പെട്ടതിനാലാണ് ജലസംരക്ഷണത്തിന്	തിരൂരങ്ങാടി, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകൾ കനാൽ വികസനം, വി.സി.ബി നിർമ്മാണം , പാർശ്വ ഭിത്തി നിർമ്മാണം നീർച്ചാലുകളുടെ ആഴം കൂട്ടൽ , എക്കൽമണ്ണ് മാറ്റൽ, പായൽ വാരൽ എന്നിങ്ങനെയുള്ള പ്രവർത്തികൾ അനിവാര്യമായിരുന്നെങ്കിൽ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യാമായിരുന്നു.

ഉതകുന്ന പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയത്. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമീണമേഖലയിൽ കാർഷിക വൃത്തി ജീവനോപാധിയായി നടത്തുന്ന ധാരാളം ജനങ്ങൾ അധിവസിക്കുന്നു.നീർവാർച്ച പ്രദേശങ്ങളാണ് ഭൂരിഭാഗവും ഇതിനെ തടയിടുന്നതിന് ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, വി.സി.ബി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്തത്. ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും ഡി.പി.ആറിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹിക ആസ്തികൾ സൃഷ്ടിക്കപ്പെട്ടതായതിനാലും പദ്ധതിയുടെ വ്യാപ്തിക്ക് പുറത്തുള്ള പ്രവൃത്തിയുടെ നടത്തിപ്പ് എന്ന പരാമർശം ഒഴിവാക്കി നൽകണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചു തന്നെയാണ് കൊട്ടാരക്കര ബ്ലോക്ക് പദ്ധതികൾ ഏറ്റെടുത്തത്. നെൽവയലുകൾ / നീർച്ചാലുകൾ എന്നിവയുടെ സംരക്ഷണ ഭിത്തി നിർമ്മാണം , നീർച്ചാലുകളുടെ ആഴം കൂട്ടൽ , എക്കൽമണ്ണ് മാറ്റൽ, പായൽ വാരൽ എന്നിങ്ങനെ ഏറ്റെടുത്ത പ്രവൃത്തികൾക്ക് സാമൂഹികമായി ഉപയോഗപ്രദമായതും

		അഭികാമ്യവുമായ ലക്ഷ്യങ്ങൾ ഉണ്ടായിരിയ്ക്കുകയും അർത്ഥവത്തായ സാമൂഹ്യ പൊതു ആസ്തികൾസൃഷ്ടിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇതെല്ലാം ഹരിയാലി പദ്ധതിയിൽ ഉൾപ്പെടാത്തതും, ജലസംഭരണം, ജലസംരക്ഷണം എന്നിവയ്ക്ക് ഉതകുന്നതുമായിരുന്നില്ല എന്ന ആഡിറ്റ് നിരീക്ഷിക്കുകയുണ്ടായി. എന്നാൽ ടി പ്രവൃത്തികളെല്ലാംRepair Restoration and Up gradation of existing common property asset എന്ന ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ളിൽ ഉൾപ്പെടുത്താവുന്നതാണ് എന്നും അതിനാൽ വ്യാപ്തിക്ക് പുറത്തുള്ള പ്രവൃത്തികൾ നടപ്പിലാക്കി എന്ന പരാമർശം ഒഴിവാക്കി നൽകണമെന്ന് കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. **<u>പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>** പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ഹരിയാലി പദ്ധതി,കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെയാണ് നടപ്പിലാക്കിയത്. ടി പ്രവർത്തികളുടെ കർമ്മപദ്ധതി തയ്യാറാക്കിയത് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രമാണ്. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കുന്നിൻ ചെരുവുകളിൽ താമസിക്കുന്ന പട്ടികജാതി	

		പട്ടികവർഗ്ഗ വിഭാഗത്തില്പള്ളവരുടേയുംചെറുകിട നാമാത്രകർഷകരുടേയും ഭൂമിയിലെ മേൽമണ്ണ് നഷ്ടപ്പെടാതിരിക്കുന്നതിനും മഴവെള്ള സംഭരണത്തിനും ഉതകുന്ന രീതിയിൽ കല്ല് കയ്യാല കെട്ട് നടത്തിയിട്ടുള്ളതാണ്. ബയോഗ്യാസ് പ്ലാൻറ്, വെർമി കമ്പോസ്റ്റ് എന്നിവ ഹരിയാലി കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിരുന്നതാണ്. സർക്കുലർ 1879/R215/2005/CRD തീയതി 04.03.2006 പ്രകാരമാണ് പ്രവൃത്തി നടപ്പിലാക്കിയത് 400000/- രൂപ വരെയുള്ള പ്രവൃത്തികൾ DRDA(PAU) യുടെ അനുമതിയോടെ നടത്താമെന്ന മേൽ സർക്കുലർ പ്രകാരമാണ് പദ്ധതികൾ നടപ്പിലാക്കിയത്. അംഗീകരിച്ച കർമ്മപദ്ധതി പ്രകാരം മാത്രമേ പദ്ധതി നടപ്പിലാക്കിയിട്ടുള്ളൂ. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് പഴയന്നൂർ ബ്ലോക്ക് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.	മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിപരീതമായി സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകിയത് എങ്ങനെയാണ്? ഏറനാട് ബ്ലോക്ക് പഞ്ചായത്തിന്, ഇത് സംബന്ധിച്ച് എന്ത് വിശദീകരണമാണ് നൽകാനുള്ളത് ?
4.4.3.2	**ടിഎസ്എകൾക്കു നൽകിയ പ്രതിഫലത്തിൻമേലുള്ള പാഴ്ചെലവ്** ഡിഎപികൾ തയ്യാറാക്കുന്നതിന് ബിപികളെ സഹായിക്കുന്നതിനായിട്ടാണ് സംസ്ഥാനം ടിഎസ്എകളെ നിയോഗിച്ചത്. ഇക്കാര്യത്തിനായി സംസ്ഥാനം 16 സ്ഥാപനങ്ങളെ നിയോഗിച്ചു. ടിഎസ്എകളുടെ പ്രാഗൽഭ്യം	) TSA കളെ സംസ്ഥാന സർക്കാർ ആണ് Detailed action plan തയ്യാറാക്കാൻ നിയോഗിച്ചത്. ഭൂജല വിഭവ വകുപ്പ് ഉടങ്ങിയ പരിണിത പ്രജ്ഞരായ TSA കളാണ് ആക്ഷൻപ്ലാൻ തയ്യാറാക്കിയത്. Hariyali Guidelines- ലെ 1 മുതൽ 10 വരെ നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ മാത്രമേ	അഞ്ചൽ, കൊട്ടാരക്കര, മാടാപള്ളി (ഈസ്റ്റ് ആന്റ് വെസ്റ്റ്),തിരൂരങ്ങാടി, എന്നീ അഞ്ച് പദ്ധതികളിൽ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്തവയും ജലസംഭരണവുമായി

	പ്രയോജനപ്പെടുത്തി പദ്ധതികളുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുക എന്നതായിരുന്നു അവയെ ഉൾപ്പെടുത്തിയതിലൂടെ സർക്കാർ ലക്ഷ്യം വെച്ചത്. ടിഎസ്എ തയ്യാറാക്കിയ ഡിഎപികളിൽ ഓഡിറ്റ് കണ്ടെത്തിയ പോരായ്മകൾ താഴെ കൊടുത്തിരിക്കുന്നു: (i) ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പത്ത് പദ്ധതികളിൽ അഞ്ചെണ്ണത്തിലും ടിഎസ്എകൾ തയ്യാറാക്കിയ ഡിഎപികളിൽ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്തവയും ജലസംഭരണവുമായി ബന്ധമില്ലാത്തവയുമായ പ്രവൃത്തികളും ഉൾക്കൊള്ളിച്ചിരുന്നു. ഈ അഞ്ച് പദ്ധതി കളുടെയും ഡിഎപികൾ തയ്യാറാക്കിയ അവസരത്തിൽ ജലസംഭരണ പദ്ധതികൾ കൃത്യമായി തിരിച്ചറിയുന്നതിൽ ടിഎസ്എകൾക്ക് പറ്റിയ വീഴ്ച അവർക്കു നൽകിയ പ്രതിഫലമായ 21.82 ലക്ഷത്തിൽ ഏറെയും നിഷ്ഫലമാക്കി. ii) ഒരു പദ്ധതിയിൽ (ഉാലം) ഡിഎപി തയ്യാറാക്കാനുള്ള ഫീസ് ഇനത്തിൽ 5.63 ലക്ഷം മുൻകൂറായി നൽകിയിരുന്നെങ്കിലും (2006 മാർച്ച്/ജൂലൈ/ആഗസ്റ്റ്) ടിഎസ്എ ആയ സെന്റർ ഫോർ ഇൻറഗ്രേറ്റഡ് റൂറൽ ആന്റ് അർബൻ സ്റ്റഡീസ് (സിഐആർയുഎസ്) ഡിഎപി തയ്യാറാക്കിയിരുന്നില്ല. ടിഎസ്എയ്ക്കെതിരെ ബിപി യാതൊരു നടപടിയും എടുത്തില്ല.	ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്നും ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വീഴ്ച സംഭവിച്ചിട്ടില്ല എന്നാണ് ബ്ലോക്ക് പഞ്ചായത്തുകൾ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. **ii) ഉാലം ബ്ലോക്ക് പഞ്ചായത്ത്** CIRUS എന്ന NGO മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി ആയത് പി.എ.യു വിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും അംഗീകാരം വാങ്ങിയിട്ടാണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ പ്രോജക്ട് റിപ്പോർട്ടിൽ CIRUSസമർപ്പിച്ച ഡി.എ.പി പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുകയാണ് ഉാലം ബ്ലോക്ക് പഞ്ചായത്ത് ഫീസിനത്തിൽ നൽകിയിട്ടുള്ളത്. ആയതിനാൽ അനാവശ്യമായ യാതൊരു പാഴ്ച്ചെലവും വന്നിട്ടില്ല എന്നതിനാൽ ഈ പരാമർശം ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു	ബന്ധമില്ലാത്തവയുമായ പ്രവൃത്തികളും ഉൾക്കൊള്ളിച്ച് DPR തയ്യാറാക്കിയതിൽ TSA കൾക്ക് എന്ത് വിശദീകരണമാണ് നൽകാനുള്ളത് ? ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ നിന്ന് അറിയാൻ കഴിഞ്ഞത്, ഡി പി ആർ മറ്റും തയ്യാറാക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ പിന്തുണയും സപ്പോർട്ടിംഗ് ഏജൻസി ആയ CIRUS നെ മാറ്റി CESS നെ നിയമിക്കാൻ തീരുമാനിച്ചു എന്നാണ്. അങ്ങനെയെങ്കിൽ CIRUS വിശദമായ പ്രോജക്ട് റിപ്പോർട്ട് BP ക്ക് തയ്യാറാക്കി നൽകി എന്ന് പറഞ്ഞത് എന്ത് അടിസ്ഥാനത്തിൽ ആണ്? ₹5.63 ലക്ഷം നല്കിയതിലേക്കായി എന്ത് പ്രവർത്തിയാണ് CIRUS ചെയ്തത്?
4.4.3.3	**ഭരണനിർവ്വഹണ ചെലവുകൾക്ക് കീഴിൽ വന്ന അധിക ചെലവുകൾ**	**അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്**	

	മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, പദ്ധതി തുക അഞ്ച് തവണകളായിട്ടാണ് നൽകേണ്ടിയിരുന്നത്. ഓരോ തവണയിലും ചെലവിൻറെ രണ്ട ശതമാനം ഭരണ നിർവ്വഹണചെലവുകൾക്കായി ഉൾക്കൊള്ളിച്ചിരുന്നു. യഥാർത്ഥ ഭരണ നിർവ്വഹണ ചെലവുകൾ, അതിനു വേണ്ടി ലഭിച്ച തുകയ്ക്കുള്ളിൽ ഒതുക്കാൻ പിഐഎകൾ ശ്രമിച്ചില്ലെന്ന് കാണാൻ കഴിഞ്ഞു. തത്ഫലമായി, അഞ്ച് പദ്ധതികളിലായി ഭരണനിർവ്വഹണച്ചെലവുകൾക്ക് കീഴിൽ ചെലവായത് യഥാർത്ഥത്തിൽ ഈ ആവശ്യത്തിനു വേണ്ടി ലഭിച്ച തുകയേക്കാൾ 50.27 ലക്ഷം (73.63 ശതമാനം) കൂടുതലായിരുന്നു.	ഈ പദ്ധതി ആസൂത്രണം ചെയ്തപ്പോൾ അതിന്റെ പദ്ധതി അടങ്കലായി വകയിരുത്തിയത് 1,82,82,000/-രൂപയാണ്. അതിൻപ്രകാരം 10% തുകയാണ് ഭരണപരമായ ചെലവുകൾക്ക് വകയിരുത്തിയിട്ടുള്ളത്. അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 10,64,259/-രൂപ ഭരണപരമായ ചെലവുകൾക്ക് ഉപയോഗിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ അഞ്ച് ഗ്രാമപഞ്ചായത്തുകളിൽ ഹരിയാലി പദ്ധതി നടപ്പിലാക്കുവാൻ വേണ്ടി സമഗ്രമായ പ്രാദേശിക സർവ്വേകൾ നടത്തുകയും വിശദമായ ഡി.പി.ആർ. തയ്യാറാക്കുകയും ഉണ്ടായി. വ്യത്യസ്തമായ ഭൗമപ്രകൃതിയുള്ള ബ്ലോക്ക് പ്രദേശത്ത് ടി സർവ്വേകൾക്ക് കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. മാത്രവുമല്ല, ടി പദ്ധതി നടപ്പിലാക്കിയപ്പോൾ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നിശ്ചിത സമയത്തിനുള്ളിൽ ഓരോഘട്ടം രൂപയുടേയും 90% തുക ചെലവഴിക്കുവാൻ സാധിച്ചിരുന്നില്ല. ഏറ്റെടുത്ത പദ്ധതികൾ ഗുണമേന്മയോടെയും, കാര്യക്ഷമമായും നടപ്പിലാക്കുവാൻ ഗ്രാമസഭകൾ ഏറെ ശ്രദ്ധിച്ചിരുന്നു. കൂടാതെ ടി പദ്ധതിയുടെ ആവശ്യത്തിന് വേണ്ടി നിയമിക്കപ്പെട്ട കരാർ ജീവനക്കാർക്ക് പിന്നീട് തുടർന്നുള്ള മാസങ്ങളിലും ഓണറേറിയവും മറ്റ് ഓഫീസ് ചെലവുകളും അനുവദിക്കേണ്ടി വന്നു. ബ്ലോക്ക് പഞ്ചായത്തിന് ടി പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച ആകെ	ഭരണപരമായ ചിലവുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നിജപ്പെടുത്താതെ, ₹ 50.27 ലക്ഷം അധികരിച്ചതിന് എന്ത് വിശദീകരണമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ളത് ? അധികരിച്ച തുക മറ്റ ഫണ്ടുകളിൽ നിന്ന് കണ്ടെത്തേണ്ടതല്ലേ?

		തുകയുടെ 10% കണക്കാക്കുമ്പോൾ മേൽപ്പറഞ്ഞ 10,64,259/-രൂപ, അധികമെന്ന് തോന്നാമെങ്കിലും ഭരണപരമായ ചെലവുകൾ ഒന്നും രണ്ടും ഘട്ടങ്ങളിൽ മാത്രമാണ് അധികരിച്ചിട്ടുള്ളത്. പ്രോജക്റ്റ് തുക പൂർണ്ണമായും വിനിയോഗിച്ചിരുന്നുവെങ്കിൽ 10,64,259/-രൂപ എന്ന ഭരണ ചെലവ് അനുവദനീയമായ തുകയ്ക്കുള്ളിൽ തന്നെ നിന്നേനെ. പ്രാരംഭഘട്ടത്തിൽ ഉണ്ടായ ചെലവുകൾ മാത്രമേ അധികരിച്ചുള്ളൂ എന്നും ഈ സാഹചര്യത്തിൽ ടി ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. **ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്** ഹരിയാലി guidelines പ്രകാരം 10% പ്രോജക്റ്റ് കോസ്റ്റ് ഭരണചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിലെ പ്രോജക്റ്റ് കോസ്റ്റ് 473.9 ലക്ഷം രൂപ ആയിരുന്നു. ടി തുകയിൽ 47.39 ലക്ഷം രൂപ ഭരണചെലവിനായി ചെലവഴിക്കാമായിരുന്നു. എന്നാൽ 36.70 ലക്ഷം രൂപ മാത്രമാണ് ഭരണച്ചെലവിന് ചെലവഴിച്ചിട്ടുള്ളൂ. **മാടപള്ളി ബ്ലോക്ക് പഞ്ചായത്ത്** പ്രതികൂലമായ കാലാവസ്ഥാ, നിർമ്മാണ സാമഗ്രികളുടെ ലഭ്യതയില്ലുണ്ടായ കാലതാമസം തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ	

215

		പ്രോജക്റ്റിൽ വിഭാവനം ചെയ്ത രീതിയിൽ നിഷ്കർഷിച്ച സമയത്ത് ചില പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഇക്കാരണത്താൽ പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടി കരാർ ജീവനക്കാരുടെ സേവനം ദീർഘിപ്പിക്കുകയുണ്ടായി. അധികമായി ദീർഘിപ്പിക്കപ്പെട്ട കാലത്തേയ്ക്ക് ബത്തകളും, അലവൻസുകളും നൽകേണ്ടി വന്നതുകൊണ്ടാണ് ഭരണ ചെലവുകൾ അധികരിച്ചത്. എന്നാൽ ഭരണ ചെലവ് ആകെ കിട്ടിയ തുകയുടെ 5 % - ൽ അധികരിച്ചിട്ടില്ലാത്തതിനാൽ ടി പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. **<u>ളാലം ബ്ലോക്ക് പഞ്ചായത്ത്</u>**	
		പദ്ധതിയുടെ നടത്തിപ്പുകാലം നീളുകയും ജോലികൾക്കുള്ള കൂലി അധികരിക്കുകയും അതുമൂലം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻറിച്ചർ നിർദ്ദിഷ്ട പരിധിയിൽ നിന്ന് അല്പം വർദ്ധിച്ചിട്ടുണ്ടെന്നുള്ള പ്രാഥമിക നിരീക്ഷണം ശരിയാണ്. എന്നാൽ വർക്കിന്റെ തുടർന്നുള്ള പുരോഗതിയുടെ ഘട്ടങ്ങളിൽ ടി ചെലവുകൾ നിർദ്ദിഷ്ട പരിധിക്കുള്ളിൽ ആക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന് തെളിവാണ് വർക്കിന്റെ പൂർത്തീകരണ സമയത്ത് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് ചെലവ് ആകെ ചെലവിന്റെ അഞ്ചു ശതമാനത്തിൽ താഴെ വന്ന	ഭരണപരമായ ചിലവുകൾക്ക ളാലം ബ്ലോക്ക് പഞ്ചായത്ത് ₹37.25 ലക്ഷം അധികമായി ചെലവഴിച്ചു എന്നാണ് ഓഡിറ്റ് നിരീക്ഷിച്ചത്. വർക്കിന്റെ പൂർത്തീകരണ സമയത്ത് ഈ തുക പരിധിക്ക് അകത്ത് എങ്ങനെ കൊണ്ട് വന്നു എന്ന് വിശദമാക്കേണ്ടതാണ്.

		എന്നുള്ളത് തെളിയിക്കുന്നത് എന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു. **തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്** ഹരിയാലി പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായി CIRUS സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഈ ഡി.പി.ആർ കാലികമായി പരിഷ്കരിക്കുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പിനെ ഏല്പിക്കുകയാണ് ഉണ്ടായത്. പ്രസ്തുത സ്ഥാപനവുമായി പ്രോജക്റ്റ് ഡയറക്ടർ കരാറിൽ ഏർപ്പെടുകയുണ്ടായി.ഇങ്ങനെ രണ്ടുതവണ ഡി.പി.ആർ തയ്യാറാക്കിയ സാഹചര്യത്തിലാണ് ഭരണ നിർവ്വഹണ ചെലവുകൾ അതിനുള്ളിൽ ഒതുക്കാൻ സാധിക്കാതെ വന്നത്. ഇതു പരിഗണിച്ച് പരാമർശം ഒഴിവാക്കി നല്കുവാൻ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.	
4.4.3.4	**ഡിഎപിയിൽ എക്സിറ്റ് പ്രോട്ടോകോളിനെപ്പറ്റി പരാമർശിക്കാതിരുന്നത്** മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഡിഎപി തയ്യാറാക്കുന്ന അവസരത്തിൽ, ഗ്രാമസഭകൾ/ഗ്രാമപഞ്ചായത്തുകൾ ഡബ്ല്യൂഡിറ്റികളുടെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ നീർത്തട വികസന പദ്ധതിയ്ക്കായുള്ള എക്സിറ്റ് പ്രോട്ടോകോൾ ആവിഷ്കരിക്കേണ്ടതായിരുന്നു. ഇതിൽ സൃഷ്ടിക്കപ്പെട്ട	**അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്** അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിലെ ആറ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഏഴ് നീർത്തടങ്ങളിലാണ് ടി പദ്ധതി നടപ്പിലാക്കിയത്. വാട്ടർ ഷെഡിന്റെ പേര് | ഗ്രാമപഞ്ചായത്ത് നരിക്കൽ | കരവാളൂർ	

ആസ്തികളുടെ പരിപാലനത്തിനുള്ള സംവിധാനങ്ങൾ, നീർത്തട വികസന ഫണ്ടിന്റെ (ഡബ്ള്യൂഡിഎഫ്) വിനിയോഗം മുതലായവ വ്യക്തമാക്കേണ്ടതായിരുന്നു. ഡിഎപി അംഗീകരിക്കുന്ന വേളയിൽ കർമ്മ പദ്ധതിയുടെ ഭാഗമായി എക്സിറ്റ് പ്രോട്ടോകോളിനു വേണ്ടി ഒരു സമഗ്രമായ സംവിധാനം നിലവിലുണ്ട് എന്ന് പിഎയുകൾ ഉറപ്പുവരുത്തേണ്ടതായിരുന്നു. ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പിഎയുകൾ ഒന്നും തന്നെ എക്സിറ്റ് പ്രോട്ടോകോളിനായുള്ള സമഗ്രമായ സംവിധാനം ഡിഎപികളുടെ ഭാഗമായി ഉണ്ടാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയിരുന്നില്ല. അഞ്ച് പദ്ധതികളിൽ ഡബ്ള്യൂഡിഎഫും ഉണ്ടാക്കിയിരുന്നില്ല.

ഡബ്ള്യൂഡിഎഫിന് ആവശ്യാനുസരണം തുക വകയിരുത്താത്തതിനാൽ പിആർഐകളിൽ നിന്നും പര്യാപ്തമായ തുക ലഭ്യമാകാതിരുന്നാൽ ആസ്തികളുടെ പരിപാലനം നിർണ്ണായക നിലയിൽ എത്തിച്ചേർന്നേക്കാം.

ഈച്ചംകുഴി	ഏരൂർ
അണ്ടൂർപച്ച	തെൻമല
ചോഴിയക്കോട്	കുളത്തുപ്പുഴ
ആയൂർ	ഇടമുളയ്ക്കൽ
കരുകോൺ	അലയമൺ
ഇടമൺ	തെൻമല

മേൽപ്പറഞ്ഞ വാട്ടർഷെഡ് പദ്ധതികളിൽ WTF ഉണ്ടാക്കിയിരുന്നില്ല. എങ്കിലും വാട്ടർഷെഡ് പദ്ധതികളിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൊതു ആസ്തി ആയതിനാൽ അവ കൃത്യമായും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ പരിപാലിച്ച് വരുന്നുണ്ട്. അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് ഹരിയാലി പദ്ധതി നിരുറവകളുടെ സംരംക്ഷണം , പൊതു ആസ്തി സൃഷ്ടിക്കൽ, തൊഴിലവസരം സൃഷ്ടിക്കൽ, കാർഷിക മേഖലയിലെ പുനർജീവനം എന്നിവ നേടുവാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ടി ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

എക്സിറ്റ് പ്രോട്ടോകോളിനെ പറ്റി Detailed action plan ൽ പരാമർശിക്കുന്നുണ്ട് എന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ അതിർത്തിക്കുള്ളിൽ വരുന്ന താഴെപ്പറയുന്ന 11 നീർത്തടപദ്ധതികൾക്കാണ് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വിശദമായ കർമ്മപദ്ധതി തയ്യാറാക്കിയത്.

വാട്ടർ ഷെട്ടിന്റെ പേര്	ഗ്രാമപഞ്ചായത്ത്
വാക്കിയിൽ	തിരുവില്വാമല
തെഞ്ചേരി	തിരുവില്വാമല
പകവത്ത്	തിരുവില്വാമല
കല്ലേപ്പാടം	പഴയന്നൂർ
ആച്ചാട്ടുപടി	പഴയന്നൂർ
മാങ്കുളം	കൊണ്ടാഴി
മായന്നൂർകാവ്	കൊണ്ടാഴി
പാഞ്ഞാൾ	പാഞ്ഞാൾ
കുളിത്തോട്	പാഞ്ഞാൾ
പുതുശ്ശേരി	വള്ളത്തോൾ
ചെറുതുരുത്തി	വള്ളത്തോൾ

മേൽപ്പറഞ്ഞ വാട്ടർ ഷെട്ട് പദ്ധതികളിൽ WTF ഉണ്ടാക്കിയിരുന്നില്ല. എങ്കിലും മേൽ വാട്ടർ ഷെട്ട് പദ്ധതികൾ പൊതുആസ്തികൾ ആയതിനാൽ, ഗ്രാമപഞ്ചായത്തുകൾ ഇവ കൃത്യമായി

		പരിപാലിച്ച് വരുന്നുണ്ട്.ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. **തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്** ഹരിയാലി പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളെല്ലാം ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള പ്രദേശങ്ങൾ ആയതിനാൽ പ്രസ്തുത ആസ്തികൾ സംരക്ഷിക്കുന്നതിനായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. മണ്ണ്, ജല സംരക്ഷണപ്രവർത്തനങ്ങൾ ഒഴികെയുള്ള ഹരിയാലിയുടെ മറ്റ് ഘടകങ്ങൾ ഒന്നും ചെയ്തിട്ടില്ലാത്തതിനാലാണ് എക്സിറ്റ് പ്രോട്ടോക്കോളിനെപ്പറ്റി പരാമർശിക്കാത്ത സാഹചര്യം ഉണ്ടായത്. ഇപ്പോൾ നടത്തിയ പരിശോധനയിൽ ഈ പ്രവൃത്തികൾ ജനോപകാര പ്രദമായി പ്രവർത്തിച്ചുവരുന്നതായി കാണാൻ സാധിച്ചു എന്നും ചിലവഴിച്ച തുക പാഴായിട്ടില്ല എന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.	
4.4.3.5	**സംസ്ഥാനത്തെ ഉത്തമ പ്രവണതകൾ** ഓഡിറ്റിന്റെ സ്ഥല സന്ദർശനത്തിൽ ചടയമംഗലം പദ്ധതിയിൽ മാത്രമാണ് മാർഗ്ഗ	എല്ലാ പ്രവൃത്തികളിലും ഉത്തമ മാതൃകകൾ കൊണ്ട് വരുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.	

	നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടന്നതായി കാണപ്പെട്ടത്. കിണർ റീച്ചാർജ്ജിംഗ്, മഴക്കുഴികൾ, തടയണകൾ എന്നിവയുടെ നിർമ്മാണം, കളങ്ങളുടെ നിർമ്മാണവും പരിപാലനവും എന്നിവയായിരുന്നു മഴവെള്ള സംഭരണത്തിനും സംരക്ഷണത്തിനുമായി നടപ്പാക്കിയ ജോലികളിലെ പ്രധാന ഘടകങ്ങൾ. ഈ പ്രവൃത്തികളിലൂടെ കിണറുകളിലും കളങ്ങളിലും വെള്ളത്തിന്റെ ലഭ്യത വർദ്ധിക്കുകയും ഗാർഹികാവശ്യത്തിനും കൃഷിക്കും വർഷം മുഴുവൻ ജലം ലഭ്യമാവുകയും ചെയ്തു. ഇത് മഴവെള്ള സംഭരണം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ സഹായകരമായി.		
4.4.3.6	**നടപ്പിലാക്കാത്ത ജോലിക്ക് പണം നൽകൽ** കൊട്ടാരക്കര പദ്ധതിയോടനുബന്ധിച്ചുള്ള രേഖകളിൽ എഴുകോൺ ഗ്രാമപഞ്ചായത്തിൽ ഏഴ് തടയണകൾ നിർമ്മിക്കുന്നതിനായി 1.81 ലക്ഷം ചെലവിട്ടതായി (2011 മാർച്ച്) കണ്ടു. നിർമ്മിച്ച എന്നു പറയപ്പെട്ട തടയണകളുടെ ചിത്രങ്ങളും ബന്ധപ്പെട്ട ഫയലുകളിൽ ഉണ്ടായിരുന്നു. എന്നാൽ, ഓഡിറ്റ് സംഘവും വകുപ്പ് ജീവനക്കാരും 2013 ജൂണിൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ ഈ ഏഴ് സ്ഥലങ്ങളിൽ ഒന്നിലും മേൽപ്പറഞ്ഞ തടയണകൾ നിലവിലില്ല എന്ന കാര്യം വെളിപ്പെട്ടു. അധികാരികൾ നടത്തിയ സൂക്ഷ്മ പരിശോധനയുടെയും ബന്ധപ്പെട്ട അധികാരികൾ നൽകിയ സാക്ഷ്യപത്രത്തിന്റെയും	<u>കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്</u> ഹരിയാലി പദ്ധതി പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ എഴുകോൺ ഗ്രാമ പഞ്ചായത്തിൽ 1. പുളിയറ മുല്ലവേലിൽ തോട് 2. ഇരുമ്പനങ്ങാട് വട്ടംകുളം തോടിൽ വിവിധ തടയണകൾ 3. ഇരുമ്പനങ്ങാട് കോവളം ജംഗ്ഷൻ 4. ഇലഞ്ഞിക്കോട് ഭാഗം. എന്നീ തടയണകൾ ആണ് നിർമ്മിച്ചത്. അധികാരികൾ നടത്തിയ സൂക്ഷ്മ പരിശോധനയുടേയും . നൽകിയ സാക്ഷ്യപത്രത്തിന്റേയും	ഓഡിറ്റ് ടീം 2013 ജൂണിൽ സംയുക്തസ്ഥല പരിശോധന നടത്തുമ്പോൾ എടുത്ത രേഖകളും ചിത്രങ്ങളും സൂചിപ്പിക്കുന്നത് നിർമ്മിച്ച ചെക്ക് ഡാമുകൾ വെള്ളം കെട്ടിനിർത്താൻ പാകത്തിനുള്ളവ അല്ലായിരുന്നു എന്നാണ്.

221

	അടിസ്ഥാനത്തിലാണ് ജോലിക്കുള്ള പണം നൽകിയതെന്ന് മറുപടിയിൽ പ്രസ്താവിച്ചു (2013 ഒക്ടോബർ). എന്നാൽ സംയുക്ത സ്ഥല പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ, ഫണ്ടുകൾ വിട്ടുനൽകാനായുള്ള അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള രേഖകളുടെയും ചിത്രങ്ങളുടെയും വാസ്തവികത കൂടുതൽ പരിശോധിക്കേണ്ടതാണ്.	അടിസ്ഥാനത്തിനാലാണ് പണി പൂർത്തിയാക്കിയ ചെക്ക് ഡാമുകൾക്ക് തുക അനുവദിച്ചത്. 2010 - 11 വർഷങ്ങളിൽ നിർമ്മിച്ച ടി ചെക്ക് ഡാമുകൾ സംയുക്ത പരിശോധന ടീം സന്ദർശിക്കുന്നത് 2013 ജൂണിലാണ്. തുടർച്ചയായ മഴയും, ശക്തമായ നീരൊഴുക്കുമുള്ള സമയമായതിനാൽ ടി ചെക്ക് ഡാമുകൾ വെള്ളത്തിനടിയിൽ ആയിരുന്നതിനാലാണ് സംയുക്ത പരിശോധനാ ടീമിന് അത് കണ്ടെത്താൻ ആകാത്തത് എന്ന് അന്നിരുന്ന ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടുണ്ട്. ടി ചെക്ക് ഡാമുകളെല്ലാം കൃത്യമായി പണി പൂർത്തീകരിച്ചിട്ടുണ്ട് എന്നും 30.01.2014 - ൽ അന്നത്തെ ബ്ലോക്ക് ഡെവലപ്മെൻറ് ആഫീസർ സ്ഥലം സന്ദർശിച്ച് ചിത്രങ്ങൾ സഹിതം പ്രോജകട് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2009 - 10, 2010 -11 വർഷങ്ങളിൽ നിർമമിച്ചിട്ടുള്ള 7 ചെക്ക് ഡാമുകളും യഥാവിധി അതാത് സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടു. ഏകദേശം എട്ട് വർഷ പഴക്കം കൊണ്ട് ചില ചെക്ക് ഡാമുകളുടെ അവശിഷ്ടങ്ങൾ മാത്രമാണ് കാണാൻ കഴിഞ്ഞത്. 1,2 എന്നിവ പുളിയറ ഭാഗത്ത് നിർമ്മിച്ചിട്ടുള്ള ചെക്ക് ഡാമുകളാണ്. 8ാം മത്തെ എഴുകോൺ മുല്ലശ്ശേരി ഭാഗത്തുള്ള ചെക്ക് ഡാം ശക്തമായ മഴയിൽ ഒലിച്ചു പോയി. തടയണകൾ	

		യഥാവിധി നിർമ്മിച്ചതാണെന്നും ശക്തമായ മഴ മൂലവും വെള്ളകെട്ട് മൂലവും അവ തകർന്ന് പോയതാണ് എന്നും 25/09/2019 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി പ്രദേശങ്ങൾ 24/8/22 ൽ സന്ദർശിക്കുകയുണ്ടായി. തടയണകൾ നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. 12 വർഷങ്ങൾക്കിപ്പുറവും തടയണകളുടെ അവശിഷ്ടങ്ങൾ കണ്ടെത്താനായി. തടയണകൾ ഈ പ്രദേശത്ത് നിർമ്മിച്ചിട്ടുള്ളതായി പ്രദേശ വാസികൾ സാക്ഷ്യപ്പെടുത്തിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആഡിറ്റിൽ സൂചിപ്പിച്ചിരിക്കുന്ന ചിത്രത്തിൽ പരാമർശിച്ചിരിക്കുന്ന വട്ടമൺകാവ് ക്ഷേത്രത്തിന് സമീപമുള്ള തോടിലെ തടയണ നേരിട്ട് പോയി പരിശോധിക്കുകയുണ്ടായി എന്നും ആ തടയണ ഒരു കേടുപാടും കൂടാതെ ഇപ്പോഴും നിലവിലുണ്ട് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.	
4.4.4	**ഫണ്ടിന്റെ വിനിയോഗം** പദ്ധതിയുടെ കാലയളവിൽ (2003-2013), നിർവ്വഹണത്തിന് 71.72 കോടിയുടെ ചെലവു പ്രതീക്ഷിക്കുന്ന 26 പദ്ധതികൾ ഭാരത സർക്കാർ അനുവദിക്കുകയും, 33.13 കോടി	**ളാലം ബ്ലോക്ക് പഞ്ചായത്ത്** ളാലം ബ്ലോക്ക് പഞ്ചായത്ത് തങ്ങൾക്ക് ലഭിച്ച തുക ചെലവഴിച്ചതിൽ ബാക്കി വന്ന തുക യാതൊരു അനാവശ്യ ചെലവുകൾക്കും ഇടം നൽകാതെ 16,68,487/- രൂപ പി.എ.യു മുഖാന്തിരം	

	നൽകുകയും ചെയ്തു. 2013 മാർച്ച് വരെ, സംസ്ഥാനം 2.94 കോടി നൽകി. 2.07 കോടി പലിശ ഉൾപ്പെടെ മൊത്തം ലഭ്യമായിരുന്ന 38.14 കോടിക്കെതിരെ പദ്ധതികളിൽ ഉണ്ടായ ചെലവ് 31.95 കോടിയായിരുന്നു. 14 പദ്ധതികളിൽ 2.05 കോടി തിരികെ നൽകി. ചെലവാകാതെ ബാക്കിയായ 4.14 കോടി നിർവ്വഹണ ഏജൻസി/പിഎയുകളുടെ പക്കൽ ഇപ്പോഴും ബാക്കി നിൽക്കുകയാണ് (2013 സെപ്റ്റംബർ). ചില പദ്ധതികളിൽ ഭാരത സർക്കാരിൽ നിന്നും ലഭിച്ച തുക മൊത്തമായും/ഗണ്യമായും ചെലവഴിച്ചതിനു ശേഷവും, അനുവദിച്ച 26 പദ്ധതികളിൽ ഒന്നുപോലും ഡിഎപിയിൽ ഉൾക്കൊള്ളിച്ചിരുന്ന എല്ലാ പ്രവൃത്തികളും നടപ്പാക്കികൊണ്ട് പദ്ധതി കാലാവധി (2013 മാർച്ച്) കഴിഞ്ഞതിന് ശേഷവും പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച പദ്ധതികൾ, പദ്ധതി ചെലവ്, കേന്ദ്രവും സംസ്ഥാനവും നൽകിയ വിഹിതം, ചെലവായ തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം XX-ൽ കൊടുത്തിരിക്കുന്നു.	02/04/2013 ലും അക്കൗണ്ട് ക്ലോസ്സ് ചെയ്യപ്പോൾ 03/12/2019 ൽ 38,782/- രൂപയും 2515-00-011-99-ROP എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ നിക്ഷേപിച്ചുവെന്നത് ലഭിച്ച പണം ദുർവിനിയോഗം ചെയ്യാതെ കൃത്യതയോടെ പരിപാലിച്ചു എന്നതിന് വ്യക്തമായ തെളിവാണ് എന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു. **ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്** ഫണ്ടിന്റെ വിനിയോഗം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിനുലഭിച്ച 1,58,19,491/- രൂപയിൽ പലിശ ഉൾപ്പെടെ 1,62,16,085/- രൂപ ചെലവഴിക്കുകയും ബാക്കി തുക തിരിച്ചടച്ചിട്ടുള്ളതും ആണെന്ന് ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 13/09/2023 തീയതിയിലെ 8(3) നമ്പർ തീരുമാനപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുന്നതിന് സമിതിയോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു എന്ന് അറിയിച്ചിരിക്കുന്നു. **പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്** പഴയന്നൂർ ബ്ളോക്ക് പഞ്ചായത്തിന് ലഭിച്ച 294.87 ലക്ഷം രൂപയിൽ 258.56 ലക്ഷം രൂപ മുഴുവനായും ചെലവഴിക്കുകയും ബാക്കി തുകയായ 36.31 ലക്ഷം രൂപ തിരിച്ചടച്ചിട്ടുള്ളതുമാണ്. 88 ശതമാനത്തോളം തുക കാര്യക്ഷമമായി വിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ട്.	ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് തിരിച്ചടച്ച തുക എത്രയാണ് ?

		ആയത്കണക്കിലെടുത്ത് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. **മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്** മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ മാടപ്പള്ളി വെസ്റ്റ്, മാടപ്പള്ളി ഈസ്റ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി. മാടപ്പള്ളി ഈസ്റ്റിൽ പായിപ്പാട്, തൃക്കൊടിത്താനം, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകളും, മാടപ്പള്ളി വെസ്റ്റിൽ വാഴപ്പള്ളി, മാടപ്പള്ളി, വാകത്താനം, കറിച്ചി ഗ്രാമപഞ്ചായത്തുകളുമാണ് ഉണ്ടായിരുന്നത്. മാടപ്പള്ളി വെസ്റ്റ് പദ്ധതിക്ക് കേന്ദ്ര സഹായമായി 263.47 ലക്ഷവും സംസ്ഥാന വിഹിതമായി 8.11 ലക്ഷവും ഉൾപ്പെടെ ആകെ 271.58 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. മാടപ്പള്ളി ഈസ്റ്റ് പദ്ധതിയ്ക്ക് കേന്ദ്ര സഹായമായി 122.4 ലക്ഷവും സംസ്ഥാന വിഹിതമായി 11.2 ലക്ഷവും ഉൾപ്പെടെ ആകെ 133.6 ലക്ഷവും ലഭിച്ചിട്ടുണ്ട്. ഗവൺമെൻറിൽ നിന്നും അംഗീകരിച്ച ലഭിച്ച ഡി.പി.ആർ പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത്. കൃഷിയും അനുബന്ധമേഖലകൾ, മൃഗസംരക്ഷണം, നീർത്തട സംരക്ഷണം, ജലസ്രോതസുകളുടെ പരിപാലനം, റോഡ്, കലുങ്ക് നിർമ്മാണം എന്നിങ്ങനെ കൃഷി അനുബന്ധ മേഖലകളുടെ വികസനമാണ് ലക്ഷ്യമിട്ടിരുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾ ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2005 ജൂലൈ മുതൽ 2010	

		മാർച്ച് വരെ നിർവ്വഹണ കാലാവധി ഉണ്ടായിരുന്ന ടി പദ്ധതികളിൽ പൂർത്തീകരിക്കാൻ ശേഷിച്ചിരുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് 01/04/2010 ന് കൈമാറിയിരുന്നു. 01/04/2010 മുതൽ ടി പദ്ധതികളുടെ നിർവ്വഹണം നടത്തിയത് ഗ്രാമപഞ്ചായത്തുകളാണ്. സമയാസമയങ്ങളിൽ ഹരിയാലി പ്രൊജക്ടുകളുടെ പുരോഗതി വിലയിരുത്തി ബ്ലോക്ക് പഞ്ചായത്ത് സ്റ്റേറ്റ്, സെൻട്രൽ ഗവൺമെൻറുകൾക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിൽ ഹരിയാലി പദ്ധതിയിൽ ശേഷിച്ചിരുന്ന തുക (ഗുണഭോക്തൃ വിഹിതം) 2356476/- പ്രൊജക്റ്റ് ഡയറക്ടർ കോട്ടയത്തിന്റെ പേരിൽ എസ്.ബി.ഐ കഞ്ഞിക്കുഴി ശാഖയിലെ 57017045930 എന്ന അക്കൗണ്ടിലേക്ക് 11/05/2020 ൽ തിരിച്ചടച്ചിട്ടുള്ളതാണ് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.	Appendix XX പ്രകാരമുള്ള പദ്ധതികളിൽ തിരിച്ചടക്കാനുണ്ടായിരുന്ന ഫണ്ടുകൾ തിരിച്ചടച്ചോ ?
4.4.4.1	**നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകിയതിൽ വന്ന കാലതാമസം** മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, കേന്ദ്രവിഹിതം അഞ്ച് തവണകളായിട്ടാണ് പിഎയുകൾക്ക് നൽകേണ്ടിയിരുന്നത്. കേന്ദ്രവിഹിതം ലഭിച്ച് 15 ദിവസങ്ങൾക്കകം സംസ്ഥാനം യോജിച്ച വിഹിതം പിഎയുകൾക്ക് നൽകേണ്ടതാണ്.	**<u>കൊട്ടാരക്കര ബ്ലോക്ക്</u>** കൊട്ടാരക്കര ബ്ലോക്കിന് യഥാസമയം തുക ലഭിക്കാതെ വന്നിട്ടില്ല എന്നും കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം കൊട്ടാരക്കര ബ്ലോക്ക് 31/12/2012 ൽ പദ്ധതി അവസാനിപ്പിക്കുകയും അവശേഷിച്ചിരിക്കുന്ന തുക തിരികെ പ്രോജക്റ്റ് ഡയറക്ടർക്ക് കൈമാറുകയും ചെയ്തതിനാൽ	കൊല്ലം, കോട്ടയം, തൃശ്ശൂർ, ചടയമംഗലം ബിപികളിൽ പിഎയുകൾ ഫണ്ട് വിട്ടു നൽകുന്നതിൽ കാലതാമസം വരുത്തിയതിന് എന്ത് വിശദീകരണമാണ് നൽകാനുള്ളത് ?

	കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്ന് തുക ലഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ പിഎയുകൾ പിഐഎകൾക്ക് തുക കൈമാറേണ്ടതാണ്. താഴെപ്പറയുന്നവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. (i) മൂന്ന് പിഎയുകളിൽ പിഐഎകളുടെ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി മന്ദഗതിയിലായിരുന്നതിനാൽ പിഎയുകൾ ഫണ്ട് തടഞ്ഞുവയ്ക്കുകയും ഫണ്ട് വൈകിനൽകുകയും ചെയ്തത് മൂന്ന് മാസം മുതൽ രണ്ട് വർഷം വരെ ഫണ്ട് നൽകുന്നതിൽ കാലതാമസം ഉണ്ടാക്കി (ഒന്ന് മുതൽ ആറ് മാസം-ഒൻപത് എണ്ണം, ആറ് മുതൽ പന്ത്രണ്ട് മാസം-ആറ് എണ്ണം, 12 മുതൽ 18 മാസം-നാല് എണ്ണം, 18 മുതൽ 24 മാസം-അഞ്ച് എണ്ണം). കൂടാതെ, പിഎയുകൾ ക്രമമായി മേൽനോട്ടം നടത്താതിരുന്നത് ജോലിയുടെ പുരോഗതി മന്ദഗതിയിലാക്കുകയും തദ്വാരാ തുക നൽകുന്നതിൽ കാലതാമസത്തിനും കാരണമായി. (ii) ഒരു പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്ന് 2012 ജൂലൈയിൽ ലഭിച്ച മൂന്നാംഗഡു വിഹിതമായ 1.24 കോടി, 2013 ജൂലൈ ആയിട്ടും പിഎയു വിട്ടുനൽകിയില്ല. ഫണ്ടു വിട്ടുനൽകാതിരുന്നത് പദ്ധതികളിലെ എല്ലാ പ്രവൃത്തികളെയും സ്തംഭിപ്പിച്ചു. (iii) സംസ്ഥാന വിഹിതം നൽകുന്നതിൽ മൂന്ന് മാസം മുതൽ മൂന്നു വർഷം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.	2013 - ജൂലൈയിൽ ലഭ്യമായ മൂന്നാം ഗഡു കൊട്ടാരക്കര ബ്ലോക്കിന് കൈമാറാത്തതിൽ പി.എ.യുടെ ഭാഗത്ത് വീഴ്ച ഇല്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. **പഴയന്നൂർ ബ്ളോക്ക് പഞ്ചായത്ത്** പഴയന്നൂർ ബ്ളോക്ക് പഞ്ചായത്തിന് യഥാസമയം ഫണ്ട് ലഭ്യമാക്കിയതിനാൽ നിർവ്വഹണ ഏജൻസിക്ക് ഫണ്ട് നൽകിയതിൽ കാലതാമസം വന്നിട്ടില്ല . ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. **ഓലം ബ്ലോക്ക് പഞ്ചായത്ത്** നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകുന്നതിൽ യാതൊരു വീഴ്ചയും ഓലം ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായിട്ടില്ല. ഉദാഹരണത്തിന് 20 ലക്ഷം രൂപ 15/12/2007-ൽ ലഭിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്തിട്ടുള്ളതുമാണ്. എല്ലാ അലോട്ടുമെൻറുകളും പി.എ.യു ശരിയായ സമയത്ത് നൽകിട്ടുള്ളതും നിർവ്വഹണ ഏജൻസികൾക്ക് സമയത്ത് നൽകിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് യാതൊരു ആക്ഷേപവും നിർവ്വഹണ സമയത്ത് ഉണ്ടായിട്ടുള്ളതല്ല**മാടപള്ളി ബ്ലോക്ക് പഞ്ചായത്ത്**	Finance ന്റെ മറുപടി എന്താണ്?

		ഗവൺമെൻറിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിക്ക് തുക കൈമാറിയിട്ടുണ്ട്. ഫണ്ട് ലഭ്യമായ മുറയ്ക്ക് കൃത്യമായി തുക കൈമാറിയിട്ടുള്ളതിനാൽ ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. iii) ധനകാര്യ വകുപ്പിൽ നിന്നും സമയബന്ധിതമായി മറുപടി ലഭ്യമായിട്ടില്ല. ആകയാൽ ധനകാര്യ (ഡവലപ്പ്മെന്റ്) വകുപ്പിനോട് തെളിവെടുപ്പിന് നേരിട്ട് ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.	
4.4.4.2	**വിട്ടുതൽ നിർദ്ദേശം സമർപ്പിക്കാത്തതുമൂലം നഷ്ടമായ കേന്ദ്രസഹായം** മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, വിട്ടുതൽ നിർദ്ദേശങ്ങൾക്കൊപ്പം ഒരു സ്വതന്ത്ര വിലയിരുത്തൽ ഉദ്യോഗസ്ഥനിൽ നിന്നും തൃപ്തികരമായ മദ്ധ്യകാല വിലയിരുത്തൽ റിപ്പോർട്ട് നൽകിയാൽ മാത്രമേ കേന്ദ്രവിഹിതത്തിന്റെ മൂന്നാം ഗഡു ലഭ്യമാകുകയുള്ളൂ. ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയ പത്ത് പദ്ധതികളിൽ മദ്ധ്യകാല വിലയിരുത്തൽ എട്ട് പദ്ധതികളിൽ നടത്തിയിട്ടുണ്ടായിരുന്നു. വിട്ടുതൽ നിർദ്ദേശങ്ങൾ അഞ്ച് പദ്ധതികളിൽ മാത്രമാണ്	**കൊട്ടാരക്കര ബ്ലോക്ക്** ഒരു സ്വതന്ത്ര്യമൂല്യ നിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ മൂന്നാം ഗഡു കേന്ദ്ര സഹായം ലഭ്യമാകുമായിരുന്നുള്ളൂ. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ മിഡ് ടേം മൂല്യ നിർണ്ണയം അടിയന്തിരമായി നടത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് നിർദ്ദേശം നൽകണമെന്ന അഭ്യർത്ഥനയെ തുടർന്ന് ആദ്യ ഘട്ടത്തിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന് മിഡ് ടേം ഇവാല്യുവേഷൻ നടത്തുന്നതിന് സോയിൽ സർവ്വേ അസിസ്റ്റൻറ് ഡയറക്ടറെ നിയമിക്കുകയും പിന്നീട് 01/09/2014	മധ്യകാല വിലയിരുത്തൽ, വിട്ടുതൽ നിർദ്ദേശങ്ങൾ എന്നിവ സമർപ്പിക്കാതെ കേന്ദ്ര ധന സഹായം നഷ്ടമാക്കിയതിന് എന്ത് വിശദീകരണമാണ് നൽകാനുള്ളത് ?

	നൽകിയത്. ബാക്കിയുള്ള പദ്ധതികളിൽ വിട്ടുതൽ നിർദ്ദേശങ്ങൾ സമർപ്പിക്കാതിരുന്നതിനാൽ കേന്ദ്ര വിഹിതത്തിന്റെ മൂന്നാം ഗഡു നൽകിയില്ല. മദ്ധ്യകാല വിലയിരുത്തൽ നടത്താതിരുന്നതും ഭാരതസർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കാതിരുന്നതും കാരണം നഷ്ടമായ കേന്ദ്ര ധനസഹായം 4.30 കോടിയാണ്.	ലെ ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവ് പ്രകാരം സെൻറർ ഫോർ റൂറൽ മാനേജ്മെന്റിന് മിഡ് ടേം ഇവാല്യുവേഷൻ നടത്താൻ ചുമതല നല്കുകയും ചെയ്തു. എന്നാൽ കേന്ദ്ര കേന്ദ്ര സർക്കാരിന്റെ നമ്പർ 11016/01/02009/ MSC (DPP) നമ്പർ വിവിധ തീയതികളിലെ ഉത്തരവ് പ്രകാരം (പകർപ്പ് ഉൾക്കൊള്ളിക്കുന്നു) നിലവിൽ നടപ്പിലാക്കി വരുന്ന ഹരിയാലി പദ്ധതികൾ 31/12/2012ൽ അവസാനിപ്പിക്കണം എന്ന് നിർദ്ദേശിച്ചതിനാൽ ബാക്കി തുക ചെലവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഈ പദ്ധതി നിലവിലുള്ള അവസ്ഥയിൽ അവസാനിപ്പിക്കുന്നതിനായി 27/10/11 ലെ 3(1) നമ്പർ പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് തീരുമാനം (പകർപ്പ് ഉൾക്കൊള്ളിക്കുന്നു) എടുക്കുകയും പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. ഹരിയാലി ക്ലോഷർ പ്രോപ്പോസൽ അയക്കാനുള്ള സർക്കാർ ഉത്തരവിന് ശേഷം മാത്രമാണ് ബ്ലോക്ക്തല മൂല്യ നിർണ്ണയം പൂർത്തിയാക്കിയത്. ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടില്ല എന്നറിയിക്കുന്നു. **മാടപള്ളി ബ്ലോക്ക് പഞ്ചായത്ത്** പ്രവർത്തികളുടെ നിർവ്വഹണം ഗ്രാമപഞ്ചായത്തുകൾ	

		നടപ്പിലാക്കുകയും യഥാസമയം പ്രോജക്റ്റുകളുടെ പുരോഗതി വിലയിരുത്തി ബ്ലോക്ക് പഞ്ചായത്ത് മുഖേന സ്റ്റേറ്റ്, സെൻട്രൽ ഗവൺമെൻറുകളിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നതാണ്. ആയതിനാൽ ടി പരാമർശത്തിൽ നിന്നും മാടപ്പള്ളി ഈസ്റ്റ് & വെസ്റ്റ് പദ്ധതികളെ ഒഴിവാക്കേണ്ടതാണ് എന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. **തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്** കേന്ദ്ര സർക്കാർ ഗ്രാമ വികസന മന്ത്രാലയം തിരൂരങ്ങാടി ബ്ലോക്കിൽ അനുവദിച്ച ഹരിയാലി പദ്ധതി 2005 നവംബർ മാസം ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതി നടത്തിപ്പിനായി കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും രണ്ട് ഗഡുക്കൾ വീതം ലഭിക്കുകയുണ്ടായി. ഹരിയാലി പദ്ധതിയുടെ നടത്തിപ്പിനായി 98.98 ലക്ഷം രൂപയാണ് തിരൂരങ്ങാടി ബ്ലോക്കിൽ ലഭിച്ചിട്ടുള്ളത്. ആയതിൽനിന്നും 96.58 ലക്ഷം രൂപ ചെലവഴിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെട്ട നീർത്തട വികസന പ്രവൃത്തികൾ നടപ്പാക്കിയതായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. എന്നാൽ വിശദമായ പ്രൊജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്ത സമയക്രമമനുസരിച്ച് മുഴുവൻ പ്രവൃത്തികളും നടപ്പാക്കാൻ പ്രാദേശികമായ	

		കാരണങ്ങളാൽ സാധിച്ചിട്ടില്ല. പ്രോജക്റ്റിന്റെ മധ്യകാല വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ബ്ലോക്കിൽ ലഭ്യമയ തുകയുടെ 97.58%തുക ചിലവഴിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ഈ പ്രോജക്റ്റിന് ലഭ്യമായ വിഹിതത്തിന്റെ 74.14% ചിലവഴിക്കപ്പെട്ടിട്ടുണ്ട്. ഫണ്ട് ഒരു തരത്തിലും ദുർവിനിയോഗം നടത്തിയിട്ടില്ല. അവശേഷിച്ച തുക പൂർണ്ണമായും ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിലേക്ക് തിരിച്ചടവാക്കി സ്കീം അക്കൗണ്ട് ക്ലോസ്സ് ചെയ്തിട്ടുണ്ട്. 2012 -13 വർഷത്തിൽ കേന്ദ്ര സർക്കാർ നീർത്തട വികസനത്തിനായി സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) നടപ്പാക്കിയതോടെ ഹരിയാലി ഉൾപ്പെടെയുള്ള നീർത്തട വികസന /തരിശുഭൂമി വികസന പദ്ധതികൾ എല്ലാം തന്നെ നിർത്തിവെക്കുകയുണ്ടായി. ലഭ്യമായ ഫണ്ട് കാര്യക്ഷമമായി ചെലവഴിച്ച് സാമൂഹ്യ ആസ്തികൾ സൃഷ്ടിച്ചത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാനഭ്യർത്ഥിക്കുന്നു.	
4.4.5	**മേൽനിരീക്ഷണവും നിയന്ത്രണ സംവിധാനവും** സർക്കാർ നിർദ്ദേശപ്രകാരം, ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും നിരീക്ഷിക്കുന്നതിനായി പിഎയുകളുടെ കീഴിൽ ഒരു ജില്ലാതല മേൽനിരീക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്. ജില്ലാ വിജിലൻസ്	**<u>ചടയമംഗലം ബ്ലോക്ക്</u>** ഹരിയാലി പദ്ധതി കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തോടെയാണ് ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. **<u>പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**	ഏതൊരു പദ്ധതിയെ സംബന്ധിച്ചും പദ്ധതിയുടെ നിരീക്ഷണമെന്നത് പ്രധാനപ്പെട്ട ഒരു ഘടകമാണ്. പല പദ്ധതികളിലും അവ നടക്കുന്നില്ല എന്നത് ന്യായീകരിക്കാവുന്നതല്ല.

	മേൽനിരീക്ഷണ സമിതികൾ വഴി എല്ലാ പ്രവൃത്തികളും നിരീക്ഷിക്കാറുണ്ടെന്ന് പിഎയുകൾ പ്രസ്താവിച്ചുവെങ്കിലും ഈ സമിതികൾ ക്രമമായി യോഗം ചേരാറില്ലെന്നും, വളരെ വിരളമായി നടന്ന ചില യോഗങ്ങളിൽ പോലും പദ്ധതിയുമായി ബന്ധമില്ലാത്ത ജോലികളുടെ നടത്തിപ്പിനെ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതി നിർവ്വഹണത്തിന്മേൽ ഒരു മേൽനോട്ട നിയന്ത്രണം കൊണ്ടുവരുന്നതിനായി ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ (ക്യൂപിആർ) ഭാരത സർക്കാരിന് നൽകിക്കൊണ്ട് നടത്തിപ്പിന്റെ പുരോഗതി നിരീക്ഷിക്കുന്ന ഒരു ആന്തരിക നിയന്ത്രണ സംവിധാനം മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നു. ക്യൂപിആറുകൾ ക്രമമായി നൽകിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഭാരതസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനു മാത്രമായി ഒരു പുരോഗതി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഓരോ പദ്ധതിയുടെയും കീഴിലുള്ള പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനായുള്ള ക്രമമായ ഒരു സംവിധാനത്തിൻ്റെ അഭാവത്തിൽ പിഎയുകൾക്കും സിആർഡിക്കും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായവയാണ് പ്രവൃത്തികൾ എന്ന് ഉറപ്പുവരുത്താനായില്ല.	ജില്ലാതല മേൽനിരീക്ഷണ സമിതികൾ ഓരോ പദ്ധതിയുടെയും കീഴിലുളള പ്രവൃത്തികൾ നിരീക്ഷിക്കുകയും യഥാസമയം യോഗം ചേരുകയും ചെയ്തിട്ടുളളതാണ്. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. **മാടപ്പള്ളി ഈസ്റ്റ് & വെസ്റ്റ്** മാടപ്പള്ളി ഈസ്റ്റ് & വെസ്റ്റ് പദ്ധതികൾക്ക് കീഴിൽ വരുന്ന ഹരിയാലി പദ്ധതികളിലെ എല്ലാ പ്രവർത്തികളും നടപ്പാക്കിയിട്ടുള്ളതും, പ്രവർത്തനങ്ങളിലെ ഓരോ തലങ്ങളിലും കൃത്യമായ മേൽ നോട്ടത്തിലും മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും നിർവ്വഹണം നടത്തിയിട്ടുള്ളതുമാണ്. പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച കൃത്യമായ സമയങ്ങളിൽ പി.എ.യു. വിലേക്ക് റിപ്പോർട്ടിംഗ് നടത്തിയിട്ടുള്ളതാണ്. ആയതിനാൽ ടി പരാമർശത്തിൽ നിന്നും മാടപ്പള്ളി ഈസ്റ്റ് & വെസ്റ്റ് പദ്ധതികളെ ഒഴിവാക്കണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. **ളാലം ബ്ലോക്ക്** ളാലം ബ്ലോക്കിലെ മോണിറ്ററിങ് ആന്റ് കൺട്രോൾ മെക്കാനിസം ശരിയായ നിലയിൽ ബ്ലോക്കിൽ ജനറൽ കമ്മിറ്റി മീറ്റിംഗിൽ റിവ്യൂ ചെയ്തിട്ടുണ്ട്. ഇത് വാട്ടർ ഷെട്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ശരിയായ നിലയിൽ	

		മുന്നോട്ട് കൊണ്ടുപോകുന്നതിന് ബി.ഡി.ഒ യുടെ നേതൃത്വത്തിലുള്ള കമ്മറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.	
	നിഗമനം ഹരിയാലിയുടെ കീഴിൽ നടപ്പാക്കിയ ഭൂരിപക്ഷം പ്രവൃത്തികളും പദ്ധതികളുടെ പ്രധാന ലക്ഷ്യമായ ജലസംഭരണം മെച്ചപ്പെടുത്തുന്നതിന് സഹായകരമല്ലായിരുന്നു. ചടയമംഗലത്തെ പദ്ധതി നിർവ്വഹണം മാത്രമാണ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നത്. ഡിഎപികൾ തയ്യാറാക്കുന്നതിലും പദ്ധതികൾ നടപ്പാക്കുന്നതിലും പ്രധാന പങ്ക് ഉണ്ടായിരുന്ന ഡബ്ല്യൂഡിറ്റികളും ടിഎസ്എകളും ഡിഎപികൾ തയ്യാറാക്കിയ വേളയിൽ ജലസംഭരണ പദ്ധതികൾ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. സംസ്ഥാന-ജില്ലാതലങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായി മേൽ നിരീക്ഷണം നടത്തുന്നതിനുള്ള സംവിധാനത്തിന്റെ അഭാവത്തിൽ പിഎയുകൾക്കും സിആർഡിക്കും ഓരോ പദ്ധതിയുടെയും കീഴിൽ നടപ്പാക്കിയ പ്രവൃത്തികൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരുന്നോ എന്ന് ഉറപ്പ് വരുത്താനായില്ല.	പദ്ധതികൾ എല്ലാം തന്നെ മാർഗ്ഗനിർദ്ദേശപ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നും ഹരിയാലി പദ്ധതി നടപ്പിലാക്കിയതുമൂലം പദ്ധതി പ്രദേശങ്ങളിൽ ജല ലഭ്യത കൂടുകയും ആയതിന്റെ ഗുണഫലങ്ങൾ തദ്ദേശവാസികൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട് എന്നും ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തിരുന്ന എല്ലാ പ്രവൃത്തികളും നീർത്തട വികസനത്തിനും മണ്ണ്, ജല സംരക്ഷണത്തിനും ഉതകുന്ന പദ്ധതികളാണ് എന്നും ഈ പദ്ധതികൾ മുഖാന്തിരം നിർമ്മിച്ചിട്ടുള്ള ആസ്തികൾ ഹരിയാലി പദ്ധതിയിൽ ലക്ഷ്യം വയ്ക്കുന്ന മണ്ണ്, ജല, നീർത്തട സംരക്ഷണത്തിൽ ഫലപ്രദമായ നേട്ടങ്ങൾ കൈവരിച്ച സാഹചര്യത്തിലും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം പൂർത്തീകരിച്ചതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്തുകൾ അഭ്യർത്ഥിച്ചിട്ടുണ്ട്.	